മലങ്കര മാർത്തോമ്മാ

സുറിയാനി ക്രിസ്ത്യാനികളുടെ

ശുശ്രൂഷക്രമം

ഇതിൽ വി. മാമോദീസായുടെയും, വിശുദ്ധവിവാഹ
ത്തിൻെറയും, പ്രസവസ്തോത്രത്തിൻെറയും,
രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ
യും, ഭവന വാഴ്വിൻെറയും, ശവസം
സ്കാരത്തിൻെറയും ശുശ്രൂഷക്രമങ്ങൾ
അടങ്ങിയിരിക്കുന്നു.

പ്രസിദ്ധീകരണസമിതിയുടെ അനുവാദപ്രകാരം
സഭാസെക്രട്ടറി റവ. കെ. എൻ. ഉമ്മൻ കശീശ്ശായാൽ
അച്ചടിപ്പിക്കപ്പെട്ടതു്.

രണ്ടാം പതിപ്പ് കോപ്പി 1500

KOTTAYAM
PRINTED AT THE C. M. S. PRESS
1947

അവതാരിക

മലങ്കര മാർത്തോമ്മാ സഭയിൽ ഒരു നൂററാണ്ടിനു മുമ്പു അബ്രഹാം മല്പാൻ ആലിയായുള്ള പുണ്യചരിതന്മാർ യോജിച്ചു ആരംഭിച്ച നവീകരണത്തിൻെറ ഒരു മുഖ്യ ആശയം, ആരാധന ദേശഭാഷയായ മലയാളത്തിൽ ആയിരിക്കണമെന്നുള്ളതായിരുന്നു. എങ്കിലും ആരാധനക്രമങ്ങൾ എല്ലാവൎക്കും സുലഭമാകത്തക്കവണ്ണം അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നതിനു പല കാരണവശാൽ സാധിക്കയുണ്ടായില്ല. പരേതനായ വികാരി ജനറാൾ കോവൂർ അയ്പു തോമ്മാ കത്തനാർ അവൎകളുടെ കൎബ്ബാന തക്സായും 1067-ൽ അവതരിപ്പിച്ച ഞായറാഴ്ച കാലത്തെ നമസ്കാരക്രമവും ഒഴിച്ചു മററു ക്രമങ്ങൾ ഒന്നുംതന്നെ മലയാളത്തിൽ പ്രസിദ്ധപ്പെടുത്താൻ അടുത്തകാലത്തും കഴിഞ്ഞില്ല. ശ്രമസാദ്ധ്യമായ ആ കൃത്യം മഹച്ചരിതനായ കാലംചെയ്ത തീത്തൂസ് ദ്വിതീയൻ മാർത്തോമ്മാ മെത്രാപ്പോലീത്താ ആണ് നിൎവ്വഹിച്ചതു്. ആ വന്ദ്യ തിരുമേനി, സുറിയാനി ഭാഷാവിദഗ്ദ്ധന്മാരായ ചില വൈദിക ശ്രേഷ്ഠന്മാരുടെ സഹായത്തോടുകൂടി, സാധാരണയായി ഉപയോഗിക്കേണ്ട സഭാശുശ്രൂഷക്രമങ്ങൾ മിക്കതും ഭാഷാന്തരപ്പെടുത്തി മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിനു അക്ഷീണപരിശ്രമം ചെയ്തു സാധിച്ചതു, സഭാജനങ്ങൾക്കും, വിശിഷ്യ, പട്ടക്കാൎക്കും ഒരു അമൂല്യ സഹായമായിട്ടാണിരുന്നിട്ടുള്ളതു്. അവയുടെ പ്രതികൾ എല്ലാം വിററുതീൎന്നുപോയിട്ടു കൊല്ലം രണ്ടുമൂന്നു കഴിഞ്ഞിരിക്കുന്നു. ആവശ്യക്കാർ വൎദ്ധിക്കയും മുട്ടിപ്പായ അപേക്ഷകൾ വന്നുകൊണ്ടിരിക്കയും ചെയ്യുന്നതിനാൽ, എപ്പിസ്കോപ്പൽ സംഘത്തിൻെറ ആജ്ഞപ്രകാരം ഈ പുസ്തകം ഈ രൂപത്തിൽ ഇപ്പോൾ പ്രസിദ്ധം ചെയ്യുന്നതാണ്.

വെവ്വേറായി അച്ചടിച്ചിരുന്ന ഈ ക്രമങ്ങൾ ഒന്നു ചേൎത്തു ഒരു പുസ്തകമായി പ്രസിദ്ധപ്പെടുത്തുന്നതു ഏവൎക്കും സൌകൎയ്യപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഈ പുസ്തകത്തിൻെറ ഓരോ പ്രതി പട്ടക്കാൎക്കും താല്പൎയ്യമുള്ള സഭാംഗങ്ങൾക്കും ഉണ്ടായിരിക്കുന്നതിനു പുറമേ, ഓരോ പള്ളി വകയായി ആവശ്യംപോലെ ഒന്നിലധികം പ്രതികൾ വാങ്ങി സൂക്ഷിക്കുന്നതായാൽ പല സന്ദൎഭങ്ങളിലും പ്രയോജനപ്പെടുന്നതായിരിക്കും.

ഈ ക്രമങ്ങളിൽ "മാമോദീസാ" മാളിയേക്കൽ സഖറിയാമല്പാനും മററു ക്രമങ്ങൾ പരേതനായ ഉലഹന്നൂരിൽ യൌസേപ്പു മല്പാനും വിവൎത്തനം ചെയ്തിട്ടുള്ളതാണ്. ഇവരെ കൂടാതെ ബ. കച്ചുകുഴിയിൽ ബഹനാൻ കശ്ശീശ്ശാ, അയിരൂർ സി. പി. പീലിപ്പോസ് കശ്ശീശ്ശാ മുതലായ പല വൈദികന്മാരുടെയും മലയാളഭാഷാഭിജ്ഞന്മാരായ ചില അത്മായ സുഹൃത്തുക്കളുടെയും സഹായസഹകരണങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ പതിപ്പിൻെറ

അച്ചടി മുതലായ കാര്യങ്ങളിൽ ദിവ്യശ്രീ ഉലഹന്നേരിൽ ജെ. ജോസേഫ് കശ്ശീശ്ശാ ബദ്ധശ്രദ്ധനായിരുന്നിട്ടുണ്ട്. ഈ മഹാശയന്മാരോടുള്ള കൃതജ്ഞത ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

ഓരോ ക്രമത്തിലും ചേർത്തിട്ടുള്ള ഗീതങ്ങൾക്കു പുറമെ വിശേഷാവസരങ്ങളിൽ ഉപയോഗ്യമായ കുറെ പാട്ടുകൾ ഒടുവിലായി ചേർത്തിട്ടുള്ളതു സഹായകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ആവശ്യത്തിന്റെ തിടുക്കം നിമിത്തം ഈ ക്രമങ്ങൾ ഒന്നും തന്നെ പുനഃപരിശോധന കഴിച്ചു അത്യാവശ്യപ്പെട്ട ഭേദഗതികൾ വരുത്തുന്നതിനു ഉദ്യമിക്കാതെ, ആ കാര്യം അടുത്ത പതിപ്പിൽ വേണ്ടിവന്നാൽ നിർവ്വഹിച്ചുകൊള്ളാമെന്നു പ്രത്യാശിച്ചുകൊണ്ടു നമ്മുടെ സഭയിലെ പൊതു ഉപയോഗത്തിനായി ഈ പുസ്തകം സമർപ്പിച്ചുകൊള്ളുന്നു.


തിരുവല്ലാ,
1947, ഓഗസ്റ്റ് 4.

വികാരി ജനറാൾ വി. പി. മാമ്മൻ കശ്ശീശാ,
പ്രസിഡണ്ട്,
പ്രസിദ്ധീകരണസമിതി.

അനുക്രമണിക

			പുറം.
വി. മാമോദീസായുടെ		ശുശ്രൂഷക്രമം	3
വി. വിവാഹത്തിന്റെ		ടി	31
പ്രസവസ്തോത്രത്തിന്റെ		ടി	81
രോഗികൾക്കുവേണ്ടിയുള്ള	(ഒന്നാം ഭാഗം)	ടി	95
ടി	(രണ്ടാം ഭാഗം)	ടി	119
ഭവനവാഴ്വിന്റെ		ടി	143
ശവസംസ്കാരം	(ഒന്നാം ഭാഗം)	ടി	165
ടി	(രണ്ടാം ഭാഗം)	ടി	189
ടി	പൈതങ്ങളുടെ	ടി	241
ഗീതങ്ങൾ			257

മലങ്കര മാർത്തോമ്മാ
സുറിയാനി ക്രിസ്ത്യാനികളുടെ
ശുശ്രൂഷക്രമം



പട്ടക്കാരൻ

പിതാവിനും പുത്രനും പരിശുദ്ധ റൂഹായിക്കും സ്തുതി.

ജനം

ആദിമുതൽ എന്നെന്നേക്കും തന്നെ. ആമ്മീൻ.

പട്ടക്കാരൻ. ആകാശവും ഭൂമിയും തന്റെ മഹത്വം കൊണ്ടു നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ—പരിശുദ്ധൻ—പരിശുദ്ധൻ—ഉന്നതങ്ങളിൽ സ്തുതി.

ജനം. കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു—ഉന്നതങ്ങളിൽ സ്തുതി.

പ. * ദൈവമേ, നീ പരിശുദ്ധനാകുന്നു.

ജ. ബലവാനേ, നീ പരിശുദ്ധനാകുന്നു.

പ. മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.

ജ. ഞങ്ങൾക്കുവേണ്ടി ✠ ക്രൂശിക്കപ്പെട്ട മ്ശിഹാ തമ്പുരാനേ, ഞങ്ങളോടു കരുണ ചെയ്യേണമേ.

* ഇപ്രകാരം മൂന്നു പ്രാവശ്യം ചൊല്ലണം.

പ. ഞങ്ങളുടെ കൎത്താവേ—ഞങ്ങളോടു കരുണ ചെയ്യേണമേ.

ജ. ഞങ്ങളുടെ കൎത്താവേ—കൃപതോന്നി, ഞങ്ങളോടു കരുണ ചെയ്യേണമേ.

പ. ഞങ്ങളുടെ കൎത്താവെ, ഞങ്ങളുടെ നമസ്കാരവും ശുശ്രൂഷയും കൈക്കൊണ്ട്, ഞങ്ങളോടു കരുണ ചെയ്യേണമേ.

ജ. ദൈവമേ, നിനക്കു സ്തുതി.

പ. സ്രഷ്ടാവേ, നിനക്കു സ്തുതി.

ജ. പാപികളായ അടിയാരോടു കൃപചെയ്യുന്ന മ്ശിഹാ രാജാവേ, നിനക്കു സ്തുതി. ബാറെക്മാർ.

കൎത്താവിന്റെ പ്രാൎത്ഥന

പട്ടക്കാരൻ. സ്വൎഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ—

ജനം. നിന്റെ നാമം പരിശുദ്ധമാക്കപ്പെടേണമേ—നിന്റെ രാജ്യം വരേണമേ—നിന്റെ ഇഷ്ടം സ്വൎഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ—ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കു തരേണമേ—ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ—ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടും ക്ഷമിക്കേണമേ—ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കാതെ—ഞങ്ങളെ ദുഷ്ടനിൽനിന്നു രക്ഷിച്ചുകൊള്ളേണമേ—എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും—എന്നേക്കും നിനക്കുള്ളതാകുന്നു—ആമ്മീൻ.

ܛܟܣܐ ܕܥܡܕܐ ܩܕܝܫܐ ܀

ܟܗܢܐ ܐܡܪ ܀ ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ
ܘܠܪܘܚܐ ܩܕܝܫܐ.

ܥܡܐ ܀ ܘܥܠܝܢ ܚܠܫܐ ܘܚܛܝܐ ܢܫܦܥܘܢ
ܪ̈ܚܡܐ ܘܚܢܢܐ ܒܬܪ̈ܝܗܘܢ ܥܠܡ̈ܐ ܠܥܠܡ
ܥܠܡܝܢ. ܐܡܝܢ.

വിശുദ്ധമാമോദീസാ ശുശ്രൂഷക്രമം

മാമോദീസാകഴിവാനുള്ള ഓരോ ആൺപൈതലിനു ഒരു ജ്ഞാനപിതാവും (മദ്ധ്യസ്ഥൻ, തലതൊടുന്നവൻ) ഓരോ പെൺപൈതലിനു ഒരു ജ്ഞാനമാതാവും (തലതൊടുന്നവൾ) മാതാപിതാക്കന്മാരെ കൂടാതെ ഉണ്ടായിരിക്കണം.

പട്ടക്കാരൻ

പിതാവിന്നും, പുത്രന്നും, പരിശുദ്ധറൂഹായിക്കും സ്തുതി.

ജനം.

ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടുലോകങ്ങളിലും ചിന്തപ്പെട്ടുമാറാകേണമേ. ആമ്മീൻ.

പ്രാരംഭപ്രാൎത്ഥന

പട്ടക്കാരൻ. ദൈവമായ കൎത്താവേ, നിന്റെ വിശുദ്ധ ശ്ലീഹന്മാരെ നീ ഭരമേല്പിച്ച മാമോദീസായാകുന്ന ഈ ആത്മീയ ശുശ്രൂഷയ്ക്കു ഞങ്ങളെ നീ യോഗ്യതയുള്ളവരാക്കേണമേ. കൎത്താവേ, പാപികളായ ഞങ്ങളുടെ മദ്ധ്യസ്ഥതമൂലം ഇപ്പോൾ മാമോദീസായിക്കു അടുത്തു വന്നിരിക്കുന്ന (ഇവൎക്കു) രക്ഷ നൽകപ്പെടുകയും, ഞങ്ങൾ എല്ലാവരും അനുഗ്രഹങ്ങളും കരുണയും പ്രാപിക്കയും ചെയ്യുമാറാകേണമേ. ഹാശാ ......

ജനം. ആമ്മീൻ.

ܫܘܒܚܐ ܠܐܠܗܐ ܒܡܪ̈ܘܡܐ ܬܠܬ ܙܒܢܝܢ . ܘܥܠ ܐܪܥܐ .
ܫܠܡܐ ܘܣܒܪܐ ܛܒܐ ܠܒܢܝ̈ ܐܢܫܐ ܀ ܒܟܠܥܕܢ ܠܥܠܡܝܢ
ܩܕܝܫ . ܗ̄ . ܐܢܬ ܐܒܘܢ ܕܒܫܡܝܐ ܡܠܝܢ
ܫܡܝܐ ܀ ܘܐܪܥܐ ܪܒܘܬ ܫܘܒܚܟ . ܗ̄ .
ܥܝܪ̈ܐ ܘܐܢܫ̈ܐ ܩܥܝܢ ܠܟ ܀ ܩܕܝܫ ܩܕܝܫ ܩܕܝܫ ܐܢܬ
ܗ̄ ܐܒܘܢ ܕܒܫܡܝܐ ܀ ܢܬܩܕܫ ܫܡܟ ܀ ܬܐܬܐ
ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ ܀ ܗܫܐ ܀ ܡܢ
ܠܥܠܡ ܘܥܕܡܐ ܠܥܠܡ ܥܠܡܝܢ ܐܡܝܢ ܀

മസ്മൂർ ൨൩.

1 കൎത്താവു എന്നെ മേയിക്കും—എനിക്കു യാതൊന്നി
ന്നും മുട്ടുണ്ടാകയില്ല.

2 അവൻ എന്നെ പുഷ്ടിയുള്ള മേച്ചിൽ സ്ഥലങ്ങ
ളിൽ കിടത്തും—ശാന്തതയുള്ള വെള്ളങ്ങളുടെ അ
രികിലേക്കു അവൻ എന്നെ കൊണ്ടുപോകും.

3 അവൻ എന്റെ ആത്മാവിനെ തിരിപ്പിച്ച്—തിരു
നാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തി.

4 ഞാൻ മരണനിഴലിൻതാഴ്വരയിൽ കൂടി നടന്നാ
ലും, നീ എന്നോടുകൂടെ ഉള്ളതുകൊണ്ടു ഞാൻ ഒരു
അനൎത്ഥവും ഭയപ്പെടുകയില്ല—നിന്റെ വടിയും നി
ന്റെ കോലും എന്നെ ആശ്വസിപ്പിച്ചു.

5 എന്റെ ശത്രുക്കൾ കാണ്കെ, നീ എന്റെ മുമ്പിൽ
മേശ ഒരുക്കി—എന്റെ തലയെ നീ എണ്ണകൊണ്ടു
അഭിഷേകം ചെയ്തു—എന്റെ പാനപാത്രവും നി
റഞ്ഞുകവിയുന്നു.

6 നിന്റെ കൃപയും അനുഗ്രഹങ്ങളും എന്റെ ആയു
ഷ്കാലംമുഴുവനും എന്നെ പിന്തുടരും—ഞാൻ ക
ൎത്താവിന്റെ ആലയത്തിൽ ദീൎഘകാലം വസിക്കയും
ചെയ്യും—ദൈവമേ, സ്തുതി നിനക്കു യോഗ്യമാകു
ന്നു—ബാറെക്മാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും........

ജനം. ആദിമുതൽ എന്നെന്നേക്കും........

എക്ബോ.

പട്ടക്കാരൻ. കൎത്താവേ, വിശ്വാസികളായ ഞങ്ങൾക്കു
കൃപയുടെ മുദ്ര കാവലായിരിക്കേണമേ. കട്ടിളക്കാലുക
ളിന്മേലും കുറുമ്പടിമേലും തളിക്കപ്പെട്ട രക്തത്താൽ സം

ഹാരകനിൽ നിന്നു എബ്രായക്കാർ രക്ഷപെട്ടപ്രകാരം തന്നേ, ജീവപ്രദവും ദൈവികവുമായ സ്നാനത്തിൻെറ കൃപയാൽ അതിൽ ശരണംവയ്ക്കുന്ന ഞങ്ങൾക്കു രക്ഷയുണ്ടാകയും, ഒഴിഞ്ഞുപോകാത്ത ആ പ്രകാശത്താൽ വിശുദ്ധത്രിത്വത്തെ ഞങ്ങൾ കാണുകയും ചെയ്യുമാറാകേണമേ. ഹാശാ......

ജനം. ആമ്മീൻ.

പ്രാത്ഥന

പട്ടക്കാരൻ. സ്വർഗ്ഗീയസൈന്യങ്ങളുടെ ദൈവമായ കത്താവേ, തിരുസഭയിൽ ഉൾപ്പെടുന്ന ഈ നിൻെറ (ദാസരെ) നീ വാഴ്ത്തേണമേ. മരണകരമായ സകലപ്രവൃത്തികളെയും ത്യജിച്ചുകൊണ്ടു (ഇവർ) നിനക്കും നിൻെറ പിതാവിന്നും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേററുവാൻ തക്കവണ്ണം, ഇഹലോകത്തിൻെറ മായാവസ്ഥയെ അറിയേണ്ടതിനു (ഇവരുടെ) ബോധത്തിൻെറ കണ്ണുകളെ നീ പ്രകാശിപ്പിക്കേണമേ.

ശുശ്രൂഷകൻ. സ്തൌമെൻ കാലോസ്......

ജനം. ക്യുറിയേലായിസ്സോൻ.

പ്രോമ്യോൻ

പട്ടക്കാരൻ

നാമെല്ലാവരും പ്രാത്ഥിച്ച്...........

ജനം

അനുഗ്രഹിക്കുന്നവനായ കത്താവേ.........

പട്ടക്കാരൻ

സ്തുതിയും സ്തോത്രവും തേജസ്സും.. ......

തൻെറ മഹത്വമുള്ള ദിവ്യാലോചനയാൽ, ആത്മീയ മായ തൻെറ ആട്ടിൻകൂട്ടത്തിന്നു ജന്മാനാത്മകമായ മാമോദീസായെ നിയമിച്ചവനായി, നിവ്വചിക്കാവതല്ലാത്ത സാക്ഷാൽപ്രകാശമായിരിക്കുന്ന മ്ശിഹാതമ്പുരാന്നു, തൻെറ അടിയാരുടെ മാമോദീസായുടെ ശുശ്രൂഷ നിവത്തിക്കപ്പെടുന്ന ഈ സമയത്തും, നമ്മുടെ ആയുസ്സിൻെറ എല്ലാദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹാശാ.........

ജനം. ആമ്മീൻ.

സെദറാ

പട്ടക്കാരൻ. പാപത്താൽ ചിതറിപ്പോയ ഞങ്ങളെ കൂട്ടിച്ചേക്കയും, തൻെറ വിശുദ്ധകല്പനകളെ ആചരിക്കുന്നതിനു ഞങ്ങളെ ക്ഷണിക്കയും, തൻെറ ആത്മീയ തൊഴുത്തിൽ ഞങ്ങളെ പ്രവേശിപ്പിക്കയും, രക്ഷയുടെ ഒഴുക്കുകളിലേക്കും ജീവൻെറ ഉറവിങ്കലേക്കും ഞങ്ങളെ ആകഷിച്ചുകൊണ്ടു, നിങ്ങൾ കുളിച്ചു വെടിപ്പുള്ളവരാകുവിൻ എന്നും, നിങ്ങളുടെ ഹൃദയങ്ങളിൽ നിന്നു തിന്മകളെ കഴുകിക്കളവിൻ എന്നും, ജീവപ്രദമായ നിൻെറ ശബ്ദത്താൽ പ്രസംഗിച്ചരുളിച്ചെയ്കയും ചെയ്ത ഞങ്ങളുടെ മ്ശിഹാതമ്പുരാനേ, (തങ്ങളുടെ) കാവലിന്നായി ജീവൻെറ മുദ്ര പ്രാപിപ്പാൻ അടുത്തുവന്നിരിക്കുന്ന ഈ നിൻെറ (ദാസരെ) നീ വാഴ്ത്തേണമേ. നിൻെറ തൊഴുത്തിൽ (ഇവരെ) പ്രവേശിപ്പിക്കേണമേ. നിൻെറ ആടുകളുടെ കൂട്ടത്തിൽ (ഇവരെ) എണ്ണിക്കൊള്ളേണമേ. നിൻെറ മുഖപ്രകാശം (ഇവരിൽ) പ്രശോഭിക്കുമാറാകേണമേ. വീണ്ടും ജനനത്തിനു (ഇവരെ) യോഗ്യതയുള്ളവരാക്കി, നിൻെറ പിതാവിന്നു (ഇവരെ) മക്കളാക്കിത്തീക്കേണമേ. പഴയ മനുഷ്യനെ (ഇവരിൽ) നിന്നു ഉരിഞ്ഞുകളഞ്ഞു, നാശമില്ലാത്ത പുതിയമനുഷ്യനെ (ഇവർ) ധരിക്കുമാറാകേണ

മേ. (ഇവരെ) നല്ല വളൎച്ചയും പൂൎണ്ണനിലയുമുള്ളവരാക്കിത്തീൎക്കേണമേ. ആശ്വാസവും സമാധാനവുമുള്ള ജീവിതത്താൽ നല്ല അവസാനത്തിന്നും ക്രിസ്തീയ പൂൎണ്ണതയ്ക്കും (ഇവർ) യോഗ്യതയുള്ളവരായിത്തീരുകയും ചെയ്യുമാറാകേണമേ. ഞങ്ങളും (ഇവരും) നിനക്കും നിന്റെ പിതാവിന്നും നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേററും. ഹാശാ.........

ജനം. ആമ്മീൻ.

ܠܥܡܕܘܬܐ.

ܒܩܠܐ ܕܡܪܝ ܐܦܪܝܡ.

ܡܪܢ ܡܪܢ ܠܡܥܡܕܝܬܐ ܕܐܬܝܘ ܢܛܘܪ ܐܢܘܢ ܒܨܠܝܒܟ ❖

ഞങ്ങളുടെ കൎത്താവേ, മാമോദിസായ്ക്കു അടുത്തു വന്നിരിക്കുന്ന (ഇവരെ) നിന്റെ സ്ലീബായാൽ കാത്തുകൊള്ളേണമേ.

ഞങ്ങളുടെ കൎത്താവേ—മാമോദീസായ്ക്കായിഹ—
വന്നോരീ (ദാസരെ) നീ—കാത്തുകൊൾ നിൻ സ്ലീബായാൽ.

ܟܠܗܘܢ ܕܐܡܥܡܕܝܢ. ܡܥܡܕ ܐܢܐ ܒܡܝܐ ܐܡܪ ܗܘܐ.
ܕܒܬܪܝ ܐܬܐ ܡܥܡܕ ܠܟܘܢ. ܘܗܘ ܕܐܬܐ ܒܪܘܚܐ
ܕܩܘܕܫܐ ❖

ഞാൻ വെള്ളം കൊണ്ടു മാമോദിസാ മുക്കുന്നു. എന്റെ പിന്നാലെ വരുന്നവനോ, വിശുദ്ധറൂഹാകൊണ്ടു മാമോദിസാ മുക്കുമെന്നു സ്കറിയായുടെ പുത്രൻ പ്രസംഗിച്ചിരുന്നു.

വെള്ളത്താൽ എൻ സ്നാപനം—വരുവോൻെറ റൂഹായാൽ
എന്നല്ലോ സ്കറിയാസുതൻ—ആമരവോടു ചൊല്ലി.

ܩܪܸܒ ܩܵܡ ܠܹܗ ܥܲܠ ܢܲܗܪܵܐ . ܝܘܿܚܲܢܵܢ ܒܪܹܗ
ܕܙܲܟܲܪܝܵܐ . ܘܚܲܝܠܵܐ ܕܟܼܣܹܐ ܡܸܢ ܥܝܼܪܹ̈ܐ . ܐܸܬܵܐ ܗ݈ܘܵܐ ܕܢܸܥܡܲܕ
ܡܸܢܹܗ ❖

സ്കറിയായുടെ പുത്രനായ യൂഹന്നാൻ നദീതീരത്തു വന്നുനിന്നു. ഈറേമാലാകമാൎക്കു അദൃശ്യനായിരിക്കുന്ന ശക്തിമാനായവൻ അവനോടു മാമോദീസാ ഏല്ക്കാനായിട്ടു വന്നു.

സ്കറിയാസുതൻ യൂഹന്നാൻ—ആററരികത്തണഞ്ഞു—
ഭൂതൎക്കു മറഞ്ഞ ശക്തി—തൻ സ്നാനത്തിന്നായ് വന്നു.

ܡܵܪܲܢ ܐܸܬܵܐ ܠܡܲܥܡܘܿܕܝܼܬܵܐ . ܘܝܘܿܚܲܢܵܢ .
ܠܣܵܗܕܘܼܬܵܐ . ܘܐܲܒܵܐ ܡܸܢ ܪܵܘܡܵܐ ܕܗܵܢܘܿ ܒܪܝܼ ܗܵܢܘܿ
ܚܲܒܝܼܒܝܼ ❖

നമ്മുടെ കൎത്താവു മാമോദീസായിക്കായും, യൂഹന്നാൻ സാക്ഷ്യത്തിന്നായും വന്നു. ഇവൻ എൻെറ പ്രിയപുത്രനെന്നു ഉന്നതത്തിൽനിന്നു പിതാവു് വിളിച്ചുപറകയും ചെയ്തു.

കൎത്തൻ സ്നാനത്തിന്നായും—യൂഹന്നാൻ സാക്ഷ്യത്തിന്നും—
ഇവനെൻ വത്സലസുതൻ—എന്നു താതനും ചൊല്ലി.

പ്രാൎത്ഥന

പട്ടക്കാരൻ. കൎത്താവേ, വിശുദ്ധ മാമോദിസായിക്ക ഒരുങ്ങിവന്നിരിക്കുന്ന ഈ നിന്റെ (ദാസക്കു) വേണ്ടി നിന്റെ അനുഗ്രഹങ്ങളുടെ ബഹുത്വത്തോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. (ഇവർ) നിന്നാൽ നിത്യജീവന്നായി മുദ്രയിടപ്പെടുകയും, നിന്റെ ഭവനാവകാശികളായി തീരുകയും, നിന്റെ വിശുദ്ധ കല്പനകളോടു യോജിച്ചിരിക്കുയും, നിനക്കും നിന്റെ പിതാവിന്നും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും (ഇവർ) കരേററുകയും ചെയ്യുമാറാകേണമേ. ഹാശാ.

ജനം. ആമ്മീൻ.

സുമാറാ

ശുശ്രൂഷകൻ. കൎത്താവേ, മാൻ നീൎപ്പുഴകൾക്കായി നിലവിളിക്കുന്നതുപോലെ തന്നേ, എന്റെ ആത്മാവു് നിന്നെക്കുറിച്ചു വാഞ്ഛിക്കുന്നു—ഹാലേലൂയ്യാ.

¶ ഇവിടെ ശുശ്രൂഷകൻ ലേഖനം വായിക്കുന്നു.

ശുശ്രൂഷകൻ. പൌലൊസ് ശ്ലീഹാ റോമാക്കാൎക്കു എഴുതിയ ലേഖനത്തിൽ നിന്നും.

ജനം. ശ്ലീഹന്മാരുടെ ഉടയവന്നു സ്തുതി—കൎത്താവേ, നിന്റെ വചനങ്ങളെ തിരിച്ചറിയുന്നതിന്നു ഞങ്ങൾക്കു കൃപ നല്കേണമേ.

ശുശ്രൂഷകൻ

റോമ. ൫. ൨൦—ന്നു. ൬—വ്വ.

എന്നാൽ എന്റെ സഹോദരന്മാരേ, പാപം വൎദ്ധിപ്പാനായിട്ടു ന്യായപ്രമാണത്തിന്നു പ്രവേശനം ഉണ്ടായി—പാപം വൎദ്ധിച്ച ഇടത്തു, കൃപയും അധികമായി വൎദ്ധിച്ചു—അതു് മരണത്താൽ പാപം രാജ്യഭാരം ചെ

യ്യുതുപോലെ തന്നേ, നമ്മുടെ കൎത്താവായ യേശുമ്ശി ഹാ മൂലം, നിത്യജീവങ്കലേക്ക നീതിയാൽ കൃപയും രാജ്യ ഭാരം ചെയ്യാനായിട്ട തന്നേ—ആകയാൽ നാം എന്തു പറയും?—കൃപ വൎദ്ധിപ്പാനായി നാം പാപത്തിൽ ജീ വിക്ക എന്നോ?—അതു ഒരുനാളും അരുതേ—എന്തു കൊണ്ടെന്നാൽ, പാപസംബന്ധമായി മരിച്ചവരായ നാം ഇനിയും അതിൽ എങ്ങനെ ജീവിക്കും?—യേശു മ്ശിഹായിൽ മാമോദീസാ കൈക്കൊണ്ടവരായ നാം എല്ലാവരും, അവന്റെ മരണത്തിൽ പങ്കാളികളാകാൻ മാമോദിസാ കൈക്കൊണ്ടിരിക്കുന്നു എന്നു നിങ്ങൾ അ റിയുന്നില്ലയോ?—എന്തെന്നാൽ മാമോദിസായാൽ മര ണത്തിലേക്ക അവനോടുകൂടെ നാം കുഴിച്ചിടപ്പെട്ടിരി ക്കുന്നു. യേശുമ്ശിഹാ തന്റെ പിതാവിന്റെ മഹത്വ ത്താൽ, മരിച്ചവരുടെ ഇടയിൽനിന്നു ഉയിൎത്തെഴുനേററ തുപോലെ, അങ്ങിനെ നാമും പുതിയ ജീവനിൽ നടപ്പാ നായിട്ട തന്നേ—ആകയാൽ നാം മ്ശിഹായോടുകൂടെ മരിച്ചു എങ്കിൽ, മ്ശിഹായോടുകൂടെത്തന്നേ ജീവിക്കുമെ ന്നു നാം വിശ്വസിക്കയും വേണം.

ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ.

പെസ്ഹാമ

ഹാലെലൂയ്യാ—നിന്റെ സോപ്പാകൊണ്ടു് എന്റെമേൽ ത ളിക്കേണമേ, ഞാൻ നിൎമ്മലനാകും—അതിനാൽ എന്നെ നി വെളുപ്പിക്കേണമേ—ഉറച്ച മഞ്ഞിനെക്കാൾ ഞാൻ വെണ്മയു ളളവനാകും—ഹാലേലൂയ്യാ.

ശുശ്രൂഷകൻ. സഹോദരന്മാരേ, നാം അടക്കത്തോടും ഭയ ത്തോടും വണക്കത്തോടും ശ്രദ്ധിച്ച്—നമ്മുടെ കൎത്താവേശു മ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ—ദൈവത്തി ൻ ജീവനുളള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

¶ ഇവിടെ പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നു.

പട്ടക്കാരൻ. നിങ്ങൾക്കെല്ലാവക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം. ദൈവമായ കർത്താവു, നിന്റെ ആത്മാവോടുകൂടെ— ഞങ്ങളെയും യോഗ്യതയുള്ളവരാക്കട്ടെ.

പട്ടക്കാരൻ. ലോകത്തിനു ജീവനും രക്ഷയും അറിയിച്ചു് പ്രസംഗിക്കുന്ന ലൂക്കോസ്, യൂഹന്നാൻ ഏവൻഗേലിസ്ഥന്മാർ എഴുതിയ ജീവൻ നല്കുന്ന പ്രസംഗമായ നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോൻ.

ജനം. വന്നവനും വരുവാനിരിക്കുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു—നമ്മുടെ രക്ഷയ്ക്കായി തന്നെ അയച്ച പിതാവിനു സ്തുതി— തന്റെ അനുഗ്രഹങ്ങൾ നാമെല്ലാവരുടെയും മേൽ എന്നേക്കും ഉണ്ടായിരിക്കട്ടെ.

പട്ടക്കാരൻ. വിശുദ്ധ കന്യകമറിയാമ്മിൽനിന്നു ജഡം എടുത്ത ദൈവമായി, ജീവന്റെ വചനമായ നമ്മുടെ കർത്താവും, ദൈവവും, രക്ഷിതാവും ആയിരിക്കുന്ന യേശുമ്ശിഹായുടെ നടപടിയുടെ കാലത്തു ഇപ്രകാരം സംഭവിച്ചു.

ജനം. അപ്രകാരം ഞങ്ങൾ വിശ്വസിച്ചു കൊണ്ടാടുന്നു.

പട്ടക്കാരൻ

ലൂക്കൊസ്. ൩. ൧൫, ൧൬.

എന്നാൽ ജനം യൂഹന്നാനെക്കുറിച്ചു, ഇവൻ മ്ശിഹാ ആകുന്നുവോ എന്നു നിരൂപിച്ചു, എല്ലാവരും അവരുടെ ഹൃദയത്തിൽ വിചാരിച്ചു'രുന്നപ്പോൾ, യൂഹന്നാൻ ഉത്തരമായിട്ടു അവരോടു: കണ്ടാലും, ഞാൻ നിങ്ങളെ വെള്ളംകൊണ്ടു് മാമോദീസാ മുക്കുന്നു—എന്നാൽ എന്നെക്കാൾ ബലവാനായിരിക്കുന്നവൻ എന്റെ പിന്നാ

ലെ വരുന്നു—അവൻെറ ചെരിപ്പുകളുടെ വാറുകളെ അഴിപ്പാൻ ഞാൻ യോഗ്യനല്ല—അവൻ നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ടും അഗ്നികൊണ്ടും മാമോദീസാ മുക്കും.

യൂഹന്നാൻ ൩. ൫, ൬.

ഞാൻ സത്യമായിട്ടു സത്യമായിട്ടു നിങ്ങളോടു പറയുന്നു—ഒരുത്തൻ വെള്ളത്തിൽ നിന്നും ആത്മാവിൽനിന്നും ജനിക്കുന്നില്ല എങ്കിൽ, അവനു ദൈവരാജ്യത്തിലേക്കു പ്രവേശിപ്പാൻ കഴികയില്ല—ജഡത്തിൽ നിന്നു ജനിച്ചിരിക്കുന്നതു്, ജഡമാകുന്നു— ആത്മാവിൽനിന്നു ജനിച്ചിരിക്കുന്നതു ആത്മാവുമാകുന്നു.

നിങ്ങൾക്കെല്ലാവക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം. നിൻെറ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

¶ അതിൻെറ ശേഷം പട്ടക്കാരൻ സ്നാനാൎത്ഥികളുടെ നെററിമേൽ പെരുവിരൽകൊണ്ടു തൈലംകൂടാതെ ക്രൂശടയാളം വരച്ചുചൊല്ലുന്നു.

പിതാവിൻെറയും ✠ പുത്രൻെറയും ✠ ജീവനും വിശുദ്ധിയുമുള്ള റൂഹായുടെയും ✠ നാമത്തിൽ (ഇന്നാരു) മുദ്രയിടപ്പെടുന്നു.

ജനം. ആമ്മീൻ.

പ്രാൎത്ഥന

പട്ടക്കാരൻ. ദൈവമായ കൎത്താവേ, നിൻെറ തിരുനാമത്തിൽ ഞങ്ങൾ മുദ്രകുത്തിയിരിക്കുന്ന നിൻെറ മനച്ചിലും കൈവേലയുമായ (ഇവരിൽ) നിന്നു മ്ലേച്ഛാത്മാവിൻെറ സകല ദുഷ്ടവ്യാപാരങ്ങളെയും അകററിക്കളയേണമേ. ✠ മത്സരക്കാരനും ദ്രോഹിയുമായിരിക്കുന്ന

അവനെ നീ ശാസിച്ച്, വഞ്ചനയുടെ ആത്മാവിൽ നിന്നു ഈ നിന്റെ (ദാസരെ) നീ ശുദ്ധീകരിക്കേണമേ ✠ (ഇവർ) പിശാചുക്കളുടെ വാസസ്ഥലമല്ല. എന്നാലോ ദൈവത്തിന്റെ മന്ദിരം തന്നേ ആയിരിക്കുമാറാകേണമേ. ✠

ജനം ആമ്മീൻ.

¶ അതിന്റെ ശേഷം സ്നാനാർത്ഥിയോ, പൈതലെങ്കിൽ മദ്ധ്യസ്ഥനോ, തന്റെ എടത്തുകൈകൊണ്ടു പൈതലിന്റെ എടത്തുകയ്യേൽ പിടിച്ചുകൊണ്ടു പട്ടക്കാരന്റെ പിന്നാലെ താഴെയുള്ള ഉപേക്ഷണ വാചകം മൂന്നുപ്രാവശ്യം ചൊല്ലുന്നു.

മാമോദീസാ മുഴുകുന്ന ഞാൻ—സാത്താനെയും—അവന്റെ സകല ദൂതന്മാരെയും — അവന്റെ സകല സൈന്യങ്ങളെയും — അവന്റെ സകല ആരാധനയെയും—അവന്റെ സകല വഞ്ചനയെയും—ഉപേക്ഷിക്കുന്നു.

¶ അതിന്റെ ശേഷം സ്നാനാർത്ഥിയോ, പൈതലെങ്കിൽ മദ്ധ്യസ്ഥനോ, തന്റെ വലങ്കൈകൊണ്ടു പൈതലിന്റെ വലങ്കയ്യേൽ പിടിച്ചുകൊണ്ടു പട്ടക്കാരന്റെ പിന്നാലെ താഴെയുള്ള സ്വീകരണവാചകം മൂന്നുപ്രാവശ്യം ചൊല്ലുന്നു.

മാമോദീസാ മുഴുകുന്ന ഞാൻ—മ്ശീഹാതമ്പുരാനെ നിന്നെയും — നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തരം —വിശുദ്ധ പിതാക്കന്മാർക്കു — നിന്നാൽ ഭരമേല്പിക്കപ്പെട്ട—ദൈവികമായ സകല ഉപദേശങ്ങളെയും— വിശ്വസിച്ചു കൈക്കൊള്ളുന്നു.

¶ അതിന്റെശേഷം പട്ടക്കാരന്റെ പിന്നാലെ മൂന്നുപ്രാവശ്യം ചൊല്ലേണ്ടതു

സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു.

മ്ശീഹായിൽ ഞാൻ വിശ്വസിക്കുന്നു.

സാത്താനെ ഞാൻ ഉപേക്ഷിക്കുന്നു.
മ്ശിഹായിൽ ഞാൻ വിശ്വസിക്കുന്നു.
സാത്താനെ ഞാൻ ഉപേക്ഷിച്ച്
മ്ശിഹായിൽ ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.

¶ അതിന്റെ ശേഷം എല്ലാവരും കൂടി വിശ്വാസപ്രമാണം ചൊല്ലണം.

പട്ടക്കാരൻ. പിതാവായി, സർവ്വശക്തനായി....

ജനം. ആകാശത്തിന്റെയും ഭൂമിയുടെയും—കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ—സകലത്തിന്റെയും സൃഷ്ടാവായ—സത്യൈക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏക പുത്രനും—

സർവ്വലോകങ്ങൾക്കും മുൻപെ പിതാവിൽ നിന്നു ജനിച്ചവനും—പ്രകാശത്തിൽ നിന്നുള്ള പ്രകാശവും—സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും—ജനിച്ചവനും സൃഷ്ടിയല്ലാത്തവനും—തത്വത്തിൽ പിതാവിനോടു ഏകത്വമുള്ളവനും—സകല സൃഷ്ടിക്കും മുഖാന്തരമായവനും—മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി—സ്വർഗ്ഗത്തിൽനിന്നു ഇറങ്ങി—വിശുദ്ധറൂഹായാൽ തമ്പുരാനെ പ്രസവിച്ച കന്യകമറിയാമ്മിൽനിന്ന് ജഡം ധരിച്ച്, മനുഷ്യനായി—പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ—ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട്—കഷ്ടതയനുഭവിച്ച്, മരിച്ച് അടക്കപ്പെട്ട്—തിരുഹിതപ്രകാരം മൂന്നാംദിവസം ഉയിർത്തെഴുന്നേററ്—സ്വർഗ്ഗത്തിലേക്കു കരേറി—തന്റെ പിതാവിന്റെ വലത്തുഭാഗത്തിരുന്നവനും—അവസാനമില്ലാത്ത രാജത്വമുള്ളവനും—ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിപ്പാൻ—തന്റെ

മഹാ പ്രഭാവത്തോടെ, ഇനിയും വരുവാനിരിക്കുന്നവനുമായ—യേശുമ്ശിഹാ ആയ ഏക കത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു

സകലത്തെയും ജീവിപ്പിക്കുന്ന കത്താവും,

പിതാവിൽനിന്നു പുറപ്പെട്ടു—പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും—നിബ്യന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ—ജീവനും വിശുദ്ധിയും ഉള്ള ഏകറൂഹായിലും—കാതോലികവും ആപ്പൊസ്തോലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിന്നുള്ള മാമോദീസാ,

ഒന്നുമാത്രമെന്നു ഞങ്ങൾ ഏററു പറഞ്ഞു—മരിച്ചവരുടെ ഉയിർത്തെഴുന്നേല്പിനും—വരുവാനിരിക്കുന്ന ലോകത്തിലെ പുതിയജീവനും—ഞങ്ങൾ നോക്കിപ്പാക്കയും ചെയ്യുന്നു—ആമ്മീൻ.

ശുശ്രൂഷകൻ. ബാറെക്മാർ സ്ലൌമൻ കാലോ—സ്

ജനം. കുറിയേലാ—യിസ്സോൻ.

പ്രാത്ഥന

പട്ടക്കാരൻ. കത്താവേ, നിൻെറ വിശുദ്ധറൂഹായെ നീ അയച്ചു, ഇല്ലായ്മയിൽനിന്നു (ഇവരെ) സൃഷ്ടിച്ചു ഉണ്മയിലേക്കു വരുത്തുകയും, നിൻെറ മനുഷ്യസ്നേഹത്താൽ വിശുദ്ധ മാമോദീസായിക്കു (ഇവരെ) യോഗ്യരാക്കുകയും ചെയ്തിരിക്കുന്നുവല്ലോ. കത്താവേ, വിശുദ്ധശ്ലീഹാമാരുടെ അടിസ്ഥാനത്തിന്മേൽ (ഇവരെ) സ്ഥിരപ്പെടുത്തേണമേ. വിശുദ്ധസഭയിൽ സത്യനടുതലയായി (ഇവരെ) നീ നടേണമേ. വിശുദ്ധറൂഹായാകുന്ന രഹസ്യാഭിഷേകത്തിനു (ഇവരെ) അർഹരാക്കേണമേ. ദൈവികമായ നിൻെറ ദാനങ്ങൾകൊണ്ടു (ഇവരെ) സംപൂണ്ണരാക്കേണമേ. നി

ന്റെ ആരാധനക്കാരായ (ഇവർ) പാപത്തിന്റെ അടിമയിൽനിന്നു സ്വാതന്ത്ര്യപ്പെട്ടുവാൻ (ഇവരുടെ) ഹൃദയങ്ങളിൽ നിന്റെ പ്രകാശം നീ ഉദിപ്പിക്കയും ചെയ്യേണമെ.

ജനം. ആമ്മിൻ.

¶ പട്ടക്കാരൻ സ്നാനാർത്ഥിയുടെ നെററിമേൽ മൈസൂറാ പൂശികൊണ്ടു ചൊല്ലുന്നു:

വീണ്ടുംജനനത്താലുള്ള പുത്രത്വത്തിന്റെ ലക്ഷ്യമായി പിതാവിന്റെയും ✠ പുത്രന്റെയും ✠ ജീവനും വിശുദ്ധിയുമുള്ള റൂഹായുടെയും ✠ നാമത്തിൽ (ഇന്നാരു) വിശുദ്ധ തൈലം കൊണ്ടു മുദ്രയിടപ്പെടുന്നു.

ജനം. ആമ്മീൻ

¶ അതിന്റെ ശേഷം പട്ടക്കാരൻ ചൂടുവെള്ളവും തണുത്തവെള്ളവും എടുത്ത് തൊട്ടിയിൽ പകൎന്നുകൊണ്ടു ചൊല്ലുന്നു.

ദൈവമായ കർത്താവേ, ഞങ്ങളുടെ കർത്താവേശുമ്ശിഹായുടെ കൃപയാലും അനുഗ്രഹങ്ങളാലും മനുഷ്യസ്നേഹത്താലും ഞങ്ങളുടെ ബലഹീനപ്രാർത്ഥന നീ കൈക്കൊണ്ടു, ഈ വെള്ളത്തെ ശുദ്ധീകരിക്കേണമേ. കർത്താവേ, പാപത്തിന്റെ സകല മലിനതയിൽനിന്നും കറയിൽനിന്നും ഞങ്ങളെ ശുദ്ധീകരിക്കുന്ന യഥാർത്ഥമായ ശുദ്ധീകരണത്തിന്റെ ഉറവ ഞങ്ങൾക്കു നീ നല്കിയിരിക്കുന്നുവല്ലോ. രക്ഷിക്കുന്നവനും, തുടച്ചുവെടിപ്പാക്കുന്നവനും സകല നന്മകളെയും നല്കുന്നവനും നീയാകയാൽ, നിനക്കും നിന്റെ ഏകപുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേററുന്നു. ഹാശാ.. ....

ജനം. ആമ്മിൻ.

ܥܠ ܕܡܘܬܐ . ܡܬܦܫܩܢܘܬܐ .

ܫܦܝܪ ܗܘܐ ܠܟܠܟܘܢ ܠܡܡܬ . ܗ̄ . ܢܦܫܬܢ
ܡܬܪܝܢ ܡ̈ܝܬܐ ܕܡܬܡܬܘܪܬܐ . ܘܡܫܝܚܐ ܡܪܢ ܐܠܗܢ
ܘܫܒܩ ܘܠܟܝ ܒܗܘܢ . ܒܗܘ ܓܒܪܐ ܕܫܠܡ . ܡܢ
ܡ̈ܝܬܐ ∴ ܫܡܥܝܢ ܘܐܬܟܠ ܦܠܓܘ ܠܗ ܐܝܟܢܐ ∴ ܫܡܥܢܐ
ܘܫܘܪܐ ܠܐܠ ܠܡܩܕܡ ܘܒܢ̈ܝܐ ܫܒܩܘܗܝ . ܠܗܘ
ܕܡܪܢ ܝܗܒ ܘܡܫܡܠܝܢ ܠܟܠܗܘܢ . ܗ̄ ܘܗ̄ ❖

ܫܘܒ̄ .

ܡܠܟܐ ܕܫܡܝܐ ܐܬܦܠܛ ܡܢ ܡܬܡܬܘܪܬܐ .
ܐܝܟ ܡܢܐ ܘܪܘܚ ܦܘܪܫܐ ܒܝܢܬܗ ܦܪܫܗ . ܐܝܟ
ܕܡܠܐ ܕܗܘܐ ܩܪܝ ܢܒܝܐ ∴ ܡܢܐ ܕܐܬܝ ܢܦܫܗ
ܘܠܡܕ ܒܗ ∴ ܘܪܘܚ ܦܘܪܫܐ ܒܣܘܬ ܢܘܢ ܢܦܠܬ
ܠܟܠܗܘܢ . ܠܬܠܡܝܕܘܬܐ ܡܫܝܚܝܬܐ ܕܢܝܚܘ ܒܗ
ܠܟܠܗܝܢ . ܗ̄ . ܕܒܗ ܗܘ ܡܬܡܬܝܢ ❖
ܡܪܝܐ ܪܚܡ ܠܟܠܢ ❖

ക്കുക്കായാ

പട്ടക്കാരൻ. ജാതികളേ നിങ്ങൾ എല്ലാവരും ഇതിനെ കേൾപ്പിൻ—യൂഹന്നാൻ യോർദ്ദനാൻനദിയിൽനിന്നു. മ്ശിഹാ അതിൽ ഇറങ്ങി അതിനെ ശുദ്ധീകരിച്ച്, അതിൽ മാമോദീസാ മുങ്ങുകയും ചെയ്തു. വെള്ളത്തിൽനിന്നു താൻ കരേറിയ ആ സമയത്തു, ആകാശവും ഭൂമിയും തനിക്കു ബഹുമാനം കൊടുക്കുകയും, സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും മേഘങ്ങളും, നദികളെയും സകല നീരുറവകളെയും ശുദ്ധീകരിച്ചവനായ തന്നെ സ്തുതിക്കയും ചെയ്തു. ബാറെക്മാർ......

പിതാവിന്നും പുത്രന്നും..........

ജനം. ആദിമുതൽ......

പട്ടക്കാരൻ. ജീവന്റെ ഉറവയുടെ ലക്ഷ്യമായി മാമോദീസാ നമുക്കു നല്കപ്പെട്ടിരിക്കുന്നു. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവം തന്റെ കരുണയാൽ അതിനെ ശുദ്ധീകരിച്ചു. ഇവൻ എന്റെ പ്രിയപുത്രനാകുന്നു എന്നു പിതാവു വിളിച്ചുപറയുന്നു. പുത്രൻ തന്റെ തലകുനിച്ചു മാമോദീസാ കൈക്കൊണ്ടു. വിശുദ്ധറൂഹാ പ്രാവിന്റെ സാദൃശ്യത്തിൽ അവന്റെ മേൽ ഇറങ്ങി. ലോകം ജീവിച്ചതിനു മുഖാന്തരമായ വിശുദ്ധ ത്രിത്വത്തിൽ നാം വിശ്വസിക്കയും ചെയ്യുന്നു.

ജനം. കർത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു സഹായം ചെയ്യേണമേ.

ഗീതം (ജാതിയിൻപുത്രി)

ജാതികളേ! ഇതിനെ-കേൾപ്പിൻ ഹാലേലൂയ്യാ

പട്ടക്കാരൻ. യൂഹന്നാൻ സ്നാനജലത്തെ-കലർത്തീടുന്നിതാ
മ്ശിഹാ ശുദ്ധം ചെയ്തിറങ്ങി—യതിൽ-മുങ്ങീടുന്നു
ജലത്തിൽ നിന്നു താൻ—കയറിയൊരുനേരം
വാനം ഭൂമി—സൂര്യൻ ചന്ദ്രനും-
താരകരയോടിഹ മേഘങ്ങൾ—അവനെ-മാനിക്കുന്നു.
നദികൾ ഊറകൾ ശുദ്ധീകരിപ്പോനെ-വാഴ്ത്തീടുന്നു,
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ.

പിതൃപുത്രവിശുദ്ധാത്മാന്നു സ്തുതി

ജീവയുറവാം മാമോ-ദീസാ-നൽക-പ്പെടുന്നു-
ദൈവം തൻകൃപയാ-ലതിനെ-ശുദ്ധീകരിച്ചു.
ഇവനെൻ പ്രിയ-സുതനാകുന്നെന്ന്-
ദൈവം മോദാൽ-അരുളിച്ചെയ്യുന്നു.
പുത്രൻ കൈക്കൊണ്ടിതു സ്നാന-മിറങ്ങി-റൂഹാ-
വിശുദ്ധമാം ത്രിത്വത്തിൽ നാം-വിശ്വ-സിക്കുന്നു.
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ.
നാഥാ, അനുഗ്രഹിച്ചെ-ങ്ങളെ-തുണയ്ക്കണമേ.

പ്രാർത്ഥന

പട്ടക്കാരൻ. ദൈവമായ കർത്താവേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിൻെറ കൃപയാലും നിൻെറ ഏറിയ അനുഗ്രഹങ്ങളാലും ഈ വെള്ളത്തെ നീ ശുദ്ധീകരിക്കേണമേ. ഇതിൽ മാമോദീസാ മുഴുകുന്നവർ, വഞ്ചനയുടെ മോഹങ്ങളാൽ ക്ഷയിപ്പിക്കുന്ന മനുഷ്യനെ ഉരിഞ്ഞുകളകയും, തന്നെ സൃഷ്ടിച്ചവൻെറ സാദൃശ്യത്തിൽ പുതുതാക്കപ്പെടുന്ന പുതിയമനുഷ്യനെ ധരിക്കയും ചെയ്യാൻതക്കവണ്ണം, രൂപാന്തരപ്പെടുവാൻ കൃപനല്കേണമേ. നിനക്കും നിൻെറ ഏക പുത്രനും നിൻെറ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേററുന്നു. ഹാശാ ....

ജനം. ആമ്മീൻ.

പട്ടക്കാരൻ. കർത്താവേ, ഞങ്ങളോടു ഉത്തരമരുളിച്ചെയ്യേണമേ—കർത്താവേ, ഞങ്ങളോടു ഉത്തരമരുളിച്ചെയ്യേണമേ—കർത്താവേ, ഞങ്ങളോടു ഉത്തരമരുളിച്ചെയ്യു്, ദയതോന്നി ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

ജനം. ക്കുറിയേലായിസ്സോൻ — ക്കുറിയേലായിസ്സോൻ — ക്കുറിയേലാ—യിസ്സോൻ.

¶ പട്ടക്കാരൻ വെള്ളത്തിന്മീതെ മൂന്നുപ്രാവശ്യം കുരിശുവരച്ചു രൂശമാ ചെയ്തു കൊണ്ടു് താഴെയുള്ള പ്രാർത്ഥന ചൊല്ലുന്നു.

പ്രാർത്ഥന

സർവ്വശക്തിയുള്ള ദൈവമായ കർത്താവേ, ഈ വെള്ളത്തിൽ മാമോദീസാ മുഴുകുന്ന (ഇവക്കു) അശുദ്ധിയിൽ നിന്നുള്ള വെടിപ്പും—ബന്ധനങ്ങളിൽ നിന്നുള്ള വിട്ടുതലും—പാപങ്ങളുടെ മോചനവും—പിഴകളുടെ പരിഹാരവും ✠ ദത്തവകാശത്തിന്റെ നൽവരവും—നാശമില്ലാത്ത വസ്ത്രവും—പരിശുദ്ധറൂഹായുടെ പുതുക്കവും ✠ നിന്റെ ഏകജാതനായ പുത്രന്റെ മരണത്തോടും പുനരുത്ഥാനത്തോടുമുള്ള അനുരൂപതയും നീ നൽകേണമേ ✠.

¶ പട്ടക്കാരൻ മൂറോൻകുപ്പി എടുത്തുപിടിച്ചുകൊണ്ടു,

ܫܘܒܚܐ ❖ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝ

ܫܐ ❖ ܥܡܐ ❖ ܡܢ ܥܠܡ ܘܥܕܡܐ ܠܥܠܡ

ܥܠܡܝܢ ܐܡܝܢ ❖

പിതാവിന്നും പുത്രന്നും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജനം. ആദിമുതൽ എന്നേക്കും തന്നെ. ആമ്മീൻ.

¶ പട്ടക്കാരൻ വെള്ളത്തിൽ മൂറോൻ ഒഴിച്ചുകൊണ്ടു ചൊല്ലുന്നു,

ഈ മാമോദീസാവെള്ളത്തിൽ ഞങ്ങൾ വിശുദ്ധ മൂറോൻ ഒഴിക്കുന്നു.

പിതാവിന്റെയും ✠ പുത്രന്റെയും ✠ ജീവനും വിശുദ്ധിയുമുള്ള റൂഹായുടെയും ✠ നാമത്തിൽ തന്നേ. ജനം. ആമ്മീൻ.

പ്രാത്ഥന

പട്ടക്കാരൻ. ദൈവമായ കൎത്താവേ, മാമോദിസാ മുഴുകുന്ന ഈ നിന്റെ (ദാസരെ) പൂൎണ്ണരാക്കേണമേ. രക്ഷാകരമായ നിന്റെ സ്നാനത്താൽ വെടിപ്പാക്കിയുംകൊണ്ടു, (ഇവരെ) നിന്റെ മ്ശിഹായുടെ കൂട്ടവകാശികളാക്കി തീൎക്കേണമേ. കൎത്താവേ, (ഇവർ) പുതുക്കപ്പെടുകയും, നിന്റെ കൃപനിറഞ്ഞു, ശ്രേഷ്ഠതയുള്ളവരായി തീരുകയും, നിന്റെ ദൈവികദാനങ്ങളുടെ ചുമതലകളെ (ഇവർ) കാത്തുകൊള്ളുകയും ചെയ്യുമാറാകേണമേ. ഞങ്ങളും (ഇവരും) നിനക്കും നിന്റെ ഏക പുത്രനും നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേറ്റും. ഹാശാ.

ജനം. ആമ്മീൻ.

¶ അതിന്റെ ശേഷം പട്ടക്കാരൻ സ്നാനാൎത്ഥിയുടെ തലയിൽ വലകൈ വച്ചിട്ടു, പിന്നാലെയുള്ള വാചകം ചൊല്ലി മൂന്നുപ്രാവശ്യം മുക്കുന്നു.

പാപമോചനത്തിന്റെയും, നിത്യജീവന്റെയും പ്രത്യാശയിൽ, (ഇന്നാരു) മാമോദീസാ മുഴുകപ്പെടുന്നു.

പിതാവിന്റെയും ✠ പുത്രന്റെയും ✠ ജീവനും വിശുദ്ധിയുമുള്ള റൂഹായുടെയും ✠ നാമത്തിൽ തന്നേ. ജനം. ആമ്മീൻ.

ܒܫܡ ܐܒܐ ✠ ܐܡܝܢ. ܘܒܪܐ ✠ ܐܡܝܢ.
ܘܪܘܚܐ ܚܝܐ ܘܩܕܝܫܐ ✠ ܐܡܝܢ܀

ܡܪܢ ܐܬܪܚܡ ܥܠܝܢ . ܡܪܢ ܩܒܠ ܬܫܡܫܬܢ ܀

1. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെമേൽ അനുഗ്രഹംചെയ്യേണമേ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളേണമേ

കർത്താവേ—അനുഗ്രഹിക്ക
ശുശ്രൂഷ—കൈക്കൊള്ളണമേ.

ܐܠܗܐ ܦܫܘܛ ܝܡܝܢܟ . ܘܒܪܟ ܠܥܒܕܟ
ܗܢܐ . ܕܢܫܒܚ ܠܡܪܘܬܟ ܡܢ ܪܘܡܐ . ܘܗܒ
ܠܗ ܛܝܒܘܬܐ ܀

2. ദൈവമേ, നിൻെറ വലങ്കൈ നീട്ടി ഈ നിൻെറ (ദാസനെ) അനുഗ്രഹിക്കേണമേ. നിൻെറ കർത്തൃത്വത്തിനു സ്തുതിപാടുവാൻ ഉയരത്തിൽനിന്നു (ഇവനു) കൃപ നൽകേണമേ.

ദൈവമേ—വലങ്കൈ നീട്ടി-
വാഴ്ത്തണമേ — നിൻ (ദാസനെ)
നിൻ കർത്തൃ—ത്വത്തെ സ്തുതിപ്പാൻ-
നൽകണമേ—നിൻ കൃപയെ.

ܫܡܥ ܠܗ ܡܪܢ ܒܨܠܘܬܗ . ܘܩܒܠ ܒܥܘܬܗ
ܕܥܒܕܟ . ܘܝܗܒ ܠܗ ܡܪܢ . ܪܘܚܐ ܩܕܝܫܐ
ܠܡܪܘܬܟ ܀

3. കൎത്താവേ, നിന്റെ കൎത്തൃത്വത്തിന്റെ ഇഷ്ടം ചെയ്വാനും, അത്യുന്നതമായ നിന്റെ നാമത്തെ സ്തുതിപ്പാനുമായി, നിന്റെ കരുണയാൽ വിശുദ്ധറൂഹായെ (ഇവനു) ദാനംചെയ്യേണമേ.

അത്യുന്ന—തമാം നിൻ നാമം-
സ്തുതിപ്പാൻ നീ—നല്കീടണമേ.
നിൻ കാരുണ്യത്താ- (ലിവനു)
റൂഹായെ—ഏകീടണമേ.

[illegible]
[illegible]
[illegible]

4. പ്രാൎത്ഥനകളെ കേൾക്കുന്നവനും, യാചനകളെ നല്കുന്നവനുമായുള്ളോവേ, ഞങ്ങളുടെ പ്രാൎത്ഥന കേട്ടു ഞങ്ങളോടു നിരന്നു, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകളെ നല്കുമാറാകേണമേ.

പ്രാൎത്ഥനകൾ-കേൾക്കുന്നോനേ
യാചനകൾ—നല്കുന്നോനേ
ഞങ്ങളിൻ-പ്രാൎത്ഥനകൾ-കേട്ടു്
യാചനകൾ—നൽകീടണമേ.

പട്ടക്കാരൻ. കൃപയുടെ സ്നാനത്താൽ ലോകത്തിൽ പ്രകാശങ്ങളുടെ സാദൃശ്യത്തിൽ കാണപ്പെടുന്നവരായുള്ളോരേ, പരിശുദ്ധറൂഹായാൽ ഉയരത്തിൽനിന്നുള്ള ശക്തിയാൽ നിങ്ങൾ ശക്തിപ്പെടുവിൻ. വഞ്ചനയുടെ ഇമ്പമുള്ള മോഹങ്ങളാൽ ക്ഷയിച്ചുപോകുന്ന പഴയമനുഷ്യനെ നിങ്ങൾ ഉപേക്ഷിച്ചു്, അവനിൽ നിന്നു

നിങ്ങൾ മുഖംതിരിപ്പിൻ. ഇങ്ങനെ അതിനാൽതന്നെ നിങ്ങൾ പ്രതിവാദിച്ചുകൊണ്ടു്, അവിശ്വാസികളായ മനുഷ്യരുടെ അടുക്കൽ ജീവന്റെ വചനത്തെ പിടിച്ചുകൊള്ളുന്നവരും, വരുവാനിരിക്കുന്നവയും, വിശ്വാസികൾക്കു വാഗ്ദാനംചെയ്യപ്പെട്ടിരിക്കുന്നവയുമായ പുതിയ ജീവങ്കലേക്കു നിങ്ങൾ ബദ്ധപ്പെടുന്നു എന്നു തിരിച്ചറിയുന്നവരുമായിരിപ്പിൻ. തന്റെ ഏറിയ അനുഗ്രഹങ്ങൾപോലെ, മ്ശീഹായോടു കൂടെ വാഴുവാൻ നിങ്ങൾ യോഗ്യതയുള്ളവരായി തീരുകയും ചെയ്യട്ടെ.

സ്നാനാർത്ഥികൾ. **ആമ്മീൻ.**

¶ പട്ടക്കാരൻ മാമോദീസാ മുഴുകിയവരുടെമേൽ വിശുദ്ധമൂറോൻ പൂശികൊണ്ടു ചൊല്ലുന്നു.

സത്യവിശ്വാസികൾക്കു നൽകപ്പെടുന്ന പരിശുദ്ധറൂഹായുടെ പരിപൂർണ്ണ നൽവരത്തിന്റെ ലക്ഷ്യമായി വിശുദ്ധമൂറോൻകൊണ്ടു (ഇന്നാരു) അഭിഷേകം ചെയ്യപ്പെടുന്നു.

പിതാവിന്റെയും ✠ പുത്രന്റെയും ✠ ജീവനും വിശുദ്ധിയുമുള്ള റൂഹായുടെയും ✠ നാമത്തിൽ തന്നേ.

ജനം. ആമ്മീൻ.

ܒܫܡ ܐܒܐ ✠ ܐܡܝܢ. ܘܒܪܐ ✠ ܐܡܝܢ.
ܘܪܘܚܐ ܚܝܐ ܘܩܕܝܫܐ ✠ ܐܡܝܢ ❖

പ്രാത്ഥന

പട്ടക്കാരൻ. ദൈവമായ കത്താവേ, നിന്റെ വിശുദ്ധ തിരുനാമത്തിന്റെ പ്രഭകൊണ്ടും മഹത്വംകൊണ്ടും ഈ നിന്റെ (ദാസരെ) കിരീടം ധരിപ്പിക്കേണമേ. (ഇവരുടെ) ജീവിതം നിന്റെ കർത്തൃത്വത്തിന്റെ ആനുകൂല്യത്തിനും, നിന്റെ ശ്രേഷ്ഠതയുടെ സ്തോത്രത്തിനുമാക്കിത്തീക്കേണമേ. ഇവർ പുത്രസ്വീകാരത്തിന്റെ കൃപയാൽ അലങ്കരിക്കപ്പെടുകയും, മഹത്വത്തിന്റെ ശോഭയുള്ള കിരീടങ്ങളാൽ ധരിപ്പിക്കപ്പെടുകയും, ആത്മീയ ആടുകളുടെ കൂട്ടത്തിൽ എണ്ണപ്പെടുകയും, നിനക്കും നിന്റെ പിതാവിന്നും നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേററുവാൻ യോഗ്യതയുള്ളവ (രാ) യി തീരുകയും ചെയ്യുമാറാകേണമേ. ഹാശാ........

ജനം. ആമ്മീൻ.

܀ ܫܘܒܚܐ ܀

ܐܚܝ ܐܡܪܘ ܫܘܒܚܐ. ܠܒܪܗ ܕܡܪܐ ܟܠ.

ܕܡ̈ܠܟܐ ܟܠܝܠܐ ܕܪ̈ܓܝܓܝܢ ܐܠܒܫ ܠܟܘܢ ܠܗܘ ܀

പട്ടക്കാരൻ

സഹോദരന്മാരേ, രാജാക്കന്മാർ ആഗ്രഹിച്ച കിരീടങ്ങൾ നിങ്ങളെ ധരിപ്പിച്ച സകലത്തിന്റെയും ഉടയവന്റെ പുത്രന്നു നിങ്ങൾ സ്തുതിപാടുവിൻ.

മമ സോ—ദരരെ നിങ്ങൾ—ഭൂപാലകന്മാരാം—
രാജാ—ക്കൾ മോഹിക്കും—മുടിയെ—നിങ്ങൾക്കായി—
മുടഞ്ഞി—ട്ടന്നവനാം—സകലാ—ധിപൻ തന്റെ—
സുതനാ—മുടയോന്നു—സ്തോത്രം—പാടിടുവിൻ.

ܐܳܕܳܡ ܒܦܰܪܕܰܝܣܳܐ ܚܛܳܐ ܘܰܩܒܶܠ ܠܽܘܛܬܳܐ. ܘܐܰܢ̱ܬܽܘܢ
ܩܰܒܶܠܬܽܘܢ ܪܰܒܽܘܬܳܐ ܡܶܢ ܡ̈ܰܝܳܐ ❖

2. ആദാം പറദീസായിൽവച്ചു ദുരിതം കൈക്കൊണ്ടു. നിങ്ങളോ വെള്ളത്തിൽനിന്നു മഹത്വം പ്രാപിച്ചിരിക്കുന്നു.

ആദാം—പറദീസിൽ—ശാപം—കയ്യേററു—
നിങ്ങളോ—വെള്ളത്താൽ—മഹത്വം—കൈക്കൊണ്ടു.

ܐܰܚ̈ܰܝ ܒܓܢܽܘܢܟܽܘܢ ܕܠܳܐ ܕܶܚܠܬܳܐ. ܚܳܕܶܝܢ ܥܺܝܪ̈ܶܐ
ܘܪܽܘܚܳܢ̈ܶܐ ܪܳܘܙܺܝܢ ❖

3. സഹോദരന്മാരേ, നിങ്ങളുടെ മണവറയിൽ മാലാകമാർ സന്തോഷിക്കയും, ആത്മമയന്മാർ ആനന്ദിക്കയും ചെയ്യുന്നു.

ഭയമേ—തുമില്ലാത്ത—നിങ്ങളിൻ—പൃകഷ്ട്ടയിൽ—
ഉത്ത—ക്ക് മോദം ആ—ത്മീയ—ക്കാനന്ദം.

ܛܽܘܒ̈ܶܐ ܪܽܘܚܳܢܳܝ̈ܶܐ ܐܰܢ̱ܬܽܘܢ ܩܰܒܶܠܬܽܘܢ. ܐܶܙܕܰܗܰܪܘ
ܕܠܳܐ ܒܺܝܫܳܐ ܢܶܓܢܽܘܒܟܽܘܢ ❖

4. സഹോദരന്മാരേ, സ്വർഗ്ഗീയ ഭാഗ്യങ്ങൾ നിങ്ങൾ പ്രാപിച്ചിരിക്കുന്നു. ദുഷ്ടൻ നിങ്ങളെ കൊള്ള ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ.

സ്വർഗ്ഗീ—യ ഭാഗ്യങ്ങൾ—നിങ്ങൾ—കൈക്കൊണ്ടു—
ദുഷ്ടനെ—സൂക്ഷിപ്പിൻ—നിങ്ങളെ—കവരാതിരിപ്പാൻ.

ܘܫܒܚܘ ܠܡܠܟܐ ܫܡܝܢܐ ܕܥܒܕܟܘܢ.

ܐܡܪ̈ܐ ܒܓܘ ܡܪܥܝܬܐ ܕܝܠܗ ❖

5. തന്റെ ആട്ടിൻ കൂട്ടത്തിൽ നിങ്ങളെ കുഞ്ഞാടുകളാക്കിത്തീർത്തിരിക്കുന്ന സ്വർഗ്ഗീയ രാജാവിന്നു നിങ്ങൾ സ്തുതിപാടുവിൻ.

സ്വർഗ്ഗ—രാജാവി—ന്നാർത്തി—ടുവിൻ സ്തോത്രം—
സ്വർഗ്ഗ—ത്തിൽ നിങ്ങളെ താൻ—കുഞ്ഞാടു—കളാക്കി.

ܟܠܝܠܐ ܕܠܐ ܚܡܐ ܐܬܬܣܝܡ ܥܠ ܪ̈ܫܝܟܘܢ.

ܢܪܥܡ ܩܠܐ ܕܬܫܒܘܚܬܐ ܡܢ ܦܘܡܟܘܢ ❖

6. വാടിപ്പോകാത്ത കിരീടം നിങ്ങളുടെ തലയിൽ വയ്ക്കപ്പെട്ടിരിക്കുന്നു. നിങ്ങളുടെ വാകൾ സ്തുതിയുടെ ശബ്ദം മുഴക്കട്ടെ.

വാടാ—മുടിയെ നിങ്ങൾ—ശിരസ്സിൽ—വച്ചല്ലൊ—
പാടീ—ടുവിൻ നിങ്ങൾ—അധര—ത്താൽ സ്തോത്രം.

ܒܢ̈ܝ ܡܥܡܘܕܝܬܐ ܙܠܘ ܒܫܠܡܐ. ܘܣܓܘܕܘ

ܠܙܩܝܦܐ ܕܢܛܪ ܠܟܘܢ ❖

7. മാമോദീസായുടെ മക്കളേ, സമാധാനത്തോടെ പോകുവിൻ. നിങ്ങളെ കാക്കുന്നവനായ ക്രൂശിക്കപ്പെട്ടവനെ വന്ദിക്കയും ചെയ്യിൻ.

സ്നാനമ—ക്കളെ പോവീൻ—സമാധാ—നത്തോടെ
നിങ്ങളെ—കാത്തീടും—സ്ലീബാ—യെ വന്ദിപ്പിൻ.

ആശീവ്വാദം

പട്ടക്കാരൻ

എന്റെ പ്രിയമുള്ളവരേ, വിശുദ്ധ ത്രിത്വത്തിന്റെ കൃപയ്ക്കും അനുഗ്രഹങ്ങൾക്കും നിങ്ങളെ ഞാൻ ഭരമേല്പിക്കുന്ന ഈ സമയത്ത്, സമാധാനത്തോടെ നിങ്ങൾ പോകുവിൻ. ✠

ജനം. ആമ്മീൻ.

പിതാവായ ദൈവം നിങ്ങളോടുകൂടെ ഇരിക്കട്ടെ. വന്ദ്യനായ പുത്രൻ നിങ്ങളെ കാത്തുകൊള്ളട്ടെ. പരിശുദ്ധറൂഹാ നിങ്ങളെ പൂർണ്ണരാക്കുകയും ചെയ്യട്ടെ. ✠

ജനം. ആമ്മീൻ.

ഈ ത്രിത്വം പാപത്തിന്റെ എല്ലാ നാശത്തിൽനിന്നും നിങ്ങളുടെ ആയുസ്സിനെ കാക്കുകയും, സകല ഉപദ്രവങ്ങളിൽനിന്നും എന്നേക്കും നിങ്ങളെ രക്ഷിക്കയും ചെയ്യുമാറാകട്ടെ. ✠

ജനം. ആമ്മീൻ.

വിശുദ്ധ മാമോദീസാ ശുശ്രൂഷക്രമം അവസാനിച്ചു.

ܒܫܡ ܐܠܗܐ ܐܝܬܝܐ ܕܠܐ.
ܡܬܟܬܒ ܬܟܣܐ ܕܙܘܘܓܐ.

ܫܬܐ ܘܟܠܟܠܬܐ ܦܫܛܝܢ ܡܢܝ ܡܫܒܚܐ.
ܟܠܬܐ ܦܫܛܐ ܡܢ ܡܫܒܚܘ ܕܚܬܢܐ.
ܒܗܢܐ ܡܫܒܚ ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ
ܘܠܪܘܚܐ ܩܕܝܫܐ.
ܥܠܝܢ ܘܚܠܫܐ ܘܚܛܝܐ ܢܫܦܥܘܢ ܘܚܢܢܐ
ܛܝܒܘܬܗ ܘܪܚܡܘܗܝ ܒܬܪܝܗܘܢ ܥܠܡܐ ܠܥܠܡܝܢ
ܐܡܝܢ.

വിശുദ്ധ വിവാഹ ശുശ്രൂഷക്രമം

¶ മണവാളനും മണവാട്ടിയും മദ്ബ്ഹായുടെ മുൻപാകെ വന്നു, മണവാളൻെറ വലത്തുഭാഗത്തായി മണവാട്ടി നില്ക്കണം.

പട്ടക്കാരൻ

പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജനം

ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടുലോകങ്ങളിലും ചിന്തപ്പെട്ടുമാറാകേണമേ. ആമ്മീൻ.

പ്രാരംഭപ്രാർത്ഥന

[illegible]

പട്ടക്കാരൻ. ദൈവമായ കർത്താവേ, നിന്നോടുകൂടെയുള്ള അഴിവില്ലാത്ത സന്തോഷത്തിന്നു ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. നിന്നിൽ ഞങ്ങളുടെ സന്തോഷങ്ങളുടെ ആരംഭവും, ഞങ്ങളുടെ ആനന്ദത്തിന്റെ പരിപൂർത്തിയും ഞങ്ങൾക്കു ഉണ്ടാകുമാറാകേണമേ. നിന്നിൽ ഞങ്ങളുടെ ദേഹികളും ആത്മാക്കളും സന്തോഷിക്കുമാറാകേണമേ. നിന്റെ കരുണയാൽ ഞങ്ങളുടെ സങ്കടങ്ങൾ മാഞ്ഞുപോകയും, നിന്റെ അനുഗ്രഹത്താൽ ഞങ്ങളുടെ നന്മകൾ വർദ്ധിക്കയും, ഞങ്ങളുടെ വാഴ്വുകൾ സമൃദ്ധിയായി തീരുകയും, ഞങ്ങളുടെ മണവാളന്മാർ പൂർണ്ണതപ്പെടുകയും, ഞങ്ങളുടെ മണവാട്ടികൾ പരിപൂർണ്ണതപ്പെടുകയും ചെയ്യുമാറാകേണമേ. നിന്നോടുകൂടെയും, ആദിമുതൽ നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള സകല പരിശുദ്ധന്മാരോടുകൂടെയും, മാഞ്ഞുപോകാത്ത ഭാഗ്യങ്ങളിലും, നിന്റെ പരിശുദ്ധന്മാരുടെ കൂട്ടങ്ങളിലും, നിന്റെ വത്സലന്മാരുടെ സംഘങ്ങളിലും ഞങ്ങൾ സന്തോഷിക്കുമാറാകേണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവമേ, സ്തുതിയും സ്തോത്രവും നിനക്കു ഞങ്ങൾ കരേററും. ഹാശാ വബ്കുൽ സബാൻ ല് അൽമീൻ.

ജനം. ആമ്മീൻ.

¶ അതിന്റെ ശേഷം ഈ താഴെയുള്ളതു ചൊല്ലണം.

[illegible]

[illegible] . [illegible]

ܠܟܢܘܫܬܐ ܕܩܕܝܫܝܢ . ܡܫܝܚܐ ܡܠܟܐ ܢܚܕܐ ❖

ܦܘܪܩܢܐ ܢܣܒܝܢ ܡܢ ܦܐܘܪܐ . ܘܒܝܬ ܡܠܟܘܬܗ ܡܥܠܝܢ .

ܠܟܢܘܫܬܐ ܕܢܘܗܪܐ ܫܒܚܐ . ܒܫܡܝܢ ܡܫܝܚܐ ❖

ܒܟܢܘܫܬܐ ܐܬܩܪܝܬ ܗܘܬ . ܟܠܗ ܡܫܝܚܬܐ .

ܠܡܫܝܚܐ ܘܩܕܝܫܬܗ ܦܪܩܗ . ܘܐܝܩܪܗ ܡܫܝܚܐ ❖

ܫܘܒ ❖ ܫܪܝܪܐ ܐܒܐ ܘܒܪܐ ܘܪܘܚܐ . ܐܡܝܢ ܠܥܠܡ ܥܠܡܝܢ .

ܕܠܐ ܫܘܠܡܐ ܘܠܥܠܡܝܢ . ܡܫܒܚ ܘܡܘܕܝܢ ❖

¶ ഇവിടെ സമയോചിതംപോലെ ഒന്നാം മസ്മൂർ ചൊല്ലണം.

പട്ടക്കാരൻ

തർജ്ജമ

സ്വർഗ്ഗീയരെ സന്തോഷിപ്പിക്കയും ഭൌമിയരെ ആനന്ദിപ്പിക്കയും ചെയ്യുവനായ താൻ വാഴ്ത്തപ്പെട്ടവനാകുന്നു. അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്ന മശിഹായേ, നിൻെറ ആരാധനക്കാരുടെ കൂട്ടത്തെ സന്തോഷിപ്പിക്കേണമേ.

ഞങ്ങളുടെ രക്ഷിതാവേ, നിൻെറ വലങ്കൈ നീട്ടി, പട്ടക്കാരൻ നിൻെറ വിശുദ്ധ നാമത്തിൽ കൊടുക്കുന്ന മോതിരങ്ങളെ നിൻെറ കൃപയാൽ വാഴ്ത്തേണമേ.

പരിശുദ്ധ സഭ, മോതിരത്താൽ മ്ശിഹായിക്കു വിവാഹം നിശ്ചയിക്കപ്പെട്ടു. അതു അവൻെറ പരിശുദ്ധ ശരീരവും രക്തവും കൈക്കൊള്ളുകയും ചെയ്തു.

മേലുള്ളവരാലും താഴെയുള്ളവരാലും വന്ദിക്കപ്പെട്ടുകയും സ്തുതിക്കപ്പെട്ടുകയും ചെയ്യുന്ന ത്രിത്വത്തിന്റെ രഹസ്യമായിരിക്കുന്ന പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ താൻ വന്ദ്യനാകുന്നു.

അല്ലെങ്കിൽ ഈ ഗീതം.

വാനോർ ഭൂവാസികളെയും—സന്തോഷിപ്പിച്ചു,
ആനന്ദം അരുളിയ ദേവാ—എന്നേക്കും സ്തോത്രം.

കരുണാകരനാം മ്ശിഹായേ—തവസേവകരായ്,
തിരുമുൻ നില്ക്കും കൂട്ടത്തെ—സന്തോഷിപ്പിക്ക.

രക്ഷക ! വലങ്കൈ നീട്ടിത്തിരുനാമത്തിൽ ഞങ്ങൾ,
പക്ഷമായ് നല്കും മോതിരങ്ങൾ—വാഴ്ത്തീടണമേ നീ.

മോതിരത്താൽ സഭ മ്ശിഹായിക്കായ്—വേളികഴിച്ചീന്നാൾ,
തൻ തിരുമേനി തിരുരക്തം—കൈക്കൊണ്ടീടുന്നു.

പിതൃപുത്ര വിശുദ്ധാത്മാവാം—ത്രിയേകൻ വന്ദ്യൻ,
വാനോർ ഭൂവാസികൾ വന്ദി—ച്ചാഘോഷിക്കുന്നു.

പ്രാത്ഥന

പട്ടക്കാരൻ

ܡܫܝܚܐ ܫܠܡܢ ܗܘ . ܗܘ ܕܥܒܕ ܬܪܝܗܘܢ ܚܕ .

ദൈവമായ കത്താവേ, സ്വഗ്ഗത്തെയും ഭൂമിയെയും ഉയരത്തെയും ആഴത്തെയും സമാധാനപ്പെടുത്തിയ ആ നിന്റെ സമാധാനം, ഇപ്പോൾ അന്യോന്യം ചേന്നു വന്നിരിക്കുന്ന ഞങ്ങളുടെ ഈ സഹോദരസഹോദരികളെ സംയോജിപ്പിക്കേണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവമേ, ഇവർ തങ്ങളുടെ ആയുഷ്ക്കാലം ഒക്കെയും അന്യോന്യം സ്നേഹിക്കയും, സന്തോഷപൂർവ്വം തമ്മിൽ തമ്മിൽ കൈക്കൊള്ളുകയും ചെയ്യേണ്ടതിനു ഇവക്കു പൂർണ്ണ ഐക്യം ഉണ്ടായിരിക്കുമാറാകേണമേ. ഹാശാ.—

ജനം. ആമ്മീൻ.

അതിന്റെ ശേഷം

ܩܘܩܠܝܘܢ ܕܫܠܝܚܐ ✥

ܐܦܠܐ ܠܒܝ ܦܬܚܬ ܠܡܪܝܐ. ܗ. ܘܐܡܪ
ܕܠܒܝ ܠܥܠܡܐ ✥ ܐܠܗܐ ܕܫܡܝܐ ܟܠ ܫܘܒܚܝ.
ܗ. ܡܫܒܚܘܬܐ ܕܝܠܟ ܐܠܗܐ ܠܥܠܡܝܢ ✥

ܫܘܒ ܘܡܢ ✥ ܘܡܘܡܝܐ ✥

ܟܕ ܒܠܒܘܫܝ ܟܘܠܗ ܡܫܝܚܐ ܗܘܐ. ܕܡܢ ܕܪܒ
ܡܫܝܚܐ. ܕܗܘܝ ܡܢܝܢ ܢܣܒܝܢ ܟܗ. ܕܐ ܕܒܠܒ
ܐܝܟܢ ܡܢ ܫܡܝܐ ܕܥܒܕܐ. ܗܘ ܕܒܪܝܗ
ܐܠܗܘܬ ܐܫܪܝܬܐ. ܢܦܩ ܡܢ ܫܡܝܐ ܕܠܡܘܬ.
ܘܫܘܡܠܝ ܡܢ ܡܫܝܚܐ ܕܐܒܘܗܝ. ܘܥܒܕ ܡܢ ܐܪܙܐ
ܕܠܒܢ. ܕܡܛܠ ܗܘ ܫܡܝܢ ܕܠܒܐ. ܗܘ ܕܠܗ
ܗܘ ܡܫܡܫܢܝ ܡܫܝܚܐ ܕܡܫܒܚܐ ܐܠܗܘܬ ✥

ܡܫܡܫܢܐ ✥ ܫܠܡܐ ܥܡܟܘܢ

ܥܡܐ ✥ ܘܥܡ ܪܘܚܟ ✥

കുക്കലിയൊൻ

മസുമൂർ

പട്ടക്കാരൻ. എന്റെ ഹൃദയം, ഉത്തമ വചനങ്ങളെ ഉത്ഭവിപ്പിച്ചു. ഞാൻ രാജാവിനോടു എന്റെ കൃതികളെ ഉണൎത്തിക്കും.

പ്രതിവാക്യം. കൃപ നിന്റെ അധരങ്ങളിന്മേൽ പകൎന്നിരിക്കുന്നു. ഇതു നിമിത്തം ദൈവം നിന്നെ എന്നേക്കും അനുഗ്രഹിച്ചിരിക്കുന്നു. ബാറെക്മാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നേ. ആമ്മിൻ.

എക്ക്ബാ

പട്ടക്കാരൻ. ശ്ലേമോൻ ഉപമകളാൽ വൎണ്ണിച്ചിരിക്കുന്നതു എന്തെന്നാൽ, സുന്ദരിയേ, ഇത്രവളരെ നീ അവനിൽ പ്രശംസിക്കുന്നതിനു നിന്റെ പ്രിയൻ ആരാകുന്നു. എന്റെ പ്രിയൻ അനേകം പതിനായിരങ്ങളെക്കാൾ അതിശ്രേഷ്ഠനാകുന്നു. അവന്റെ തോട്ടം ഇസ്രായേൽ ആകുന്നു. അവൻ യാക്കോബിന്റെ മുന്തിരിവള്ളിയെക്കാൾ വെണ്മയും, നറദിൻ തൈലത്തെക്കാൾ ചുവപ്പും, ലെബാനോനിലെ കാരകിലിനെക്കാൾ ബലവുമുള്ളവനാകുന്നു. എന്തുകൊണ്ടെന്നാൽ അവൻ ദൈവത്തിന്റെ സദൃശമാകുന്നു. അവൻ മഹത്വമുള്ളവനാകയാൽ അവനെ നാം സ്തുതിക്കയും ചെയ്യുന്നു.

ശുശ്രൂഷകൻ. സ്ത്യൗമെൻകാലോസ്.

ജനം. കുറിയേലായിസ്സോൻ.

പ്രൊമ്യോൻ

പട്ടക്കാരൻ

നാമെല്ലാവരും പ്രാൎത്ഥിച്ച് കൎത്താവിനോട അനുഗ്രഹങ്ങളും കരുണെയും അപേക്ഷിക്കണം.

ജനം

അനുഗ്രഹിക്കുന്നവനായ കൎത്താവെ, ഞങ്ങളെ അനുഗ്രഹിച്ചു, ഞങ്ങൾക്കു സഹായം ചെയ്യേണമെ.

പട്ടക്കാരൻ.

സ്തുതിയും സ്തോത്രവും തേജസ്സും പുകഴ്ചയും മാഞ്ഞുപോകാത്ത മഹിമയും എല്ലാഴ്പ്പോഴും നിരന്തരം കരേററുവാൻ ഞങ്ങൾ യോഗ്യതയുള്ളവരായി തീരേണമെ.

ജാതികളുടെ പുത്രിയെ തനിക്കു സഭയായി തിരഞ്ഞെടുക്കയും, നിഷ്കളങ്കമായ തന്റെ തിരുരക്തത്താൽ സകല മാലിന്യങ്ങളിൽനിന്നും പിഴകളിൽനിന്നും അതിനെ വെടിപ്പാക്കുകയും, ഭൌമസഭയെ വിവാഹം നിശ്ചയിക്കയും, താൻ അതിനു വിവാഹം നിശ്ചയിക്കപ്പെട്ടവനായിത്തീരുകയും, മ്ലേച്ഛപിശാചുക്കളുടെ അടിമയിൽനിന്നു അതിനെ വീണ്ടെടുക്കയും, സകല കടങ്ങളിൽനിന്നും പാപങ്ങളിൽനിന്നും അതിനെ സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്തു, സ്വൎഗ്ഗീയമണവാളനായിരിക്കുന്ന മ്ശിഹാതമ്പുരാന്, തന്റെ അടിയാരുടെ മോതിരം വാഴ്വിന്റെ ശുശ്രൂഷ പൂൎണ്ണമാക്കപ്പെടുന്ന ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹാശാ.—

ജനം. ആമ്മീൻ.

സെദറാ

പട്ടക്കാരൻ. മനുഷ്യരുടെ സകലവിധ അറിവുകൾ

ക്കും മേലായി മഹോന്നതപ്പെട്ടിരിക്കുന്നവനും, നന്മക ളിൽ സർവ്വദാ സമൃദ്ധിയുള്ളവനും, സകല തിന്മകളിൽ നിന്നും അകന്നിരിക്കുന്നവനും, ദൈവീയമായ അനുഗ്ര ഹങ്ങളുടെ ഉറവും, നന്മകളുടെ നദിയുമായിരിക്കുന്ന ദൈവമായ കർത്താവേ, നാശമില്ലാത്തതും, സകല കഷ്ട തകളിൽനിന്നും മരണത്തിൽനിന്നും നിത്യമായി ഒഴി ഞ്ഞിരിക്കുന്നതും ആയ വെടിപ്പുള്ള മൂറോൻ നീയാകു ന്നു. മോതിരത്താൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും സന്തോഷങ്ങൾ തികവായി പൂർണ്ണതപ്പെടുവാനും, വി വാഹനിശ്ചയം ചെയ്തിട്ടുള്ളവരുടെ ആനന്ദം മോതിര ത്താൽ പരിപൂർണ്ണമായി നിറവേറുവാനും നിയമിച്ചവൻ നീയാകുന്നു. ദൈവമായ കർത്താവേ, നിന്റെ ബലഹീ നദാസരായ ഞങ്ങൾ സന്തോഷത്തോടെ വാഴ്ത്തുന്ന ഈ മോതിരങ്ങളെ നീ വാഴ്ത്തേണമേ. ഈ മോതിരങ്ങളെ നീ വാഴ്ത്തേണമെന്നും, ശാപമായതിനെ കാരുണ്യപൂർവ്വം അവയാൽ അനുഗ്രഹമാക്കിത്തീക്കണമെന്നും നിന്നോ ടു ഞങ്ങൾ അപേക്ഷിക്കുന്നു. കർത്താവേ! വിശുദ്ധസ ഭയുടെ മോതിരത്തെ നീ അനുഗ്രഹിച്ചപ്രകാരം നിന്റെ ദൈവികമായ അനുഗ്രഹങ്ങൾകൊണ്ടു ഈ മോതിരങ്ങ ളെയും നീ അനുഗ്രഹിക്കേണമേ. ദൈവമായ കർത്താ വേ, ഞങ്ങളുടെ പുത്രനാകുന്ന ഈ മണവാളനെയും ഞങ്ങ ളുടെ പുത്രിയാകുന്ന ഈ മണവാട്ടിയെയും ജ്ഞാനത്തിൽ തി കഞ്ഞവരും പൂർണ്ണതയുള്ളവരും ആക്കേണമേ. കർത്താ വേ, കൃപ ചെയ്തു ഇവരുടെ വിവാഹം സകല മാലി ന്യങ്ങളിൽനിന്നും, വെറുപ്പുകളിൽനിന്നും അകന്നി രിക്കുന്നതാക്കേണമേ. ദൈവമായ കർത്താവേ, ഈ ലോകത്തിലും വരുവാനിരിക്കുന്ന ലോകത്തിലും അഴിവി ല്ലാതവണ്ണം ഇവരെ നീ സന്തോഷിപ്പിക്കേണമേ. ഒ ഴിഞ്ഞുപോകുന്ന ഈ മണവറയിൽ ഇവരുടെ ആയു സ്സുകാലം മുഴുവൻ വിവിധപ്രകാരേണ ഇവരെ നീ അ

ലങ്കരിക്കേണമേ. ഈറെമാരും, മാലാകമാരും ഇടവിടാതെ സന്തോഷിക്കുന്നിടമായ നിൻെറ സ്വർഗ്ഗീയമണവറയ്ക്കു ആനന്ദപൂർവ്വം ഇവരെ നീ അടുപ്പിക്കേണമേ. കർത്താവേ, നിൻെറ തിരുസന്നിധിയിൽ നില്ക്കുന്ന ഈ കൂട്ടത്തെയും പാപങ്ങളിൽനിന്നും വെറുപ്പുകളിൽനിന്നും, മാലിന്യങ്ങളിൽനിന്നും, പിഴകളിൽനിന്നും, സ്നേഹപൂർവ്വം നീ സ്വാതന്ത്ര്യപ്പെടുത്തേണമേ. നിന്നാൽ ഇവർ അനുഗ്രഹിക്കപ്പെടുകയും, നിന്നെ ഇവർ വാഴ്ത്തുകയും, തിരുസന്നിധിയിൽ മതിവരാതെ ഇവർ നിന്ന്, നിന്നെയും നിൻെറ പിതാവിനെയും, വിശുദ്ധറൂഹായെയും ഇടവിടാതെ സ്തുതിക്കയും ചെയ്യുമാറാകേണമേ. ഹാശാ.—

ജനം. ആമ്മീൻ.

[illegible]

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

ܚܬܢܐ ܕܠܥܠ ܟܕ ܡܟܪܗ ܠܥܕܬܐ ܩܕܝܫܬܐ . ܩܪܐ ܠܫܡܥܘܢ

ܘܠܝܘܚܢܢ ܘܐܫܠܡܗ ܠܗܘܢ . ܠܫܡܥܘܢ ܪܝܫ ܒܝܬܐ ܘܠܝܘܚܢܢ ܟܪܘܙܐ .

ܩܪܐ ܐܢܘܢ ܘܐܡܪ ܠܗܘܢ . ܐܬܪܘ ܥܕܬܐ ܕܙܒܢܬ

ܒܕܡܝ ܝܩܝܪܐ ܐܢܘܢ ܛܪܘ ܒܙܗܝܪܘܬܐ ܘܐܬܪܘ ❖

തർജ്ജമ

വട്ടക്കാരൻ. സ്വർഗ്ഗീയമണവാളൻ, വിശ്വസ്തയായ പരിശുദ്ധസഭയെ വിവാഹം നിശ്ചയിച്ചപ്പോൾ ശെമഓനെയും, യോഹന്നാനെയും വിളിച്ച്, അതിനെ അവരിരുവക്കും ഭരമേല്പിച്ചുകൊടുത്തു. ശെമഓനെ ഗൃഹവിചാരകനായും യോഹന്നാനെ പ്രാസംഗികനായും നിയമിച്ചു. താൻ അവരെ വിളിച്ച് തൻെറ വിലയേറിയ രക്തംകൊണ്ടു് വിലയ്ക്കു വാങ്ങിച്ചിട്ടുള്ള സഭയെ സൂക്ഷ്മതയോടെ കാത്തുകൊള്ളണമെന്ന് അവരോട് കല്പിച്ചു. ബാറെക്മാർ.

വട്ടക്കാരൻ. പിതാവിന്നും പുത്രന്നും.........

ജനം. ആദിമുതൽ എന്നെന്നേക്കും......

വട്ടക്കാരൻ. വിശ്വസ്തയായ സഭയേ, നീ ഭയപ്പെടേണ്ടാ, ഭ്രമിക്കയും വേണ്ടാ, എന്നെ വിട്ടു മറെറാരുത്തനെ നീ സ്വീകരിക്കായ്കയാൽ, നിന്നെ വിട്ടു വേറൊരുത്തിയെ ഞാൻ സ്വീകരിക്കുന്നില്ല. അവസാനകാലത്ത് ആകാശവും ഭൂമിയും അഴിഞ്ഞുപോകുന്നു എങ്കിലും നീ ഭ്രമിക്കരുത്. കണ്ടാലും നിൻെറ സിംഹാസനം പിതാവിൻെറയും പുത്രൻെറയും പരിശുദ്ധറൂഹായുടെയും ഭവനത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു.

ജനം. കൎത്താവേ, ഞങ്ങളെ അനുഗ്രഹിച്ച്, ഞങ്ങൾക്കു സഹായം ചെയ്യേണമേ.

പ്രാൎത്ഥന

[illegible]

പട്ടക്കാരൻ. കന്യാവ്രതവും വെടിപ്പുമുള്ള ദേഹികളെ തനിക്കു വിവാഹത്തിനു നിശ്ചയിക്കുന്ന സത്യമണവാളനായുള്ളോവേ, അന്യോന്യം വിവാഹനിശ്ചയം ചെയ്യുകയും, നിന്റെ ശ്രേഷ്ഠതയുടെ സന്നിധിയിൽ നില്ക്കുന്ന ബലഹീനരായ ഞങ്ങൾ മുഖാന്തിരം അവരുടെ മണവാളത്വത്തിന്റെ മദ്ധ്യസ്ഥനായി നിന്നെ സ്വീകരിക്കയും ചെയ്തിരിക്കുന്ന ഈ നിന്റെ അടിയാരിൽനിന്ന്, ശ്രേഷ്ഠനടപടികളാകുന്ന മാധുൎയ്യവും ഇമ്പവുമുള്ള പരിമളം വീശുവാൻ ഇവരെ യോഗ്യതയുള്ളവരാക്കേണമേ. സത്യസ്നേഹവും, നിരപ്പും, സമാധാനവും, ഭിന്നിച്ചുപോകാത്ത ഐകമത്യവും ഇവൎക്കു തമ്മിൽ ഉണ്ടായിരിക്കുമാറാകേണമേ. ആത്മാവിലും ശരീരത്തിലും അന്യോന്യം നിൎമ്മലതയെ കാത്തുകൊൾവാൻ ഇവരെ നീ ശക്തിപ്പെടുത്തേണമേ. നിനക്കും നിന്റെ പിതാവിന്നും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഇവർ കരേറ്റുകയും ചെയ്യുമാറാകേണമേ. ഹാശാ.—

ജനം. ആമ്മീൻ.

[illegible]

[illegible]

[illegible]

ܟܗܢܐ ܡܫܩܠ ܠܗ ܥܙܩܬܐ ܘܐܡܪ.

ܡܒܪܟܢ ܐܢܝܢ ܥܙܩܬܐ ܗܠܝܢ ܠܫܘܒܚܐ

ܕܛܝܒܘܬܐ ܕܪܚܡܐ ܕܟܠܐ ܡܫܝܚܬܐ. ܫܘܒܚܐ ܠܐܒܐ ✠

ܐܡܝܢ. ܘܠܒܪܐ ✠ ܐܡܝܢ. ܘܠܪܘܚܐ ✠ ܚܝܐ ܘܩܕܝܫܐ

ܠܥܠܡܝܢ. ܐܡܝܢ ܀

തർജ്ജമ.

¶ പട്ടക്കാരൻ മോതിരം എടുത്തു ചൊല്ലുന്നത്

തന്റെ കൃപയാലും ബഹുലമായ അനുഗ്രഹങ്ങളാലും ഈ മോതിരങ്ങളെ വാഴ്ത്തുന്ന പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹായ്ക്കും എന്നേക്കും സ്തുതി.

ജനം. ആമ്മീൻ.

പട്ടക്കാരൻ മോതിരം വാഴ്ത്തി ചൊല്ലുന്നു

വിശുദ്ധസഭയിൻ മക്കളുടെ സന്തോഷങ്ങൾ പൂർണ്ണമാകുവാനായിട്ട്, പിതാവിന്റെയും ✠ പുത്രന്റെയും ✠ ജീവനും വിശുദ്ധിയുമുള്ള റൂഹായുടെയും ✠ തിരുനാമത്തിൽ ഈ മോതിരങ്ങൾ വാഴ്ത്തപ്പെടുന്നു.

ജനം. ആമ്മീൻ.

¶ പട്ടക്കാരൻ മണവാളന്റെ വലത്തുകൈയുടെ നാലാം വിരലാകുന്ന അണിവിരലിൽ മോതിരം ഇട്ടുംകൊണ്ട് ചൊല്ലുന്നു.

നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ വലങ്കൈ കാരുണ്യപൂർവ്വം നിന്റെ അടുക്കലേക്ക് നീട്ടപ്പെടട്ടെ. നിന്റെ വിവാഹനിശ്ചയത്തിന്റെ ലക്ഷ്യമായ ഈ മോതിരത്തോടുകൂടെ കൃപയും തന്റെ കരുണയുടെ വാഴ്വും തന്നിൽനിന്ന് നീ പ്രാപിക്കുമാറാക. നന്മകളും

വാഴ്വുകളും നിറഞ്ഞിരിക്കുന്ന ഈ വലങ്കൈ തന്നേ, നിന്റെ ആയുസ്സുകാലം മുഴുവനും നിന്നോടുകൂടെ ഇരുന്ന് നിന്നെ കാത്തുകൊള്ളുകയും ചെയ്യുമാറാകട്ടെ.

മണവാളനും ജനവും. **ആമ്മീൻ.**

¶ പട്ടക്കാരൻ മണവാട്ടിയുടെ അണിവിരലിൽ മോതിരം ഇട്ടുകൊണ്ടു ചൊല്ലുന്നു.

വാഴ്വുകൾ നിറഞ്ഞിരിക്കുന്ന നമ്മുടെ കർത്താവായ യെശുമ്ശിഹായുടെ വലങ്കൈ രഹസ്യമായി നിന്റെ അടുക്കലേക്കു നീട്ടപ്പെടട്ടെ. വിശുദ്ധ ശ്ലീഹന്മാരുടെ കൈകളിൽനിന്നെന്നപോലെ പട്ടക്കാരന്റെ കൈയിൽനിന്നു നിന്റെ വിവാഹനിശ്ചയത്തിന്റെ ലക്ഷ്യമായ ഈ മോതിരത്തെ നീ സ്വീകരിക്ക. ആത്മാവിന്റെയും ശരീരത്തിന്റെയും സ്വാസ്ഥതയാലും ഹൃദയസന്തോഷത്താലും തനിക്കും തന്റെ പിതാവിന്നും തന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും നീ കരേററുകയും ചെയ്യണം.

മണവാട്ടിയും ജനവും. **ആമ്മീൻ.**

മണവാളനും മണവാട്ടിക്കും വേണ്ടിയുള്ള

പ്രാൎത്ഥന.

പട്ടക്കാരൻ.

ܡܪܝܐ ܐܠܗܐ ܗܘ ܕܫܠܡܗ ܢܫܪܪ.

തന്റെ മശിഹാമൂലം വിശുദ്ധ സഭയുടെ സന്തോഷങ്ങൾ പൂൎത്തിയാക്കിയ ദൈവമായ കൎത്താവു, അന്യോന്യം വിവാഹനിശ്ചയം ചെയ്തിട്ടുള്ള ഈ നമ്മുടെ മക്കളെ സത്യംകൊണ്ടും നീതികൊണ്ടും പൂൎണ്ണമാക്കട്ടെ. ഇവർ സ്വീകരിച്ചിരിക്കുന്ന ഈ മോതിരങ്ങളോടുകൂടെ സ്വാ

ഗ്ഗീയ വാഴ്വുകൾ താൻ ഇവക്ക നല്കട്ടെ. അടക്ക മൊതുക്കംകൊണ്ടു ഇവരെ താൻ അലങ്കരിക്കട്ടെ ഇസ്സാക്കിന്റെയും റിബേക്കായുടെയും വിവാഹനിശ്ചയം പൊന്നാഭരണങ്ങളാൽ പൂർണ്ണമാക്കിയപ്രകാരം നീതിയുടെ മോതിരങ്ങളാൽ താൻ ഇവരെ പൂർണ്ണമാക്കട്ടെ. തന്റെ രക്ഷകൊണ്ടു് മണവാളനെ താൻ സന്തോഷിപ്പിക്കട്ടെ. പഴക്കവും നാശവും വരാത്ത ആഗ്രഹിക്കത്തക്ക അലങ്കാരങ്ങളാൽ ഈ മണവാട്ടിയെ താൻ അലങ്കരിക്കട്ടെ. ഇമ്പകരമായ ശ്രുശാനപുഷ്പങ്ങളെക്കാൾ വിശേഷവാസന നല്കുന്ന പരിപാകതയിൽകൂടി ഇവരുടെ മനസ്സാക്ഷി മുഴുവനെയും കടത്തിക്കൊണ്ടു പോകുവാൻ ദൈവം ഇവക്ക സംഗതിയാക്കട്ടെ. മനുഷ്യവര്ഗ്ഗത്തെ ദ്വേഷിക്കുന്ന ദുഷ്ടന്മാരും അസൂയക്കാരുമായ മനുഷ്യരിൽനിന്നു ദൈവം ഇവരെ രക്ഷിക്കട്ടെ. വിവാഹത്തിന്റെ നിർമ്മലാവസ്ഥയെ വഷളാക്കുന്ന ദുഷ്ടാത്മാക്കളിൽനിന്നു ഇവരെ താൻ വിടുവിക്കട്ടെ. കർത്താവു തന്റെ അടുക്കൽനിന്നു നന്മയുള്ള കാലങ്ങളും അനുഗ്രഹകരമായ ആണ്ടുകളും ഇവക്ക നല്കട്ടെ. ദൈവമായ കർത്താവേ, നിന്റെ ശ്രേഷ്ഠതയുടെ മുൻപാകെ നില്ക്കുന്ന ബലഹീനരും പാപികളുമാകുന്ന നിന്റെ അടിയാരായ ഞങ്ങളുടെ അപേക്ഷകൾ കേട്ടു, വാഴ്വുകളുടെ മക്കളെയും സന്തോഷങ്ങളുള്ള കാലങ്ങളെയും ഇവക്ക നല്കേണമേ. സൽപ്രവൃത്തികളാകുന്ന സമ്പത്തു ഇവക്ക വർദ്ധിപ്പിച്ചു കൊടുക്കേണമേ. നിന്നിലുള്ള സത്യവിശ്വാസത്തിൽ ഇവരെ സ്ഥിരപ്പെടുത്തേണമേ. അതിൽ ഇവർ നിലനില്ക്കുന്നവരും, തങ്ങളുടെ മക്കൾക്കു അതിനെ അവകാശമാക്കിക്കൊടുക്കുന്നവരും ആയിരിപ്പാൻ ഇവക്ക കൃപ നല്കേണമേ. ഈ കല്യാണവിരുന്നിനു ഒരുങ്ങിവന്നിട്ടുള്ളവരുടെമേലും നിന്റെ നന്മകളും വാഴ്വുകളും വർദ്ധിപ്പിക്കേണമേ. ജയം

നല്കുന്ന നിൻെറ സ്ലീബായാൽ ഈ മണവാളനെയും മണവാട്ടിയെയും കാത്തുകൊള്ളേണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവമേ, ഞങ്ങൾ എല്ലാവരുടെമേലും നിൻെറ അനുഗ്രഹങ്ങൾ വർഷിപ്പിക്കയും ചെയ്യേണമേ. ഹാശാ.—

ജനം. ആമ്മീൻ.

ܣܘܓܝܬܐ .

ܟܠܬܐ ܐܢܐ ܟܠܬܐ ܐܢܐ ܕܟܠܬܗ ܕܡܪܝܡܐ ❊
ܐܡܪܐ ܟܠܬ ܦܘܪܫܐ. ܕܠܝ ܬܦܘܫ ܠܝ
ܡܢ ܡܕܢܚ. ܘܐܢܐ ܫܦܝܪܐ ܐܝܟ ܠܗ. ܠܒܫܬܐ
ܕܐܬܐ ܘܡܕܢܚ ❊ ܒܣܘܡܐ ܕܐܡܕܢܚܬ ܒܗ. ܒܪܝܬܐ
ܕܠܗ ܙܘܓܬ. ܒܡܫܝܚܬܐ ܕܠܘܬ ܡܢ ܥܠܡ.
ܛܘܒܝ ܠܝ ܕܒܡܪܐ ܚܕܝܬ ❊ ܓܘܢܐ ܒܪܘܡܐ
ܦܩܕ ܠܝ. ܕܐܝܬ ܒܗ ܠܚܡ ܘܡܝܐ. ܟܠܠܐ
ܠܓܘܗ ܘܥܠܬ. ܬܦܘܫ ܠܝ ܕܡܘܕܝܐ ܐܢܐ
ܒܗ ❊ ܕܒܪܢܝ ܡܢ ܩܕܡ ܥܠܡܐ. ܘܙܐܐ ܒܫܡܝܐ
ܚܩܝ ܠܝ. ܘܐܫܬܘܕܝ ܠܝ ܕܡܫܒܚ ܐܢܐ.
ܒܪܡܐ ܠܫܘܒܚܗ ܕܫܠܡܐ ❊ ܘܠܥܠܡ ܛܘܒܐ

ܕܐܝܬܝ. ܒܢܝ ܡܠܟܬܐ ܩܡܬ ܝܡܝܢܗ ܐܒܘܗܝ.
ܒܠܒܘܫܝ ܟܠܗ ܕܗܒ ܐܘܦܝܪ. ܘܟܠܗ ܗܕܪܐ ܫܘܦܪܐ
ܐܢܐ ܠܟܗ ܀ ܘܐܢܐ ܡܠܟܬܐ ܕܐܬܡܟܝܢ. ܘܒܫܘܒܚܐ
ܐܬܝܠ. ܠܘܬ ܡܠܟܘܬܐ ܕܫܡܝܐ. ܐܬܒܛܝ ܟܠܗ
ܕܠܫܡܝܐ ܐܬܥܠܝܬ ܀ ܐܢܐ ܕܝܘܡܐ ܕܡܠܟܐ. ܡܢ
ܡܠܟܐ ܕܡܫܝܚܐ ܐܬܝܠܕܬ. ܘܐܬܒܛܝܬ ܗܫܐ ܟܠܗ
ܒܢܝ̈ܟܠܗ. ܦܪܘܩܗ ܘܫܡܗ ܦܪܝܩܐ ܀ ܝܗܒܐ ܕܡܠܟ
ܠܡܫܝܚܐ. ܘܕܡܝܐ ܟܠܬܐ ܠܡܫܝܚܐ. ܘܕܡܝܐ ܟܠܬܗ
ܫܡܝܐ. ܠܡܠܟܐ ܕܫܡܝܐ ܐܝܬܘܗܝ ܀

തജ്ജമ

പട്ടക്കാരൻ

ഞാൻ സഭയാകുന്നു. ഞാൻ അത്യുന്നതൻെറ മ ണവാട്ടിയായ സഭയാകുന്നു.

വിശുദ്ധസഭ പറയുന്നതു് എന്തെന്നാൽ, അവൻ എന്നെ വിവാഹം നിശ്ചയിച്ചതിനാൽ എനിക്കു ഭാഗ്യം. വന്നു എന്നെ വിവാഹം നിശ്ചയിച്ച മണവാളനെ ഞാൻ വന്ദിക്കുന്നു. അവൻ എന്നെ വിവാഹത്തിനു നിശ്ചയിച്ച ദിവസത്തിൽ പെട്ടെന്നു ധന്യയായിത്തീ ന്ന ദരിദ്രയായ എന്നെക്കുറിച്ചു സർവ്വസൃഷ്ടിയും ആന ന്ദിച്ചു. ഞാൻ ഏററം ശ്രേഷ്ഠതയുള്ള വളായിതീന്നതു കൊണ്ടു എനിക്കു ഭാഗ്യം.

ഞാൻ എൻെറ പ്രിയപ്പെട്ടവരോടുകൂടെ സന്തോഷിപ്പാൻ അവൻ ഉന്നതത്തിൽ എനിക്കായി മണവറ ഒരുക്കിവച്ചു. ഞാൻ അതിന്നുള്ളിൽ പ്രവേശിച്ച് ഇരുന്നു. ഞാൻ അവനെ സ്തോത്രം ചെയ്യുന്നതിനാൽ എനിക്കു ഭാഗ്യം.

വിഗ്രഹാലയത്തിൽനിന്നു അവൻ എന്നെ കൂട്ടിക്കൊണ്ടുപോയി, മറഞ്ഞിരിക്കുന്ന മർമ്മങ്ങൾ എനിക്കു കാണിച്ചുതന്നു. ലോകാവസാനത്തോളം ഞാൻ നിന്നോടുകൂടെ ഉണ്ടെന്നു അവൻ എനിക്കു വാഗ്ദാനം ചെയ്തിരിക്കുന്നു.

രാജപുത്രൻ തൻെറ പിതൃഗൃഹത്തിൽനിന്നു കൊണ്ടുവന്ന ഭാഗ്യങ്ങളെല്ലാം അവൻ എനിക്കു തന്നു. ഇതു നിമിത്തം ഞാൻ അവനെ വന്ദിക്കുന്നു.

എന്നെ വഞ്ചിച്ച ദുഷ്ടന്നു ഹാ കഷ്ടം. ഞാൻ വിഗ്രഹാരാധനയാൽ അശുദ്ധയായി തീൎന്നു. എന്നെ രക്ഷിച്ച യേശുവിന്നു സ്തോത്രം. അതിനു എനിക്കു യോഗ്യത ലഭിച്ചതുകൊണ്ടു എനിക്കു ഭാഗ്യം.

മാമോദീസാവെള്ളംമൂലം ആത്മാവിൻെറ ആയുധം അവൻ എന്നെ ധരിപ്പിച്ചു. തൻെറ പരിശുദ്ധ ശരീരവും രക്തവുമാകുന്ന മോതിരം അവൻ എൻെറ വിരലുകളിൽ ഇട്ടു.

മണവാളൻ സൂൎയ്യന്നു സദൃശവും, മണവാട്ടി പകലിന്നു സദൃശവും, വിരുന്നു മുഴുവനും സൌരഭ്യമുള്ള വൃക്ഷത്തിന്നു സദൃശവും ആകുന്നു.

ഗീതം.

പാട്ടുകാരൻ. സഭ ഞാൻ സഭ ഞാനേ—
ദൈവത്തിൻ മണവാട്ടി.
തിരുസഭയിങ്ങിതു ചൊല്ലീ—ടുന്നു

എന്നെ നിയോഗിച്ചവനാൽ
ഭാഗ്യമെനിക്കുണ്ടായീ—ട്ടുന്നു.

വന്നെന്നെ വേളിചെയ്യു—
കാന്തനെ വന്ദിച്ചീട്ടു—ന്നേൻ.

എന്നുടെ കല്യാണനാളിൽ—
സൃഷ്ടികളെല്ലാം ആന—ന്ദിച്ചു.

പെട്ടെന്നഗതി ധന്യയായെൻ—
വർദ്ധിച്ചേററം ഭാഗ്യമട—ഞ്ഞേൻ.

സഖികൾ സഹിതം മോദിപ്പാൻ—
ഉയരെ മണവറ വച്ചു—നിക്കു.

ഉള്ളിൽ കയറി ഞാനിരുന്നു—
ഭാഗ്യവതി ഞാനായീ—ട്ടുന്നു.

വിഗ്രഹം വിട്ടെന്നെ നടത്തി—
ഞാനതിനെ പിഴ ചൊല്ലി—ട്ടുന്നു.

ഒളിവാം മർമ്മം കാണിച്ചു—
ലോകാന്ത്യംവരെ നിന്നോ—ടെന്നും.

ഞാനെന്നുള്ള വാഗ്ദത്തം—
ജനകൻപക്കൽ നിന്നീ—ഭാഗ്യം.

രാജസുതൻ എനിക്കായ് നല്കി—
സർവ്വമെനിക്കായി തന്നീ—ട്ടുന്നു.

ഇതിനാലവനെ വന്ദിക്കുന്നേൻ—
വിഗ്രഹഭക്തി ചുററി—ച്ചെന്നെ.

കഷ്ടം വഞ്ചകനാം ദുഷ്ടന്നു—
രക്ഷകനാമീശോയെ—സ്തോത്രം.

യോഗ്യത തന്നവനെൻ ഭാഗ്യം—
സ്നാനത്താൽ വിശുദ്ധാത്മ—ന്റെ

ആയുധമെന്നെ ചാർത്തി താൻ—
മാംസം രക്തം മോതി—രമായി.

ഇട്ടുതന്നാൻ വിരലിന്മേൽ—
മണവാളൻ താൻ സൂര്യ—നൊപ്പം.

മണവാട്ടി പകലോടു തുല്യം—
പരിമള വൃക്ഷത്തോട—ങ്ങനെ
വിരുന്നാസകലവും തുല്യം.

ആശീൎവ്വാദം.

ܐܠܘܝ ܫܘܒܚܐ ܠܐܠܘܝ.

പട്ടക്കാരൻ. ദൈവത്താൽ നീതീകരിക്കപ്പെട്ടിരിക്കുന്ന ഈ സാക്ഷ്യത്തിൽ ഒരുങ്ങിവന്നിരിക്കുന്ന വിശ്വാസികളേ! കൎത്താവു നിങ്ങളുടെ പ്രയത്നങ്ങളുടെ കൂലി ഒന്നു മുപ്പതായും, ഒന്നു അറുപതായും, ഒന്നു നൂറായും നിങ്ങൾക്കു നല്കട്ടെ. എല്ലായ്പോഴും നന്മകൾ നിങ്ങൾക്കു താൻ നല്കട്ടെ. നമ്മുടെ കൎത്താവിന്റെ സ്ലീബാ രാപ്പകൽ നിങ്ങളോടുകൂടെ ഇരുന്നു, തിന്മപെട്ടവനിൽനിന്നും അവന്റെ സൈന്യങ്ങളിൽനിന്നും എല്ലായ്പോഴും നിങ്ങളെ കാത്തുകൊള്ളുകയും ചെയ്യുമാറാകട്ടെ.

ജനം. ആമ്മീൻ.

ഒന്നാമത്തെ ശുശ്രൂഷ അവസാനിച്ചു.

ܬܘܒ

ܬܫܡܫܬܐ ܕܬܪܬܝܢ.

ܡܫܡܫܢ ܒܥܘܬܐ.

ܫܘܒܚܐ ܠܐܒܐ ✤ ܘܠܒܪܐ ܘܠܪܘܚܐ.

ܨܠܘܬܐ ܕܫܘܪܝܐ.

ܐܫܘܐ ܠܢ ܡܪܝܐ ܐܠܗܐ ܠܡܫܬܘܬܐ ܗܘ.

പട്ടക്കാരൻ.

പിതാവിന്നും പുത്രന്നും പരിശുദ്ധ റൂഹായിക്കും സ്തുതി.

ജനം.

ബലഹീനരും പാപികളുമായ........

പ്രാരംഭപ്രാൎത്ഥന.

പട്ടക്കാരൻ. ദൈവമായ കൎത്താവേ, മാഞ്ഞുപോകാത്ത ആ കല്യാണവിരുന്നിന്നും, അഴിഞ്ഞുപോകാത്ത ആ മണവറയ്ക്കും ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. ആ കല്യാണവിരുന്നിന്ന ക്ഷണിക്കപ്പെട്ടിരിക്കുന്ന തോഴ്മക്കാരോടുകൂടെ നിന്റെ നിത്യസന്തോഷങ്ങൾക്കു ഞങ്ങളെയും നീ ക്ഷണിക്കേണമേ. ഞങ്ങൾ അവരോടുകൂടെയും, അവരുടെ ഇടയിലും നിനക്കും നിന്റെ പിതാവിന്നും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേററുകയും ചെയ്യുമാറാകേണമേ. ഹാശാ—

ജനം. ✠ ആമ്മീൻ.

¶ പട്ടക്കാരൻ മണവാള മണവാട്ടിമാരെ അനുഗ്രഹിച്ചു ചൊല്ലുമ്പോൾ മണവാളനും മണവാട്ടിയും തന്നെത്താൻ വണങ്ങി കുരിശു വരയ്ക്കണം.

ܚܘܝܐ ܕܪܘܚܐ ܠܠܟܘ.

ܒܩܠܐ ܕܐܡܐ ܕܒܬܘܠܬܐ.

ܐܠܗܐ ܕܒܪܟ ܠܒܢܝܐ ܦܪܝܫܐ. ܗܘ ܢܒܪܟ ✠
ܠܟܠܗܘܢ ܒܫܘܒܚܐ ܕܡܠܟܘܬܗ. ܘܢܚܡ ܠܟܠܢ
ܐܠܗܐ ❖ ܐܠܗܐ ܕܒܪܟ ܠܐܒܪܗܡ ܘܠܣܪܐ. ܗܘ ܢܒܪܟ ✠
ܠܟܠܗܘܢ ܒܫܘܒܚܐ ܕܡܠܟܘܬܗ. ܘܢܚܡ ܠܟܠܢ
ܐܠܗܐ ❖ ܐܠܗܐ ܕܒܪܟ ܠܐܝܣܚܩ ܘܠܪܦܩܐ. ܗܘ
ܢܒܪܟ ✠ ܠܟܠܗܘܢ ܒܫܘܒܚܐ ܕܡܠܟܘܬܗ.
ܘܢܚܡ ܠܟܠܢ ܐܠܗܐ ❖ ܐܠܗܐ ܕܒܪܟ ܠܝܥܩܘܒ
ܘܠܪܚܝܠ. ܗܘ ܢܒܪܟ ✠ ܠܟܠܗܘܢ ܒܫܘܒܚܐ
ܕܡܠܟܘܬܗ. ܘܢܚܡ ܠܟܠܢ ܐܠܗܐ ❖ ܐܠܗܐ ܕܒܪܟ
ܠܢܘܚ ܘܠܒܢܘܗܝ. ܗܘ ܢܒܪܟ ✠ ܠܟܠܗܘܢ
ܒܫܘܒܚܐ ܕܡܠܟܘܬܗ. ܘܢܚܡ ܠܟܠܢ ܐܠܗܐ ❖
ܫܘܒ̄ ܘܡܥ̄ ❖ ܐܠܗܐ ܕܒܪܟ ܠܝܘܩܝܡ ܒܪܗ
ܦܪܝܫܐ. ܗܘ ܢܒܪܟ ✠ ܠܟܠܗܘܢ ܒܫܘܒܚܐ
ܕܡܠܟܘܬܗ. ܘܢܚܡ ܠܟܠܢ ܐܠܗܐ ❖

തൎജ്ജമ.

പട്ടക്കാരൻ. വൃത്വന്മാരായ നീതിമാന്മാരെ വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുത്വത്താൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ!

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

പട്ടക്കാരൻ. ആദാമ്മിനെയും ഹവ്വായെയും വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുത്വത്താൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ!

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

പട്ടക്കാരൻ. അബ്രഹാമ്മിനെയും സാറായെയും വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുത്വത്താൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ!

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

പട്ടക്കാരൻ. യിസ്ഹാക്കിനെയും റഫ്ക്കായെയും വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുത്വത്താൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ!

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

പട്ടക്കാരൻ. യാക്കോബിനെയും റാഹേലിനെയും വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുത്വത്താൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ!

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

പട്ടക്കാരൻ. മിസ്രയിമ്മിൽവെച്ചു യൌസേഫിനെ വാഴ്ത്തിയ ദൈവം, തന്റെ കൃപയുടെ ബഹുത്വത്താൽ ഈ തന്റെ അടിയാരെയും ✠ വാഴ്ത്തട്ടെ!

ജനം. ദൈവമേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

ഗീതം.

പട്ടക്കാരൻ. പൂർവ്വവിശുദ്ധരെ
വാഴ്ത്തിയ സർവ്വേശൻ,
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ,
ജനം. ദേവാ കൃപ ചെയ്യണമേ നീ.
പട്ടക്കാരൻ. ആദം ഹവ്വാ എന്നവരെ
വാഴ്ത്തിയ സർവ്വേശൻ,
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ,
ജനം. ദേവാ കൃപ ചെയ്യണമേ നീ.
പട്ടക്കാരൻ. അബ്രാം സാറാ എന്നവരെ
വാഴ്ത്തിയ സർവ്വേശൻ,
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ,
ജനം. ദേവാ കൃപ ചെയ്യണമേ നീ.
പട്ടക്കാരൻ. ഇസ്സാക്കു റഫ്ക്കാ എന്നവരെ
വാഴ്ത്തിയ സർവ്വേശൻ,
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ,
ജനം. ദേവാ കൃപ ചെയ്യണമേ നീ.
പട്ടക്കാരൻ. യാക്കോബ റാഹേൽ എന്നവരെ
വാഴ്ത്തിയ സർവ്വേശൻ
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ.
ജനം. ദേവാ കൃപ ചെയ്യണമേ നീ.
പട്ടക്കാരൻ. മെസ്രേനിൽ യൌസേഫിനെ
വാഴ്ത്തിയ സർവ്വേശൻ
ബഹുലമതാം തൻ
കൃപയാലിവരെ + വാഴ്ത്തട്ടെ.
ജനം. ദേവാ കൃപ ചെയ്യണമേ നീ.

പ്രാത്ഥന

പട്ടക്കാരൻ. കൎത്താവേ, അന്ന്യോന്ന്യം ഒന്നായി തിൻ്നിരിക്കുന്ന ഈ നിൻെറ അടിയാരെ, നിൻെറ ദാനങ്ങളുടെ ഐശ്വൎയ്യത്താൽ ശ്രേഷ്ഠരാക്കേണമേ. നിൻെറ നൽവരങ്ങളാൽ ഇവരെ നീ സന്തോഷിപ്പിക്കേണമേ. നിൻെറ ദൈവീയ കല്പനകളുടെ ആനന്ദംകൊണ്ടു ഇവരെ നിറയ്ക്കേണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ദൈവമേ, ഇവർ സന്തോഷത്തോടും ആനന്ദത്തോടും കൂടെ നിനക്കു സ്തുതിപാടുകയും, നിൻെറ തിരുസന്നിധിയിൽ ഉല്ലസിക്കയും ചെയ്യുമാറാകേണമേ. ഹാശാ—

ജനം. ആമ്മീൻ.

ܩܘܩܠܝܘܢ ܕܡܙܡܘܪܐ.

ܡܪܝܐ ܒܚܝܠܟ ܢܚܕܐ ܡܠܟܐ . ܗ̄ . ܗ̄ܘ .

ܘܒܦܘܪܩܢܟ ܢܪܘܙ ܛܒ ✤ ܪܓܬܐ ܕܠܒܗ ܝܗܒܬ ܠܗ

ܘܫܐܠܬܐ ܕܣܦܘܬܗ . ܗ̄ . ܗ̄ܘ . ܠܐ ܟܠܝܬ ܡܢܗ

ܫܘܒܚܐ ܠܐܒܐ ✤ ܘܠܒܪܐ . ܘܠܪܘܚܐ ܩܕܝܫܐ ✤

തൎജ്ജമ.

മസുമൂർ. 21. 1, 3.

പട്ടക്കാരൻ. കൎത്താവേ, രാജാവു നിൻെറ ബലത്തിൽ സന്തോഷിക്കും. നിൻെറ രക്ഷയിൽ അവൻ അധികമായി ആനന്ദിക്കും.

പ്രതിവാക്യം. എന്തുകൊണ്ടെന്നാൽ നന്മയാകുന്ന അനുഗ്രഹം നീ അവന്നു മുൻപെട്ടത്തി. അവൻെറ തല

യിൽ മഹത്വമുള്ള കിരീടം നീ വയ്ക്കുകയും ചെയ്തു. ബാറെക്മാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും.........

ജനം. ആദിമുതൽ എന്നെന്നേക്കും.........

ഗീതം

പട്ടക്കാരൻ. കർത്തനെ രാജൻ നിൻ ബലത്തിൽ
സന്തോഷിക്കും. ഹ–ഉ–ഹ
തവ രക്ഷയിലവനേററം മോദിക്കും.

പ്രതിവാക്യം. നന്മയിന്നനുഗ്രഹം മുൻപിട്ട-
ന്നവനെ നീ ഹ–ഉ–ഹ
മാന്യമാം മുടി തൻ ശിരസ്സിൽ
ചൂട്ടുന്നു—ബാറെക്മാർ.

ܫܘܒ. ܠܐܒ. ܘܠܒܪ.
ܘܠܪܘ ܕܩܘܕܫܐ.

ܟܗܢܐ ܡܫܡܫܐ ܥܡܐ ܢܨܠܘܢ ܢܫܐ ܘܓܒܪܐ
ܕܒܟܠ ܐܘ ܡܪܐ. ܘܐܦܢ ܦܘܪܩܢ ܟܠܢ
ܟܗܢܘܬܐ ܐܝܟ ܕܐܬܩܪܝ ܟܠܢ ܡܢ ܐܝܠܘܢ
ܘܫܡܫܐ ܘܚܝܐ ܟܠܢ ܀
ܡܫܡܫ. ܫܘܒܚ. ܠܐܒ. ܘܒܪ ܀

അർത്ഥം

പട്ടക്കാരൻ. സഭയായുള്ളോരവേ, മണവാളൻ നിന്റെ മണവറയെ സ്വർഗ്ഗാധിസ്വർഗ്ഗങ്ങളിൽ ഉറപ്പിച്ചിരിക്കുന്നു. അവൻ വാഗ്ദത്തം ചെയ്തതുപോലെ, മേലുള്ള പ്രഭുത്വങ്ങൾക്കും അധികാരങ്ങൾക്കും, ശക്തികൾ

ക്കും മേലായി, അത്യുന്നതങ്ങളിൽ നിന്നെ കരേററിയിരിക്കുന്നു.

ശുശ്രൂഷക്കാരൻ. സ്തൗമെൻ കാലോസ്.

ജനം. കുറിയേലായിസ്സോൻ.

പ്രൊമ്യോൻ

പട്ടക്കാരൻ. നാമെല്ലാവരും പ്രാൎത്ഥിച്ച്.........

ജനം. അനുഗ്രഹിക്കുന്നവനായ കൎത്താവേ.........

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും.........

ഇരുന്നവനും, ഇരിക്കുന്നവനും, തലമുറതലമുറയായി യഥാപ്രകാരമിരിക്കുന്നവനുമായ സ്വയംഭൂവും, തന്റെ മാലാകമാർ തന്റെ സിംഹാസനത്തിന്നു ചുററും നിന്നു, തനിക്കു വന്ദനം അണെച്ചുകൊണ്ടിരിക്കുന്ന ആദ്യന്തമില്ലാത്ത വചനവും, ധാരാളമായി തന്റെ കരുണനിമിത്തം നമ്മുടെ എല്ലാവരുടെ മേലും കരുണ ചെയ്തു, തന്റെ അടുക്കലേക്കു നമ്മുടെ വൎഗ്ഗത്തെ തിരിപ്പിച്ച മഹത്വവാനും മഹോന്നതനും, മണവാളന്മാൎക്കും മണവാട്ടികൾക്കും സന്തോഷങ്ങളുടെ കിരിടങ്ങളെ സൌജന്യം ചെയ്യുന്നവനുമായ തന്റെ ശ്രേഷ്ഠത്വത്തിന്നു സ്തുതി. തന്റെ അടിയാരുടെ കിരീടംവാഴ്വിന്റെ ശുശ്രൂഷ പൂൎണ്ണമാക്കപ്പെടുന്ന ഈ നേരത്തും നമ്മുടെ ആയുഷ്കാലം മുഴുവനും സ്തുതിയും ബഹുമാനവും വന്ദനവും തനിക്കു യോഗ്യമായിരിക്കുന്നു. ഹാശാ—

ജനം. ആമ്മീൻ.

പട്ടക്കാരൻ

സെദറാ

സകല സ്വൎഗ്ഗീയ സൈന്യങ്ങളും ഭയത്തോടും വിറയലോടുംകൂടെ തന്നെ മഹത്വീകരിക്കയും, അത്യുന്നതങ്ങ

ളിൽ അഗ്നിമയന്മാരുടെ കൂട്ടങ്ങൾ തന്റെ ശ്രേഷ്ഠതയി ങ്കൽ ഭ്രമിച്ച് ഇളകുകയും, അവൎണ്ണനീയമായ തന്റെ കരുണയുടെയും, അപരിമേയമായ തന്റെ ദയയുടെ യും ധാരാളതയാൽ എളിയവരായ ഞങ്ങളുടെ സ്തുതിക ളിൽ സന്തോഷിക്കയും, ബലഹീനരും മൺമയരുമായ ഞങ്ങളുടെ ശുശ്രൂഷയിൽ പ്രസാദിക്കയും ചെയ്യുന്ന ദൈവമായ കൎത്താവേ, എല്ലാ സ്ഥലങ്ങളിലും സഞ്ചരി ക്കുന്നവരും, നിന്റെ ശ്രേഷ്ഠതയുടെ അധികാരത്തിൻ കീഴിൽ വസിക്കുന്നവരും, പ്രത്യേകമായി ഇവിടെ അടുത്തുവന്നു, നിന്റെ കരുണയുടെ നിഴലിൻകീഴി ലും നിന്റെ ദയയുടെ ചിറകിൻ കീഴിലും അഭയം പ്രാപിച്ചിരിക്കുന്നവരുമായ നിന്റെ അടിയാരെ നീ വാഴ്ത്തേണമേ. ഇവർ തങ്ങളുടെ സകല പ്രവൃത്തിക ളിലും ഉത്തമരായിരിപ്പാൻ ഇവരെ നീ സുഖത്തോ ടെ രക്ഷിച്ച് സന്തോഷിപ്പിക്കേണമേ. കൎത്താവേ, ഇവരെ കാത്തു സ്വൎഗ്ഗരാജ്യത്തേക്കു നടത്തുന്ന നേർ വഴിയിൽകൂടി ഓടുവാനും, ആത്മീയനൽവരങ്ങളിൽ പൂ ൎണ്ണതയുള്ളവരാകുവാനും, ദേഹദേഹികൾക്കു പ്രയോ ജനകരമായ ദൈവികവ്യാപാരം ചെയ്തു ആദായം ഉണ്ടാക്കുവാനും ഇവൎക്കു കൃപ നല്കേണമേ. കൎത്താ വേ, നിത്യജീവനെ സ്നേഹിക്കുന്നവരും, പാപമരണമു ള്ളവരിൽനിന്ന് അകന്നിരിക്കുന്നവരാകുവാൻ ഇവ ൎക്കു നീ സംഗതി ആക്കേണമേ. നിന്റെ പരിശുദ്ധത യുടെ പാൎശ്വത്തേക്കു അടുത്തുവരുവാനും, ശപിക്കപ്പെട്ട സാത്താന്റെ അടിമയിൽനിന്നു ഓടിപ്പോകുവാനും ഇ വരുടെ ഹൃദയങ്ങളെ ഒന്നാക്കേണമേ. നിന്റെ ആ ത്മീയമുന്തിരിത്തോട്ടത്തിൽ നീതിയുടെ വേലക്കാരും, നി ന്നോടുള്ള ഭയഭക്തിയുടെ തീക്ഷ്ണതയിലും, നിന്റെ കല്പ നകളുടെ അനുഷ്ഠാനത്തിലും താല്പൎയ്യമുള്ളവരാകുവാൻ ഞങ്ങൾക്കും ഇവൎക്കും ഇടയാക്കേണമേ. കൎത്താവേ,

നിന്റെ പരിശുദ്ധന്മാരുടെ സംഘങ്ങൾക്കു തുല്യരും, അന്യോന്യം സ്നേഹിക്കുന്നവരും, തിന്മപെട്ടവനെ ദ്വേഷിക്കുന്നവരും, നിന്റെ ദൈവത്വത്തിന്ന് അനുസരണമുള്ളവരും ആയിട്ട് ഞങ്ങളെ ആക്കേണമേ. നിന്റെ സ്വർഗ്ഗരാജ്യത്തിൽ ആനന്ദിപ്പാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. നല്ലവനും മനുഷ്യരെ സ്നേഹിക്കുന്നവനും നീയാകയാൽ, നിനക്കും നിന്റെ പിതാവിന്നും, നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുന്നു. ഹാശാ—

ജനം. **ആമ്മീൻ.**

അതിന്റെശേഷം

ܩܠܐ ܕܩܘܩܝܐ .

ܡܐ ܫܦܝܪܝܢ ܡܐ ܡܫܟܢܝܟ ܡܪܝܐ ܕܚܝܠܘܬܐ .

ܫܠܡܐ ܠܟ ܥܕܬܐ ܕܡܪܢ ܡܫܝܚܐ ܫܘܒܚܐ .

ܒܪܝܬܐ . ܡܠܟܐ ܫܡܝܢܝܐ . ܚܕܝ ܘܪܘܙܝ .

ܐܝܟ ܡܠܐܟܐ ܒܥܒܕܝܟܝ . ܒܪܢܫܐ ܟܠܗ ܫܦܝܪܝܢ

ܘܫܡܫܝ ܠܗ ܐܝܟ ܩܕܝܫܐ . ܘܠܡܠܟܐ ܡܫܝܚܐ

ܡܢܗ ܠܟܠܗ ܕܟܠܢܫܐ ܡܪܝܐ . ܗܘܗ ❖

ܫܘܒܚ ❖ ܡܐ ܫܦܝܪܝܢ ܡܫܟܢܝܟ ܡܪܝܐ ܡܪܝܐ

ܫܦܝܪܝܢ . ܘܪܘܡܝܢ ܠܗ ܠܫܡܝܐ ܕܟܠܢ ܠܗ

ܕܠܗ ܠܠܒܐ . ܠܗ ܗܘ ܠܟܠܢ ܗܘ . ܘܫܡܗ

ܒܪܝܟܐ܆ ܦܘܩܕܢܗ ܕܡܠܟܐ܆ ܐܡܪ ܠܡܫܝܚܐ܆
ܫܘܒܚܐ ܩܕܝܫܝܢ ܒܦܘܡܗ ܕܡܪ ܐܠܗܐ. ܘܒܪܝܟ
ܐܡܪܝܢ ܠܡܫܝܚܐ ܐܡܪܐ ܘܠܟܠܢ. ܗܘܗ ܀
ܡܪܝܐ ܚܘܣ ܥܠܝܢ ܀

ചട്ടക്കാരൻ.

ജ്ഞാതികളുടെ പുത്രീ! നീ എത്ര സുന്ദരി, നീ എത്ര സുന്ദരി, ശ്ലേമോൻരാജാവു സഭയാകുന്ന നിന്നെ വാത്സല്ലിച്ചു (പറയുന്നതു) നിന്റെ അധരങ്ങൾ തേൻകട്ട പൊഴിക്കുന്നു. നിന്റെ വസ്ത്രങ്ങളുടെ വാസന വസന്തകാലത്തെ പനിനീർപുഷ്പത്തിന്റെ വാസനപോലെയാകുന്നു. സഭയേ! നീ സർവ്വാംഗസുന്ദരിയാകുന്നു. നിന്നിൽ യാതൊരു മാലിന്യവുമില്ല, നീ അവന്റെ സ്ലീബായെ വന്ദിക്കുന്നതിനാൽ മ്ശിഹാരാജാവു നിന്നെ കാക്കുന്നു—ബാറെക്മാർ.

ചട്ടക്കാരൻ. പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നേ. ആമ്മീൻ.

ചട്ടക്കാരൻ.

ജ്ഞാതികളുടെ പുത്രീ! നീ എത്ര സുന്ദരി, നി എത്ര സുന്ദരി, സർവ്വലോകത്തിന്മേലും ഉദിക്കുന്ന സൂര്യനോടു നീ സദൃശയാകുന്നു. നിന്റെ നെററിമേൽ സ്ലീബായുടെ മുദ്രയുണ്ടു്. വെടിപ്പുള്ള നിന്റെ വായ് സ്തുതിപാടുന്നു. നിന്റെ ചുണ്ടുകളിൽ ദൈവപുത്രന്റെ തിരുരക്തം പുരണ്ടിരിക്കുന്നു. നിന്റെ സന്താനങ്ങൾ രാപ്പകൽ സ്തോത്രം പാടുകയും ചെയ്യുന്നു.

കത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു, ഞങ്ങൾക്കു സഹായം ചെയ്യേണമേ.

ഗീതം.

പട്ടക്കാരൻ. ജാതിയിൻ പുത്രി നീയേ! സുന്ദരി—ബഹു സുന്ദരി,
ശ്ലേമോൻരാജൻ തിരുസഭയാം നിന്നെ—വർണ്ണിക്കുന്നു.
തേൻകട്ടകൾ നിൻ—അധരം പൊഴിക്കുന്നു
അങ്കികൾ സുഗന്ധി—നീസാൻ കുസുമംപോൽ.
സുന്ദരി സഭയേ! നിന്നിൽ മാലിന്യം—ഇല്ലേതുമേ
മ്ശിഹാരാജൻ തൻ കുരിശാൽ നിന്നെ—കാത്തീടുന്നു.
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ-ബാറെക്മോർ.

പിതൃ പുത്രവിശുദ്ധാത്മനു സ്തുതി. ഹാലേലൂയ്യാ.

പട്ടക്കാരൻ. ജാതിയിൻ പുത്രി നീയേ! സുന്ദരി—ബഹു സുന്ദരി
അഖിലാണ്ഡത്തിൽ സൂര്യനു സദൃശ—നീ ആകുന്നു.
നിൻെറ നെററിമേൽ—സ്ലീബായിൻ മുദ്ര
വിശുദ്ധമാം നിൻ വായ്—സ്തോത്രം പാടുന്നു.
തിരുരക്തത്താൽ നിന്നുടെ ചുണ്ടെല്ലാം—ചുവന്നതത്രേ
തവ പ്രജ രാപ്പകൽ സ്തോത്രം സന്നിധിയിൽ—പാടീടുന്നു.
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ.

നാഥാ അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കണമേ.

പ്രാത്ഥന

പട്ടക്കാരൻ. കത്തിനെ എന്ന നഗരത്തിലേക്കു കല്യാണവിരുന്നിന്നു ക്ഷണിക്കപ്പെട്ടുകയും, വെള്ളത്തെ നല്ല വിഞ്ഞായി മാററുകയും ചെയ്തു സത്യത്തിൻെറയും നീതിയുടെയും മണവാളനായി, ഇപ്പോഴും മനുഷ്യരെ സ്നേഹിക്കുന്ന കത്താവേ, നിൻെറ കൃപയാൽ ഞങ്ങളുടെ പ്രാത്ഥനകളെ കൈക്കൊണ്ടു്, നിൻെറ വിശുദ്ധ മദ്ബഹായുടെ മുൻപാകെ തങ്ങളുടെ കഴുത്തുകളെ വണക്കിയിരിക്കുന്ന ഈ നിൻെറ അടിയാരെ നീ വാഴ്ത്തേണമേ. അനുഗ്രഹങ്ങളും കരുണയും നിറഞ്ഞിരിക്കുന്ന നിൻെറ

വലങ്കെ ഇവരുടെമേൽ ആവസിപ്പിക്കേണമേ. നിന്റെ ആത്മീയമണവറയിൽ ഇവരെ നി സന്തോഷിപ്പിക്കേണമേ. നിന്നെ സ്നേഹിക്കയും, നിന്റെ കല്പനകളെ ആചരിക്കയും ചെയ്തിട്ടുള്ള വിശുദ്ധന്മാൎക്കു വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന കല്യാണവിരുന്നിന്നു ഞങ്ങളെയും ഇവരെയും നി യോഗ്യതയുള്ളവരാക്കേണമേ. ഞങ്ങളും ഇവരും നിന്റെ വലത്തുഭാഗത്തുനിന്ന്, നിന്റെ കരുണയെ കണ്ടുകൊണ്ട്, നിനക്കു സ്തുതിയും സ്തോത്രവും കരേററുമാറാകേണമേ. ഹാശാ—

ജനം. ആമ്മീൻ.

ശുശ്രൂഷകൻ.

പൌലൊസ് ശ്ലീഹാ എഫേസിയൎക്കാൎക്കു എഴുതിയ ലേഖനം ൫-ാം അദ്ധ്യായത്തിൽനിന്ന്.

ജനം.

ശ്ലീഹന്മാരുടെ ഉടയവന്നു സ്തുതി. കൎത്താവേ, നിന്റെ വചനങ്ങളെ തിരിച്ചറിയുന്നതിന്നു ഞങ്ങൾക്കു കൃപ നല്കേണമേ.

ശുശ്രൂഷകൻ.

എന്റെ സഹോദരന്മാരേ! നമ്മുടെ കൎത്താവായ യേശുമ്ശിഹായുടെ നാമത്തിൽ എല്ലാവന്നുംവേണ്ടി എല്ലായ്പോഴും പിതാവായ ദൈവത്തിന്നു സ്തോത്രം ചെയ്യുന്നവരായിരിപ്പിൻ. മ്ശിഹായുടെ സ്നേഹത്താൽ അന്യോന്യം കീഴ്പ്പെടുന്നവരായിരിപ്പിൻ. സ്ത്രീകളേ, നമ്മുടെ കൎത്താവിന്ന് എന്നപോലെ നിങ്ങളുടെ ഭൎത്താക്കന്മാൎക്കു കീഴ്പെട്ടിരിപ്പിൻ. എന്തുകൊണ്ടെന്നാൽ, മ്ശിഹാ സഭയുടെ തലയും ശരീരത്തിന്റെ രക്ഷിതാവും ആകുന്ന പ്രകാരം പുരുഷൻ സ്ത്രീയുടെ തലയാകുന്നു. സഭ മ്ശിഹായിക്കു കീഴ്പ്പെടുന്നപ്രകാരം തന്നേ ഭാൎയ്യമാരും തങ്ങളുടെ ഭൎത്താക്കന്മാൎക്കു സകലത്തിലും കീഴ്പ്പെട്ടിരിക്കണം.

പുരുഷന്മാരേ, നിങ്ങളുടെ ഭാൎയ്യമാരെ സ്നേഹിപ്പിൻ. മ്ശിഹായും തന്റെ സഭയെ സ്നേഹിക്കയും, ജലസ്നാനത്താലും വചനത്താലും അതിനെ ശുദ്ധീകരിച്ച് വെടിപ്പാക്കുവാനും, മഹത്വമുള്ളതായും, മാലിന്യവും, കറയും ഇവയ്ക്കു സമമായ യാതൊന്നും ഇല്ലാതെ, വിശുദ്ധയും നിഷ്കളങ്കയുമായും തനിക്കു തന്നേ സഭയായി അതിനെ നിൎത്തുവാനും, അതിനുവേണ്ടി തന്നെത്തന്നേ ഏല്പിച്ചുകൊടുക്കയും ചെയ്യുന്നപോലെ തന്നേ. ഇപ്രകാരം തങ്ങളുടെ ശരീരങ്ങളെ എന്നപോലെ, തങ്ങളുടെ ഭാൎയ്യമാരെ സ്നേഹിപ്പാൻ പുരുഷന്മാൎക്കു ന്യായമാകുന്നു. ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ.

ശുശ്രൂഷകൻ.

സഹോദരന്മാരേ, നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ശ്രദ്ധിച്ച്, നമ്മുടെ കൎത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ ദൈവത്തിൻ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

¶ ഇവിടെ പട്ടക്കാരൻ മണവാളന്റെയും മണവാട്ടിയുടെയും വലത്തു കൈകൾ തമ്മിൽ പിടിപ്പിക്കണം.

¶ അതിന്റെ ശേഷം പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നു.

വിശുദ്ധ മത്തായിയുടെ ഏവൻഗേലിയോൻ.

അ. ൧൯. ൧—൩.

ഈശോതമ്പുരാൻ ഈ വചനങ്ങളെ പറഞ്ഞു തീൎന്നശേഷം ഗ്ലീലായിൽനിന്നു യാത്ര പുറപ്പെട്ട്, യോൎദ്ദനാന്റെ അക്കരെ യിഹ്രദിന്റെ അതൃത്തിയിലേക്കു എഴുന്നള്ളി. വളരെ പുരുഷാരം തന്റെ പിന്നാലെ ചെന്നു. അവിടെവെച്ചു അവരെ താൻ സൌഖ്യമാക്കി. പ്രീശന്മാർ അവന്റെ അടുക്കൽ വന്ന്, അവനെ പരീക്ഷിച്ചുകൊണ്ട്, യാതൊരു കാരണത്താൽ എങ്കിലും ഒരുത്തനു തന്റെ ഭാൎയ്യയെ ഉപേക്ഷിപ്പാൻ ന്യാ

യമാകുന്നുവോ എന്നു ചോദിച്ചിരുന്നു. അപ്പോൾ താൻ അവരോടു ഉത്തരമായി അരുളിച്ചെയ്തതു: ആദിയിൽ സൃഷ്ടിച്ചവൻ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും, ഇതുകൊണ്ടു പുരുഷൻ തന്റെ പിതാവിനെയും തന്റെ മാതാവിനെയും വിട്ടു തന്റെ ഭാൎയ്യയോടു ചേൎന്നിരിക്കും, അവർ ഇരുവരും ഒരു ജഡമായിത്തീരും എന്ന് അരുളിച്ചെയ്തു എന്നും ഉള്ളതു് നിങ്ങൾ വായിച്ചിട്ടില്ലയൊ? ആകയാൽ അവർ രണ്ടല്ല, ഒരു ശരീരമത്രെ. അതുകൊണ്ടു, ദൈവം കൂട്ടിച്ചേൎത്തതിനെ മനുഷ്യൻ വേർപിരിക്കരുതു്.

നിങ്ങൾക്കെല്ലാവൎക്കും സമാധാനം ഉണ്ടായിരിക്കട്ടെ!

ജനം

നിന്റെ ആത്മാവോടു കൂടെയും ഉണ്ടായിരിക്കട്ടെ.

അതിന്റെശേഷം

ܡܫܡܫܢܐ ܐܡܪ ܩܠܐ ܗܢܐ.

ܠܟ ܫܡܫܐ ܕܐܙܕܩܦܬ ܒܩܝܣܐ ܡܝܩܪܐ ܗܘ
ܕܨܠܝܒܐ ܕܟܠܗ ܒܪܝܬܐ ܩܕܝܫܐ ܠܟ ܫܡܫܐ ܘܦܐ
ܕܐܬܒܣܡܘ ܐܦ ܚܢܢ ܒܦܘܪܩܢܟ ܠܟ ܢܫܒܚ ܕܐܝܬܝܟ
ܡܫܝܚܐ ܠܟ ܫܡܫܐ ܠܥܠܡ ܕܐܝܬܘܗܝ
ܡܪܐ ܟܠܐ ܀

അൎത്ഥം

വട്ടക്കാരൻ. നീതിയുടെ വലിയ സൂൎയ്യനാകുന്ന നിന്നെ സ്ലീബായുടെ മാന്യമായ മരത്തിൽ തൂക്കിയിരിക്കുന്ന

തായി വിശുദ്ധ സഭ കണ്ടപ്പോൾ, സകലത്തിന്റെയും ഉടയവനായ നിന്റെ കാതൽത്വത്തിൻ ശക്തിക്കു സ്തുതി എന്നു ന്യായമായി നിന്നോടു ആർത്തു പറഞ്ഞുകൊണ്ടു ക്രമത്തിൽ ചന്ദ്രനെപ്പോലെ നിന്നു.

ܟܗܢܐ ܡܢܫܩ ܠܟܠܝܠܐ ܕܟܠܬܐ ܘܐܡܪ.

ܡܒܪܟܝܢ ܐܢܘܢ ܘܡܫܡܠܝܢ ܟܠܝ̈ܠܐ ܗܠܝܢ

ܘܪ̈ܫܐ ܕܥܠܝܗܘܢ ܡܬܬܣܝܡܝܢ. ܒܫܡܐ

ܐܒܐ ✠ ܐܡܝܢ. ܘܒܪܐ ✠ ܐܡܝܢ. ܘܪܘܚܐ ܩܕܝܫܐ ✠

ܠܥܠܡ ܥܠܡܝܢ ✤ ܥܡܐ. ܐܡܝܢ ✤

ഈ കിരീടങ്ങളും, ഇവ വയ്ക്കപ്പെടുന്ന തലകളും പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധ റൂഹായുടെയും ✠ തിരുനാമത്തിൽ വാഴ്ത്തപ്പെട്ടു പൂർണ്ണമാക്കപ്പെട്ടിരിക്കുന്നു.

ജനം. ആമ്മീൻ.

ܘܡܢܫܩ ܕܟܠܝܠܐ ܠܟܠܠ ܡܢ ܪܝܫܗ ܚܬܢܐ

ܘܬܠܐ ܥܠܝܗ ܘܐܡܪ.

ܟܠܝܠܐ ܩܐܡܬܗ ܕܡܠܟܐ. ܦܝܡ ܡܦܩܢܐ ܐܪܚ ܘܢܣܒ.

ܠܡܫܬܐ ܐܦ ܕܟܠܬܐ. ܕܒܗܢܐ ܗܘܐ ܕܢܗܘܐ ✤

ܟܠܗ.

ܚܕܐ ܡܢܗ ܕܡܫܝܚܐ. ܠܟܠܬܐ ܘܡܫܡܫܢܐ.

ܘܚܬ̈ܢܐ ܒܟܠܝ̈ܠܝܗܘܢ. ܘܟܠܠ̈ܬܐ ܒܢܦܫܗܘܢ ܀
ܐܝܟ ܡܢ ܢܡܕܝܢ. ܕܡܠܝܬ ܟܠ ܒܘܪ̈ܟܬܐ.
ܘܒܪܟ ܠܚܬܢܐ ܘܟܠܬܐ. ܘܟܠܝ̈ܠܐ ܕܒܪ̈ܫܝܗܘܢ ܀
ܒܒܘܪ̈ܟܬܐ ܕܐܬܒܪܟܘ. ܐܒܪܗܡ ܘܐܝܣܚܩ
ܘܝܥܩܘܒ. ܒܗܝ ܢܬܒܪ̈ܟܘܢ ܚܬܢܐ. ܘܟܠܬܐ
ܠܟ ܫܘܫܒܝ̈ܢܐ ܀ ܒܪܟ ܐܢܘܢ ܡܪܝܐ. ܒܒܘܪ̈ܟܬܐ
ܫܡܝ̈ܢܝܬܐ. ܠܚܬܢܐ ܘܠܟܠܬܐ. ܘܫܘܫܒܝ̈ܢܐ
ܘܫܘܫܒܝ̈ܢܝܬܐ ܀ ܐܘܟܝ ܡܢ ܢܡܕܝܢ. ܡܢ
ܡܪܘܡܐ ܫܠܝܚܐ. ܘܒܪܟ ܠܚܬܢܐ ܘܟܠܬܐ.
ܕܐܬܒܪܝܘ ܐܙܘܓ ܩܕܡܝ ܀ ܦܬܚ ܡܢ ܐܪܥܐ
ܕܝܠܟ. ܡܠܐ ܓܘܙܐ ܕܠܐ ܡܫܘܚܬܐ. ܫܪܝ ܠܚܬܢܐ
ܘܟܠܬܐ. ܒܘܪ̈ܟܬܐ ܫܡܝ̈ܢܝܬܐ ܀ ܢܛܪ ܐܢܘܢ
ܡܪܝܐ. ܒܝܡܝܢܗ ܬܩܝܦܬܐ. ܕܢܛܪܘܢ ܒܐܘܪܚܐ
ܬܪܝܨܬܐ. ܕܫܝܢܐ ܠܙܒܢ̈ܝܢ ܣܓܝ̈ܐܐ ܀ ܢܛܪ ܐܢܘܢ

[illegible]

[illegible]

¶ മണവാളന്റെ തലയിൽ മൂന്നു പ്രാവശ്യം കിരീടം ആഘോഷിച്ചുകൊണ്ടു ചൊല്ലുന്നു.

പട്ടക്കാരൻ. നമ്മുടെ കർത്താവിന്റെ കൈയാൽ സ്വർഗ്ഗത്തിൽനിന്നു കിരീടം പ്രഭാവത്തോടെ ഇറങ്ങുന്നു. പട്ടക്കാരൻ മണവാളന്റെ തലയിൽ വയ്ക്കുന്ന കിരീടം അവനു യോഗ്യമാകുന്നു.

പ്രതിവാക്യം. കർത്താവേ, നിന്റെ അനുഗ്രഹങ്ങളാൽ പട്ടക്കാരെയും മ്ശമശാനന്മാരെയും, തങ്ങളുടെ കിരീടങ്ങളാൽ മണവാളന്മാരെയും തങ്ങളുടെ മണവറകളിൽ മണവാട്ടികളെയും സന്തോഷിപ്പിക്കേണമേ.

കർത്താവേ, സകല അനുഗ്രഹങ്ങളും നിറഞ്ഞിരിക്കുന്ന നിന്റെ വലക്കൈ ആവസിപ്പിച്ചു, മണവാളനെയും മണവാട്ടിയെയും അവരുടെ തലയിലുള്ള കിരീടങ്ങളെയും അനുഗ്രഹിക്കേണമേ.

അബ്രഹാമും യിസ്ഹാക്കും യാക്കോബും വാഴ്ത്തപ്പെട്ട വാഴ്വുകളാൽ, മണവാളനും മണവാട്ടിയും തോഴ്മക്കാരും വാഴ്ത്തപ്പെട്ടുമാറാകട്ടെ.

കർത്താവേ, സ്വർഗ്ഗീയ വാഴ്വുകളാൽ മണവാളന്മാരെയും മണവാട്ടികളെയും തോഴ്മക്കാരെയും തോഴ്മക്കാരികളെയും അനുഗ്രഹിക്കേണമേ.

കർത്താവേ, അത്യുന്നതങ്ങളിൽനിന്നു, നിന്റെ വലക്കൈ നീട്ടി, തിരുസന്നിധിയിൽ കഴുത്തുകളെ വണക്കിയിരിക്കുന്ന മണവാളനെയും മണവാട്ടിയെയും അനുഗ്രഹിക്കേണമേ.

കത്താവേ, അളവില്ലാത്ത ഐശ്വൎയ്യം നിറഞ്ഞിരിക്കുന്ന നിന്റെ ഭണ്ഡാരത്തിന്റെ വാതിൽ തുറന്നു, മണവാളനും മണവാട്ടിക്കും പരിപൂൎണ്ണമായ അനുഗ്രഹങ്ങളെ അയച്ചുകൊടുക്കേണമേ.

കത്താവേ, നിന്റെ നല്ല ഇഷ്ടത്തിന്നു പ്രസാദകരമായിരിക്കുന്ന നീതിയുള്ള വഴിയിൽകൂടി നടപ്പാൻ നിന്റെ ബലമുള്ള വലങ്കൈയാൽ ഇവരെ കാത്തുകൊള്ളേണമേ.

കത്താവേ, നിൎമ്മലതയിലും വിശുദ്ധിയിലും ഇവരുടെ ജീവിതത്തെ പൂൎണ്ണമാക്കുവാൻ നിന്റെ അനുഗ്രഹങ്ങളുടെ നിഴലിൻ കീഴിൽ ഇവരെ മറച്ചുകൊള്ളേണമേ.

ഗീതം

പാട്ടുകാരൻ.
വാനിൽ നിന്നൊ— രു മകുടം
കത്തനിൽ നിന്നി—ങ്ങിറങ്ങി
മണവാളൻ ശി—രസ്സിന്മേൽ
കഹനാ ചൂട്ടി—ട്ടുന്നു.

പ്രതിവാക്യം.

നാഥാ! കാരു—ണ്യത്താൽ
കഹനെന്മാർ മ്ശമ്ശാ—നന്മാർ
ദമ്പതികളെയും—മുടിയാൽ
മണവറയിൽ—സന്തോഷിപ്പിക്കു.

അനുഗ്രഹം നിറഞ്ഞൊ—രു വലങ്കൈ
ഇവർ മേലാവ—സിപ്പിച്ച്
ദമ്പതികളെയും—ശിരസ്സിൻ
മുടിയെയും വാഴ്ത്തി—ടണമേ.

അബ്രഹാം ഇസ്സാക്കു—യാക്കോബ്
അനുഗ്രമേററൊ—രു വാഴ്വാൽ
തോഴർ സഹിതം—തിരുമുൻ—
ദമ്പതികൾ വാഴ്ത്തപ്പെട്ടെ.

നാഥാ സ്വർഗ്ഗീ—യ വാഴ്വാൽ
ദമ്പതികളെയും—അവരിൻ
തോഴരെയും നീ—വാഴ്ത്തി
അനുഗ്രഹമരുളീടണമേ.

¶ പട്ടക്കാരൻ മണവാളന്റെ തലയിൽ കിരീടം വച്ചു ചൊല്ലുന്നു.

കർത്താവു നീതിയുടെ കിരീടത്താൽ നിന്നെ കിരീടം ധരിപ്പിക്കട്ടെ. നാശമില്ലാത്ത അലങ്കാരങ്ങളാൽ നിന്നെ അലങ്കരിക്കട്ടെ. ശത്രുവിന്റെ സകല ശക്തിക്കും നേരെ തോററുപോകാത്ത ആയുധം നിന്നെ ധരിപ്പിക്കയും ചെയ്യുമാറാകട്ടെ.

മണവാളനും ജനവും. ആമ്മീൻ.

¶ അതിന്റെശേഷം പട്ടക്കാരൻ മണവാട്ടിയുടെ തലയിൽ മൂന്നു പ്രാവശ്യം കിരീടം ആഘോഷിച്ചുകൊണ്ടു ചൊല്ലുന്നു.

ܘܡܩܕܫ ܒܥܠܡܐ ܠܟܠ ܡܢ ܕܒܗ ܒܥܠܬܐ
ܠܥܠܡ ܥܠܡܝܢ ܐܡܝܢ.

ܒܥܠܡܐ ܕܐܬܐ ܕܡܠܟܘ. ܡܢ ܫܡܝܐ ܐܚܝ ܘܚܝܠ.
ܠܥܠܡܐ ܕܠܐ ܒܥܠܡܐ . ܕܝܗܘܒ ܗܘܐ ܠܗ ܒܪܝܫܗ ❖
ܠܥܠܡ.

ܢܚܬ ܡܠܟܐ ❖ ܘܐ ܫܠܡܐ ܕܫܡܝܐ . ܕܢܚܬܘ ܡܠܟܘܬܗ
ܠܠܠܡܐ ܘܡܠܟܐ . ܒܟܠܗܘܢ 1212 ܐܝܟ . ܘܢܚܬ ܘܢܚܐ
ܠܥܠܡ ܘܠܠܠܡܐ ❖

ܡܢ ܗܘܢܐ ܘܡܫܝܚܐ . ܘܡܢ ܫܡܝܐ ܕܐܪܥܐ .

ܒܟܠܗ̇ ܕܐܝܣܘܬܐ. ܬܬܢܝܚ ܠܟܠܗܘܢ ܦܪܘܩܢ ❖

ܡܪܝܐ ܢܒܪܟ ܟܪܣܢܐ. ܒܢܝܢܬܐ ܕܫܘܬܦܘܬܟܘܢ.

ܢܗܘܘܢ ܡܒܪܟܝܢ ܟܠܢ. ܘܐܝܩܪܐ ܘܡܫܒܚܢܐ ❖

ܡܫܝܚܐ ܢܛܪܐ ܕܟܠ. ܐܢܬ ܬܟܠܝܢ ܒܥܘܕܪܢ.

ܕܚܝܐ ܡܦܪܫ ܡܫܝܚܐ. ܘܚܝܐ ܠܝ ܐܡܪܝܢܐ ❖

ܒܟܠܗ̇ ܕܐܝܣܘܬܐ. ܬܬܢܝܚ ܠܟܠܗܘܢ ܦܪܘܩܢ.

ܡܫܝܚܐ ܕܫܡܝܐ ܐܠܗܐ. ܘܠܟܪܘܒܐ ܘܠܟܪܘܒܝܢ

ܫܘܒܚܐ ❖

പട്ടക്കാരൻ. നമ്മുടെ കർത്താവിന്റെ കൈയാൽ സ്വൎഗ്ഗത്തിൽനിന്നു കിരീടം പ്രഭാവത്തോടെ ഇറങ്ങുന്നു. പട്ടക്കാരൻ മണവാട്ടിയുടെ തലയിൽ വയ്ക്കുന്ന കിരീടം അവൾക്കു യോഗ്യമാകുന്നു.

പ്രതിവാക്യം.

കർത്താവേ, നിന്റെ അനുഗ്രഹങ്ങളാൽ പട്ടക്കാരെയും മ്ശമശാനന്മാരെയും, തങ്ങളുടെ കിരീടങ്ങളാൽ മണവാളന്മാരെയും തങ്ങളുടെ മണവറകളിൽ മണവാട്ടികളെയും സന്തോഷിപ്പിക്കേണമേ.

തന്റെ മണവറ എന്നേക്കും നിലനില്ക്കുന്ന സാക്ഷാൽ മണവാളനായുള്ളോവേ, നീ വേഗം ഞങ്ങളുടെ അടുക്കൽ വരികയും ഞങ്ങൾ എന്നേക്കും നിന്നോടുകൂടെ സന്തോഷിക്കയും ചെയ്യുമാറാകേണമേ.

കാട്ടിലെ പൂക്കളെയും പുഷ്പങ്ങളെയും ശൂശാനാപുഷ്പങ്ങളെയുംകാൾ (ശ്രേഷ്ഠമായിരിക്കുന്ന) നീതിയുടെ കിരീടം നമ്മുടെ രക്ഷിതാവു നിങ്ങൾക്കായി മുടയുമാറാകട്ടെ.

കർത്താവു നിങ്ങളുടെ സംബന്ധത്തിൻെറ നിർമ്മലമായ കട്ടിലിനെ വാഴ്ത്തട്ടെ. നിങ്ങളിൽനിന്നു നീതിമാന്മാരും വിശുദ്ധന്മാരും ഭരണാധികാരികളും ഉണ്ടാകട്ടെ.

ഞങ്ങളുടെ മണവാളനായ മ്ശിഹായേ, മഹത്വമുള്ള നിൻെറ സൌന്ദൎയ്യത്തെ ഞങ്ങൾ കാണ്മാനും, നിന്നിൽ ഇടവിടാതെ സന്തോഷിപ്പാനും, നിൻെറ പ്രകാശം കൊണ്ടു ഞങ്ങളുടെ കണ്ണുകളെ പ്രകാശിപ്പിക്കേണമേ.

നമ്മുടെ രക്ഷിതാവു നീതിയിൻ കിരീടം നിങ്ങൾക്കായി മുടയുമാറാകട്ടെ. പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹായിക്കും സ്തുതി നിങ്ങൾ കരേററുകയും ചെയ്യണം.

ഗീതം.

പാട്ടുകാരൻ.

വാനിൽ നിന്നോ—രു മകുടം
കർത്തനിൽ നിന്നി—ങ്ങിറങ്ങി
മണവാട്ടിശി—രസ്സിന്മേൽ
കഹനാ ചൂട്ടീ—ട്ടുന്നു.

പ്രതിവാക്യം.

നാഥാ കാരു—ണ്യത്താൽ
കഹനെന്മാർ മ്ശമശാ—നന്മാർ
ദമ്പതികളെയും—മുടിയാൽ
മണവറയിൽ—സന്തോഷിപ്പിക്കൾ.
രക്ഷകൻ, നീതിയിൻ—മുടിയെ
നിങ്ങൾക്കായി മു—ടഞ്ഞീടട്ടെ,
പിതൃപുത്രവിശു—ദ്ധാത്മനു
സ്തോത്രം പാ—ടീടുവിൻ.

¶ പട്ടക്കാരൻ മണവാട്ടിയുടെ തലയിൽ കിരീടം വച്ചുകൊണ്ടു ചൊല്ലുന്നു.

കൎത്താവു നീതിയുടെ കിരീടത്താൽ നിന്നെ കിരീടം ധരിപ്പിക്കട്ടെ. നാശമില്ലാത്ത ആഗ്രഹിക്കത്തക്ക അലങ്കാരങ്ങളാൽ നിന്നെ അലങ്കരിക്കട്ടെ. പിതാവിന്നും പുത്രന്നും പരിശുദ്ധ റൂഹായിക്കും സ്തുതി നി കരേററിയും കൊണ്ടു, നിന്റെ ആയുസ്സ്കാലമൊക്കെയും സന്തോഷിക്കുമാറാക.

മണവാട്ടിയും ജനവും. ആമ്മീൻ.

¶ മണവാളന്റെമേലും മണവാട്ടിയുടെമേലും ഉള്ള അനുഗ്രഹം (ആശംസ).

പട്ടക്കാരൻ. മനുഷ്യരുടെ ആയുസ്സിൽ പ്രിയമുള്ള കൎത്താവു നിങ്ങളുടെ ആയുസ്സിലും പ്രിയപ്പെടുകയും, നിങ്ങളുടെ കൂട്ടായ്മയെ വാഴ്ത്തുകയും ചെയ്യട്ടെ. സ്വൎഗ്ഗീയ മണവാളനാകുന്ന മ്ശിഹാ, സത്യത്തിന്റെ മണവാണ്മകൊണ്ടു നിങ്ങളുടെ മണവാണ്മയെ മുദ്രയിടട്ടെ. മ്ശിഹാ തന്റെ സഭയിൽ സന്തോഷിച്ചതുപോലെ, നിങ്ങളും അന്യോന്യം സന്തോഷിക്കണം. അനുഗ്രഹങ്ങളുടെ വലങ്കൈ നിങ്ങളുടെമേൽ വന്നാവസിച്ചു, സകല ഉപദ്രവങ്ങളിൽനിന്നും നിങ്ങളെ കാത്തുകൊള്ളട്ടെ. സമാധാനത്തിന്റെ മാലാകാ, നിങ്ങളോടുകൂടെയിരുന്നു ആകൽക്കൎസ്സായുടെ വഞ്ചനയിൽനിന്നു നിങ്ങളെ കാത്തുകൊള്ളട്ടെ. കൊല്ലുന്നതായ അസൂയയിൽനിന്നു ദൈവം നിങ്ങളെ രക്ഷിക്കട്ടെ. അന്യോന്യം നിങ്ങളെ താൻ സന്തോഷിപ്പിക്കയും നിങ്ങളിൽനിന്നു ദുഃഖങ്ങളെ നീക്കിക്കളകയും ചെയ്യട്ടെ. അബ്രാഹം യിസ്ഹാക്കിലും, യിസ്ഹാക്കു യാക്കോബിലും, യാക്കോബ് യൌസേഫിലും സന്തോഷിച്ചതുപോലെ, നിങ്ങളും അവരിൽ സന്തോഷിപ്പാനായിട്ടു, കൎത്താവു നീതിയുള്ള മക്കളെ നിങ്ങൾക്കു നല്കട്ടെ. ദൈവം നോഹയെയും, അവന്റെ മക്കളെയും അനുഗ്രഹിച്ച്, നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി

പെരുകി ഭൂമിയിൽ നിറവിൻ എന്നു അവരോടു അരുളി ച്ചെയ്യു ആ അനുഗ്രഹം നിങ്ങളുടെമേൽ വസിക്കട്ടെ. ദൈവം അബ്രാഹാമിനെയും യിസ്സാക്കിനെയും യാക്കോ ബിനെയും അനുഗ്രഹിച്ച ആ അനുഗ്രഹവും നിങ്ങളു ടെമേൽ വസിക്കട്ടെ. ദൈവം ആകാശത്തിൽനിന്നു മ ഞ്ഞും, ഭൂമി പുറപ്പെടുവിക്കുന്ന സകല നന്മകളും നിങ്ങ ൾക്കു നല്കട്ടെ. യാക്കോബ് അവൻെറ പുത്രനായ യൌസേഫിനെ വാഴ്ത്തി, നിൻെറ പിതാവിൻെറ ദൈവം നിന്നെ സഹായിക്കുമെന്നു പറഞ്ഞ ആ വാഴ്വും നി ങ്ങളുടെമേൽ വസിക്കട്ടെ. ദൈവത്തെ സ്നേഹിക്കയും, തൻെറ തിരുവിഷ്ടത്തെ പ്രസാദിപ്പിക്കയും ചെയ്തിട്ടുള്ള വരുടെ അനുഗ്രഹം നിങ്ങളുടെമേലും, ഇന്നു പട്ടക്കാര ൻെറ കൈകളാൽ നിങ്ങളുടെ തലകളിൽ വെക്കപ്പെട്ട കിരീടങ്ങളിൻമേലും വസിക്കട്ടെ. കൎത്താവിൻെറ നാമം നിങ്ങളുടെമേൽ വിളിക്കപ്പെട്ടിരിക്കയാൽ, സകല ജാതി കളും സന്തോഷിച്ചു സ്തുതിപാടട്ടെ. ദൈവം, ഐശ്വ ൎയ്യങ്ങൾകൊണ്ടും, സമ്പത്തുകൊണ്ടും, സകല ഭാഗ്യങ്ങ ൾകൊണ്ടും നിങ്ങളെ അഭിവൃദ്ധിപ്പെടുത്തട്ടെ. ആ പാ പിയായ സ്ത്രീയുടെ പാപങ്ങൾ പരിഹരിച്ചതുപോലെ, നിങ്ങളുടെ കടങ്ങളും പാപങ്ങളും പരിഹരിക്കപ്പെടുമാറാ കട്ടെ. വലത്തു ഭാഗത്തെ കള്ളനെപ്പോലെ നിങ്ങളും സ്വൎഗ്ഗരാജ്യത്തിന്നു അവകാശികളായിത്തീരട്ടെ. മിസ്രേ നിൽനിന്നു പുറപ്പെടുവിച്ച ആ മണവാട്ടിയുമായി ഉടമ്പ ടിചെയ്യാൻ സീനായിപൎവ്വതത്തിൽ ഇറങ്ങിയ അത്യുന്ന തൻ നിങ്ങളെയും നമ്മുടെ സൎവ്വസംഘത്തെയും വാഴ്ത്തു മാറാകട്ടെ. സ്വൎഗ്ഗത്തിൻെറയും ഭൂമിയുടെയും നാഥന്നു നാം സ്തുതികരേററുകയും ചെയ്യണം. ഹാശാ.—

ജനം. ആമ്മീൻ.

[illegible]

[illegible]

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

അർത്ഥം.

പട്ടക്കാരൻ. ഏദൻതോട്ടത്തെ സ്ഥാപിച്ച മഹത്വവാനായുള്ളോവേ, എന്നെ വിവാഹം നിശ്ചയിച്ച യൌവനക്കാരൻ നീ ആകുന്നു. എന്നെ തണുപ്പിക്കുന്ന നിൻെറ തോട്ടങ്ങളിൽനിന്നു ഇമ്പകരമായ കാററു എനിക്കായി വീശിക്കേണമേ.

കർത്താവേ, നിൻെറ നാമത്തിൽ വിവാഹം നിശ്ചയിക്കപ്പെട്ടിരിക്കുന്ന മണവാട്ടിയായി നിനക്കു വിവാഹം നിശ്ചയിക്കപ്പെട്ടവൾ ഞാനാകുന്നു. സത്യത്തിൻെറയും നീതിയുടെയും മണവാളനായുള്ളോവേ, ഞാൻ നിന്നിൽ അഭയം പ്രാപിച്ചിരിക്കയാൽ എന്നോടു കരുണ ചെയ്യേണമേ.

നിൻെറ സ്ലീബായാൽ എൻെറ സ്ത്രീധനത്തെ നീ കൊടുത്തു തീർത്തു. നിൻെറ കഷ്ടാനുഭവങ്ങളാൽ എന്നെ നീ സ്വാതന്ത്ര്യപ്പെടുത്തി. ഉന്നതത്തിൽ എനിക്കു നീ മണവറ ചമച്ചിരിക്കുന്നു. ഞാൻ നിൻേറതായി തീരുവാൻ എന്നെ നീ വിളിച്ചുമിരിക്കുന്നു.

കള്ളന്മാർ എൻെറ മേൽ വീണ്, എൻെറ സൌന്ദര്യത്തെ നശിപ്പിപ്പാൻ മനസ്സുവെച്ചു. നിന്നോടുള്ള സ്നേഹത്താൽ ഞാൻ അവരെ തള്ളിയിട്ട് ഞാൻ അടിമയിൽനിന്നു സ്വാതന്ത്ര്യം പ്രാപിക്കയും ചെയ്തു.

ഗീതം

എദെൻതോട്ടത്തിന്നുടയോനേ !—
എന്നെ വേൾക്കുവാൻ വന്നവൻ നീ.
ഇളംകാററത്തു കൊണ്ടുപോക—
ഉല്ലാസം എനിക്കവിടെയുണ്ടു.

കർത്തനേ, എന്നെ വേളിക്കായ് നീ—
നിശ്ചയിച്ച മണവാട്ടിയായ് ഞാൻ.
വിശുദ്ധനാം സത്യമണവാളാ—
കരുണചെയ്കെന്നിൽ, ശരണം നീയേ.

കുരിശിനാൽ കൊടുത്തെൻ സ്ത്രീധനവും—
കഷ്ടപ്പാടാൽ സ്വാതന്ത്ര്യതയും.
എൻ മണവറ ഉന്നതത്തിൽ—
നിൻ വകയായ് വിളിച്ചെന്നെ നീ.

കള്ളന്മാർ എൻെറ സൌന്ദര്യത്തെ—
കൊള്ളചെയ്വാൻ മോഹിച്ചെതിർത്തു

തിരുസ്നേഹത്താൽ മെതിച്ചവരെ—
അടിമയിൽനിന്നു ഞാൻ സ്വാതന്ത്ര്യയായി.

¶ മണവാളൻ മണവാട്ടിയുടെ കഴുത്തിൽ മിന്നുകെട്ടി മന്ത്രകോടി ഇട്ട ശേഷം പട്ടക്കാരൻ പിന്നാലെയുള്ളതു ചൊല്ലിക്കൊണ്ടു അവരെ അനുഗ്രഹിക്കയും ദമ്പതിമാർ വണങ്ങിക്കൊണ്ടു കരിശുവരെക്കയും ചെയ്യണം.

ܒܥܘܬܐ ܕܡܪܝ ܝܥܩܘܒ.

ܦܫܘܛ ܝܡܝܢܟ ܒܪ ܐܠܗܐ ܘܒܪܟ ܐܢܘܢ.
ܠܚܬܢܐ ܘܟܠܬܐ ܐܦ ܠܟܠܝ̈ܠܐ ܕܪ̈ܝܫܗܘܢ ❖
ܒܪܟ ܡܪܝܐ ܠܚܬܢܐ ܘܟܠܬܐ ܒܫܡ̈ܗܝܗܘܢ.
ܘܐܦ ܢܬܒܪܟܘܢ ܥܡ ܒܢ̈ܝܗܘܢ [illegible] ܢܘܗܪܐ ❖
[illegible].
[illegible] ❖ [illegible]
[illegible].
ܠܟ ܫܘܒܚܐ [illegible] ❖

തർജ്ജമ. മാർ യാക്കോബിന്റെ ബൊഊസാ.

പട്ടക്കാരൻ.

ദൈവത്തിന്റെ പുത്രാ, നിന്റെ വലങ്കൈ നീട്ടി, മണവാളനെയും മണവാട്ടിയെയും അവരുടെ തലയിൽ വെച്ചിരിക്കുന്ന കിരീടങ്ങളെയും വാഴ്ത്തണമേ.

കർത്താവേ, മണവാളനെയും മണവാട്ടിയെയും അവരുടെ നാമങ്ങളിൻപ്രകാരം വാഴ്ത്തണമേ. അവരുടെ ആയു

സ്സിൻെറ സംവത്സരങ്ങൾ പ്രകാശമുള്ള ലോകങ്ങളിൽ അനുഗ്രഹപ്രദമായിരിക്കേണമേ.

കർത്താവേ, ഈ കൂട്ടം സ്വർഗ്ഗീയവും ഭൌമവുമായ സകല അനുഗ്രഹങ്ങൾകൊണ്ടും എന്നേക്കും അനുഗ്രഹിക്കപ്പെട്ടതായിരിക്കേണമേ.

കർത്താവേ, നിൻെറ ദാസന്മാരുടെ വായാലുള്ള സ്തുതിയെ, നീ വാഴ്ത്തേണമേ. അവർ കിന്നരങ്ങളാൽ നിർമ്മലമായ സ്തുതികൾ നിനക്കു പാടുകയും ചെയ്യുമാറാകേണമേ.

ഗീതം.

പട്ടക്കാരൻ.

ദേ—വസുതനേ വലങ്കൈനീട്ടി
വാഴ്ത്തീ—ടേണമേ നീ +
മണവാളനെയും മണവാട്ടിയെയും
ശിരസ്സിൻ മുടിയെയും നീ
വാ— ഴ്ത്തുക നാഥാ ദമ്പതികളെയും, +
അവരവർ നാ—മത്തിൽ നീ—
വാഴ്ത്തുക ഇവരിൻ ജീവിതകാലം
വെളിവിൻ ലോകെ-നീ.
ഈ—നിൻ ജനവും എന്നെന്നേക്കും
വാഴ്ത്ത— പ്പെടേണം— +
വാഴ്ത്തീടണമേ ഇഹപരലോക,
വാഴ്വാലിവരെ—നീ.
വാ—ഴ്ത്തീടുക + നിൻ അടിയാർ വാഴ്സിൻ
സ്തുതിയെ— നാഥാ നീ-
വാഴ്ത്തീടുക വീണകളാൽ നിന്നെ
വന്ദനം ചെയ്യീ—ടുവാൻ.

* ܦܘܪܡܐ *

ഫ്രത്താമ്മാ

പട്ടക്കാരൻ.

എന്റെ വാത്സല്യമുള്ള സഹോദരന്മാരേ, നാം എല്ലാവരും ദൈവത്തിന്റെ ഭവനത്തിൽ നില്ക്കുന്ന ഈ സമയത്തു വിശ്വാസികളെ കരുതൽപ്പെടുത്തണമെന്നു, നമ്മുടെ വിശുദ്ധപിതാക്കന്മാരിൽനിന്നു നാം കൈക്കൊണ്ടിട്ടുള്ളതും, നമ്മുടെ ബഹുമാനപ്പെട്ട പൂർവ്വന്മാർ നമ്മെ ഭരമേല്പിച്ചതുമായ ഒരു പതിവു നമുക്കുണ്ട്. നമ്മുടെ മുൻപാകെ നില്ക്കുന്നവരോടു, അവർ സത്യത്തിലും നീതിയിലും നല്ല പ്രവൃത്തികളിലും താല്പര്യമുള്ളവരും, സൽക്രിയകളിൽ ജാഗ്രതയുള്ളവരും, ആയിരിപ്പാൻ വിണ്ടും ഉറപ്പായി നാം കല്പിക്കണം.

ഇപ്പോൾ ഞങ്ങളുടെ മക്കളേ ! നിങ്ങൾ ദൈവത്തിന്റെ മുൻപാകെയും, നമ്മുടെ കർത്താവായ യേശുമ്ശിഹായുടെ സിംഹാസനമാകുന്ന ജീവന്റെ മേശയുടെ മുൻപാകെയും, സ്ലീബായുടെ മുൻപാകെയും, വിശുദ്ധ ഏവൻഗേലിയോന്റെ മുൻപാകെയും, ഈ യോഗത്തിന്റെ മുൻപാകെയും, ഹൃദയവിചാരങ്ങളെ അറിയാത്തവന്റെ മുൻപാകെ അല്ല, അറിയുന്നവന്റെ മുൻപാകെയും അത്രെ നില്ക്കുന്നതു എന്നു കരുതിക്കൊൾവിൻ. ഇതാ ഇതുമുതൽ നിങ്ങളെ തമ്മിൽ തമ്മിൽ ഞങ്ങൾ ചേർത്തിരിക്കുന്നു. ദൈവം എനിക്കും നിങ്ങൾക്കും ഇടയിൽ മദ്ധ്യസ്ഥനായിരിക്കട്ടെ. നിയമവിരുദ്ധമായി നിങ്ങൾ ചെയ്യുമെന്ന സകലത്തിൽനിന്നും ഞാൻ കുററമില്ലാത്തവനായിരിക്കും. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും പട്ടക്കാരുടെമേലും, ശെമ്മാശന്മാരുടെ മേലും, വിശ്വാസമുള്ള ജനത്തിന്മേലും മണവാളന്റെ മേലും, മണവാട്ടിയുടെ മേലും വിരുന്നിന്നു ക്ഷണിക്കപ്പെട്ടവ

രുടെമേലും, ക്ഷണിക്കുന്നവരുടെമേലും വന്നാവസിച്ചു വ്യാപിക്കുമാറാകട്ടെ. നമ്മുടെ കൎത്താവേശുമ്ശിഹായുടെ വലങ്കൈ എല്ലായ്പ്പോഴും ഇവരുടെമേൽ പാൎക്കയും ചെയ്യട്ടെ.

ജനം. ആമ്മീൻ.

അതിൻെറ ശേഷം

പട്ടക്കാരൻ.

വീണ്ടും വിശ്വാസികളേ! നിങ്ങളിൽ ഓരോരുത്തന്നു അവനവൻെറ ഭാൎയ്യയുമായുള്ള ബന്ധം ഏതുവിധത്തിൽ ഇരിപ്പാൻ ന്യായമാകുന്നു എന്ന് ഓരോരുത്തനും സൂക്ഷിച്ചുകൊള്ളണമെന്നുള്ള ഈ കല്പന നിങ്ങളോടു എല്ലാവരോടും ആകുന്നു എന്നു അറിഞ്ഞുകൊൾവിൻ. എന്തുകൊണ്ടെന്നാൽ, ഇവൾ ഇവളുടെ ചാൎച്ചക്കാരെ വിട്ടുപിരിഞ്ഞു് ഇവളുടെ ഭൎത്താവിനോടു ഒന്നിച്ചിരിക്കുന്നു. അതിനാൽ അവൻ ഇനിയും അവളെ പ്രസാദിപ്പിച്ചു്, അവളോടു ദയവായി വൎത്തിക്കണം. അവൻ നഗ്നനാകേണ്ടി വന്നാലും, അവളെ വസ്ത്രം ധരിക്കുമാറാക്കണം. അവന്നു വിശന്നാലും, അവൾക്കു ആഹാരം കൊടുക്കണം. അവൻ ദാഹിച്ചിരുന്നാലും, അവൾക്കു കുടിപ്പാൻ കൊടുക്കണം. അവൻ അവളോടു ഏതുപ്രകാരം വൎത്തിക്കണമോ, അതുപോലെ അവളും അവനോടു വൎത്തിക്കയും, യോഗ്യമാംവണ്ണം അവനെ ശുശ്രൂഷിക്കയും ചെയ്യേണ്ടതു ന്യായമല്ലോ ആകുന്നു. അവൾ സകലത്തിലും സ്നേഹത്തോടും പ്രേമത്തോടും അവനോടു വൎത്തിക്കയും വേണം. നമ്മുടെ കൎത്താവായ യേശുമ്ശിഹായുടെ കൃപ ഞങ്ങളുടെമേലും നിങ്ങളുടെമേലും എന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ!

ജനം. ആമ്മീൻ.

ആശീവ്വാദം

പട്ടക്കാരൻ.

ആകാശവും ഭൂമിയും സൃഷ്ടിച്ച കത്താവിനാൽ നിങ്ങൾ എല്ലാവരും അനുഗ്രഹിക്കപ്പെട്ടവരാകുന്നു. ആത്മിയമായ ഈ ശുശ്രൂഷയിൽ ഞങ്ങളോടുകൂടെ ഒരുമിച്ചു വന്നു സംബന്ധിച്ചിട്ടുള്ള നിങ്ങളെല്ലാവരെയും ദൈവമായ കത്താവു അനുഗ്രഹിച്ചു ശുദ്ധീകരിക്കട്ടെ. പിതാവും പുത്രനും പരിശുദ്ധരൂഹായുമായ ദൈവം, ബലഹീനതയും കുറവുമുള്ള നമ്മുടെ പ്രാത്ഥനകൾ ഉന്നതമായ തന്റെ സിംഹാസനത്തിൻ മുൻപാകെ കേൾക്കയും കൈക്കൊള്ളുകയും ചെയ്യുമാറാകട്ടെ.

ജനം. ആമ്മീൻ.

വിശുദ്ധ വിവാഹശുശ്രൂഷക്രമം അവസാനിച്ചു.

ܛܟܣܐ
ܕܡܫܡܫܢܘܬܐ ܕܥܠ ܐܢܬܬܐ ܕܝܠܕܬ ܒܗ ܒܝܘܡܐ
ܐܘ ܒܬܪ ܝܠܕܬܐ ܡܢ ܟܗܢܐ ܡܫܡܫܢܐ.

പ്രസവസ്ത്രീശുശ്രൂഷക്രമം

ܫܘܒܚܐ ܠܐܠܗܐ ❖ ܒܡܪ̈ܘܡܐ ❖

ܘܥܠ ❖ ܐܪܥܐ ܫܝܢܐ ܘܣܒܪܐ ❖
ܛܒܐ ܠܒܢܝ̈ ܐܢܫܐ.

ܫܘܒܚܐ ❖ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ ܠܥܠܡ ܥܠܡܝܢ.

പട്ടക്കാരൻ.

പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജനം.

ബലഹീനന്മാരും പാപികളുമായ—

പ്രാരംഭപ്രാൎത്ഥന.

പട്ടക്കാരൻ.

സൎവ്വശക്തിയുള്ളവനും, തന്റെ മഹാശക്തിയാലും ദിവ്യജ്ഞാനത്താലും, സകലത്തെയും ഭരിക്കുന്നവനുമായ ദൈവമായ കൎത്താവേ, പ്രസവത്തിന്റെ സകല ആപത്തുകളിൽനിന്നും വിഷമതരങ്ങളായ ഉപദ്രവങ്ങളിൽനിന്നും നീ രക്ഷിക്കയും, ഇന്നു സുഖത്തോടുകൂടി നിന്റെ വിശുദ്ധമന്ദിരത്തിൽ വന്നു, നിന്റെ കൎത്തൃത്വത്തെ വന്ദിപ്പാനും, നിന്റെ പരിശുദ്ധനാമത്തെ സ്തു

തിപ്പാനും, നീ ഇടവരുത്തുകയും ചെയ്തിരിക്കുന്ന ഈ നിന്റെ ദാസിക്കു വേണ്ടി നിന്റെ ശ്രേഷ്ഠതയുടെ സന്നിധിയിൽ ഞങ്ങൾ അണെക്കുന്ന പ്രാൎത്ഥനകളും സ്തോത്രങ്ങളും നീ കൈക്കൊള്ളേണമേ. കൎത്താവേ, നിന്റെ അനുഗ്രഹത്തിന്റെ ബഹുത്വത്താൽ ഇവളെ ദൎശിച്ചു, ഇവളുടെ മേൽ കരുണചെയ്യേണമേ. നിന്റെ അടുക്കൽ നിന്നു ഐശ്വൎയ്യങ്ങളുടെ വാഴ്വുകൾ ഇവൾക്കു അയച്ചുകൊടുക്കേണമേ. പിതാവും പുത്രനും വിശുദ്ധറൂഹായുമായ ദൈവമേ, ഞങ്ങൾ എല്ലാവരുടെ മേലും നീ നിന്റെ അനുഗ്രഹങ്ങൾ വൎഷിപ്പിക്കയും ചെയ്യേണമേ. ഹാശാ—

ജനം. ആമ്മീൻ.

ܘܡܘܠܟܝܢ ܡܫܒܚܐ.

ܫܪܐ ܐܬܝܘܢ ܠܡܫܪܝܐ ܕܠܒܟܘܢ ܘܐܬܦܬܚܘ
ܠܟܠܗ ܗܘ ܗܘ ܕܡܪܐ ܕܡܘܬܒܐ ܐܬܐ ܘܚܡܐܠܗ
ܕܫܪܝܐ ܐܪܐ ܀ ܠܟ ܐܪܥܢܝܢ ܕܥܠܝܐ ܕܡܫܝܚܐ
ܗܘ ܗܘ ܘܡܪܝܢ ܠܡܫܪܝܐ ܐܬܝܘܢ ܥܡܢ ܠܟܠܗ
ܠܡܫܪܐ ܀ ܒܪܡܫܝܢ. ܡܫܒܚܐ. ܘܡܢ ܀
ܠܡܘܬܐ. ܡܫܒܚܐ.

ܫܘܒܚܐ ܫܝܪܐ ܕܙܕܝܩ ܗܘܐ. ܡܢ ܥܠ ܡܫܒܚܘ
ܕܡܪܝܐ. ܐܢܬ ܒܡܫܝܚܐ. ܡܫܒܚܝܢ. ܐܒܐ ܕܐܪܐ
ܘܡܪܝܐ ܀ ܡܫܒܚ. ܡܫܒܚܝܢ. ܠܡܪܐ. ܘܒܪܐ ܀

കുക്ക്ലയൊൻ

പട്ടക്കാരൻ

എന്നോടുള്ള തന്റെ സകല ഉപകാരങ്ങൾക്കും പകരം ഞാൻ കർത്താവിന്നു എന്തുകൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു് കർത്താവിന്റെ തിരുനാമം വിളിച്ചപേക്ഷിക്കും.

ഞാൻ നിനക്കു സ്തുതിയാകുന്ന യാഗങ്ങൾ കഴിക്കും. ഞാൻ കർത്താവിന്നു എന്റെ നേർച്ചകളെ സകല ജനത്തിന്റെയും മുൻപാകെ കഴിക്കും. ബാറെക്മാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നേ. ആമ്മീൻ.

എക്ബാ.

പട്ടക്കാരൻ.

യിഹൂദായുടെ ഗോത്രത്തിൽനിന്നു് ഉദിച്ച സിംഹക്കുട്ടിയായുള്ളോവേ, നിന്റെ ബലമുള്ള ശക്തിയാൽ ഈ നിന്റെ ദാസിയെ കാത്തു്, ഇവളെ അനുഗ്രഹിക്കേണമേ.

ശുശ്രൂഷകൻ. സ്തൗമെൻകാലോസ്.

ജനം. കുറിയേലായിസ്സോൻ.

പ്രൊമ്യോൻ

പട്ടക്കാരൻ. നാമെല്ലാവരും പ്രാർത്ഥിച്ചു്............

ജനം. അനുഗ്രഹിക്കുന്നവനായ കർത്താവേ............

പട്ടക്കാരൻ.

സ്തുതിയും സ്തോത്രവും..........

തങ്കലേക്ക അടുത്തു വരുന്ന എല്ലാവരെയും ജീവിപ്പിക്കുന്നവനും രക്ഷിക്കുന്നവനും, തന്നിൽ ആശ്രയിക്കുന്ന എല്ലാവരുടെയും സങ്കേതസ്ഥലവും, തന്റെ മക്കളുടെ ആവശ്യം അറിഞ്ഞു തന്റെ കൃപയാൽ അവരെ സഹായിക്കുന്നവനും, മലിനതയുള്ളവരെ വെടിപ്പാക്കുന്ന സോപ്പായും, അശുദ്ധിയുള്ളവരെ ശുദ്ധീകരിക്കുന്നവനും, പാപങ്ങളെ ക്ഷമിക്കുന്നവനുമായ മ്ശിഹാതമ്പുരാന്ന്, തന്റെ ദാസിക്കു വേണ്ടിയുള്ള സ്തോത്രപ്രാൎത്ഥന പൂൎണ്ണമാക്കപ്പെടുന്ന ഈ നേരത്തും, നമ്മുടെ ആയുഷ്കാലം മുഴുവനും സ്തുതിയും ബഹുമാനവും യോഗ്യമായിരിക്കുന്നു. ഹാശാ—

ജനം. ആമ്മീൻ.

സെദറാ.

പട്ടക്കാരൻ.

മനുഷ്യരുടെ ആയുസ്സിനെക്കുറിച്ചു താല്പൎയ്യമുള്ളവനും, സഹായങ്ങൾ നല്കുന്നവനും നന്മകളെ പ്രദാനം ചെയ്യുന്നവനും, കടങ്ങളെ പരിഹരിക്കുന്നവനുമായ മ്ശിഹാതമ്പുരാനേ, ഈ നിന്റെ ദാസിയുടെ പ്രസവസമത്തു ഇവൾക്കു ചെയ്തുകൊടുത്തതും ഇവളെ കാത്തുരക്ഷിച്ചതുമായ നിന്റെ സകല കൃപകൾക്കും വേണ്ടി, നിന്റെ തിരുസന്നിധിയിൽ ഞങ്ങൾ സ്തോത്രം അൎപ്പിച്ച്, നിന്റെ പരിശുദ്ധ തിരുനാമത്തെ സ്തുതിക്കുന്നു. ഇപ്പോഴും കൎത്താവേ, നിന്റെ പരിശുദ്ധ മദ്ബഹായുടെ മുൻപാകെ അടുത്തുവന്നിരിക്കുന്ന ഈ നിന്റെ ദാസിയെ നിന്റെ വലങ്കൈ നീട്ടി അനുഗ്രഹിക്കേണമേ. ഇവളുടെ മേലും (ഇവളുടെ ശിശുവിന്മേലും) അനുഗ്രഹങ്ങളും കരുണയും നീ ചൊരിയേണമേ. പാപത്തിന്റെ സകല അശുദ്ധിയിൽനിന്നും ഇവളെ നീ വെടിപ്പാക്കേണമേ. ശക്തിയുള്ളതും സഹായം നല്കുന്നതുമായ നിന്റെ വല

ക്കെയെ എപ്പോഴും ഓൎപ്പാനും, നിന്റെ കരുണയിൽ ആശ്രയിപ്പാനും ഇവൾക്കു കൃപ നല്കേണമെ. നിന്റെ ചിറകുകളുടെ നിഴലിൻകിഴിൽ ഇവളെ മറെച്ചുകൊള്ളേണമെ. നിന്റെ നന്മകൾ ഇവൾക്കു വൎദ്ധിപ്പിച്ചു കൊടുക്കേണമെ. ജീവന്റെ വഴികളിൽകൂടി നടപ്പാനും, നിന്നിലുള്ള സത്യവിശ്വാസത്തിൽ നിലനില്പാനും, വിശുദ്ധിയിൽ ഇവളുടെ ആയുസ്സിനെ പൂൎണ്ണമാക്കുവാനും, നിന്നെ പ്രസാദിപ്പിച്ചിട്ടുള്ള എല്ലാവരോടുംകൂടെ അഴിവില്ലാത്ത ഭാഗ്യങ്ങളിൽ ഓഹരി കണ്ടെത്തുവാൻ യോഗ്യതയുള്ളവളായി തീരുവാനും ഇവളെ നീ സഹായിക്കേണമെ. നിനക്കും നിന്റെ പിതാവിന്നും നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റും. ഹാശാ—

ജനം. ആമ്മീൻ.

ܘܠܐ ܒܣܪܗ ܕܒܪܢܫܐ .

ܬܫܒܘܚܬܐ ܠܗ [illegible] . ܕܡܫܬܒܚ ܐܠܗܐ . ܕܒܥܠܡܝܢ

ܒܗ . ܠܟܠ ܒܠܝܗ ܠܒܝܬܗܘܢ . ܗܘܝ ܡܚܝ

ܠܡܠܟ . ܫܒܚܐ ܡܫܡܫܠܝܐ . ܘܩܘܪܒܐ ܕܡܪܐ .

ܘܫܘܒܚܝܢ ܒܥܠܡܝܢ ؛ ܐܡܝܢ ؛ ܠܡܠܘܐܠܐ . ܒܪܗ

ܕܡܪܝܡܐ . ܕܡܪܐ ܠܒܢܝܢܐ . ܦܠܚܝܢ ܫܡܝܐ .

ܫܒܚܝ ܠܡܠܟ . ܡܠܟܘܬܐ ܕܥܠܡܝܢ . ܘܒܟܘܢ

ܒܥܘܬܢ . ܡܢ ܟܠ ܒܝܫܐ ؛

കാലാ

പട്ടക്കാരൻ

വൃണ്ണഹൃദയത്തോട്ടുകൂടെ തന്നിൽ ആശ്രയിക്കു ന്ന വിശ്വാസികളുടെ പ്രത്യാശയായ യേശുവേ, നി നിന്റെ ദാസിക്കു ഹിതകരമായ പരിചയ്യം, ഉന്നതമായ കോട്ടയ്യം ആയിരുന്ന് നിന്റെ ചിറകുകൊണ്ടു ഇവളെ മറെച്ചുകൊള്ളേണമേ. ബാറെക്മാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹാ യ്ക്കും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നേ. ആ മ്മീൻ.

പട്ടക്കാരൻ

തന്റെ മക്കൾക്കു സകല നല്ല ദാനങ്ങളെയ്യം വ ഷിച്ചുകൊടുക്കുന്ന അത്യുന്നതന്റെ കടിഞ്ഞൂലായ അ മ്മാനുവേലേ, നിന്റെ വിശുദ്ധറൂഹായുടെ നൽവരം ഈ നിന്റെ ദാസിക്കു ദാനം ചെയ്തു, സകല തിന്മകളി ൽനിന്നും നിന്റെ സോപ്പായാൽ ഇവളെ വെടിപ്പാക്കേ ണമേ.

ജനം

കൎത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു, ഞങ്ങൾക്കു സഹായം ചെയ്യേണമേ.

¶ ഇവിടെ ൧൧൬-ാം സങ്കീൎത്തനം വാക്യപ്രതിവാക്യമായി ചൊല്ലണം.

കൎത്താവു, എന്റെ അപേക്ഷയുടെ ശബ്ദം കേ ൾക്കുമെന്നുള്ളതുകൊണ്ടു ഞാൻ അവനെ സ്നേഹിച്ചു.
2. ഞാൻ അവനെ വിളിക്കും എന്ന ദിവസത്തിൽ അവൻ തന്റെ ചെവിയെ എങ്കലേക്കു ചായിക്കും.
3. എന്തെന്നാൽ മരണവേദനകൾ എന്നെ ചുററി,

പാതാളത്തിന്റെ ഞെരുക്കങ്ങൾ എനിക്കു അടുത്തു. ഞെരുക്കവും അരിഷ്ടതയും ഞാൻ അനുഭവിച്ചു.

4. കർത്താവേ, എന്റെ പ്രാണനെ രക്ഷിക്കേണമെന്നു ഞാൻ കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു.

5. കർത്താവേ, നീ കരുണയും നീതിയുമുള്ളവനാകുന്നു. ദൈവമേ, നീ കരുണയുള്ളവനാകുന്നു.

6. കർത്താവു, അല്പബുദ്ധികളെ കാക്കുന്നു. അവൻ എന്നെ താഴ്ത്തി, എന്നെ രക്ഷിക്കയും ചെയ്തു.

7. എന്റെ ആത്മാവേ, നിന്റെ വിശ്രാമത്തിലേക്കു നീ തിരിഞ്ഞുകൊൾക. എന്തെന്നാൽ കർത്താവു നിനക്കു ഉപകാരം ചെയ്തിരിക്കുന്നു.

8. എന്തെന്നാൽ എന്റെ പ്രാണനെ മരണത്തിൽനിന്നും എന്റെ കാലുകളെ പിഴകളിൽനിന്നും നീ രക്ഷിച്ചു.

9. ദൈവമേ, ജീവനുള്ളവരുടെ ദേശത്തു്, നിന്റെ മുൻപാകെ ഇഷ്ടമുള്ളവനായിരിക്കേണ്ടതിനു തന്നേ.

10. ഞാൻ വിശ്വസിച്ചു, ഞാൻ സംസാരിച്ചു, ഞാൻ ഏററവും എളിമപ്പെട്ടുമിരിക്കുന്നു.

11. എല്ലാ മനുഷ്യരും അസത്യവാദികളെന്നു, ഞാൻ എന്റെ പരിഭ്രമത്തിൽ പറഞ്ഞു.

12. എന്നോടുള്ള തന്റെ സകല ഉപകാരങ്ങൾക്കും പകരം ഞാൻ കർത്താവിന്നു് എന്തുകൊടുക്കും ?

13. ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു് കർത്താവിന്റെ തിരുനാമം വിളിച്ചപേക്ഷിക്കും.

14. ഞാൻ കർത്താവിന്നു് എന്റെ നേർച്ചകളെ സകല ജനത്തിന്റെയും മുൻപാകെ കഴിക്കും.

15. കൎത്താവിൻെറ കണ്കളിൽ തൻെറ നീതിമാന്മാരുടെ മരണം വിലയേറിയതാകുന്നു.

16. കൎത്താവേ, ഞാൻ നിൻെറ ദാസനാകുന്നു. ഞാൻ നിൻെറ ദാസനും, നിൻെറ ദാസിയുടെ പുത്രനുമാകുന്നു. നീ എൻെറ ബന്ധനങ്ങളെ എന്നിൽനിന്നു അഴിച്ചു.

17. ഞാൻ നിനക്കു സ്തുതിയാകുന്ന യാഗങ്ങളെ അൎപ്പിച്ചു് കൎത്താവിൻെറ തിരുനാമം വിളിച്ചപേക്ഷിക്കും.

18. ഞാൻ കൎത്താവിന്നു എൻെറ നേൎച്ചകളെ സകല ജനത്തിൻെറയും മുൻപാകെയും,

19. കൎത്താവിൻെറ ഭവനത്തിൻെറ പ്രാകാരങ്ങളിലും ഊൎശ്ലേമേ, നിൻെറ നടുവിലും കഴിക്കും.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്‌മാർ.

പട്ടക്കാരൻ

പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹായിക്കും സ്തുതി.

ജനം

ആദിമുതൽ എന്നെന്നേക്കും തന്നേ. ആമ്മീൻ.

ശുശ്രൂഷകൻ

ഹാലേലൂയ്യാ ഉ ഹാലേലൂയ്യാ ഞാൻ ബഹുമാനപൂൎവ്വം നിൻെറ ഭവനത്തിലേക്കു വരും, എൻെറ അധരങ്ങൾ ഉച്ചരിച്ചിട്ടുള്ള നേൎച്ചകളെ ഞാൻ നിനക്കു കഴിക്കും. ഹാലേലൂയ്യാ.

¶ ഇവിടെ പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നു.

വിശു. ലൂക്കോസു ൨ അ. ൨൨—൨൭.

മോശെയുടെ ന്യായപ്രമാണപ്രകാരം അവരുടെ

ശുദ്ധീകരണദിവസങ്ങൾ തികഞ്ഞപ്പോൾ കടിഞ്ഞൂലായ ആൺ ഒക്കെയും കർത്താവിന്റെ വിശുദ്ധൻ എന്നു വിളിക്കപ്പെടണമെന്ന്, കർത്താവിന്റെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നതുപോലെ, കർത്താവിന്റെ മുൻപാകെ അവനെ നിർത്തുവാനും, കർത്താവിന്റെ ന്യായപ്രമാണത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, ഒരിണ ചെങ്ങാലിയെയൊ രണ്ടു പ്രാവിൻകുഞ്ഞുങ്ങളെയൊ യാഗമായി കൊടുപ്പാനും ഊർശ്ലേമ്മിലേക്കു അവനെ കൊണ്ടുപോയി. എന്നാൽ ഊർശ്ലേമിൽ ശെമഓൻ എന്നു പേരുള്ള ഒരു പുരുഷൻ ഉണ്ടായിരുന്നു. ഈ മനുഷ്യൻ നീതിമാനും, പരിശുദ്ധനും, ഇസ്രായേലിന്റെ ആശ്വാസത്തിന്നായി നോക്കിപ്പാർക്കുന്നവനും ആയിരുന്നു. പരിശുദ്ധാത്മാവും അവന്റെ മേൽ ഉണ്ടായിരുന്നു. കർത്താവിന്റെ മ്ശിഹായെ കാണുന്നതുവരെ, അവൻ മരണം കാണുകയില്ലെന്ന് പരിശുദ്ധറൂഹായാൽ അവനോടു പറയപ്പെട്ടുമിരുന്നു.

നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജനം

നിന്റെ ആത്മാവോടു കൂടെയും ഉണ്ടായിരിക്കട്ടെ.

[illegible]

[illegible]

[illegible]

[illegible]

[illegible]

ܠܡܠܟܘܬܐ ܫܡܝܐ. ܘܗܒ ܠܢ ܫܠܡܐ ܥܡ
ܪ̈ܘܚܐ. ܕܐܬܢܝܚܘ ܫܘܒܚܐ ܠܡܫܝܚܐ ܀ ܘܗܒ
ܠܢ ܘܠܟܠܢ ܕ̈ܟܝܐ. ܘܢܗܘܐ ܠܢ ܒܡܫܝܚܘܬܐ.
ܘܕܢܐ ܠܢ ܥܡ ܟܠ ܩܕܝܫܘܗܝ. ܕܫܡܫܘ ܠܗ
ܟܠ ܝܘܡܬܐ ܀ ܫܘܒܚܐ ܠܢ ܡܪܢ ܒܟܠܙܒܢ.
ܡܫܡܗܐ ܕܙܕܝܩܐ ܕܒܗܝܠܐ. ܕܟܠܗܘܢ ܒܝܬ
ܡܪܢ. ܘܬܫܒܘܚܬܐ ܠܫܡܟ ܡܪܝܐ ܀ ܫܡܝܐ ܀

മാർ അപ്രേമ്മിന്റെ അപേക്ഷ.

വട്ടക്കാരൻ.

ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളേണമേ.

ദൈവമേ, നിന്റെ വലക്കൈ നീട്ടി, ഈ നിന്റെ ദാസിയെ അനുഗ്രഹിക്കേണമേ. നിന്റെ കല്പനകളെ ധ്യാനിച്ച്, നിത്യവും നിന്റെ സത്യം പഠിപ്പാൻ ഇവൾക്കു കൃപ നല്കേണമേ.

നിന്റെ കരുണയുള്ള വലക്കൈയാൽ ഇവളെ കാത്തു, സ്വർഗ്ഗരാജ്യത്തിലേക്ക ഇവളെ നടത്തേണമേ. നിന്റെ കർത്തൃത്വത്തിന്നു സ്തുതിപാടുവാൻ ഉയരത്തിൽനിന്നു ഇവൾക്കു സമാധാനം നല്കേണമേ.

ഇവൾക്കു ഹൃദയനിർമ്മലത കൊടുത്തു, വിശുദ്ധികൊണ്ടു ഇവളെ അലങ്കരിക്കേണമേ. ഇവളുടെ ആയുഷ്കാലം

മുഴുവനും നിന്നെ പ്രസാദിപ്പിപ്പാൻ സകല അശുദ്ധിയിൽനിന്നും ഇവളെ വെടിപ്പാക്കേണമെ.

കർത്താവേ, നിന്റെ കർത്തൃത്വത്തിന്റെ ഇഷ്ടം ചെയ്വാനും, അത്യുന്നതമായ നിന്റെ തിരുനാമത്തെ സ്തുതിപ്പാനുമായി നിന്റെ കരുണയാൽ വിശുദ്ധറൂഹായെ ഇവൾക്കു ദാനം ചെയ്യേണമെ.

പ്രാർത്ഥനകളെ കേൾക്കുന്നവനും, യാചനകളെ നല്കുന്നവനുമായുള്ളോവേ, ഞങ്ങളുടെ പ്രാർത്ഥന കേട്ടു ഞങ്ങളോടു നിരന്നു, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകളെ നല്കുമാറാകേണമെ.

അല്ലെങ്കിൽ ഗീതം.

കർത്താവേ, അനുഗ്രഹിക്ക,
ശുശ്രൂഷ-കൈക്കൊള്ളേണമേ.

ദൈവമേ, വലങ്കൈ നീട്ടി,
അനുഗ്രഹിക്ക-നിൻ ദാസിയെ (ദാസികളെ).

നിൻ കല്പനകൾ ധ്യാനിച്ച്,
നിൻ സത്യം പഠിപ്പാ-നരുൾക.

കരുണയിൻ വലങ്കൈയാലെ,
നടത്തണമേ-സ്വർഗ്ഗത്തേക്കു.

നിൻ കർത്തൃത്വത്തെ സ്തുതിപ്പാൻ,
നൽകണമേ-നിൻ സമാധാനം.

ഹൃദയവെടിപ്പാലി-വളെ (വരെ)
അലങ്കരിച്ച്- ശുദ്ധംചെയ്ക.

ആയുസ്സുനാളെല്ലാം-ഇവൾ (ഇവർ)
തിരുവിഷ്ടം-ചെയ്വാനരുൾക.

അശുദ്ധിയിൽ നിന്നി-വളെ (വരെ)
വെടിപ്പാക്കേണമേ-കർത്താവേ.

അത്യുന്നതമാം-നിൻ നാമം
സ്തുതിപ്പാനും-നൽകീടണമേ.

നിൻ കാരുണ്യത്താൽ-ഇവൾക്കു (ഇവക്കു)
സഹായെ-നൽകീടണമേ.

പ്രാൎത്ഥനകൾ കേൾക്കു-ന്നോനേ,
യാചനകൾ- നല്കുന്നോനേ,

ഞങ്ങളിൻ പ്രാൎത്ഥനകൾ-കേട്ടു,
യാചനകൾ നൽകീടണമേ.

ആശീൎവ്വാദം.

പട്ടക്കാരൻ.

സൎവ്വശക്തിയുള്ള ദൈവമായ കൎത്താവു തന്റെ വലങ്കൈ നിന്റെ മേൽ ആവസിപ്പിച്ച്, നിന്നെ അനുഗ്രഹിക്കട്ടെ. രാപ്പകൽ അവൻ നിന്നെ കാത്തു മറെച്ചുകൊള്ളട്ടെ. ഈ ലോകത്തിൽ സകല അരിഷ്ടതകളിൽ നിന്നും, സങ്കടങ്ങളിൽ നിന്നും, ആവലാധികളിൽ നിന്നും അവൻ നിന്നെ രക്ഷിക്കട്ടെ. വരുവാനിരിക്കുന്ന ലോകത്തിൽ അഴിഞ്ഞുപോകാത്ത ഭാഗ്യത്തിന്നും നിത്യജീവന്നും നിന്നെ യോഗ്യയാക്കി തീൎക്കയും ചെയ്യട്ടെ.

സ്ത്രീയും ജനവും. ആമ്മീൻ.

¶ പട്ടക്കാരൻ സ്ത്രീയുടെ തലയിൽ കൈവെച്ചു ചൊല്ലേണ്ട ആശീൎവ്വാദം.

സൎവ്വശക്തിയുള്ള ദൈവമായ കൎത്താവു നിന്റെ മേൽ മനസ്സലിഞ്ഞു, നിന്റെ സകല പാപങ്ങളെയും നിന്നോടു ക്ഷമിക്കയും, നിന്റെ സകല രോഗങ്ങളെയും സൌഖ്യമാക്കുകയും, നിത്യജീവങ്കലേക്കു നിന്നെ വഴി നടത്തുകയും ചെയ്യുമാറാകട്ടെ.

സ്ത്രീയും ജനവും. ആമ്മീൻ.

സൂചനകൾ

¶ 'നിങ്ങളിൽ ഒരുത്തൻ രോഗിയായാൽ സഭയുടെ കശ്ശീശന്മാരെ വിളിക്കട്ടെ' എന്നിത്യാദി തിരുവെഴുത്തിൻ പ്രകാരം ആരെങ്കിലും രോഗമുണ്ടായാൽ പട്ടക്കാരനു അറിവു കൊടുക്കണം.

¶ പട്ടക്കാരൻ രോഗിയുടെ ഭവനത്തിൽ എത്തി രോഗിക്കുവേണ്ടിയുള്ള ശുശ്രൂഷ നടത്തണം. ആ സമയത്തു രോഗിയുടെ സംബന്ധക്കാരും മററും അവിടെയുണ്ടായിരിക്കുന്നതു കൊള്ളാം.

¶ പട്ടക്കാരൻ രോഗിയോടു, മാനസാന്തരപ്പെട്ടു രക്ഷയുടെ അനുഭവക്കാരനായിത്തീരുന്നതിനു വേണ്ട ഗുണദോഷം പറയണം.

¶ ആവശ്യം എന്നു തോന്നിയാൽ പട്ടക്കാരൻ രോഗിയുടെ വീട്ടുകാര്യങ്ങളുടെ തല്ക്കാലസ്ഥിതി അന്വേഷിച്ചു രേഖപ്പെടുത്തുകയും മരണപത്രിക ആവശ്യമായിരുന്നാൽ അതു എഴുതുന്നതിനു രോഗിയെ ഉത്സാഹിപ്പിക്കയും വേണം.

¶ അഗതികളോടും ഇടവകയോടും സമുദായസ്ഥാപനകളോടും ഔദാര്യം കാണിപ്പാൻ പ്രാപ്തരായ രോഗികൾ അങ്ങനെ ചെയ്വാൻ അവരെ ഓർമ്മപ്പെടുത്തണം.

¶ രോഗി വിശുദ്ധകുർബ്ബാനയിൽ സംബന്ധിക്കുന്നതിനു ആവശ്യപ്പെടുകയും പള്ളിയിൽ വരുന്നതിനു കഴിവില്ലാതിരിക്കയും ചെയ്താൽ ആ വിവരം മുൻകൂട്ടി പട്ടക്കാരനെ അറിയിക്കയും പട്ടക്കാരൻ അതു സാധിച്ചുകൊടുക്കയും വേണം. രോഗിയുടെ ചാർച്ചയിൽപ്പെട്ടവർ അന്നേദിവസം വിശുദ്ധകുർബ്ബാനയിൽ സംബന്ധിക്കുന്നതു നന്നായിരിക്കും.

¶ പട്ടക്കാരൻ, രോഗിയുടെ രോഗസ്ഥിതിക്കു അനുസരണമായി ഒന്നാമത്തേതൊ രണ്ടാമത്തേതൊ ശുശ്രൂഷ നടത്തേണ്ടതാകുന്നു.

ܬܟܣܐ

ܕܨܠܘܬܐ ܥܠ ܟܪ̈ܝܗܐ.

---

* ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܕܩܘܕܫܐ *

* ܥܠܝܢ ܚܠܫ̈ܐ ܘܚܛܝ̈ܐ ܢܫܬܦܥܘܢ ܪ̈ܚܡܐ *

രോഗികൾക്കു വേണ്ടിയുള്ള പ്രാത്ഥനക്രമം

പട്ടക്കാരൻ.

പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹായിക്കും സ്തുതി.

ജനം.

ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടു ലോകങ്ങളിലും ചിന്തപ്പെട്ടുമാറാകേണമേ. ആമ്മീൻ.

പ്രാരംഭപ്രാത്ഥന

* ܨܠܘܬܐ ܕܫܘܪܝܐ ܐܦ ܥܠܝܢ ܪ̈ܚܡܐ *

പട്ടക്കാരൻ. ദൈവമായ കത്താവേ, നിൻെറ കരുണയാൽ സങ്കടത്തിൽ ഇരിക്കുന്നവരെ സന്ദശിക്കേണമേ. നിൻെറ കൃപയാൽ രോഗികളെ സുഖപ്പെടുത്തേണമേ. നിൻെറ അനുഗ്രഹത്താൽ ആത്മവ്യസനമുള്ളവരെ ആശ്വസിപ്പിക്കേണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവമേ, നിൻെറ നന്മകളെക്കുറിച്ചു നിന

ക്കു സ്തോത്രം ചെയ്യേണ്ടതിനു നിന്നോടു അനുഗ്രഹങ്ങളും കരുണയും യാചിക്കുന്ന മനോവ്യസനവും ദുഃഖവുമുള്ള എല്ലാവൎക്കും ആത്മാവിന്റെയും ശരീരത്തിന്റെയും സൌഖ്യം നീ നല്കുകയും ചെയ്യേണമേ. ഹാശാ.

ജനം. ആമ്മീൻ.

¶ അതിന്റെ ശേഷം പിന്നാലെയുള്ള കുക്കലയോൻ ചൊല്ലണം.

ܩܘܩܠܝܘܢ ܕܩܝܛܐ.

ܡܪܝܐ ܠܐ ܒܪܘܓܙܟ ܬܟܣܝܢܝ ܘܐܦ ܠܐ ܒܚܡܬܟ
ܬܪܕܝܢܝ ✽ ܚܘܣ ܥܠܝ ܡܪܝܐ ܡܛܠ ܕܟܪܝܗܐ ܐܢܐ
ܐܣܝܢܝ ܡܪܝܐ ܡܛܠ ܕܐܙܕܘܥܘ ܓܪܡܝ ✽ ܘܢܦܫܝ
ܐܙܕܘܥܬ ܛܒ ܘܐܢܬ ܡܪܝܐ ܥܕܡܐ ܠܐܡܬܝ ✽
ܐܬܦܢܐ ܡܪܝܐ ܘܦܪܘܩ ܠܢܦܫܝ ܘܦܪܘܩܝܢܝ
ܡܛܠ ܛܝܒܘܬܟ ✽

ܫܘܒ ✽ ܘܡܢ ✽ ܒܥܘܬܐ.

ܠܢܒܝ ܒܐܘܪܚܟ ܘܒܫܒܝܠܝܟ ܠܥܠܡ ܡܪܝܐ
ܬܫܒܘܚܬܐ ܘܩܘܠܣܐ. ܒܪܘܚ ܐܢܫܐ ܟܠܗ ܒܥܠܡܐ
ܘܐܡܪ ܡܢ ܡܠܟܘܬܐ ܕܫܡܝܐ ܘܫܒܝܚܐ ܘܩܕܝܫ
ܥܠܡܝܢ ✽

[illegible]

കുക്കലെയോൻ

തജ്ജുമ.

പട്ടക്കാരൻ

കർത്താവേ, നിൻെറ കോപത്തിൽ എന്നെ കുററപ്പെടുത്തരുതേ. നിൻെറ ക്രോധത്തിൽ എന്നെ ശിക്ഷിക്കയുമരുതേ.

കർത്താവേ, ഞാൻ രോഗിയായിരിക്കകൊണ്ടു് എന്നോടു കരുണ ചെയ്യേണമേ. കർത്താവേ, എൻെറ അസ്ഥികൾ ഇളകിയിരിക്കകൊണ്ടു് എന്നെ സൌഖ്യമാക്കേണമേ.

എൻെറ പ്രാണൻ ഏററവും ഭ്രമിച്ചിരിക്കുന്നു. കർത്താവേ, നീ എത്രത്തോളം?

കർത്താവേ, നീ തിരിഞ്ഞു എൻെറ പ്രാണനെ വിട്ടുവിക്കേണമേ. നിൻെറ കൃപ നിമിത്തം എന്നെ രക്ഷിക്കയും ചെയ്യേണമേ—ബാറെക്മാർ.

പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നേ. ആമ്മീൻ.

രോഗിയുടെ പ്രാൎത്ഥന

¶ സൌകര്യംപോലെ പട്ടക്കാരൻ ചൊല്ലികൊടുക്കണം

അനുഗ്രഹങ്ങളും കരുണയും നിറഞ്ഞിരിക്കുന്നവനും—മനുഷ്യരെ സ്നേഹിക്കുന്നവനുമായ ദൈവമേ—എൻെറ ദുഃഖങ്ങളിലും—വ്യസനങ്ങളിലും—ഞാൻ നിന്നോടു നിലവിളിക്കുന്നു—ബഹുലമായ എൻെറ പാപങ്ങളു

ടെ അഗാധത്തിൽനിന്നു—എന്നെ കോരിയെടുത്തു കരേ
ററി—എൻെറമേൽ അനുഗ്രഹം ചെയ്യേണമെ.

ശുശ്രൂഷകൻ. സ്സൈഊമെൻ കാലോസ്.

ജനം. കുറിയെലായിസ്സോൻ.

ܦܪܘܡܝܘܢ .

[illegible]

[illegible]

പ്രോമ്യോൻ

പട്ടക്കാരൻ. നാമെല്ലാവരും പ്രാത്ഥിച്ചു ....

ജനം. അനുഗ്രഹിക്കുന്നവനായ കത്താവെ

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും.........

ബലഹീനാത്മാക്കളെ സന്ദശിക്കുന്നവനും, രഹസ്യ കാൎയ്യങ്ങളെ പരിശോധിക്കുന്നവനും, നല്ല യാചനകളെ നല്കുന്നവനും, ദുഃഖിതന്മാരെ ആശ്വസിപ്പിക്കുന്നവനും, മനോവ്യസനമുള്ളവരെ ഉറപ്പിക്കുന്നവനും, ബലഹീനന്മാരെ താങ്ങുന്നവനും, രോഗികൾക്കു സുഖം നല്കുന്നവനും, അനുതാപികളെ പരിപ്പിക്കയും കൈക്കൊള്ളുകയും ചെയ്യുന്നവനും, മരിച്ചവരെ ഉയിത്തെഴുനേല്പിക്കുന്നവനും, ഞങ്ങൾക്കും, ബലഹീനരായ ഞങ്ങളുടെ പ്രാത്ഥനകളെ സത്യവിശ്വാസത്തോടെ ചോദിച്ചിട്ടുള്ളവക്കും ചോദിക്കുന്നവക്കും, കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും തന്നോടു ഞങ്ങൾ യാചിക്കുന്ന യാചനകളെ നല്കുന്നവനുമായ തനിക്കു, ഈ രോഗി

ക്കുവേണ്ടി ഈ ദൈവീക യാചനകൾ പൂൎണ്ണമാക്കപ്പെട്ട ന്ന ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും ചെയ്യേണ്ടുന്നവനായിരിക്കുന്നു. ഹാശാ.

ജനം. ആമ്മീൻ.

സെദറാ

❖ ܐܣܝܐ ܫܪܝܪܐ ܗܘ ܐܠܗܐ ܡܪܚܡܢܐ ܘܡܫܝܚܐ

പട്ടക്കാരൻ. ആത്മാക്കളുടെയും ശരീരങ്ങളുടെയും രഹസ്യവും പരസ്യവുമായ സകല വേദനകളെയും എളുപ്പത്തിൽ ശമിപ്പിക്കാവുന്നവനും രഹസ്യവും പരസ്യവുമായ സകല പ്രയാസ കാൎയ്യങ്ങളെയും ക്ഷണത്തിൽ സാധിക്കാവുന്നവനുമായി ഉത്തമനും സത്യവാനുമായിരിക്കുന്ന വൈദ്യനായ ദൈവമായ കൎത്താവേ, ബലഹീനതയിൽ ആയിരിക്കയും രോഗത്തിൽ കിടക്കയും, നിന്റെ കരുണകളിൽ സങ്കേതം പ്രാപിക്കയും, നിന്റെ ദാനങ്ങളുടെ സഹായത്തിന്നായി കാത്തിരിക്കയും അവന്റെ കടങ്ങളുടെ പരിഹാരവും, പാപങ്ങളുടെ മോചനവും, വേദനകളുടെ സൌഖ്യവും, അവയവങ്ങളുടെ സ്വസ്ഥതയും, ബലഹീനനും പാപിയുമായ ഞാൻ മുഖാന്തരം നിന്നോടു ചോദിക്കയും ചെയ്യുന്ന ഈ നിന്റെ ദാസനു വേണ്ടി നിന്റെ കരുണയോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. കാരുണ്യവാനായ കൎത്താവേ, ബലഹീനരെ ശക്തിപ്പെടുത്തുന്നവനും, പാപികളെ ശുദ്ധീകരിക്കുന്നവനും, അനുതാപികളുടെ സഹായകനും, മനോവ്യസനമുള്ളവരുടെ ആശ്വാസവും, സകല വിശ്വാസികളുടെയും സങ്കേതസ്ഥലവും നീയായിരിക്കയാൽ നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഈ നിന്റെ ദാസന്റെ കടങ്ങളെ പരിഹ

രിച്ചു പാപങ്ങളെ ക്ഷമിച്ചുകൊള്ളേണമെ. ഇവൻെറ വേദനകളെ വിലക്കി, രോഗങ്ങളെ മായിച്ചുകളയേണമെ. ഇവൻെറ പനി കെടുത്തി, ഉപദ്രവങ്ങളെ അകററിക്കളയേണമെ. ഇവൻെറ ബലഹീനതയെ താങ്ങി ഇവൻെറ ക്ഷീണം നീക്കി ഇവനെ ശക്തിപ്പെടുത്തേണമെ. ഇവന്നു നീ നല്കുന്ന സകല കൃപകൾക്കും സഹായങ്ങൾക്കും വേണ്ടി, ഇവൻ നിനക്കു സ്തോത്രം ചെയ്യത്തക്കവണ്ണം ഇവൻെറ ദുഃഖത്തെ സന്തോഷമായി മാററുകയും ഇവൻെറ സൌഖ്യത്തിൽ ഞങ്ങളെ സന്തോഷിപ്പിക്കയും ചെയ്യേണമെ. നല്ലവനും ദയയുള്ളവനും, കരുണയുള്ളവനും, അനുഗ്രഹിക്കുന്നവനും, ആത്മാവിൻെറയും ശരീരത്തിൻെറയും സാക്ഷാൽ വൈദ്യനും നീയാകയാൽ, പിതാവായ ദൈവമേ, നിനക്കും നിൻെറ ഏകപുത്രന്നും നിൻെറ പരിശുദ്ധറൂഹായ്ക്കും സകല സ്തുതിയും ബഹുമാനവും ആധിപത്യവും ചേച്ചയായിരിക്കുന്നു. ഹാശാ.

ജനം. ആമ്മീൻ.

അതിൻെറ ശേഷം

ܩܠܐ [illegible].

[illegible]

[illegible]

[illegible]

[illegible]

[illegible]

ܕܐܬܐ ܡܢ ܠܘܬܗ. ܘܐܡܪܝܢ ܕܐܚܪܝܢ ܗ̱ܘ
ܡܪܢܐ. ܕܦܠܚܝܢ ܬܪܬܝܗ ܠܐܠܗܝܐ ܗ̱ܘ ܘܠܡܠܟܐ
ܘܠܐܣܛܪܛܝܓܐ ✤ ܐܝܟ ܡܢ ܚܙܐ ܕܡܫܝܚܝܘܬܐ.
ܕܣܛܝܠ ܗܕܝܢ ܘܐܬܪܬܬ. ܘܠܐ ܚܕܐ ܐܝܟ ܒܡܠܝܘ
ܐܬܦܫܛ. ܡܪܟܠ ܕܝܢ ܐܫܬܐ. ܘܐܬܒܥܝ ܟܠ
ܫܡܫܝܢܗܘܢ. ܫܒܝܢܐ ܡܪܝܢ ܘܠܝܠ ܠܗ
ܠܘܟܐ. ܫܡܥܘ ܠܗ ܟܝ ܐܫܝܐ ܬܟܐ. ܕܐܝܠ
ܠܝ ܗܕܝܢ ܫܡܫܬܐ ܘܕܡܪܟ ܠܝ ܢܫܒܩ
ܠܘܕܪܬܐ. ܒܫܘܟܗ ܕܐܟܐ ܢܠܘܕܝ. ܘܒܝܡܐ ܕܢܠܝ
ܢܦܩܐ ܗ̱ܘ ܢܫܐ ܠܗ ܣܘܟܢ ✤ ܫܘܒ ✤ ܦܪܝܫ ܗܘܐ
ܡܠܟܗ ܕܦܪܘܩܢ. ܟܕ ܐܡܪ ܠܗܘܢ ܠܫܠܝܚܐ.
ܕܬܘ ܠܘܬܝ ܐܬܟܫܦܘ ܟܫܪܬܐ ܘܣܥܘ. ܕܐܢܐ ܐܢܐ
ܐܚܪ ܡܫܟܢܐ. ܕܐܘܪܚܐ ܐܢܐ ܕܐܠܗܘܬܐ ܡܫܝܪܐ
ܕܚܝܐ. ܫܡܝܐ ܘܣܝܡܐ. ܘܟܠ ܕܠܗ ܬܐܪܬ ܕܝܢ.
ܘܬܫܠܡܐ ܡܢ ܡܠܟܝܢܐ ܕܚܝܐ ܗ̱ܘ ܘܬܫܠܡܘܬܗܘܢ

ܢܩܦܘܢ ܀ ܡܢ ܕܚܠܬܐ ܀ ܠܐ ܡܨܝܢ ܐܢܫ ܩܘܡ ܩܕܡܝܟ.
ܡܢ ܣܘܓܐܐ ܕܚܘܒܝ ܐܢܐ ܠܟ. ܕܚܛܗܝ ܣܓܝܘ
ܚܘܒܝ ܘܥܫܢܘ ܚܛܗܝ. ܠܝܡܐ ܕܪܚܡܝܟ ܚܐܪ ܐܢܐ ܠܟ.
ܒܙܘܦܐ ܕܚܢܢܟ ܪܣܣ ܥܠܝ ܘܒܕܡܥܝ ܚܠܠܝܢܝ. ܡܪܝ ܒܚܘܒܐ
ܕܐܒܘܟ ܒܥܐ ܐܢܐ ܡܢܟ. ܠܐ ܢܓܚܟܘܢ ܥܠܝ ܣܢܐܝ.
ܒܚܛܝܐ ܕܬܐܒ ܡܢ ܥܘܠܗ. ܚܕܝܢ ܡܠܐܟܐ.
ܒܪܝܟ ܡܪܝܐ ܕܦܬܚ ܬܪܥܐ ܠܬܝܒܐ ܒܐܝܡܡܐ ܘܒܠܠܝܐ
ܗ̄ ܢܩܘܫ ܟܠ ܢܘܚܐ ܀

തൎജ്ജമ.

വട്ടക്കാരൻ

ഏകജാതനായ ദൈവമെ, എന്റെ കടങ്ങൾ വൎദ്ധിക്കയും, എന്റെ കുററങ്ങൾ ശക്തിപ്പെടുകയും ചെയ്തിരിക്കയാൽ, നിന്റെ കരുണകളുടെ സമുദ്രത്തിലേക്കു ഞാൻ നോക്കുന്നു. നിന്റെ വെടിപ്പുള്ള സോപ്പാകൊണ്ടു എന്റെമേൽ തളിക്കേണമെ. എന്റെ കണ്ണുനീരു കൊണ്ടു എന്നെ നിൎമ്മലമാക്കേണമെ. കൎത്താവെ, നിന്റെ ജനകന്റെ സ്നേഹംമൂലം നിന്നോടു ഞാൻ അപേക്ഷിക്കുന്നു. എന്നെ ദ്വേഷിക്കുന്നവർ എന്നെ നിന്ദിക്കരുതെ. അന്ന്യായം വിട്ടുതിരിയുന്ന പാപിയിൽ മാലാകമാർ സന്തോഷിക്കയും, അനുതാപികൾക്കു രാപ്പകൽ വാതിൽ തുറന്നിട്ടിരിക്കുന്ന കൎത്താവു് വാഴ്ത്തപ്പെട്ടവൻ എന്നു അവർ പറകയും ചെയ്യുമാറാകട്ടെ.

കൎത്താവേ, എന്റെ ബലഹീനതയെ നോക്കേണമേ. എന്തെന്നാൽ ഞാൻ വളരെ പാപം ചെയ്തു, നിന്നെ കോപിപ്പിച്ചിരിക്കുന്നു. ഞാൻ ആരിൽ അഭയംപ്രാപിക്കേണ്ടു എന്നറിയുന്നുമില്ല. ഞാൻ വൈദ്യന്മാരുടെ അടുക്കൽ ചെന്നു. അവർ തങ്ങളുടെ ഔഷധങ്ങൾ എന്നിൽ പ്രയോഗിച്ചിട്ടും, എന്റെ വ്രണം കഠിനമായും, സുഖപ്പെടുത്തുന്നവൻ ഇല്ലാതായും തീൎന്നിരിക്കുന്നു. ഔഷധങ്ങൾ സമൃദ്ധിയായുള്ളവനും, നിന്റെ അടുക്കൽ വരുന്നവൎക്കു സഹായങ്ങൾ നല്കുന്നവനുമായ ഉത്തമ വൈദ്യൻ നീയാകുന്നു എന്നു നിന്നെക്കുറിച്ചു ഞാൻ കേട്ടിരിക്കുന്നതിനാൽ, നിന്റെ ജനകനായ പിതാവിന്റെ സ്നേഹത്താലും, നിന്റെ വിലമതിക്കാവതല്ലാത്ത രക്തത്താലും എന്റെ കടങ്ങളെ പരിഹരിക്കേണമേ. ആമ്മീൻ.

അല്ലെങ്കിൽ ഗീതം.

ആലോഹാ എ—കജാതനേ,
തവ കരുണകളിൻ—വാരിധി ഞാൻ
നോക്കീടുന്നേൻ—പാപങ്ങൾ ബഹുലം—
തളിക്കണമേ നിൻ സോ—പ്പായാൽ
എൻ കണ്ണീരാൽ—നിൎമ്മലനാക്കുക
യാചിക്കുന്നേൻ—തവ താതന്നൻപാൽ—
മമ രിപു ദൂഷിച്ചീട-ല്ലെന്നെ
അകൃത്യംവിട്ടനുതപിച്ചിടും
പാപിയിൽ ദൂതർ—സന്തോഷിച്ചുടനെ—
അനുതാപികൾക്കെപ്പോഴും വാ—തിൽ
തുറക്കും കൎത്തൻ—വാഴ്‌വേറെറാൻ
ഹാലേലുയ്യാ—എന്നവർ പറയട്ടെ.
ബാറെക്മാർ.

* ന്ദ * ാവം

കത്തനേ, കാൺ എൻ ക്ഷീ-ണതയെ
പിഴച്ചേൻ ഏററം—വെറുപ്പിച്ചേൻ
അഭയമെനിക്കാ—രെന്നറിയുന്നില്ലേ—
വൈദ്യന്മാർ പക്കൽ—പോയ് ഞാൻ
അവരുടെ ചികിത്സകളേററിട്ടും
എൻവ്രണമേതും—സുഖമായില്ലല്ലോ—
കേട്ടേൻ നീ നല്ലോ—രു വൈദ്യൻ
ഏറിയോരൌഷധി—നിനക്കുണ്ടെ—
നിക്കുതവി ലഭിപ്പാൻ—വന്നേൻ നിന്നരികിൽ—
തവ ജനകന്നുടെ അ—ൻപാലും
വിലമതിയാ നിൻ—നിണത്താലും
ഹാലേലുയ്യാ—പരിഹരിക്കെൻ കടങ്ങൾ.

വരണ്ട നിലത്തു ആത്മിയ പാനിയമാകുന്ന ജീവന്റെ മഴയെ പെയ്യിക്കുന്ന സത്യമുള്ള കൃഷിക്കാരൻ ഞാനാകയാൽ നിങ്ങൾ വന്നു ഏവൻഗേലിയോനിൽ സന്തോഷിച്ച് ജീവിപ്പിൻ. ദാഹിച്ചിരിക്കുന്ന ഏവനും എന്റെ അടുക്കൽ വന്നു ജീവന്റെ ഉറവിൽനിന്നു കുടിക്കട്ടെ. അവന്റെ കുററങ്ങൾ ക്ഷമിക്കപ്പെട്ടുമെന്നു പാപികളോടു അരുളിച്ചെയ്യുന്ന നമ്മുടെ രക്ഷിതാവിന്റെ ശബ്ദം ആഗ്രഹിക്കത്തക്കതാകുന്നു.

കത്താവേ, എന്റെ പാപങ്ങളിൽ ഞാൻ മരിക്കരുതേ. നീ സ്നേഹിക്കുന്ന കാഴ്ചയായ എന്റെ കണ്ണുനീരുകളെ ഇതുമുതൽ നിനക്കു ഞാൻ അപ്പിക്കുന്നു. കാളകളെയും കുഞ്ഞാടുകളെയും മുട്ടാടുകളെയും അല്ല, ചെങ്ങാലികളെയും പ്രാവിൻകുഞ്ഞുങ്ങളെയും അല്ല, ശെമഓന്റെ ഭവനത്തിൽവച്ചു പാപിയായ ആ സ്ത്രീ എന്നപോലെ, എന്റെ കണ്ണുനീരുകളെ അത്രെ ഞാൻ കാഴ്ചയായി അ

ന്നയ്യുന്നതു. അവയെ കൈക്കൊണ്ട്, എന്റെമേൽ അനുഗ്രഹം ചെയ്യേണമേ. നിന്റെ ജനകനായ പിതാവിന്റെ സ്നേഹത്താലും വിലമതിക്കാവുന്നതല്ലാത്ത നിന്റെ രക്തത്താലും എന്റെ കടങ്ങളെ പരിഹരിക്കയും ചെയ്യേണമേ. ആമ്മീൻ.

ജനം. കൎത്താവേ, ഞങ്ങളെ അനുഗ്രഹിച്ച്, ഞങ്ങൾക്കു സഹായം ചെയ്യേണമേ.

പ്രാൎത്ഥന

✤ [illegible]

പട്ടക്കാരൻ. സകല സ്വസ്ഥതയുടെയും നാഥനും, സകല കൃപയുടെയും വിശുദ്ധിയുടെയും ദാതാവും, സകല സൌഖ്യവും സൌജന്യം ചെയ്യുന്നവനും, എപ്പോഴും മനുഷ്യരുടെ ജീവനെക്കുറിച്ച് താല്പൎയ്യത്തോടിരിക്കുന്നവനും, തന്റെ ദൈവിക സഹായങ്ങൾ ഞങ്ങളിൽനിന്നു മുടക്കാത്തവനുമായ ദൈവമായ കൎത്താവേ, അനുഗ്രഹങ്ങളും, കരുണയും, സ്വസ്ഥതയും ആശ്വാസവും, ശാന്തതയും സഹായങ്ങളും നിറഞ്ഞിരിക്കുന്ന നിന്റെ വലങ്കൈ, ആത്മാവിന്റെയും ശരീരത്തിന്റെയും സൌഖ്യവും സ്വസ്ഥതയും നിന്നോടു യാചിക്കുന്ന ഈ നിന്റെ ദാസന്റെ മേൽ ആവസിപ്പിക്കേണമേ. ഇവനിൽ നിന്നു ദൌൎബ്ബല്യങ്ങളും രോഗങ്ങളും വേദനകളും മായിച്ചുകളയേണമേ. പ്രതികൂലങ്ങളും ഉപദ്രവങ്ങളും, കഷ്ടതകളും പരീക്ഷകളും നീക്കിക്കളയേണമേ. ശക്തിയും സൌഖ്യവും, രക്ഷയും മോചനവും ഇവനെ ധരിപ്പിക്കേണമേ. ഇവൻ എഴുന്നേല്പാനും ബലം പ്രാപിപ്പാനും ഇവനെ താങ്ങേണമേ. ബലമുള്ള നിന്റെ വലങ്കൈകൊണ്ടു ഇവനു സഹായം നല്കേണമേ. ഇവന്റെ കടങ്ങളും പാപങ്ങളും ഇവനോടു ക്ഷമിക്കേണമേ. നിന്നെയും നിന്റെ

പിതാവിനെയും നിന്റെ പരിശുദ്ധ റൂഹായെയും സ്തോത്രം ചെയ്തു വന്ദിച്ചു മഹത്വപ്പെടുത്തുവാൻ തക്കവണ്ണം, ഏറിയ നിന്റെ കൃപയുടെയും അനുഗ്രഹങ്ങളുടെയും ബഹുത്വംപോലെ (സുഖത്തിനുള്ള) നല്ല അടയാളം നിഖവനു നല്കുകയും ചെയ്യുമാറാകേണമേ. ഹാശാ.

ജനം. ആമ്മീൻ.

അതിന്റെശേഷം

ശുശ്രൂഷകൻ

യാക്കോബ് ശ്ലീഹാ എഴുതിയ ലേഖനം
൫-ാം അദ്ധ്യായത്തിൽനിന്നു (൧൩—൧൬)

ജനം

ശ്ലീഹന്മാരുടെ ഉടയവനു സ്തുതി. കർത്താവേ, നിന്റെ വചനങ്ങളെ തിരിച്ചറിയുന്നതിനു ഞങ്ങൾക്കു കൃപ നല്കേണമേ.

ശുശ്രൂഷകൻ

നിങ്ങളിൽ ഒരുത്തൻ ഞെരുക്കത്തിൽ ഇരിക്കുന്നു എങ്കിൽ, അവൻ പ്രാർത്ഥിക്കട്ടെ. അവൻ സന്തോഷിക്കുന്നു എങ്കിൽ, പാട്ടുപാടട്ടെ. അവൻ രോഗിയായിരിക്കുന്നു എങ്കിൽ, സഭയുടെ കശീശ്ശന്മാരെ വിളിക്കട്ടെ. അവർ അവനുവേണ്ടി പ്രാർത്ഥിക്കയും, നമ്മുടെ കർത്താവിന്റെ തിരുനാമത്തിൽ അവനെ എണ്ണ പൂശുകയും ചെയ്യട്ടെ. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന രോഗിയെ സൌഖ്യമാക്കുന്നു. നമ്മുടെ കർത്താവു അവനെ എഴുന്നേല്പിക്കുന്നു. അവൻ പാപം ചെയ്തിരിക്കുന്നു എങ്കിൽ അവനോടു ക്ഷമിക്കുന്നു. എന്നാൽ നിങ്ങൾ സൌഖ്യം പ്രാപിക്കേണ്ടതിനു തമ്മിൽത്തമ്മിൽ കുററങ്ങളെ ഏററു പറയുന്നവരും ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥി

ക്കുന്നവരുമായിരിപ്പിൻ. എന്തുകൊണ്ടെന്നാൽ നീതിമാൻ പ്രാൎത്ഥിക്കുന്ന പ്രാൎത്ഥനയുടെ ശക്തി വലിയതാകുന്നു. ഏലിയായും നമുക്കു സമസ്വഭാവമുള്ള മനുഷ്യനായിരുന്നു. ഭൂമിയിൽ മഴ പെയ്യാതിരിക്കേണ്ടതിനു അവൻ പ്രാൎത്ഥിച്ചു. മൂന്നു സംവത്സരവും ആറു മാസവും മഴ പെയ്തില്ല. അവൻ വീണ്ടും പ്രാൎത്ഥിച്ചു. ആകാശം മഴ നല്കി. ഭൂമി ഫലങ്ങളെ കൊടുത്തു. എന്റെ സഹോദരന്മാരേ, നിങ്ങളിൽ ഒരുത്തൻ സത്യത്തിന്റെ വഴിയിൽനിന്നു തെറ്റിപ്പോകയും, ഒരുത്തൻ അവന്റെ വഴിതെറ്റിൽനിന്നു അവനെ തിരിച്ചു വരുത്തുകയും ചെയ്താൽ പാപിയെ അവന്റെ വഴിതെറ്റിൽനിന്നു തിരിച്ചു വരുത്തുന്നവൻ അവന്റെ പ്രാണനെ മരണത്തിൽ നിന്നു ജീവിപ്പിക്കയും, അവന്റെ പാപങ്ങളുടെ ബഹുത്വത്തെ മായിക്കയും ചെയ്യുന്നു എന്നു അവൻ അറിഞ്ഞുകൊള്ളട്ടെ. ഹാലേലൂയ്യാ—൨— ഹാലേലൂയ്യാ.

വെസ ഗാമ്മാ

ശുശ്രൂഷകൻ.

ദൈവമേ, എന്റെമേൽ അനുഗ്രഹം ചെയ്യേണമേ; എന്തെന്നാൽ എന്റെ ആത്മാവു നിന്നിൽ ആശ്രയിച്ചിരിക്കുന്നു. ഈ ആപത്തുകൾ ഒഴിഞ്ഞുപോകുവോളം നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെട്ടും—ഹാലേലൂയ്യാ.

¶ ഇവിടെ പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നു.

വിശുദ്ധ മത്തായിയുടെ ഏവൻഗേലിയോൻ.

അ. ൧൦. ൫ — ൧൦

ആ കാലത്തു ഈശോതമ്പുരാൻ ഈ പന്ത്രണ്ടുപേരെയും അയച്ചു, അവരോടു കല്പിച്ചരുളിച്ചെയ്തതെന്തെ

ന്നാൽ: പുറജാതിക്കാരുടെ വഴിയിൽ നിങ്ങൾ പോകരുതു. ശമറായക്കാരുടെ നഗരത്തിലേക്കു നിങ്ങൾ പ്രവേശിക്കയുമരുതു. എന്നാൽ ഇസ്രായേൽഗ്രഹത്തിൽനിന്നു കാണാതെപോയിട്ടുള്ള ആടുകളുടെ അടുക്കൽ പ്രത്യേകം നിങ്ങൾ പോകുവിൻ. നിങ്ങൾ പോകുമ്പോൾ സ്വൎഗ്ഗരാജ്യം സമീപിച്ചു എന്നു പ്രസംഗിച്ചു പറവിൻ. രോഗികളെ സൌഖ്യമാക്കുവിൻ. കുഷ്ഠരോഗികളെ ശുദ്ധിയാക്കുവിൻ. മരിച്ചവരെ ഉയിൎപ്പിപ്പിൻ. പിശാചുക്കളെ പുറത്താക്കുവിൻ. നിങ്ങൾക്കു സൌജന്യമായി ലഭിച്ചു, സൌജന്യമായി കൊടുപ്പിൻ. നിങ്ങളുടെ മടിശ്ശീലകളിൽ പൊന്നും ചെമ്പും വെള്ളിയും, വഴിക്കു പൊക്കണവും, രണ്ടു കുപ്പായങ്ങളും ചെരിപ്പും, വടിയും നിങ്ങൾ കരുതരുതു. എന്നാൽ വേലക്കാരൻ തന്റെ ആഹാരത്തിന്നു യോഗ്യനാകുന്നു.

നിങ്ങൾക്കെല്ലാവൎക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജനം.

നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

അതിന്റെ ശേഷം

ܒܫܡܐ ܕܡܪܢ ܝܫܘܥ.

ܦܪܘܩܢ ܠܟ ܡܪܝܐ ܡܪܢ ܐܢܐ ܠܟܪܘܙܘܬܟ.

ܫܒܚܐ ܠܟ ܡܪܢ ܘܠܐܒܘܟ ܘܠܪܘܚܟ ܩܕܝܫܐ ܠܥܠܡ ✠

ܢܩܘܡ ܒܪܝܟܐ ܐܠܗܐ ܠܟ ܡܪܢ ܕܐܬܐ ܝܬܝܪܐ.

ܠܟ ܫܘܒܚܐ ܘܩܘܠܣܐ ܠܟܠܗ ܥܠܡ

ܬܫܡܫܬܝ. ܚܡܠܬܗ ܕܡܫܟܚܝܢ ܡܢ ܐܢܫܬܗ ܡܢ
ܟܘܪܗܢܘܗܝ. ܬܫܡܫܬܝ ܡܫܬܠ ܟܠ ܕܐܫܬܡܫܬ ܟܠ
ܚܘܠܡܢܘܗܝ ❖ ܩܕܝܡܘܗܝ ܠܟܬܒܬܗ ܠܗܘܢ ܘܚܫܒܬܗ
ܡܢ ܟܘܪܗܢܐ ܠܟܠܗܝ ܚܘܫܒܐ ܕܢܦܫܐ ܒܫܘܟܝ
ܡܢ ܦܘܓܥܐ. ܠܢܦܫܐ ܡܫܡܠܝܬܐ ܦܬܘܪ ܐܝܟ
ܕܠܗܘܢ ܕܐܬܚܠܡܬ ܟܝ. ܕܟܠ ܬܫܡܫܬܐ
ܕܡܠܬܝ ܗܘܢ ܬܦܘܡܝܢ ܢܗܝܪܐܬ ❖ ܚܫܘܗܐ
ܢܘܟܠܗܘܢ ܐܝܟ ܟܘܪܗܢܐ ܠܓܒܪܐ ܡܪܥܐ. ܐܦܝܐ
ܕܡܪܝܢ ܐܝܬܐ ܠܓܒܝ ܘܬܬܢܓܚ ܒܗ. ܚܘܒܐ
ܕܢܦܫܘܗ ܟܝܡܘܬ ܐܢܬܐ ܗܘܝ ܐܢܝܬܐ. ܐܢܬ
ܢܟܢܡܐ ܓܘܫ ܠܗ ܦܫܝܢ ܕܬܬܐܦܐ ܒܗ ❖ ܡܫܬܒܚܐ
ܠܝ ܡܪܝ ܢܦܫܐ ܒܪܝܬܐ ܕܐܬܚܠܡܬ ܟܝ.
ܘܓܠܬ ܕܐܦܝܗ ܘܥܢܬ ܩܕܝ ܚܠܠ ܙܒܢܐ. ܠܝ
ܬܟܘܚܬܐ ܐܦܝܐ ܓܠܐ ܕܦܓܥܢ ܡܪܚܡܢ. ܘܐܠܦܘܟܝ
ܕܫܟܝ ܘܠܪܘܚ ܦܘܪܫܐ ܘܠܟܠܝܢ ܙܒܢܐ ❖
ܒܫܝܢܐ ܐܠܗܐ ❖

തജ്ജുമ

വട്ടക്കാരൻ

ഞങ്ങളുടെ കൎത്താവായ കൎത്താവേ, നിന്നെ ഞങ്ങൾ നോക്കി വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിന്നു നീ വരേണമേ. ഞങ്ങളുടെ അപേക്ഷ കേട്ടു ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

കൎത്താവേ, നീ അവൻെറ അടുക്കൽ വരേണമെന്നു രോഗിയായിരിക്കുന്നവൻ നിന്നോടു അപേക്ഷിക്കുന്നു. അവൻ നിത്യവും നിൻെറ ശുശ്രൂഷയ്ക്കായി നില്പാൻ അവനെ സന്ദൎശിക്കേണമേ. ശെമഓൻെറ അമ്മാവിയമ്മയെ അവളുടെ രോഗത്തിൽനിന്നു നീ സൌഖ്യമാക്കിയപ്പോൾ, അവളുടെ സൌഖ്യത്തിൽ അവൾ ശക്തി പ്രാപിച്ചതുകൊണ്ടു നിന്നെ ശുശ്രൂഷിപ്പാൻ അവൾ എഴുന്നേററു.

നീ അവളുടെ കൈക്കു പിടിച്ചു്, അവളുടെ രോഗത്തിൽനിന്നു അവളെ സുഖപ്പെടുത്തി. നിൻെറ സ്നേഹത്താൽ ഈ രോഗിയുടെ ആത്മവിചാരങ്ങളെ ഉപദ്രവങ്ങളിൽനിന്നു നീ തടുക്കേണമേ. നിൻെറ വചന ശുശ്രൂഷയ്ക്കായി ഇവൻ ശോഭിച്ചു നില്ക്കേണ്ടതിനു, നിന്നാൽ സൌഖ്യം പ്രാപിച്ച ആ സ്ത്രീയെ ദൎശിച്ചതുപോലെ, ഈ രോഗിയെയും നീ ദൎശിക്കേണമേ.

രോഗം രോഗമുള്ള മനുഷ്യനെ വിഷമിപ്പിക്കുന്നതുപോലെ, പാപം ഇവനെ വിഷമിപ്പിച്ചിരിക്കുന്നു. സൌജന്യമായ സ്വാസ്ഥത നല്കുന്ന വൈദ്യനായുള്ളോവേ, ഇവൻ സുഖം പ്രാപിക്കേണ്ടതിന്നു നിൻെറ ഔഷധംകൊണ്ടുവരേണമേ. പാപിയായ സ്ത്രീയെ എന്നപോലെ, കുററങ്ങൾ ഇവനെ വേദനപ്പെടുത്തിയിരിക്കുന്നു. ജ്ഞാ

നിയായുള്ളോവേ, ഇവൻ സൌഖ്യം പ്രാപിക്കേണ്ടതിന്നു, നിന്റെ ഔഷധംകൊണ്ടു ഇവനെ പൂശേണമേ.

കൎത്താവേ, രോഗമുള്ള ആത്മാവു നിന്നാൽ സൌഖ്യം പ്രാപിക്കയും, അതിന്റെ വേദനകൾമറന്നു, നിങ്കൽനിന്നു വലിയ ശക്തി അനുഭവമാക്കുകയും ചെയ്യുന്നുകൊണ്ടു, അതു നിന്നെ സ്തുതിക്കുന്നു. കരുണയേറിയ നല്ല വൈദ്യനായുള്ളോവേ, നിനക്കും നിന്റെ പിതാവിന്നും നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയുണ്ടായിരിക്കട്ടെ. ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും ഉണ്ടായിരിക്കേണമേ.

ദൈവമേ, ഞങ്ങളോടുത്തരമരുളിച്ചെയ്യേണമേ. ദൈവമേ, ഞങ്ങളോടുത്തരമരുളിച്ചെയ്തു, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ. മനുഷ്യരുടെ ഹൃദയങ്ങളെ അനുതാപത്തിങ്കലേക്കു തിരിക്കയും ചെയ്യേണമേ.

അല്ലെങ്കിൽ ഗീതം.

(മാർ യാക്കോബിന്റെ രാഗരീതി)

കൎത്താ! കൎത്താ! വിളിക്കുന്നെങ്ങൾ,
തുണക്കായ് വരിക
പ്രാൎത്ഥന കേട്ടു—ടിയാരുടെമേൽ,
ദയ ചെയ്യണമേ.
രോഗിയിൻ പക്കൽ നീ—വരുവാന[വൻ]
പ്രാൎത്ഥിക്കുന്നു—
നിൻ സേവയില[വൻ] ദിനവും നില്പാൻ,
ദൎശിക്കണമേ.
ശെമഓനമ്മാ—യമ്മയിൻ രോഗം,
സുഖമായപ്പോൾ—
തവ സേവയ്ക്കായ്— എഴുന്നേററങ്ങവൾ,
ശുശ്രൂഷിച്ചു.
രോഗം നീങ്ങാ— നവളുടെ കൈമേൽ,
നീ പിടിച്ചുടനെ

വേദന രോഗം— മാറിപ്പോയി,
സുഖം പ്രാപിച്ചാൽ

ഈ രോഗിക്കും— നിൻ സ്നേഹത്താൽ,
സുഖം നല്കേണമേ.

നിൻ വചനത്തിൻ— ശുശ്രൂഷയ്ക്കായ്
എഴുന്നേററീടാൻ.

നിന്നുടെ കയ്യാൽ —സുഖപ്പെട്ടവളാം,
ആ സ്ത്രീയെ നീ

ദർശിച്ചതുപോ—ലീ രോഗിയെയും,
ദർശിക്കണമേ.

രോഗിയെ രോഗം—വലയ്ക്കുംപോൽ പാപം,
വലയ്ക്കുന്നി[വനെ]

നല്ലൊരു വൈദ്യാ ! നിൻ തൈലത്താൽ
സുഖമാക്കണമേ.

പാപിയാം ആ സ്ത്രീ—പോലി[വനും]
വേദനപ്പെടുന്നു.

സ്വസ്ഥതയ്ക്കായ്—തൈലം [ഇവന്മേൽ]
പൂശണമേ നീ.

സ്വസ്ഥത ലഭിക്കയും—വേദന മറക്കയും
ചെയ്യാത്മാവു—

ശക്തി പ്രാപി—ച്ചതിനാലതു നിന്നെ
സ്തുതിച്ചീടുന്നു.

കരുണാകരനാം—നല്ലൊരു വൈദ്യാ !
സ്തോത്രം നിനക്കും

നിൻ താതനും—വിശുദ്ധാത്മനും,
സ്തുതിയുണ്ടാക.

ഉത്തരമരുൾക—അരുൾക ദേവാ,
അനുഗ്രഹിക്ക.

മർത്ത്യർ ചിത്തം—അനുതാപേ നീ
വരുത്തിടെണമേ.

¶ പട്ടക്കാരൻ രോഗിയുടെ തലയിൽ വലങ്കൈ വച്ചുകൊണ്ടുള്ള പ്രാർത്ഥന.

ܒܫܡ ܐܒܐ ܘܒܪܐ ܘܪܘܚܐ ܩܕܝܫܐ ܀

പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവമേ, നിന്റെ തിരുനാമത്തിൽ ഈ നിന്റെ ദാസന്റെമേൽ എന്റെ ബലഹീനമായ കൈ ഞാൻ വെക്കുന്നു. നിന്റെ സ്നേഹത്താൽ ബലമുള്ളതും സഹായങ്ങൾ നിറഞ്ഞിരിക്കുന്നതുമായ നിന്റെ വലങ്കൈ ഇവന്റെമേൽ ആവസിപ്പിക്കേണമേ. നിന്റെ കരുണയുടെയും മനുഷ്യസ്നേഹത്തിന്റെയും ബഹുത്വംപോലെ, ഇവനെ നീ ദർശിക്കേണമേ. നിന്റെ കരുണ ഇവന്റെമേൽ ചിന്തേണമേ. നിന്റെ കൃപ ഇവന്റെ ബലഹീനതമേൽ തളിക്കേണമേ. നിന്നിൽനിന്നുള്ള സഹായം ഇവന്നു സൌജന്യമായി നല്കേണമേ. നിന്നിലുള്ള പ്രത്യാശയും മടുത്തുപോകാത്ത വിശ്വാസവുംകൊണ്ടു, ഇവന്റെ അരെക്കു കെട്ടേണമേ. സകല വേദനകളും രോഗങ്ങളും, കഠിനതരമായ ശിക്ഷകളും, ശക്തിക്കപ്പുറമായ പരീക്ഷകളും ഇവനിൽ നിന്നു മായിച്ചുകളയേണമേ. നിന്നിൽനിന്നുള്ള സ്ഥിരമായ ശക്തി ഇവന്നു നല്കേണമേ. നിന്റെ രക്ഷകൊണ്ടു ഇവന്റെ ദുഃഖം മാററി, ഇവനെ സന്തോഷിപ്പിക്കേണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെ സന്നിധിയിൽ ഇവൻ യോഗ്യമാംവണ്ണം നിന്ന്, ഇളവുകൂടാതെ നിന്റെ കൃപയ്ക്കു സ്തോത്രം ചെയ്ത്, നിന്റെ ദൈവ

ത്വത്തെ എന്നേക്കും വന്ദിച്ചു സ്തുതിക്കുമാറാകേണമെ. ഹാശാ.

രോഗിയും ജനവും. ആമ്മീൻ.

പ്രാത്ഥന

ܡܫܝܚܐ ܐܠܗܐ ܕܟܠ . ܗܘ ܐܣܝܐ ܛܒܐ ܀

പട്ടക്കാരൻ. രഹസ്യവും പരസ്യവുമായ സകല വേദനകളും എളുപ്പത്തിൽ ശമിപ്പിക്കാവുന്നവനായി, ഉത്തമനും സത്യവാനുമായിരിക്കുന്ന വൈദ്യനായ ഞങ്ങളുടെ മ്ശിഹാതമ്പുരാനേ, രോഗത്തിൽ കിടക്കയും, നിന്റെ കരുണകളിൽ സങ്കേതം പ്രാപിക്കയും, വേദനകൾക്കു ശമനവും, അവയവങ്ങൾക്കു സൌഖ്യവും പ്രാപിപ്പാൻ നിന്റെ കരുണയോടു യാചിക്കയും ചെയ്യുന്ന ഈ നിന്റെ ദാസനുവേണ്ടി നിന്റെ കൃപയോടു ഞങ്ങൾ പ്രാത്ഥിക്കുന്നു. ദൈവമായ കൎത്താവേ, ഇവന്റെ വേദനകളെ ശമിപ്പിക്കേണമേ. ഇവന്റെ രോഗങ്ങളെ ഇല്ലാതാക്കേണമേ. ഇവന്റെ ഉപദ്രവങ്ങളെ നീക്കേണമേ. സകല ബാധകളും കോപത്തിന്റെ വടികളും ഇവനിൽ നിന്നു അകററിക്കളയേണമേ. ഇവനോടുള്ള നിന്റെ സകല കൃപകൾക്കും വേണ്ടി, ഞങ്ങൾ നിനക്കും നിന്റെ പിതാവിന്നും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തോത്രം ചെയ്കയും ചെയ്യുമാറാകേണമേ. ഹാശാ.

ജനം. ആമ്മീൻ.

¶ അതിന്റെ ശേഷം പട്ടക്കാരൻ രോഗിയെ തൈലം പൂശിക്കൊണ്ടു ചൊല്ലേണ്ടതു,

❖ ܠܐܒܐ ܘܠܒܪܐ ܘܢܫܬܒܩܘܢ ❖

പിതാവിൻെറയും പുത്രൻെറയും പരിശുദ്ധ റൂഹായുടെയും തിരുനാമത്തിൽ നീ സൗഖ്യത പ്രാപിക്കയും, വെടിപ്പും വിശുദ്ധിയുമുള്ളവനായി തീരുകയും, മനസ്സോടും മനസ്സു കൂടാതെയും, അറിഞ്ഞും അറിയാതെയും, നീ ചെയ്തിട്ടുള്ള പാപങ്ങളും കുററങ്ങളും നിന്നോടു ക്ഷമിക്കപ്പെടുകയും, ദോഷകരമായ സകല വിചാരങ്ങളും, പൈശാചിതമായ എല്ലാ വ്യാപാരങ്ങളും നിന്നിൽനിന്നു മാഞ്ഞുപോകയും ചെയ്യുമാറാകട്ടെ.

രോഗിയും ജനം. ആമ്മീൻ.

ܒܥܘܬܐ ܕܡܪܝ ܐܦܪܝܡ.

❖ ܡܪܢ ܐܠܗܢ ܠܟܘܢ. ܡܪܢ ܚܠܠ ܠܫܡܫܬܢ ❖
ܒܫܡ ܕܒܪܝܟ ܐܬܪܐ ܘܫܡܝܐ. ܡܫܝܚܐ ܫܡܝܢ ܕܥܘܬܐ
ܐܪܟ. ܘܒܪܚ ܒܬܪ ܡܠܬܗ ܟܪܝܐ. ܕܡܫܝܚܐ
ܗܘܐ ܡܢ ܢܘܟܪܝܐ. ܘܡܫܟܚ ܗܘܐ ܡܢ
ܢܦܫܗ ܟܘܡܪܐ. ܒܩܘܪܒܐ ܕܡܘܬܐ. ܘܩܪܒ ܠܗ
ܒܪܝܬܐ ܕܟܠܗ. ܘܠܒܫܗ ܗܘܐ ܟܡܝܪܘܬܐ ❖
ܢܘܪ ܡܪܝܐ ܒܗܘܢ ܒܪܢܫܐ. ܗܘ ܕܡܫܟܚ
ܒܩܘܪܒܢ. ܘܗܘܐ ܟܪܝܐ ܠܗ ܡܫܝܚܐ. ܘܡܫܟܚ

ܠܗ ܦܠܠ ܚܘܫܒܢܘܗܝ. ܫܘܒܚܐ ܠܐܒܐ ܚܢܢܐ.
ܘܫܘܒܚܐ ܠܒܪܐ ܦܪܘܩܐ. ܘܬܘܕܝܬܐ ܠܪܘܚܐ
ܕܩܘܕܫܐ. ܘܥܠܝܢ ܪܚܡܘܗܝ ܘܚܢܢܐ ❖ ܫܘܒܚܐ
ܕܝܠܘܟ ܐܠܗܐ. ܘܡܫܒܚܝܢ ܕܡܠܐܟܐ. ܫܘܒܚ ܕܝܠܘܟ
ܐܘܠܕܟ ܠܟ. ܘܩܢܐ ܒܢܝܢܫܐ ܕܡܠܐܟܐ ❖

തെജ്മ

പട്ടക്കാരൻ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യണമെ. ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളണമെ.

ആദാമിൻ വർഗ്ഗത്തെ സന്ദർശിച്ച സാൎഗ്ഗീയ വൈദ്യന്നു സ്തുതി. ന്യായപ്രമാണ സംബന്ധമായ കല്പനയാൽ, തന്റെ പരിചയക്കാരിൽനിന്നു അകന്നും, സജ്ജനത്തിൽനിന്നു തള്ളപ്പെട്ടുമിരുന്ന കുഷ്ഠരോഗിയെ അവൻ തന്റെ വചനത്താൽ വെടിപ്പാക്കി. അവൻ തന്റെ സ്പൎശനത്താൽ അവനെ ശുദ്ധീകരിച്ച്, ഇസ്രായേല്യരുടെ ഇടയിൽ അവനെ ചേൎത്തു.

കൎത്താവേ, നിന്റെ രക്ഷയിൽ ആശ്രയിക്കുന്ന ഈ രോഗിയെ നീ കടാക്ഷിക്കേണമെ. നിന്റെ തിരുരക്തത്തിൽ ഇവനെ കഴുകി, ഇവന്റെ പിഴകളെല്ലാം ഇവനോടു ക്ഷമിക്കേണമെ.

കരുണയുള്ള പിതാവിന്നു സ്തുതിയും, രക്ഷിതാവായ പുത്രന്നു വന്ദനവും, വിശുദ്ധ റൂഹായ്ക്കു പുകഴ്ചയും

ഉണ്ടായിരിക്കട്ടെ. ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും ഉണ്ടായിരിക്കേണമേ.

പ്രാൎത്ഥനകളെ കേൾക്കുന്നവനും, യാചനകളെ നല്കുന്നവനുമായുള്ളോവെ, ഞങ്ങളുടെ പ്രാൎത്ഥന കേട്ടു ഞങ്ങളോടു നിരന്നു, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകളെ നല്കുമാറാകേണമേ.

അല്ലെങ്കിൽ ഗീതം

(മാർ അപ്രമിന്റെ രാഗരീതി)

കൎത്താവേ, അനുഗ്രഹിക്ക—
ശുശ്രൂഷ—കൈക്കൊള്ളണമേ
ആദാമി—ന്റെ വൎഗ്ഗത്തെ
സന്ദൎശിച്ച—വനായോരു,
സാഗ്ഗീയ—നാം വെളിവന്നു—
സ്തുതിയുണ്ടാ—കട്ടെ ധ്യന്നും.

കല്പനയാൽ—തള്ളപ്പെട്ട—
കുഷ്ഠരോ—ഗിയെ യേശു,
തന്നുടെ—കരുണയേറും—
തിരുമൊഴിയാൽ—ശുദ്ധമാക്കി
സ്പൎശിച്ചു—ശുദ്ധനാക്കി—
അവനെ തൻ—വൎഗ്ഗേ ചേൎത്താൻ.

കൎത്താവേ, നിൻ രക്ഷയിൽ
ആശ്രയിക്കും—ഈ രോഗിയെ,
നീ കടാ—ക്ഷിക്കേണമേ
നിൻ തിരു—രക്തത്താലെ.
നീയി[വനെ]—മുററും കഴുകി
പിഴകൾ ക്ഷ—മിക്കേണമേ.

താതനും—പ്രിയ പുത്രനും
പരിശുദ്ധ—നാം റൂഹായ്ക്കും

സ്തുതിയും പു—കഴ്ചയും നൽ
തേജസ്സും---ഉണ്ടാകട്ടെ.
അനുഗ്രഹം—കൃപകളും
ഞങ്ങളുടെമേൽ—ഉണ്ടാകട്ടെ.

പ്രാൎത്ഥനകൾ—കേൾക്കുന്നോനേ
യാചനകൾ—നല്കുന്നോനേ
ഞങ്ങളിൻ പ്രാ—ൎത്ഥനകൾ കേട്ടു
യാചനകൾ—നല്കീടേണമേ.

ܩܘܡܐ ܬܪܝܢܐ .

ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܕܩܘܕܫܐ ✤

ܘܥܠܝܢ ✤ ܚܠܫܐ ܘܚܛܝ̈ܐ ܪ̈ܚܡܐ ✤

രണ്ടാം ശുശ്രൂഷക്രമം

പട്ടക്കാരൻ

പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹായ്ക്കും സ്തുതി

ജനം

ബലഹീനരും പാപികളുമായ........

പ്രാരംഭ പ്രാർത്ഥന

ܫܘܒܚܐ ܠܐܠܗܐ ܒܡܪܘܡܐ . ܘܥܠ ܐܪܥܐ ܫܠܡܐ ܘܣܒܪܐ

ܛܒܐ ܠܒܢܝ̈ܢܫܐ ✤

പട്ടക്കാരൻ. തന്നെ അന്വേഷിക്കുന്ന എല്ലാവൎക്കും സമീപസ്ഥനും, തന്നെ നോക്കി വിളിക്കുന്ന എല്ലാവരുടെയും സഹായകനും, തന്റെ അടുക്കൽ വരുന്ന എല്ലാവരോടും കരുണചെയ്യുന്നവനും, തന്റെ വാതില്ക്കൽ മുട്ടുന്ന എല്ലാവരുടെയും ശബ്ദം കേൾക്കുന്നവനുമായ ഞങ്ങളുടെ ദൈവമായ കൎത്താവേ, ഏറിയ നിന്റെ അനുഗ്രഹങ്ങളാൽ ബലഹീനരായ ഞങ്ങളുടെ പ്രാൎത്ഥന കേൾക്കയും, എളിയവരായ ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളുകയും ചെയ്യേണമേ. അനുഗ്രഹങ്ങളും സൎവ്വ

സഹായങ്ങളും നിറഞ്ഞിരിക്കുന്ന നിന്റെ വലങ്കൈ രോഗിയായിരിക്കുന്ന ഈ ദാസന്റെമേൽ ആവസിപ്പിക്കേണമേ. നിന്റെ സകലവിധ അനുഗ്രഹങ്ങൾകൊണ്ടും ഇവനെ അനുഗ്രഹിക്കേണമേ. നിന്റെ സോപ്പാകൊണ്ട് ഇവന്റെമേൽ തളിച്ച്, പാപത്തിന്റെ സകല മലിനതയിൽനിന്നും ഇവനെ വെടിപ്പാക്കേണമേ. ഇവന്റെ കടങ്ങളെ പരിഹരിച്ച്, ഇവന്റെ പിഴകളെ ക്ഷമിക്കേണമേ. ഞങ്ങളുടെ കർത്താവും ദൈവവുമേ, നിന്റെ ശ്രേഷ്ഠതയുടെ മുൻപാകെ കുററമററ നിലയ്ക്കു ഇവനെ എന്നേക്കും യോഗ്യതയുള്ളവനാക്കുകയും ചെയ്യേണമേ. ഹാശാ.

ജനം. ആമ്മീൻ.

[illegible]

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

കുക്കലെയോൻ

സങ്കീ 2.

പാട്ടുക്കാരൻ. നിന്റെ അന്യായം ക്ഷമിച്ചും, പാപങ്ങൾ മറെച്ചും കിട്ടിയവന്ന് ഭാഗ്യം.

കർത്താവു പാപം കണക്കിടാതെയും, ഹൃദയത്തിൽ വഞ്ചനയില്ലാതെയും ഇരിക്കുന്ന മനുഷ്യന്ന് ഭാഗ്യം.

എന്തെന്നാൽ നിന്റെ അസ്ത്രങ്ങൾ എന്നിൽ തറെച്ചിരിക്കുന്നു. നിന്റെ കൈ എന്റെമേൽ ഭാരമായിരിക്കുന്നു.

കർത്താവെ, എന്റെ പ്രാർത്ഥന കേൾക്കേണമെ. എന്റെ നിലവിളി നിന്റെ അടുക്കൽ പ്രവേശിക്കുമാറാകേണമെ.

കത്താവേ, ആഴത്തിൽനിന്നു നിന്നെ ഞാൻ വിളിച്ചു. നീ എന്റെ ശബ്ദം കേട്ടു.

കത്താവേ, എന്റെ പ്രാത്ഥന കേൾക്കേണമേ. നിന്റെ വചനപ്രകാരം എന്റെ അപേക്ഷ ചെവിക്കൊള്ളേണമേ—ബാറെക്മാർ.

പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നെ. ആമ്മീൻ.

രോഗിയുടെ പ്രാത്ഥന

എക്ബാ. അന്യായവും ദുഷ്ടതയും വിട്ടുതിരിയുന്ന പാപികളിൽ ഇഷ്ടം തോന്നുന്ന കത്താവേ, സങ്കടങ്ങളുടെ ഈ നേരത്ത്, വ്യസനകരമായ എന്റെ അപേക്ഷയുടെ ശബ്ദം നീ കേൾക്കേണമേ. സംഖ്യയില്ലാത്ത എന്റെ പാപങ്ങളെ നീ മായിച്ചുകളയേണമേ. എന്റെ സകല കറകളെയും നീ കഴുകിക്കളയേണമേ. നിന്റെ തിരുസന്നിധിയിൽ ഇഷ്ടന്മാരായിത്തീന്നിട്ടുള്ള നീതിമാന്മാരോടുകൂടെ രാജ്യം അവകാശമാക്കുവാൻ എന്നെയും യോഗ്യതയുള്ളവനാക്കേണമേ.

ശുശ്രൂഷകൻ. സ്തൗമെൻ കാലോസ്.

ജനം. കുറിയേലായിസ്സോൻ.

ܩܘܩܠܝܘܢ.

[illegible]

[illegible]

പ്രൊമ്യോൻ

പട്ടക്കാരൻ. നാമെല്ലാവരും പ്രാത്ഥിച്ച്........

ജനം. അനുഗ്രഹിക്കുന്നവനായ കൎത്താവെ,......

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും........

കാരുണ്യവാനും, മനുഷ്യരെ സ്നേഹിക്കുന്നവനും, പാപിയുടെ മരണത്തിൽ ഇഷ്ടമില്ലാത്തവനും, കൊല്ലുകയും, ജീവിപ്പിക്കയും, പാതാളത്തിലെക്കു ഇറക്കുകയും, അതിൽനിന്നു കരേറുകയും ചെയ്യുന്നവനും ആയ ഉടയവന്ന്, ഈ രോഗിക്കുവേണ്ടിയുള്ള ദൈവികമായ ഈ യാചനകൾ പൂൎണ്ണമാക്കപ്പെടുന്ന ഈ നേരത്തും നമ്മുടെ ആയുസ്സ്കാലം മുഴുവനും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹാശാ.

ജനം. ആമ്മീൻ.

സെദറാ

[illegible]

ദൈവമായ കൎത്താവെ, എന്റെ ആയുസ്സിന്റെ നാളുകൾ അവസാനത്തോടു സമീപിക്കയും, ശരീരത്തിൽനിന്നു ആത്മാവു വേർപിരിയുന്ന ഭയങ്കര വിധി അടുക്കയും ചെയ്തിരിക്കുന്ന ഈ സമയത്തു, എന്റെ ബാല്യം മുതൽ ഇതുവരെയും ഞാൻ ചെയ്തിട്ടുള്ള കുറ്റങ്ങളെയും പാപങ്ങളെയും ഓൎത്തു എനിക്കു വേദന പിടിച്ചിരിക്കുന്നു. നിന്റെ നീതിക്കു ഞാൻ അധികമായി കടപ്പെട്ടിരിക്കുന്നു എന്നു അറിഞ്ഞതുകൊണ്ടു, ഞാൻ ഭ്രമിച്ചു നെട്ടവീൎപ്പിടുന്നു. എല്ലാഭാഗത്തുനിന്നും ഭയവും ഭീതിയും എന്നെ ചുറ്റിയിരിക്കുന്നു. ഞാൻ വലത്തോട്ടും ഇടത്തോട്ടും നോക്കി, ദുഷ്ട പിശാചുക്കളുടെ കൂട്ടം എന്നെ വളഞ്ഞിരിക്കുന്നു എന്നു ഞാൻ അറിഞ്ഞതിനാൽ, വിറയലും പരിഭ്രമവും പെട്ടെന്നു എന്നെ പിടിച്ചിരിക്കുന്നു. എന്റെ പാപങ്ങൾ നിന്റെ സഹായങ്ങളിൽനിന്നു എന്നെ

വിലക്കി, അകററിയെന്നു എന്റെ ശത്രുക്കൾ കണ്ടതി നാൽ, അവർ കള്ളന്മാരെപ്പോലെ എന്റെമേൽ വീണു. എന്റെ സഹായത്തിന്നു എന്റെ സ്നേഹിതന്മാരെ വിളിപ്പാൻ എനിക്കു കഴിവില്ല. എനിക്കു പ്രിയമുള്ള വരും അടുപ്പമുള്ളവരും എന്നെ വിട്ടുവിക്കുന്നുമില്ല. അ തുകൊണ്ട് എല്ലാഭാഗങ്ങളിൽനിന്നും ഞാൻ തനിയെ ശേഷിച്ചു വിടപ്പെട്ടിരിക്കുന്നു. കത്താവേ, നിന്റെ കരു ണയിലല്ലാതെ എനിക്കു പ്രത്യാശയും ശരണവും ശേ ഷിച്ചിട്ടില്ല. മനുഷ്യരെ സ്നേഹിക്കുന്നവനേ, നീ സത്യ മുള്ള ശരണവും, ലജ്ജിപ്പിക്കാത്ത പ്രത്യാശയുമാകയാൽ എന്നോടു കരുണ ചെയ്യണമേ. ഇപ്പോഴും കത്താവേ, എന്റെ സങ്കടങ്ങളിലും ഞെരുക്കസമയത്തും നിന്നെ ഞാൻ നോക്കിവിളിക്കുന്നു. കത്താവേ, എന്റെ ദുഷ്ടത യുടെയും അഹങ്കാരത്തിന്റെയും ആധിക്യം നിമിത്തം നിന്റെ തിരുമുഖം എന്നിൽനിന്നു തിരിക്കരുതേ. എന്റെ ഈ ആവശ്യസമയത്ത് തിരുച്ചെവി എങ്കലേക്കു ചാ യിച്ച് എന്നെ രക്ഷിക്കേണമേ. ദൈവമേ, നിന്റെ ക രുണകൾ വേഗം എനിക്കു മുൻപിടേണമേ. കത്താവേ, എന്റെ ശത്രുക്കളുടെ കയ്യിൽ എന്നെ ഏല്പിക്കരുതേ. എ ല്ലാമനുഷ്യരെയും വ്യത്ഥമായിട്ടല്ലല്ലോ നീ സൃഷ്ടിച്ചിരിക്കു ന്നതു. കത്താവേ, നീ മാത്രം സത്യവാനും, എല്ലാമനുഷ്യ രും അസത്യവാദികളുമാകുന്നു. കത്താവേ, നിന്റെ വ ചനത്തിൽ നീ നീതീകരിക്കപ്പെട്ടു, നിന്റെ ന്യായവിധി കളിൽ നീ ജയിക്കും. സവ്വസൃഷ്ടികളും നിന്റെ നീതി ക്കു കടമ്പെട്ടിരിക്കുന്നു. എന്നാണ, പാപി അനുതപി ച്ചു ജീവിക്കണമെന്നല്ലാതെ, അവന്റെ മരണത്തിൽ എനിക്കിഷ്ടമില്ലെന്നു അരുളിച്ചെയ്തിരിക്കുന്ന സവ്വശ ക്തിയുള്ള ദൈവമായ കത്താവേ, നിന്റെ വചനങ്ങളി ലുള്ള ഉറപ്പായ പ്രത്യാശയോടെ ഞാൻ പ്രാത്ഥിക്കുന്നു. കത്താവേ, വദ്ധിച്ചു എന്റെ തലയ്ക്കുമീതെ കവിഞ്ഞിരി

ക്കുന്ന എന്റെ പാപങ്ങളെ നോക്കണമെ. എത്രയും വളരെയുള്ളവയും, മനുഷ്യരുടെ സകല ദുഷ്ടതയെയും പരിഹരിക്കുന്നവയുമായ നിന്റെ കാരുണ്യങ്ങളിൻപ്രകാരം എന്നെ കടാക്ഷിക്കേണമെ. എന്റെ നേരെ ഗർജ്ജിച്ചു വരികയും, ഭയങ്കരമായ കണികളാൽ എന്നെ പിടിപ്പാൻ എനിക്കായി പതിയിരിക്കയും ചെയ്യുന്ന ദുഷ്ടതയുള്ളവയും മുഗീയവുമായ പിശാചുക്കളെ നോക്കേണമെ. അവരുടെ ഉപായമുള്ള വഞ്ചനകൾക്കു ഞാൻ അനുസരിച്ചതുകൊണ്ട്, എന്റെ ദുസ്തിയകളാൽ എന്നെ കുററം ചുമത്തി ബന്ധിച്ചു, നിങ്കൽനിന്നു എന്നെ അടിമയാക്കിക്കൊണ്ടുപോകുവാൻ അവ എന്റെ നേരെ പാഞ്ഞുവരുന്നു. എന്റെ പാപങ്ങൾക്കുവേണ്ടി അനുപക്ഷിപ്പാൻ എനിക്കു സമയം പോരാതെയുമിരിക്കുന്നു. എന്തെന്നാൽ നിന്റെ കല്പനയാൽ ഇതാ അവസാനം ദുതഗിതിയിൽ അടുത്തിരിക്കുന്നു. കത്താവേ, എന്റെ ജീവാവസാനമാകുന്ന ഈ നാഴികയിലുള്ള ബലഹീനമായ കണ്ണുനീരുകളിൽ ഒരു തുള്ളിയെ എന്നിൽനിന്നു കൈക്കൊള്ളേണമെ. നിന്റെ വലത്തുഭാഗത്തെ കള്ളന്റെ ഏററുപറച്ചിൽ കൈക്കൊണ്ടതുപോലെ, എന്റെ ഏററുപറച്ചിൽ കൈക്കൊള്ളേണമെ. കത്താവേ, അവനെപ്പോലെ ഞാൻ ഏററുപറയുന്നു. നിന്റെ മുൻപാകെ ഞാൻ പാപവും അനീതിയും ചെയ്തു. മനസ്സോടും മനസ്സുകൂടാതെയും, അറിഞ്ഞും അറിയാതെയും, വാക്കിനാലും പ്രവൃത്തിയാലും, വിചാരത്താലും അന്തരിന്ദ്രിയങ്ങളാലും ബാഹ്യേന്ദ്രിയങ്ങളാലും, ആണകളാലും, ശാപങ്ങളാലും, വ്യാജത്താലും, മദ്യപാനത്താലും, അശുദ്ധ ഭക്ഷണത്താലും, കണ്ണുകളുടെ നോട്ടത്താലും, ക്ഷുദ്രക്കാരോടുള്ള സംസഗ്ഗത്താലും, സാത്താൻ മനുഷ്യരെക്കൊണ്ടു ചെയ്യിപ്പാൻ കഴിയുന്ന സകല വിധ പിഴകളാലും, പാപങ്ങളാലും ഞാൻ കുററക്കാര

നായിരിക്കുന്നു. കൎത്താവേ, നിന്റെ അനുഗ്രഹവും കൃപയുംപോലെ എന്നോടു ചെയ്യേണമേ. നിന്റെ നീതിപോലെ ചെയ്യരുതേ. എന്തുകൊണ്ടെന്നാൽ കുററമില്ലാത്തവൻ നീ മാത്രമേയുള്ളൂ. നിന്റെ മനുഷ്യസ്നേഹത്തിന്റെ ഐശ്വൎയ്യവും എന്റെ അടുക്കൽ പ്രദശിപ്പിക്കേണമേ. ഭയത്തിന്റെ ഈ നാഴികയിൽ എന്നോടു ഉത്തരമരുളേണമേ. എന്റെ ബാല്യം മുതൽ ഇതുവരെയുള്ള എന്റെ സകല പാപങ്ങളും കുററങ്ങളും മായിച്ചുകളയേണമേ. എന്റെ ശത്രുക്കൾ എന്നെക്കുറിച്ചു സന്തോഷിപ്പാനിടവരരുതേ. എന്തുകൊണ്ടെന്നാൽ നിന്റെ തിരുരക്തത്താൽ നീ എന്നെ വീണ്ടെടുത്തു. നിന്നിൽ ഞാൻ വിശ്വസിച്ചിരിക്കുന്നു. ദുഷ്ടപിശാചുക്കളെ എന്റെ അടുക്കൽനിന്നു ദൂരത്താക്കേണമേ. നിന്റെ ശാസനയാൽ എന്റെ ശത്രുക്കളുടെ വായ് കെട്ടേണമേ. എന്നെ കുററം ചുമത്തുവാൻ അവരെ സമ്മതിക്കരുതേ. നിന്റെ കരുണകൾക്കായിനോക്കിപ്പാക്കുന്നതല്ലാതെ, എനിക്കു സഹായത്തിന്നും രക്ഷയ്ക്കും വേറെ ഒരു മാൎഗ്ഗവുമില്ല. നിന്റെ അസ്ത്രങ്ങളെ അയച്ച്, എന്റെ ശത്രുക്കളെ ചിതറിച്ചുകളയേണമേ. നിന്റെ മിന്നലുകളെ അയച്ച് അവരെ ഭ്രമിപ്പിക്കേണമേ. ഉന്നതത്തിൽനിന്നു നിന്റെ തൃക്കൈ നീട്ടി, പെരുവെള്ളങ്ങളിൽനിന്നു എന്നെ കോരിയെടുക്കേണമേ. കൎത്താവേ, പതിനൊന്നാം മണിനേരത്തെ വേലക്കാരോടുകൂടെ, നിന്റെ കൃപയാൽ എന്നെ എണ്ണേണമേ. എന്റെ സഹായത്തിന്നു വരുവാൻ നിരപ്പിന്റെയും സമാധാനത്തിന്റെയും മാലാകായെ നിന്റെ കരുണയാൽ അനുവദിക്കേണമേ. പാപികളെ അനുതാപത്തിന്നു വിളിപ്പാൻ വന്ന ഞങ്ങളുടെ കൎത്താവും ദൈവവുമായ യേശുമശിഹായേ, നാശത്തിലേക്കു ഞാൻ ഇറങ്ങുന്നതായാൽ എന്റെ രക്തംകൊണ്ടു

എന്തു ലാഭമുള്ളു? മണ്ണു നിനക്കു സ്തോത്രം ചെയ്യുന്നി
ല്ല. അതു നിന്റെ വിശ്വസ്തതയെ കാണിക്കുന്നതുമി
ല്ല. കർത്താവേ, അനുതപിക്കയും നീ കൈക്കൊള്ളുകയും
ചെയ്തിട്ടുള്ള പാപികളോടു കൂടെ, നിന്നെ സ്തുതിപ്പാൻ
നിന്റെ കരൾക്കനിവുകളാൽ എന്നെ രക്ഷിക്കേണമേ.
നിനക്കും, ഞങ്ങളുടെ വീണ്ടെടുപ്പിന്നായി നിന്നെ അ
യച്ച നിന്റെ പിതാവിന്നും, ഞങ്ങളെ ജീവിപ്പി
ക്കുന്നവനും, ഞങ്ങളുടെ കടങ്ങളെ മോചിക്കുന്നവ
നുമായ നിന്റെ പരിശുദ്ധറൂഹായ്ക്കും ഞങ്ങൾ സ്തുതിയും
സ്തോത്രവും കരേററുന്നു. ഹാശാ.

ജനം: ആമ്മീൻ

ܩܢܘܢܐ ܕܡܪܝ ܢܩܫܬ.

ܡܳܪܝܳܐ ܠܳܟ݂ ܩܪܺܝܬ݂ ܥܢܺܝܢܝ ✣ ܘܰܨܬ݂ ܠܩܳܠ ܒܳܥܽܘܬ݂ܝ
ܒܰܩܪܳܝܬ݂ܝ ܠܳܟ݂. ܬܶܬ݁ܬ݁ܰܩܰܢ ܨܠܽܘܬ݂ܝ ܐܰܝܟ ܒܶܣܡܳܐ. ܘܰܐܪܳܡܽܘܬ݂ ܐܺܝܕ݂ܰܝ
ܐܰܝܟ ܩܽܘܪܒܳܢܳܐ ܕ݂ܪܰܡܫܳܐ. ܣܺܝܡ ܡܳܪܝܳܐ ܢܳܛܽܘܪܳܐ ܠܦܽܘܡܝ
ܘܢܳܛܽܘܪܳܐ ܥܰܠ ܬܰܪܥܳܐ ܕ݂ܣܶܦܘܳܬ݂ܝ. ܘܠܳܐ ܬܰܨܠܶܐ ܠܶܒ݁ܝ ܠܡܶܠܬ݂ܳܐ
ܒܺܝܫܬ݂ܳܐ ✣ ܠܡܶܥܒ݂ܰܕ݂ ܥܒ݂ܳܕ݂ܶܐ ܒܺܝܫܶܐ ܥܰܡ ܓ݂ܰܒ݂ܪܶܐ
ܥܳܒ݂ܕ݂ܰܝ ܥܰܘܠܳܐ. ܘܠܳܐ ܐܶܬ݂ܢܰܣܰܒ݂ ܥܰܡ ܓ݁ܰܒ݂ܪܶܐ
ܢܶܪܕ݁ܶܝܢܝ ܙܰܕ݁ܺܝܩܳܐ ܒܛܰܝܒ݁ܽܘܬ݂ܳܐ. ܘܢܰܟ݂ܣܶܝܢܝ
ܡܶܫܚܳܐ ܕ݂ܪܺܫܺܝܥܶܐ ܠܳܐ ܢܰܦܛܶܡ ܪܺܫܝ.

ܫܢܝܩܐ ܠܡܢ ܩܕܡ ܢܘܗܪܐ ܀ ܠܐ ܡܪܢ ܐܒܕܐ ܡ̈ܢܐ
ܠܡܢ ܡܢ ܐܒܪܗܡ . ܕܐܬܠܩܐ ܠܗ ܕܐܝܢܐ ܕܚܫܐ ܠܐ
ܢܫܕܪ ܠܗ . ܐܦ ܢܛܠܐ ܠܗ ܐܨܒܥܐ ܕܢܘܪܐ
ܒܥܘܠܐ ܕܐܬܝܢ . ܐܣܬܝܢ ܠܡܢ ܐܝܟ ܥܬܝܪܐ ܠܬܫܢܝܩܐ ܀
ܢܣܒܝܢ ܠܡܠܝܢ ܠܡܢ ܕܠܟܝܬܐ ܕܩܕܡ ܫܢܝܢܐ .
ܐܘܪܚܐ ܠܟ ܦܬܘܚ ܠܡܢ ܕܒܬܪܐ ܡܢ ܢܘܗܪܐ .
ܡܢ ܠܥܝܢܐ ܕܗܘ ܠܥܠܡ ܦܪܐ ܠܟ ܡܪܢ . ܕܠܟ
ܠܟܢܘ ܗܘ ܡܫܒܚܢܐ ܫܘܒܚܐ ܐܡܪܝܢ ܀ ܟܠܢܝܢ
ܠܐܠܗܐ ܀

തർജ്ജമ.

ചട്ടക്കാരൻ. ഞങ്ങളുടെ കർത്താവായ കർത്താവേ, നിന്നെ ഞങ്ങൾ നോക്കി വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിന്നായി നീ വരേണമേ, ഞങ്ങളുടെ അപേക്ഷ കേട്ടു ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

കർത്താവേ, എന്നോടു കൃപ തോന്നേണമേ. നിന്റെ വലത്തുഭാഗത്തുള്ള അനുഗ്രഹങ്ങളാൽ ഞാൻ ജീവിക്കുമാറാകേണമേ. ധനവാനെപ്പോലെ നരകത്തിൽ ഞാൻ അതിവേദനപ്പെടരുതേ. വെള്ളമെന്ന കപ്പലിൽക്കൂടി അഗ്നിയാകുന്ന കടലിനെ കടപ്പാനും തിജ്വാലയുടെ വി

ഷമമുള്ള സ്ഥലം എന്നെ അധീനമാക്കാതിരിപ്പാനും എനിക്കു കൃപ നല്കേണമേ.

കർത്താവേ, നിന്റെ കൃപ എനിക്കു തുണയായിരിക്കുകയും, ആശ്വാസവും പരിപൂർണ്ണ സമാധാനവും നിറഞ്ഞിരിക്കുന്ന ജീവന്റെ തുറമുഖത്ത് എന്നെ അടുപ്പിക്കയും ചെയ്യുമാറാകേണമേ. കർത്താവേ, തീജ്വാലയുടെ ഓളങ്ങളുടെ ഇടയിൽ ഞാൻ മുങ്ങിപ്പോകരുതേ. വെള്ളമില്ലാത്ത സ്ഥലത്തു ഞാൻ വെള്ളം വേണ്ടുന്നവനായി തീരുകയും അരുതേ.

കർത്താവേ, ചോദിക്കുന്നവന്നു വെള്ളം കിട്ടാത്തിടമായ ആ സ്ഥലത്തു പരീക്ഷിക്കപ്പെടുവാൻ അബ്രാഹാമിനോടു വെള്ളം ചോദിപ്പാൻ എനിക്കു സംഗതി വരരുതേ. എന്റെ കൈകളുടെ അന്ന്യായത്താൽ അഗ്നിയുടെ വഴിയെ ഞാൻ കടക്കേണ്ടിവരുന്നെങ്കിൽ, ഹനനിയായെപ്പോലെ നാലാമത്തവനായി നിന്നെ ഞാൻ അവിടെ കാണുമാറാകേണമേ.

കർത്താവേ, ഹനനിയാ മുതലായ പൈതങ്ങളോടുകൂടെ എന്റെ നാവു നിന്നെ സ്തുതിക്കയും, സിംഹങ്ങളുടെ കുഴിയിൽവെച്ചു നിനക്കു സ്തോത്രം ചെയ്തു ദാനിയേലിനോടുകൂടെ എന്റെ വായ് നിനക്കു സ്തോത്രംചെയ്കയും ചെയ്യുമാറാകേണമേ. ആ ദരിദ്രനായ ലാസറിനോടുകൂടെ നിനക്കു സ്തുതിപാടുവാൻ, ആ ധനവാന്റെ അതിവേദനയിൽ നിന്നു നീ എന്നെ രക്ഷിക്കയും ചെയ്യേണമേ.

ദൈവമേ, ഞങ്ങളോടു ഉത്തരമരുളിച്ചെയ്യേണമേ. ദൈവമേ, ഞങ്ങളോടുത്തരമരുളിച്ചെയ്തു, ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ. മനുഷ്യരുടെ ഹൃദയങ്ങളെ അനുതാപത്തിങ്കലേക്കു തിരിക്കയും ചെയ്യേണമേ.

(മാർ യാക്കോബിൻെറ രാഗരീതി)

കർത്താ ! കർത്താ ! —വിളിക്കുന്നേങ്ങൾ
    തുണയ്ക്കായ വരിക.
പ്രാർത്ഥന കേ—ട്ടടിയാരുടെ മേൽ
    ദയചെയ്യണമേ.

കർത്താ ! കൃപയായ്—നിന്നനുഗ്രഹത്താൽ
    ജീവിക്കണേ ഞാൻ.
ധനവാനെപ്പോൽ—ഞാൻ നരകത്തിൽ
    ദുഃഖിക്കരുതേ.

വെള്ളമാം കപ്പലിൽ—തിക്കടൽ കടപ്പാൻ
    കൃപ നൽകണമേ.
അഗ്നിജ്വാലകളിൻ—വിഷമസ്ഥലം
    തടുക്കരുതെന്നേ.

നിൻ കൃപയാലാശ്വാസ—തുറമുഖ-
    ത്തടുപ്പിക്കണമേ
തീജ്വാലയിൻ ഓ—ളങ്ങളിൽ ഞാൻ
    മുങ്ങീടരുതേ.

വെള്ളമില്ലാത്തി—ടത്തിൽ ഞാൻ
    ദാഹിക്കരുതേ.
വെള്ളം കിട്ടാ—ത്തിടത്തബ്രാമോടു
    യാചിച്ചിട്ടു്,
പരീക്ഷിതനാവാൻ—എനിക്കും
    ഇടയാകരുതേ.

എൻ കൈകളിൻ—അന്യായത്താൽ
    അഗ്നിയിൻ വഴിയെ
ഞാൻ കടന്നാകിൽ—ഹനനിയായെപ്പോൽ
    നാലാമവനായ്
നിന്നെ ഞാൻ അവിടെ—കണ്ടിടുവാൻ
    കൃപ ചെയ്യണമേ.

ചൂളയിൽ, സിംഹക്കുഴിയിലും
    ഹനനിയായും
ദാനിയേലും—സ്തുതിച്ചതുപോൽ ഞാൻ
    സ്തുതിചെയ്യണമേ.

അഗതിയാം ലാ—സറിനോടുകൂടെ
    സ്തുതിപാടുവാൻ,
ആ ധനവാനുടെ—വ്യഥയിൽനിന്നു
    രക്ഷിക്കണമേ.

ഉത്തരമരുൾക അ—രുൾക ദേവാ
    അനുഗ്രഹിക്ക.
മർത്ത്യർ ചിത്തം—അനുതാപേ നി
    വരുത്തിടണമേ.

¶ പട്ടക്കാരൻ രോഗിയുടെ തലയിൽ കൈവെച്ചു നെററിയിൽ കുരിശു വരച്ചു ചൊല്ലേണ്ടതു്.

പട്ടക്കാരൻ. സർവ്വശക്തിയുള്ള ദൈവം നിന്റെമേൽ മനസ്സലിഞ്ഞു്, നിന്റെ സകല പാപങ്ങളും നിന്നോടു ക്ഷമിച്ചു്, നിത്യജീവങ്കലേക്കു നിന്നെ നടത്തുമാറാകട്ടെ. ✠

രോഗിയും ജനവും. ആമ്മീൻ.

പട്ടക്കാരൻ. സർവ്വശക്തനും കാരുണ്യവാനുമായ കർത്താവു നിന്റെ സകല പാപങ്ങൾക്കും മോചനവും വിടുതലും പരിഹാരവും നിനക്കു നല്കട്ടെ. ✠

രോഗിയും ജനവും. ആമ്മീൻ.

പട്ടക്കാരൻ. എന്റെ കൈവെപ്പാൽ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധ റൂഹായുടെയും തിരുനാമത്തിൽ സാത്താന്റെ സകല ശക്തിയും നിന്നിൽനിന്നു മാഞ്ഞു പോകയും ചെയ്യുമാറാകട്ടെ. ✠

രോഗിയും ജനവും. ആമ്മീൻ.

❖ ܡܪܝܐ ܡܪܚܡܢܐ ܐܬܪܚܡ ܘܥܕܪܝܢ ❖

പ്രാത്ഥന

പട്ടക്കാരൻ. കാരുണ്യവാനും, ദീഘക്ഷമയുള്ളവനും, കൃപയും സത്യവും വളരെയുള്ളവനും, സവ്വജന്തുക്കളുടെ ജീവന്റെയും മരണത്തിന്റെയുംമേൽ അധികാരം ഉള്ളവനും, പാപിയുടെ മരണത്തിൽ ഇഷ്ടമില്ലെന്ന അരുളിച്ചെയ്തിരിക്കുന്നവനുമായ കത്താവെ, എന്റെ യോഗ്യതയ്ക്കു തക്കവണ്ണമല്ല, നിന്റെ കരുണകളുടെ ആധിക്യപ്രകാരം ഈ സമയത്ത് എന്നോടുത്തരമരുളേണമേ. നീ അതിനെ വസിക്കുമാറാക്കിയ ഈ താല്ക്കാലിക വാസസ്ഥലത്തുനിന്ന നിന്റെ ആജ്ഞയാൽ വാങ്ങിപ്പോകുന്ന ഈ എളിയ ആത്മാവിനോടു കരുണ തോന്നേണമേ. കത്താവെ, മനസ്സോടും മനസ്സുകൂടാതെയും, അറിഞ്ഞും അറിയാതെയും, രഹസ്യമായും പരസ്യമായും, വാക്കുകളാലും പ്രവൃത്തികളാലും വിചാരങ്ങളാലും, ശാപത്താലും ഉദാസീനതയാലും വഞ്ചനയാലും സാത്താൻ മനുഷ്യരെക്കൊണ്ടു പാപം ചെയ്യിക്കുന്ന സകല കാരണത്താലും, ഇവൻ ചെയ്തുപോയ സകല പാപങ്ങളും കുററങ്ങളും പരിഹരിച്ച്, നീക്കി മായിച്ചുകളയേണമേ. ആത്മാവിന്റെയും ശരീരത്തിന്റെയും സകല മാലിന്യത്തിൽനിന്നും ഇവനെ മുററും ശുദ്ധീകരിക്കേണമേ. കത്താവെ, മനുഷ്യവഗ്ഗത്തിന്റെ ബലഹീനതയും, ഭൂമിയിലെ തന്റെ ആയുസ്സിൽ ഒരു നാഴിക എങ്കിലും പാപച്ചെളി പററാതെ തിരുസന്നിധിയിൽ വിശുദ്ധിയുള്ളവനായിട്ട്, സ്ത്രീയിൽനിന്ന ജനിച്ചവൻ ആരും ഇല്ലെന്നും നീ അറിയുന്നു. കത്താവെ, സകല വിധമായ ഭീതിയിൽനിന്നും ഭ്രമത്തിൽനിന്നും ഇവനെ സ്വാതന്ത്ര്യപ്പെടുത്തേണമേ. അന്ധകാര സേനകളുടെ എതി

പ്പിൽനിന്ന് ഇവനെ നിരക്ഷിച്ച്, അവയെ ഇവന്റെ അടുക്കൽനിന്ന് ഓടിച്ചുകളയേണമേ. ഇവന്റെ യോഗ്യതയ്ക്കു തക്കവണ്ണമല്ല, നിന്റെ കരുണാധിക്യപ്രകാരം ഇവനോടു പെരുമാറേണമേ. കൎത്താവേ, നീ ഇവനെ സൃഷ്ടിച്ചതുപോലെയും ഇവൻ നിന്റെ സാദൃശ്യവും സദൃശവും ആകുന്നതുപോലെയും നിന്റെ അനുഗ്രഹങ്ങളുടെ സഹായത്തോടുകൂടെ നിന്നെ എതിരേല്പാൻ ഇവനു കൃപ നല്കേണമേ. സന്ധ്യാസമയത്തെ വേലക്കാരോടു നീ കാണിച്ച ദയ ഇവനോടു കാണിക്കേണമേ. പ്രസാദമുഖത്തോടുകൂടെ നിന്നെയും നിന്റെ ഏകപുത്രനെയും നിന്റെ പരിശുദ്ധറൂഹായെയും സ്തോത്രംചെയ്തു വന്ദിക്കുന്നതിനായി, നിന്റെ സന്നിധിയിൽ ഇവനെ അടുപ്പിക്കേണ്ടതിന്നു നിരപ്പിന്റെയും സമാധാനത്തിന്റെയും മാലാകായെ ഇവനു നീ അയച്ചുകൊടുക്കയും ചെയ്യേണമേ. ഹാശാ.

ജനം. ആമ്മീൻ.

മറെറാരു പ്രാത്ഥന

❖ ܡܳܪܝܳܐ ܐܰܠܳܗܳܐ ܘܰܐܠܰܗܳܐ ܡܪܰܚܡܳܢܳܐ ❖

പട്ടക്കാരൻ. കരുണയുടെ സമുദ്രവും ജീവന്റെ ഉറവും സഹായങ്ങളുടെ നദിയുമായിരിക്കുന്ന നല്ലവനും കാരുണ്യവാനുമായ ദൈവമായ കൎത്താവേ, മരണസമീപം രോഗത്തിൽ കിടക്കുന്ന ഈ നിന്റെ ദാസൻ തന്റെ ജനനം മുതൽ ഇതുവരെയും മനസ്സോടും മനസ്സുകൂടാതെയും അറിഞ്ഞും അറിയാതെയും പ്രവൃത്തികളാലും വാക്കുകളാലും വിചാരങ്ങളാലും ചെയ്തുപോയിട്ടുള്ള സകല കുററങ്ങളും പാപങ്ങളും അതിക്രമങ്ങളും കരുണയുള്ള പിതാവിനെപ്പോലെ നീ നിന്റെ കൃപയാൽ ക്ഷമിച്ചു

നീക്കിക്കളകയെണമെ. ഞങ്ങൾ മണ്ണും ചാരവുമാകുന്നു എന്നും, ഒരുദിവസമെങ്കിലും ഭൂമിയിൽ ജീവിച്ചിരുന്നിട്ട്, നിനക്കു വിരോധമായി പാപംചെയ്യാത്ത മനുഷ്യൻ ഇല്ലെന്നും ഓൎക്കേണമെ. ജീവിച്ചിരിക്കുന്ന യാതൊരുത്തനും നിന്റെ ശ്രേഷ്ഠതയുടെ മുൻപാകെ കുററമററവനല്ലാത്തതുകൊണ്ട്, നിന്റെ ദാസനെ വിധിയുടെ ആ ഭയങ്കര ദിവസത്തിൽ ന്യായവിധിക്കു നീ പ്രവേശിപ്പിക്കരുതെ. ദൈവമെ, നിന്റെ സമാധാനത്തിന്റെ മാലാകായെ ഇവന്റെ സഹായത്തിന്നായി നിയമിക്കേണമെ. ദുഷ്ട പിശാചുക്കളുടെ നേരെ പ്രബലപ്പെട്ടുവാൻ നിന്റെ ആജ്ഞയാൽ ഇവനെ പ്രാപ്തനാക്കേണമെ. അവസാനമില്ലാത്ത നരകത്തിൽനിന്നും, അതിവേദനകളിൽനിന്നും ഇവനെ നീ രക്ഷിച്ചുകൊള്ളേണമെ. നിന്റെ കരുണയാൽ ഇവന്റെ ആത്മാവിനെ കൈക്കൊള്ളേണമെ. നിന്റെ വിശുദ്ധ സൈന്യങ്ങളാൽ നിന്റെ മഹത്വത്തിന്റെ ശ്രേഷ്ഠസിംഹാസനത്തിങ്കലേക്ക് ഇവനെ അടുപ്പിക്കേണമെ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവമെ, മഹത്വത്തോടെ നിനക്കു പെരുന്നാൾ ആഘോഷിക്കുന്നവരുടെ ശബ്ദം ഉള്ളയിടവും, സകല ദുഃഖങ്ങളും നെടുവീൎപ്പുകളും ഒഴിഞ്ഞിരിക്കുന്ന ജീവിതമുള്ളയിടവും അവൎണ്ണനീയമായ വാഗ്ദത്തങ്ങളുടെ ആദ്യഫലമുള്ളയിടവും, നിന്റെ വിശുദ്ധന്മാർ ഇളവുകൂടാതെ നിന്റെ ദൈവത്വത്തെ സ്തുതിച്ചു മഹത്വപ്പെടുത്തുന്നയിടവുമായ അബ്രാഹാം യിസ്സാക്ക് യാക്കോബ് എന്നവരുടെ മടിയിലും, സന്തോഷങ്ങളുടെ പറുദീസായിലും, ആശ്വാസത്തിന്റെ സ്ഥലങ്ങളിലും, പ്രകാശത്തിന്റെ പന്തലുകളിലും, വിശുദ്ധന്മാരുടെ കൂടാരത്തിലും, നീതിമാന്മാരുടെ വാസസ്ഥലങ്ങളിലും, ഇവനെ ആശ്വസിപ്പിക്കേണമെ. അവരോടുകൂടെയും അവരുടെ ഇടയിലും ഈ നി

ൻെറ മാസവും ഇളവുകൂടാതെ സ്തുതിയും സ്തോത്രവും നി
നക്കു പാടുകയും ചെയ്യുമാറാകേണമേ. ഹാശാ.

ജനം. ആമ്മീൻ.

ܒܥܕܢܐ ܕܡܪܝ ܐܦܪܝܡ.

ܡܪܝ ܐܬܪܚܡ ܥܠܝܢ * ܗܕܐ ܡܪܢ ܠܟܠܟܘܢ
ܗܘܐ. ܘܫܒܚܬܐ ܠܐܒܘܟ ܕܫܕܪܟ. ܘܠܝ ܠܗ ܡܪܢ
ܠܥܠܡܝܢ. ܕܡܠܐ ܫܡܝܐ ܘܐܪܥܐ. ܐܡܝܢ ܠܗ
ܠܟܐܦܐ ܢܘܗܪܐ. ܘܣܠܩ ܠܗ ܒܪܝܗ ܡܫܒܚܐ.
ܘܥܒܕ ܠܗ ܒܫܠܝܐ ܪܒܐ. ܘܐܬܐܒ ܠܗ ܡܢ
ܫܡܝܢ * ܕܢܘܗܪܐ ܡܠܐܟܘ ܫܡܝܢܐ. ܘܫܒܚܘ ܠܗ
ܡܢ ܢܒܝܐ. ܕܟܠ ܡܠܐܟܐ ܠܫܘܒܚܗ ܕܡܪܝܐ.
ܠܟܝܢ ܡܪܢ ܡܫܝܚܐ ܕܐܬܦܢܝܘ. ܢܘܗܪ
ܢܘܗܪܐ ܢܫܬܒܚ. ܘܫܒܚ ܢܫܬܐܠ ܒܢܗܘ.
ܫܘܪܝܐ ܢܗܝܐ ܠܫܡܗ. ܘܢܫܬܐܠ ܒܟܢܫܐ
ܕܫܡܝܐ * ܫܡܝܐ ܕܟܠ ܘܡܫܝܚܐ ܕܐܬܐ ܠܢ.
ܫܡܝܐ ܕܟܠܝ ܘܐܬܪܐ ܠܟ. ܘܫܡܐ ܒܫܡܝܐ
ܬܠܝܐ ܠܝ *

(തജ്ജ്മ)

പട്ടക്കാരൻ. ഞങ്ങളുടെ കത്താവെ, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമെ. ഞങ്ങളുടെ കത്താവെ, ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളേണമെ.

കത്താവെ, ഈ നിന്റെ ദാസനെയും, ഞങ്ങൾ എല്ലാവരെയും ജീവന്റെ വഴിയിൽ നടത്തേണമെ. കത്താവെ, നിരപ്പും സമാധാനവും നിറഞ്ഞിരിക്കുന്ന നിന്റെ തുറമുഖത്തു ഇവനെ അടുപ്പിക്കേണമെ. പ്രകാശത്തിന്റെ മണവറയിലേക്കു ഇവനെ ക്ഷണിക്കേണമെ. നിന്റെ വിശുദ്ധന്മാരുടെ കൂട്ടത്തിൽ ഇവനെ ചേക്കേണമെ. നിന്റെ മഹാശക്തിയാൽ ഇവനെ നടത്തേണമെ. നിന്റെ വലത്തുഭാഗത്തു ഇവനെ ഇരുത്തുകയും ചെയ്യേണമെ.

സകല ദുവ്വികാരങ്ങളെയും ഇവനിൽ നിന്നു നീക്കിക്കളെയേണമെ. എല്ലാ ഉപദ്രവങ്ങളിൽനിന്നും ഇവനെ കാത്തുകൊള്ളേണമെ. കോപത്തിന്റെ വടിയെ ഇവനിൽ നിന്നു തടുക്കേണമെ. കത്താവെ, ഇവന്റെ കുററങ്ങളെ മായിച്ചുകളയേണമെ. നിന്റെ പ്രകാശം ഇവന്റെ ഇരുളിനെ നീക്കി ഇവനെ പ്രകാശിപ്പിക്കേണമെ. നിന്റെ പ്രത്യാശ ഇവനിൽ ഉറച്ചിരിക്കേണമെ. നിന്റെ രക്ഷ ഇവന്റെ പക്കൽ വദ്ധിപ്പിക്കേണമെ. നിന്റെ അനുഗ്രഹങ്ങളുടെ ചിറകിൽ ഇവൻ മറയ്ക്കപ്പെടുകയും ചെയ്യുമാറാകേണമെ.

പ്രാത്ഥനകളെ കേൾക്കുന്നനും, യാചനകളെ നല്കുന്നവനുമായുള്ളോവെ, ഞങ്ങളുടെ പ്രാത്ഥന കേട്ടു ഞങ്ങളോടു നിരന്നു, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകളെ നല്കുമാറാകേണമെ.

(മാർ അപ്രേമിൻെറ രാഗരീതി)

കർത്താവേ—അനുഗ്രഹിക്ക
ശുശ്രൂഷ—കൈക്കൊള്ളണമേ.

ഞങ്ങളെയും—ഈ ദാസനെയും,
നടത്തണമേ—ജീവമാർഗ്ഗേ
ശാന്തമാ—യിട്ടും നിൻെറ,
തുറമുഖത്ത—ടുപ്പിക്കിവനെ

ശോഭന—മണവറയ്ക്കു,
ക്ഷണിച്ചിടേ—ണമിവനെ
നിൻ വിശു—ദ്ധന്മാരുടെ,
കൂട്ടത്തിൽ—ഇവനെ ചേർക്ക.

നിൻ മഹാ—ശക്തിയാലെ,
ഇവനെ നീ—നടത്തിടണമേ.
നിൻ വല—ഭാഗത്തു നീ,
ഇരുത്തിടേ—ണമിവനെ.

ദുഷ്ടികാ—രങ്ങളെല്ലാം,
ഇവനിൽ നി—ന്നു നീക്കണമേ
ഉപദ്രവ—ങ്ങളിൽനിന്നു,
ഇവനെ നീ—കാത്തിടണമേ.

കോപത്തി—ന്നുടെ വടിയെ,
തടുക്കേണം—ഇവനിൽനിന്നു
ഇവനുടെ—കുററങ്ങളെ,
മായിച്ചു—കളയേണമേ.

നിൻ പ്രകാ—ശം ഇവൻെറ,
ഇരുൾ നീക്കി—ശോഭിപ്പിക്ക.
നിൻെറ പ്ര—ത്യാശ എന്നും,
ഇവനിലു—റച്ചിടണമേ.

ഇവൻ പക്കൽ—നിൻെറ രക്ഷ,
വർദ്ധിപ്പി—ച്ചിടേണമേ.

നിന്നാശി—സ്സിൻ ചിറകിൽ
ഇവനെ നീ മറച്ചീടണമേ.

പ്രാൎത്ഥനകൾ—കേൾക്കുന്നോനേ,
യാചനകൾ—നല്കുന്നോനേ,
ഞങ്ങളിൻ പ്രാ—ൎത്ഥനകൾ കേട്ട്
യാചനകൾ—നല്കിടണമേ.

¶ അതിൻെറശേഷം എല്ലാവരും പ്രത്യേകം രോഗിയും **വിശ്വാസപ്രമാണം** ചൊല്ലണം. (പുറം 15.)

പട്ടക്കാരൻ. വിതാവായി സൎവ്വശക്തനായി,

ജനം. ആകാശത്തിൻെറയും..........

ലുത്തിനിയാ

പട്ടക്കാരൻ. ക്കുറിയേലായിസ്സോൻ.
ജനം. ക്കുറിയേലായിസ്സോൻ.

പട്ടക്കാരൻ. ക്രിസ്സ്യേലായിസ്സോൻ
ജനം. ക്രിസ്സ്യേലായിസ്സോൻ.

പട്ടക്കാരൻ. ക്കുറിയേലായിസ്സോൻ.
ജനം. ക്കുറിയേലായിസ്സോൻ.

പട്ടക്കാരൻ. മ്ശിഹായേ ഞങ്ങളെ കേൾക്കേണമേ.
ജനം. മ്ശിഹായേ ഞങ്ങളുടെ അപേക്ഷ കേൾക്കേണമേ.

¶ പിന്നാലെയുള്ള ഓരോ അപേക്ഷയും പട്ടക്കാരൻ ചൊല്ലി നിൎത്തുമ്പോൾ ജനവും പ്രത്യേകം രോഗിയും **ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ** എന്നു പ്രതിവാക്യമായി ചൊല്ലണം.

പട്ടക്കാരൻ.

സ്വൎഗ്ഗീയ പിതാവായ ദൈവമേ—
ലോകരക്ഷിതാവായ ദൈവപുത്രാ—

പരിശുദ്ധ റൂഹാ ആയ ദൈവമേ—

വിശുദ്ധ ത്രിത്വമായിരിക്കുന്ന ഏകദൈവമേ—

ജീവനുള്ള ദൈവത്തിൻെറ പുത്രനായ യേശുവേ—

നല്ല ഇടയനായ യേശുവേ—

നിത്യപ്രകാശത്തിൻെറ കതിരായ യേശുവേ—

ജാതികളുടെ പ്രത്യാശയായ യേശുവേ—

ആശ്വാസത്തിൻെറ പുരുഷനായ യേശുവേ—

ആത്മാവിൻെറ ആഗ്രഹമായ യേശുവേ—

സമാധാനത്തിൻെറ രാജാവായ യേശുവേ—

സൂര്യനെക്കാൾ ശോഭയുള്ളവനായ യേശുവേ—

വയലിലെ പുഷ്പമായ യേശുവേ—

താഴ്വരയിലെ ശുശാനാപുഷ്പമായ യേശുവേ—

നീതിയിൻ സൂര്യനാം യേശുവേ—

ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥനായ യേശുവേ—

ജീവനുള്ളവരുടെ രക്ഷിതാവായ യേശുവേ—

കാഴ്ചയിൽ മനുഷ്യരെക്കാൾ സുന്ദരനായ യേശുവേ—

ദരിദ്രന്മാരുടെ ബലമായ യേശുവേ—

ഉപദ്രവത്തിൽ രക്ഷകനായ യേശുവേ—

കൊടുങ്കാററിൽ പ്രത്യാശയായ യേശുവേ—

ചൂടിൽ തണലായ യേശുവേ—

വയലിലെ പുഷ്പപരിമളമായ യേശുവേ—

അധികം ബലമുള്ള ഗോപുരമായ യേശുവേ—

ദാവീദ് ഗൃഹത്തിൻെറ താക്കോലായ യേശുവേ—

എല്ലാവരുടെയും സൃഷ്ടാവായ യേശുവേ—

ജാതികളുടെ പ്രകാശവും രക്ഷയുമായ യേശുവേ—

കോൺകല്ലായ യേശുവേ—

സകല ജാതികളാലും ആഗ്രഹിക്കത്തക്കവനായ യേശുവേ—

മഹത്വത്തിൻെറ രാജാവായ യേശുവേ—

ബലമുള്ള സഹായകനായ യേശുവേ—

വഴിയും സത്യവും ജീവനുമായ യേശുവേ—

സത്യത്തിൻെറ മുന്തിരിവള്ളിയായ യേശുവേ—

യെഹൂദന്മാരുടെ രാജാവായി നസ്രായനായ യേശുവേ—

കന്യക മറിയാമ്മിൻ പുത്രനായ യേശുവേ—

സത്യ ദൈവവും നിത്യജീവനുമായ യേശുവേ—

ലോകത്തിൻെറ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിൻെറ കുഞ്ഞാടേ—

ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ നിനക്കു സ്തുതി. എന്നേക്കും ഞങ്ങൾക്കുള്ള ശരണവുമേ നിനക്കു സ്തുതി. ബാറെക്‌മാർ

സ്വർഗ്ഗത്തിലുള്ളവനായ ഞങ്ങളുടെ പിതാവേ—

അതിൻെറശേഷം.

ഹുത്താമ്മാ

പട്ടക്കാരൻ. ഞങ്ങളുടെ കർത്താവും ഞങ്ങളുടെ ദൈവവുമേ, എന്നേക്കും നിനക്കു സ്തുതി, നിനക്കു സ്തുതി, നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേശുമ്ശിഹായേ, നിൻെറ കൃപയാലും ധാരാളമായ കരുണയാലും ഞങ്ങളുടെ പ്രാർത്ഥനകൾ കേട്ട്, ഞങ്ങളുടെ ശുശ്രൂഷ കൈ

ക്കൊള്ളണമെ. ഞങ്ങളുടെ കൎത്താവും ദൈവവുമെ, ഞങ്ങളുടെ സഹായത്തിനു നീ വന്ന് എന്നേക്കും ഞങ്ങളെ വിശുദ്ധരാക്കേണമെ. ഞങ്ങളുടെ കൎത്താവെ, ഞങ്ങളുടെ ശുശ്രൂഷ നിനക്കു രമ്യവും, ഞങ്ങളുടെ നമസ്കാരം നിനക്കു പ്രസാദകരവും, ഞങ്ങളുടെ അപേക്ഷ നിനക്കു സ്വീകാൎയ്യവും, ഞങ്ങളുടെ പ്രാൎത്ഥന നിനക്കു ബഹുമാനകരവും ആയിരിക്കേണമെ. കൎത്താവെ, നിന്റെ അനുഗ്രഹങ്ങളും കരുണകളും, സഹായങ്ങളും കൃപകളും, ദൈവികമായ നിന്റെ സകല ദാനങ്ങളും ബലഹീനരായ ഞങ്ങളുടെ മേലും, ബലഹീനതയുള്ള ഞങ്ങളുടെ വൎഗ്ഗത്തിന്മേലും, വന്ന് ആവസിച്ച് എന്നേക്കും പാൎക്കുമാറാകേണമെ.

ജനം. ആമ്മീൻ.

പട്ടക്കാരൻ. സത്യവിശ്വാസികൾക്കു ബലമുള്ള......

ജനം. ആമ്മീൻ.

ആശീൎവ്വാദം.

ആകാശവും ഭൂമിയും സൃഷ്ടിച്ച കൎത്താവിനാൽ......

¶ അതിന്റെശേഷം മൌനമായി എല്ലാവരും പ്രാൎത്ഥിച്ചിട്ട് തമ്മിൽ തമ്മിൽ കയ്യസ്സൂരി കൊടുത്തു അവസാനിപ്പിക്കണം.

രണ്ടാം ശുശ്രൂഷ ഇവിടെ അവസാനിക്കുന്നു.

¶ അനുതാപത്തിന്റെ ഏഴു മസ്മൂറുകളും രോഗിയുടെ അടുക്കൽ ഇരുന്നു വായിച്ചു കേൾപ്പിക്കയും രോഗി ധ്യാനത്തോടെ അതിൽ സംബന്ധിക്കയും വേണം.

൬-ാം മസ്മൂർ

കൎത്താവേ, നിന്റെ കോപത്തിൽ എന്നെ കുററപ്പെടുത്തരുതേ; നിന്റെ ക്രോധത്തിൽ എന്നെ ശിക്ഷിക്കയുമരുതേ.........

൩൨-ാം മസ്മൂർ

അവന്റെ അന്യായം ക്ഷമിക്കപ്പെട്ടും പാപങ്ങൾ മറെക്കപ്പെട്ടുമിരിക്കുന്നവന്നു ഭാഗ്യം.........

൩൮-ാം മസ്മൂർ

കൎത്താവേ, നിന്റെ കോപത്തിൽ എന്നെ കുററപ്പെടുത്തരുതേ; നിന്റെ ക്രോധത്തിൽ എന്നെ ശിക്ഷിക്കയുമരുതേ.........

൫൧-ാം മസ്മൂർ

ദൈവമേ, നിന്റെ കൃപയിൻപ്രകാരം എന്റെമേൽ അനുഗ്രഹം ചെയ്യേണമേ; നിന്റെ കരുണകളുടെ ബഹുത്വപ്രകാരം എന്റെ പാപങ്ങളെ മായിച്ചുകളയേണമേ.........

൧൦൨-ാം മസ്മൂർ

കൎത്താവേ, എന്റെ പ്രാൎത്ഥന കേൾക്കേണമേ; എന്റെ നിലവിളി നിന്റെ അടുക്കൽ പ്രവേശിക്കുമാറാകേണമേ.........

൧൩൦-ാം മസ്മൂർ (൧൨൯)

കൎത്താവേ, ആഴത്തിൽനിന്നു നിന്നെ ഞാൻ നോക്കി വിളിച്ചു.........

൧൪൩-ാം മസ്മൂർ (൧൪൨)

കൎത്താവേ, എന്റെ പ്രാൎത്ഥന കേട്ടു്, എന്റെ അപേക്ഷ ചെവിക്കൊള്ളേണമേ; നിന്റെ തിരുവചനത്താലും നീതിയാലും എനിക്കുത്തരമരുളേണമേ ....

....

ܬܟܣܐ
ܕܒܘܪܟ ܒܝܬܐ.

✤ ܫܘܒܚܐ ܠܐܒܐ ✤ ܘܠܒܪܐ ܘܠܪܘܚܐ ✤
ܩܕܝܫܐ ✤ ܥܠܝܢ ܚܠܫܐ ܘܚܛܝܐ ✤

ഭവനവാഴ്വിൻെറ ക്രമം

പട്ടക്കാരൻ

പിതാവിന്നും പുത്രന്നും പരിശുദ്ധ റൂഹായ്ക്കും സ്തുതി.

ജനം.

ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടു ലോകങ്ങളിലും ചിന്തപ്പെടുമാറാകേണമേ. ആമ്മീൻ.

പ്രാരംഭപ്രാത്ഥന

✤ ܡܪܝܐ ܐܠܗܐ ܫܝܢܟ ܢܫܪܐ ܒܗܢܐ ܒܝܬܐ.

പട്ടക്കാരൻ. ദൈവമായ കത്താവേ, നിൻെറ നിരപ്പും സമാധാനവും ഈ ഭവനത്തിൽ വസിക്കുമാറാകേണമേ. ഇതിലുള്ള സകലത്തേയും അനുഗ്രഹിക്കേണമേ. ഇതിൻെറ വരവുചെലവുകൾ നിൻെറ വിശുദ്ധനാമത്തിൻെറ മഹത്വത്തിന്നും, നീതിയുടെ സംരക്ഷണത്തിന്നുമായിരിക്കേണമേ. നിങ്കൽനിന്നുള്ള എല്ലാ നന്മകളും അനുഗ്രഹങ്ങളുംകൊണ്ടു ഇതിനെ അഭിവൃദ്ധിപ്പെടുത്തേണമേ. ഇതിൽ വസിക്കുന്നവക്കു സുഖപ്രസാദം നല്കേണമേ. ഞങ്ങളുടെ കത്താവും ദൈ

വവുമേ, ഇവർ തങ്ങളുടെ ആയുഷ്ക്കാലം മുഴുവനും തങ്ങളുടെ രഹസ്യകാര്യങ്ങളിലും പരസ്യകാര്യങ്ങളിലും നിന്നെ പ്രസാദിപ്പിക്കുന്നവരുമായിരിക്കേണമേ. ഹാശാ.

ജനം. ആമ്മീൻ.

ܩܘܩܠܝܘܢ ܫܒܝܚܐ.

ܠܐܠܗܢ ܡܪܝܐ ܢܦܫܝ ܐܬܪܥܝܬ ܗ̄ ܘܗ̄ ܠܐܠܗܝ

ܟܡ ܕܐܝܬܝ ܠܐ ܐܬܟܠܘ ܀ ܠܐ ܬܬܟܝܠܘܢ ܥܠ ܪܘܪܒܢܐ

ܘܥܠ ܒܢܝ ܐܢܫܐ ܗ̄ ܘܗ̄ ܐܦ ܠܐ ܕܦܪܩܝܢ ܠܗ

ܠܐ ܢܬܬܟܝܠܘܢ ܀ ܢܦܩܐ ܪܘܚܗܘܢ ܘܗܦܟܝܢ ܠܐܪܥܗܘܢ

ܗ̄ ܘܗ̄ ܐܝܟܢܐ ܡܪܝܐ ܢܫܒܚܘܢ ܀ ܘܡܫܒܚܝܢ

ܐܝܠܝܢ ܗ̄ ܘܗ̄ ܕܡܪܝܐ ܒܡܘܫܐ ܘܠܐܠܗܐ ܀

ܫܘܒܚܐ ܀ ܘܡܢ ܀ ܠܥܠܡ ܀

ܠܡܫܝܚܐ ܢܘܗܪܐ ܐܝܬ ܫܡܫܐ ܡܢ ܩܕܡ ܬܫܒܘܚܬܐ

ܐܫܬܒܚ ܐܠܗܐ ܘܐܦ ܠܟ ܕܡܫܬܒܚ ܢܘܪܐ ܕܠܟ

ܡܪܢ ܒܫܒܚܬܗ ܀

ܡܫܡܫܢܐ ܀ ܫܠܘܡ ܀ ܠܥܠܡ ܀ ܩܘܡ ܀

കുക്കലെയോൻ

മസ്മൂർ

പട്ടക്കാരൻ. കർത്താവേ, നിങ്കലേക്കു ഞാൻ എന്റെ മനസ്സു ഉയർത്തുന്നു. എന്റെ ദൈവമേ, ഞാൻ നിന്നിൽ ആശ്രയിച്ചിരിക്കുന്നു, ഞാൻ ലജ്ജിച്ചുപോകരുതേ. എന്റെ ശത്രുക്കൾ എന്റെ നേരെ പ്രശംസിക്കരുതേ. നിന്നിൽ ആശ്രയിക്കുന്ന ഒരുത്തനും ലജ്ജിച്ചുപോകയില്ല. അന്യായക്കാർ അവരുടെ മായയിൽ ലജ്ജിക്കും. കർത്താവേ, നിന്റെ വഴികൾ എന്നെ കാണിക്കേണമേ. നിന്റെ ഊട്ടുവഴികൾ എനിക്കു അറിയിച്ചുതരേണമേ. നിന്റെ സത്യത്തിൽ എന്നെ നടത്തുകയും എന്നെ പഠിപ്പിക്കയും ചെയ്യേണമേ— ബാറെക്മാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജനം. ആദിമുതൽ എന്നേക്കും തന്നെ. ആമ്മീൻ.

എക്ബാ

പട്ടക്കാരൻ. സമുദ്രത്തിന്റെ അഗാധത്തിൽ നിന്നു യൌനാൻപ്രവാചകനെ രക്ഷിച്ചവനും, മനുഷ്യരെ സ്നേഹിക്കുന്നവനുമായ കർത്താവേ, നിന്റെ കൃപയാൽ എന്റെ ഏറിയ കുററങ്ങളിൽനിന്നു എന്നെയും കോരിയെടുക്കേണമേ.

ശുശ്രൂഷകൻ. സ്ത്രൌമെൻകാലോസ്.

ജനം. കുറിയേലായിസ്സോൻ.

പ്രോമ്യോൻ

പട്ടക്കാരൻ

നാമെല്ലാവരും പ്രാർത്ഥിച്ച് കർത്താവിനോടു അനുഗ്രഹങ്ങളും കരുണയും അപേക്ഷിക്കണം.

ജനം

അനുഗ്രഹിക്കുന്നവനായ കൎത്താവെ, ഞങ്ങളെ അനുഗ്രഹിച്ചു, ഞങ്ങൾക്കു സഹായം ചെയ്യേണമെ.

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും ....

. ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ

പാപികൾക്കായി തുറന്നിരിക്കുന്ന കരുണകളുടെ വാതിലും, മരണമുള്ളവരെ ജീവിപ്പിച്ച ജീവന്റെ തുറമുഖവും, അശുദ്ധന്മാരെ ശുദ്ധീകരിക്കുന്നതായ വെടിപ്പാക്കുന്ന സോപ്പായും, മാലിന്യമുള്ളവരെ വെളുപ്പിച്ച നിൎമ്മലമാക്കുന്ന തളിപ്പുമായിരിക്കുന്ന മശിഹാതമ്പുരാന്നു, ഭവനവാഴ്വിന്റെ ഈ നേരത്തും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹാശാ.

ജനം. ആമ്മീൻ.

സെദറാ.

. ܡܪܝܐ ܐܠܗܐ ܕܡܩܒܠ ܨܠܘ̈ܬܐ ܕܟܠ

പട്ടക്കാരൻ. പ്രാൎത്ഥനകൾ കൈക്കൊള്ളുന്നവനും, യാചനകൾ നല്കുന്നവനുമായ ദൈവമായ കൎത്താവെ, ആദ്യകടിഞ്ഞൂലായ ഹാബേലിന്റെ കാഴ്ച കൈക്കൊണ്ടതുപോലെ, ഞങ്ങളുടെ പ്രാൎത്ഥന കൈക്കൊള്ളേണമെ. ഹാനോക്ക് തന്റെ ശുശ്രൂഷയാൽ നിന്നെ പ്രസാദിപ്പിച്ചതുപോലെ, ഞങ്ങളുടെ ശുശ്രൂഷ നിന്നെ പ്രസാദിപ്പിക്കുമാറാകേണമെ. നീതിമാനായ നോഹിന്റെ യാഗത്തിൽ നീ പ്രസാദിച്ചതുപോലെ, ഞങ്ങളുടെ അധരങ്ങളുടെ ഫലത്തിൽ നീ പ്രസാദിക്കേണമെ. നി

ന്റെ സ്നേഹിതനായി, ഞങ്ങളുടെ പിതാവായ അബ്രാഹാമിന്റെ വിശ്വാസം നിനക്കു സന്തോഷമായതുപോലെ, ഞങ്ങളുടെ പ്രാൎത്ഥന നിനക്കു സന്തോഷകരമായിരിക്കേണമേ. നീതിമാനായ ഈയോബിന്റെ അടുക്കൽനിന്നു ദുഷ്ടനായവൻ ലജ്ജിച്ചു പോയതുപോലെ, ഈ വീട്ടിന്റെ ശത്രുവായ ദുഷ്ടൻ ലജ്ജിക്കുമാറാകേണമേ. ശ്രേഷ്ഠപുരോഹിതനായ അഹറോന്റെ ധൂപത്താൽ യിസ്രായേൽജനത്തിൽനിന്നു വസന്ത നിരോധിക്കപ്പെട്ടതുപോലെ, കഠിനശിക്ഷകളും കോപത്തിന്റെ വടികളും ഞങ്ങളിൽനിന്നു നിരോധിക്കപ്പെടുമാറാകേണമേ. പുരോഹിതനായ സ്കറിയായുടെ ശുശ്രൂഷയിങ്കൽ നിന്റെ പ്രാസംഗികനായ യോഹന്നാനെപ്പററി അവന്നു പ്രത്യാശ ഉണ്ടാക്കിയതുപോലെ, ഞങ്ങളുടെ ശുശ്രൂഷയിൽ ജീവന്റെയും രക്ഷയുടെയും പ്രത്യാശ ഞങ്ങൾക്കുണ്ടാകുമാറാകേണമേ. കൎത്താവേ, ചുങ്കക്കാരനായ സക്കായിയോടു ക്ഷമിച്ചതുപോലെ, നിന്റെ തിരുവചനത്താൽ ഞങ്ങളുടെ പാപങ്ങളെ പരിഹരിക്കേണമേ. കൎത്താവേ, ഭാഗ്യവാന്മാരായ ശ്ലീഹന്മാരുടെ പ്രധാനിയായ ശെമഓന്റെ അപേക്ഷ കൈക്കൊണ്ടതുപോലെ, അനേകപാപങ്ങൾ ചെയ്തിട്ടുള്ള ഞങ്ങളുടെ അപേക്ഷ കൈക്കൊള്ളേണമേ. ആ പാപിയായിരുന്ന സ്ത്രീയുടെ കുററങ്ങൾ ക്ഷമിച്ചതുപോലെ, ഞങ്ങളുടെ അനേക കുററങ്ങളെ ഞങ്ങളോടു ക്ഷമിക്കേണമേ. കൎത്താവേ, ആ സ്ത്രീ അവളുടെ വിഷമമായ വേദനകളിൽനിന്നു സ്വസ്ഥത പ്രാപിച്ചതിന്നു മുഖാന്തിരമായ ആ നിന്റെ നിത്യമായ കരുണ ഞങ്ങളുടെമേൽ വൎഷിക്കുമാറാകേണമേ. ക്നാനായ സ്ത്രീയുടെ മകളിൽനിന്നു, ദുഷ്ടനെ ഓടിച്ചതുപോലെ, പ്രതിയോഗിയുടെ ശക്തിയെ ഞങ്ങളിൽനിന്നു ദൂരത്താക്കേണമേ. ഉൽകൃഷ്ട പുരുഷനായ ദാനിയേലിന്നു നല്കിയതുപോലെ, നിന്റെ സന്നിധിയിൽ ഞങ്ങൾക്കു ജയം നല്കേണമേ.

കത്തുന്ന അഗ്നിച്ചൂളയിൽവച്ചു, ഹനനിയാമുതലായവരുടെ ബന്ധനങ്ങൾ നീ അഴിച്ചതുപോലെ, ദുഷ്ടപിശാചുക്കളുടെ ബന്ധനങ്ങളെ ഞങ്ങളിൽനിന്നു അഴിക്കേണമേ. നിന്റെ പട്ടക്കാരും ശുശ്രൂഷകന്മാരും നിന്റെ ഇഷ്ടം ചെയ്യു, നിറവേററുവാനും, നിന്റെ സ്വർഗ്ഗീയ ഭണ്ഡാരത്തിന്മേൽ അവർ സത്യമുള്ളവരായിരിപ്പാനും, നിന്റെ തിരുവചനംപോലെ, ഭയത്തോടെ നിന്റെ ആട്ടിൻകൂട്ടത്തെ മേയിപ്പാനും, നിന്റെ വിശുദ്ധവഴികളിൽ നടപ്പാനും, കർത്തൃസംബന്ധവും ജീവപ്രദങ്ങളുമായ നിന്റെ കല്പനകളെ ആചരിപ്പാനും അവക്കു കൃപ നല്കേണമേ. കർത്താവേ, ഇപ്പോൾ ഈ ഭവനത്തിന്നു വേണ്ടിയും, ഇതിൽ പാക്കുന്നവക്കു വേണ്ടിയും, അനുഗ്രഹങ്ങളും കരുണയും നിന്നോടു ഞങ്ങൾ യാചിക്കുന്നു. കർത്താവേ, ഈ സമയത്തു നിന്റെ അടിയാരായ ഞങ്ങളുടെ പ്രാർത്ഥന തിരുസന്നിധിയിൽ പ്രവേശിക്കുമാറാകേണമേ. ഈ ഭവനം ശ്രേഷ്ഠത പ്രാപിക്കയും, ഇതിൽ വസിക്കുന്നവർ ജയത്തോടെ രക്ഷിക്കപ്പെടുകയും, നിന്റെ കുഞ്ഞാടുകൾ നിന്റെ മേച്ചൽസ്ഥലങ്ങളിൽ മേയുകയും, നിന്റെ പെണ്ണാടുകൾ നിന്റെ നന്മകൾകൊണ്ടു തൃപ്തിപ്പെടുകയും, ഞങ്ങൾക്കെല്ലാവക്കും നിങ്കൽനിന്നു കരുണ ലഭിക്കയും ചെയ്യുമാറാകേണമേ. പാപികളോടു കരുണയുള്ളവനും, അനുതാപികളിൽ ഇഷ്ടമുള്ളവനുമായ കർത്താവേ, നിന്റെ ബഹുലമായ അനുഗ്രഹങ്ങളുടെ സമൃദ്ധിപോലെ, ഞങ്ങളോടു ദയതോന്നി, ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ. കർത്താവേ, തിരുവുള്ളമുണ്ടായി, ഞങ്ങളുടെ പ്രാർത്ഥന കൈക്കൊണ്ടു, ഞങ്ങളെ ശുദ്ധീകരിക്കേണമേ. നിനക്കും നിന്റെ പിതാവിന്നും നിന്റെ പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേററും. ഹാശാ.........

ജനം: ആമ്മീൻ.

ܡܪܝܐ ܒܬܪܥܟ ܢܩܫܝܢܢ. ܩܠܐ ܕܒܥܘܬܢ.

ܠܐ ܬܣܠܐ ܡܢ ܣܓܘܕܝܟ. ܫܐܠܬܐ ܕܣܘܢܩܢܗܘܢ܀

കർത്താവേ, നിന്റെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ ശബ്ദം മുട്ടുന്നു. നിന്നെ വന്ദിക്കുന്നവരിൽ നിന്നു അവരുടെ ആവശ്യങ്ങളുടെ യാചനകളെ നിമുടക്കരുതേ.

ܐܠܗܐ ܒܪܚܡܐ ܪܕܝ ܠܢ. ܘܡܢ ܫܒܛܐ

ܕܪܘܓܙܐ ܦܨܢ ܠܢ. ܦܬܚ ܬܪܥܐ ܠܨܠܘܬܢ.

ܘܡܠܐ ܒܪܚܡܝܟ ܫܐܠܬܢ܀

ദൈവമേ, കരുണയോടെ ഞങ്ങളെ ശിക്ഷിച്ചു വളർത്തേണമേ. കോപത്തിന്റെ വടിയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമേ. ഞങ്ങളുടെ പ്രാർത്ഥനയ്ക്കു വാതിൽ തുറന്നുതന്നു്, നിന്റെ അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകൾ നല്കേണമേ.

ܐܠܗܐ ܠܟ ܩܪܝܢ. ܠܥܘܕܪܢܐ ܕܡܚܝܠܘܬܢ.

ܛܒܐ ܫܡܥ ܩܠܐ ܕܒܥܘܬܢ. ܘܡܠܐ ܒܪܚܡܝܟ

ܫܐܠܬܢ܀

ദൈവമേ, ഞങ്ങളുടെ ബലഹീനതയുടെ സഹായത്തിനു നിന്നെ ഞങ്ങൾ നോക്കിവിളിക്കുന്നു. നല്ലവനേ, ഞങ്ങളുടെ അപേക്ഷയുടെ ശബ്ദം കേട്ടു, നിന്റെ

അനുഗ്രഹങ്ങളാൽ ഞങ്ങളുടെ യാചനകൾ നല്കേണമേ.

ܡܳܪܝܳܐ ܪܰܚܶܡ ܥܠܰܝܢ. ܡܳܪܝܳܐ ܚܽܘܣ ܘܪܰܚܶܡ ܥܠܰܝܢ.
ܐܰܝܟ ܣܽܘܓܳܐܐ ܕܪ̈ܰܚܡܰܝܟ ܪܰܚܶܡ ܥܠܰܝܢ. ܡܪܰܚܡܳܢܳܐ
ܠܳܐ ܬܶܥܗܰܕ ܚܛܳܗܰܝܢ ܀

കർത്താവേ, ഞങ്ങളോടു കൃപ ചെയ്യേണമേ. നിന്റെ കാരുണ്യത്തിന്റെ ബഹുത്വപ്രകാരം ഞങ്ങളോടു കൃപ ചെയ്യേണമേ. കാരുണ്യവാനേ, ഞങ്ങൾ ചെയ്തുപോയിട്ടുള്ള ദുഷ്ക്രിയകൾ ഞങ്ങളോടു ഓൎക്കരുതേ.

അല്ലെങ്കിൽ ഗീതം

കർത്താവേ, നിൻ—വാതിലിൽ
യാചന ശബ്ദം—മുട്ടുന്നു
മുടക്കരുതേ നിൻ സേവകരിൽ—
ന്നവശ്യ യാചനയെ—നീ.

ദേവാ കൃപയാൽ—പാലിക്ക,
കോപ വടിയിൽ—നിന്നകററി
പ്രാൎത്ഥനകേട്ടു നിൻ കരുണയതാൽ—
യാചന നീ നല്കീ—ടേണമേ.

ദേവാ തുണയ്ക്കായ്—ബലഹീനർ,
വിളിച്ചീടുന്നു—നല്ലവനേ
പ്രാൎത്ഥന കേട്ടു നിൻ കരുണയതാൽ—
യാചന നീ നല്കീടേണമേ.

കൃപ ചെയ്യേണമേ—കരുണയുടെ,
ബഹുലതയാൽ ദ—യ ചെയ്യേണമേ,
പിഴച്ചോരു തിന്മകളോൎക്കരുതേ
കരുണാകരനാം ക—ർത്താവേ!

¶ ഇവിടെ ശ്ലീഹാ വായിക്കുന്നു.

ശുശ്രൂഷകൻ.

അപ്പോസ്തൊല പ്രവൃത്തികൾ നാലാം അദ്ധ്യായത്തിൽ നിന്നു.

ജനം

ശ്ലീഹന്മാരുടെ ഉടയവന്നു സ്തുതി! കൎത്താവെ, നിന്റെ വചനങ്ങളെ തിരിച്ചറിയുന്നതിന്നു ഞങ്ങൾക്കു കൃപ നല്കേണമെ.

ശുശ്രൂഷകൻ

അ. ൪. ൩൨—൩൫.

എന്നാൽ വിശ്വസിച്ചവരുടെ കൂട്ടം ഏകമനസ്സും ഏക വിചാരവുമുള്ളവരായിരുന്നു. അവരിൽ ഒരുത്തനും, അവനവന്നുണ്ടായിരുന്ന സമ്പാദ്യങ്ങളെക്കുറിച്ചു സ്വന്തമെന്നു പറഞ്ഞിരുന്നില്ല. അവൎക്കുണ്ടായിരുന്ന സകലവും പൊതുവിലായിരുന്നു. ശ്ലീഹന്മാർ മഹാശക്തിയോടെ ഈശോമ്ശിഹായുടെ പുനരുത്ഥാനത്തെക്കുറിച്ചു സാക്ഷീകരിച്ചിരുന്നു. അവരെല്ലാവരോടുംകൂടെ വലിയ കൃപയുണ്ടായിരുന്നു. അവരിൽ മുട്ടുള്ളവൻ ആരും ഉണ്ടായിരുന്നില്ല. നിലങ്ങളൊ വീടുകളൊ സമ്പാദ്യമായിട്ടുണ്ടായിരുന്നവർ അവയെ വിററു വില്ക്കുന്നതിന്റെ വില കൊണ്ടുവന്നു ശ്ലീഹന്മാരുടെ കാല്ക്കൽ വച്ചിരുന്നു. ഓരോരുത്തന്നു ആവശ്യമുള്ളതുപോലെ കൊടുക്കപ്പെട്ടുമിരുന്നു.

ഹാലേലൂയ്യാ—ഉ—ഹാലേലൂയ്യാ.

ബെസ്ഗാമാ.

ശുശ്രൂഷകൻ.

കൎത്താവെ, നിന്റെ പ്രകാശവും വിശ്വസ്തതയും എനിക്കയച്ചുതരേണമേ. അവ എന്നെ ആശ്വസിപ്പിക്ക

യും, നിന്റെ വിശുദ്ധ പൎവ്വതത്തിലേക്കും, നിന്റെ കൂടാരത്തിലേക്കും, എന്നെ കൊണ്ടുപോകയും ചെയ്യുമാറാകട്ടെ—ഹാലേലൂയ്യാ.

സഹോദരന്മാരെ, നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ശ്രദ്ധിച്ചു, നമ്മുടെ കൎത്താവെശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ ദൈവത്തിൻ ജിവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

¶ അതിന്റെ ശേഷം പട്ടക്കാരൻ ഏവൻഗേലിയോൻ വായിക്കുന്നു.

വിശുദ്ധ ലൂക്കോസിന്റെ ഏവൻഗേലിയോൻ.

[അ. ൧൯. ൧—൧൦.]

ഈശോ തമ്പുരാൻ ഈറിഹോവിൽ പ്രവേശിച്ചു കടന്നുപോകുമ്പോൾ, ധനവാനും ചുങ്കക്കാരിൽ പ്രധാനിയുമായ സക്കായി എന്നു പേരുള്ളോരു പുരുഷൻ ഈശോതമ്പുരാൻ എങ്ങനെയുള്ളവൻ എന്നു കാണ്മാൻ ആഗ്രഹിച്ചിരുന്നു. സക്കായി ശരീരവളൎച്ചയിൽ കുറിയവനായിരുന്നതുകൊണ്ടു, പുരുഷാരം നിമിത്തം അവനു കഴിഞ്ഞില്ല. താൻ ആ വഴി കടന്നുപോകേണ്ടിയിരുന്നതുകൊണ്ട്, അവൻ ഓടി ഈശോതമ്പുരാനു മുൻപിൽ കടന്നു, തന്നെ കാണ്മാനായിട്ടു ഒരു കാട്ടത്തിവൃക്ഷത്തിൽ കയറി. ഈശോതമ്പുരാൻ ആ സ്ഥലത്തു വന്നപ്പോൾ അവനെ കണ്ടു, അവനോടു: സക്കായിയേ വേഗം ഇറങ്ങിവരിക. ഞാൻ ഇന്നു നിന്റെ വീട്ടിൽ പാൎക്കേണ്ടതാകുന്നു എന്നരുളിച്ചെയ്തു. അവൻ വേഗം ഇറങ്ങിവന്നു, സന്തോഷത്തോടെ അവനെ കൈക്കൊണ്ടു. എന്നാൽ അവർ എല്ലാവരും ഇതു കണ്ടപ്പോൾ, അവൻ പാപിയായ മനുഷ്യന്റെ അടുക്കൽ അകത്തുചെന്നു, പാൎത്തു എന്നു പിറുപിറുത്തു പറഞ്ഞിരുന്നു.

എന്നാൽ സക്കായി നിന്നു, ഈശോതമ്പുരാനോടു : ഇതാ എന്റെ സമ്പാദ്യങ്ങളിൽ പകുതി ഞാൻ ദരിദ്രന്മാൎക്കു കൊടുക്കുന്നു. ഞാൻ അന്യായമായി എടുത്തിട്ടുള്ളതു ഒന്നു നാലു മടങ്ങായി തിരികെ കൊടുക്കുന്നു എന്നു ഉണൎത്തിച്ചു. ഈശോതമ്പുരാൻ അവനോടു : ഇവനും അബ്രഹാമിന്റെ പുത്രനാകകൊണ്ടു, ഇന്നു ഈ വീട്ടിനു രക്ഷ ഉണ്ടായി. എന്തുകൊണ്ടെന്നാൽ മനുഷ്യപുത്രൻ കാണാതെപോയതിനെ അന്വേഷിച്ചു ജീവിപ്പിപ്പാൻ വന്നു എന്നു അരുളിച്ചെയ്യുന്നു.

നിങ്ങൾക്കെല്ലാവൎക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജനം

നിന്റെ ആത്മാവോടു കൂടെയും ഉണ്ടായിരിക്കട്ടെ.

܀ ܩܠܐ ܕܒܘܪܟ ܒܝܬܐ ܀

ܡܪܢ ܝܫܘܥ ܥܠ ܠܒܝܬܗ ܕܙܟܝ ܡܟܣܐ . ܘܩܡ
ܠܗܘܢ ܦܠܓܘܬ ܡܣܟܢܐ . ܗܘ ܢܟܣܐ ܠܟܠܗ
ܗܘܐ ܠܒܝܬܐ ܘܡܦܩ ܠܗ . ܒܪܟܡܪܝܐ ܘܡܚܝܐ
܀ ܡܪܝܐ ܠܒܝܬܐ

നന്മകളഖിലം മനുജൎക്കായ്—ദാനം ചെയ്യും,
സൎഗ്ഗവാഴ്വുകളയച്ചും—അരുളുന്നോരു കൎത്തൻ,
ഈ വീടിനെയും വാസികളെയും—വാഴ്ത്തുമാറാക,
ഇവരുടെമേൽ കൃപയെ ചിന്തുമാറാ—ക—സദാ.

പട്ടക്കാരൻ. മനുഷ്യൎക്കു സകല നന്മയും നല്കുകയും, സ്വൎഗ്ഗീയ വാഴ്വുകൾ അയച്ചുകൊടുക്കയും ചെയ്യുന്ന കൎത്താവു, ഈ വീടിനെയും ഇതിൽ വസിക്കുന്നവരെയും അനുഗ്രഹിച്ചു, എല്ലാ നേരവും ഇവരുടെമേൽ കൃപ ചെയ്യട്ടെ.

ܡܪܝܐ ܕܒܪܟ ܠܒܝܬܗ ܕܝܘܣܦ ܒܡܨܪܝܢ
ܘܐܪܝܡܗ ܘܐܘܬܪܗ ܒܟܠ ܥܒܕܘܗܝ .
ܗܘ ܢܒܪܟ ܠܒܝܬܐ ܗܢܐ . ܘܠܥܡܘܪܘܗܝ
ܒܛܠ ܓܦܐ ܕܡܪܝܐ ܢܓܢ ܥܠܝܗܘܢ .
܀ ܥܠܝܗܘܢ

മിസ്രേനിൽ യൌസേപ്പിൻ വിടിനെ—വാഴ്ത്തീട്ടവനെ
വലിയവനാക്കി എല്ലാററിലും ശ്രേഷ്ഠ—നാക്കിയ കൎത്തൻ
ഈ വിടിനുമാ നന്മകളെല്ലാം—നല്കിടട്ടെ.
തൻ ചിറകിൻ കീഴിവരെ—മറച്ചീ—ടട്ടെ.

മിസ്രയീമിൽവച്ചു യൌസേഫിന്റെ വീടിനെ അനുഗ്രഹിക്കയും, അവനെ വലിയവനാക്കുകയും, അവന്റെ എല്ലാ പ്രവൃത്തികളിലും അവനെ ശ്രേഷ്ഠതപ്പെടുത്തുകയും, തന്റെ ചിറകിൽ അവനെ മറെക്കയും ചെയ്ത കൎത്താവു, ഈ വീടിനെ സകല നന്മകൾകൊണ്ടും അനുഗ്രഹിച്ചു, ഇതിൽ വസിക്കുന്നവരെ തന്റെ നിഴലിൻ കീഴിൽ മറെച്ചുകൊള്ളുമാറാകട്ടെ.

ܩܘܡ ❖ ܡܫܝܚܐ ܡܠܟܐ ܕܥܠ ܠܒܝܬܗ
ܕܙܟܝ ܡܟܣܐ . ܘܝܘܡܢ ܕܐܡܪ ܗܘܐ ܚ̈ܝܐ ܠܒܝܬܐ
ܗܢܐ . ܗܘ ܢܥܘܠ ܝܘܡܢܐ ܠܒܝܬܐ ܗܢܐ .
ܘܒܝܡܝܢܐ ܕܛܝܒܘܬܗ ܢܒܪܟ ܠܟܠܗܘܢ ܥܡܘܪ̈ܘܗܝ ❖

ചുങ്കക്കാരനാം സക്കായിയുടെ—വീട്ടിൽ ചെന്നു,
ഇന്നീ വീടിനു രക്ഷയുണ്ടായെ—ന്നരുളിയ നാഥൻ,
ആ മ്ശിഹാ രാജൻ താൻ—ഇതിൽ പ്രവേശിച്ച്,
തൻ വലങ്കയ്യാലെല്ലാറ്റെയും—അനുഗ്രഹി—ക്ക—ട്ടെ.

ചുങ്കക്കാരനായ സക്കായിയുടെ വീട്ടിൽ പ്രവേശിച്ചു, ഇന്നു ഈ വീടിന്നു രക്ഷ ഉണ്ടായി എന്നു കല്പിച്ച മ്ശിഹാരാജാവു, ഇന്നു ഈ വീട്ടിൽ പ്രവേശിച്ചു, തന്റെ അനുഗ്രഹങ്ങളുടെ വലങ്കയ്യാൽ ഇതിലുള്ള സകലത്തെയും അനുഗ്രഹിക്കുമാറാകട്ടെ.

ܡܫܒܚܢܐ ❖ ܡܪܝ ܒܥܝܢܢ ܡܢ ܛܝܒܘܬܟ .
ܕܬܫܕܪ ܠܢ ܡܘܗܒܬܟ ܥܠܝܢ . ܘܬܬܠ ܠܢ ܡܢ
ܚܝܠܐ ܘܢܗܠܟ ܒܐܘܪܚܟ . ܕܠܐ ܬܘܩܠܬܐ ܘܢܬܦܨܐ ܡܢ ܒܝܫܐ
ܠܥܠܡܐ ❖

കെഞ്ചുന്നെങ്ങൾ കർത്താവീശോ—നിൻ കൃപയോടു,
നിൻ ദാനങ്ങളെ ഞങ്ങൾമേൽ—അയച്ചീടേണമേ.
ഇടച്ചവരാതെ നിൻ വഴിതന്നിൽ നടന്നീടുവാൻ,
തിന്മപെട്ടവനിൽനിന്നെങ്ങളെ—രക്ഷി—ക്കേ—ണമേ

ഞങ്ങളുടെ കൎത്താവായ യെശുവെ, നിന്റെ കൃപയോടു ഞങ്ങൾ അപെക്ഷിച്ചുകൊള്ളുന്നു. നിന്റെ ദൈവീക ദാനങ്ങളെ ഞങ്ങൾക്കു അയച്ചുതരെണമെ. ഇടച്ചു കൂടാതെ നിന്റെ വിശുദ്ധ വഴിയിൽ നടപ്പാൻ തിന്മപെട്ടവനിൽനിന്നും, അവന്റെ സൈന്യങ്ങളിൽനിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളെണമെ.

ജനം.

കൎത്താവെ, ഞങ്ങളെ അനുഗ്രഹിച്ചു ഞങ്ങൾക്കു സഹായം ചെയ്യണമെ.

ܒܥܘܬܐ ܕܡܪܢ ܝܫܘܥ.

ܦܬܚ ܠܢ ܡܪܢ ܬܪܥܟ ܕܡܠܝܢ ܪ̈ܚܡܐ.

ܫܡܥ ܒܥܘܬܢ ܘܪܚܡ ܥܠ ܢܦܫܬܢ ❖

കൎത്താവെ, അനുഗ്രഹങ്ങൾ നിറഞ്ഞിരിക്കുന്ന നിന്റെ വാതിൽ ഞങ്ങൾക്കു തുറന്നുതന്നു, ഞങ്ങളുടെ അപെക്ഷ കേട്ടു, ഞങ്ങളുടെമെൽ അനുഗ്രഹം ചെയ്യണമെ.

ܫܘܒܚܐ ܠܐܠܗܐ ܒܡܪ̈ܘܡܐ ܘܥܠ ܐܪܥܐ ܫܠܡܐ.

ܘܣܒܪܐ ܛܒܐ ܠܒ̈ܢܝܢܫܐ.

അറകളിൽവെച്ചു, രഹസ്യത്തിൽ കഴിക്കുന്ന പ്രാൎത്ഥനയെ കൎത്താവു സ്നേഹിക്കുന്നു. നീതിമാന്മാർ ഉച്ചശബ്ദത്താലല്ല തങ്ങളുടെ ജയം പ്രാപിച്ചതു. മോശെയുടെ പ്രാൎത്ഥനയും താഴ്മയും കടലിനെ വിഭാഗിച്ചു. ജനം കടന്നുപോയി. ദുഷ്ടത പ്രവൎത്തിച്ച ഫെറഓൻ മുങ്ങിപ്പോകയും ചെയ്തു.

ܨܠܘܬܗ ܕܕܘܝܕ ܫܡܥ ܐܠܗܐ ܘܪܚܡ ܥܠܘܗܝ.
ܘܐܥܒܪ ܥܘܠܗ [illegible] ܠܗ.
[illegible]
[illegible] ❖

ദൈവം ദാവീദിന്റെ പ്രാൎത്ഥന കേട്ടു, അവനോടു കരുണതോന്നി, അവന്റെ അന്യായത്തെ നീക്കിക്കളഞ്ഞു. അവന്നു പ്രവചനവരം തിരികെ കൊടുത്തു. ഹനനിയാ മുതലായ പൈതങ്ങൾ തീച്ചൂളയിൽവെച്ചു ദൈവത്തെ നോക്കി വിളിച്ചു. തീജ്വാലയുടെ ദഹനത്തിൽനിന്നു അവൻ അവരെ രക്ഷിച്ചു.

[illegible]
[illegible]
[illegible] ❖

നമ്മെ ഇളക്കുകയും ഭയപ്പെടുത്തുകയും ചെയ്യുന്ന കാൎയ്യങ്ങൾ മൂന്നാകുന്നു. മരണനാഴികയും, ഭയങ്കര സിംഹാസനവും, അഗ്നിനരകവും തന്നെ.

ܩܘܠܐ ܠ ܕܪܝ܀

നാഥാ—വാഴ്വു നിറഞ്ഞിരിക്കും
നി—ൻ വാ—തിൽ
തുറന്നെങ്ങൾ യാചന കേട്ടി—
ട്ടനുഗ്രഹം ചെയ്യേ—ണമേ.

ഉ—ള്ളറയിൽ ചെയ്യും—രഹസ്യാപേക്ഷ
കൎത്താവിനി—ഷ്ടം താൻ
ഉച്ചസ്വരത്താലല്ലോ ജയം
നീതിമാന്മാർ നേ—ടി.

മോ—ശെയിൻ പ്രാൎത്ഥന—വിനയമത്തും
വിഭാഗിച്ചു കടലിനെ,
കടന്നുപോയി ജനം—ദുഷ്ടനാം ഫെറവോൻ
മുങ്ങി മരിച്ച—ല്ലോ.

ദാ—വീദിന്നുടെ പ്രാൎത്ഥന—കേട്ടവനിൽ
കരുണ തോന്നി,
പാപം പോക്കി പ്രവചനവരവും
വീണ്ടും നീ അ—രുളി.

ഹ—നനിയാ മുതലാം ബാലന്മാർ
തീച്ചൂളയിൽനിന്നു,
ദൈവത്തെ വിളിച്ചു; തീജ്വാലയിൽനി-
ന്നവരെ രക്ഷി—ച്ചു.

ന—മ്മെ ഇളക്കി—ഭയപ്പെടുത്തും കാൎയ്യങ്ങൾ
മൂ—ന്നാകുന്നു
മരണസമയം—വിധിസിംഹാസനം,
അഗ്നിനരക—വും.

ഉ—ത്തരമരുൾക—അരുൾക ദേവാ
അനുഗ്രഹിക്ക
മൎത്ത്യർ ചിത്തം അനുതാപെ നി—
വരുത്തിടേ—ണ—മേ.

പ്രാത്ഥന

[illegible]

വീട്ടുക്കാരൻ. സത്യവിശ്വാസത്തോടെ തന്നെ നോക്കി വിളിക്കുന്ന എല്ലാവരോടും ഉത്തരമരുളുന്ന ദൈവങ്ങളുടെ ദൈവവും, കത്താക്കന്മാരുടെ കത്താവുമായുള്ളോവെ, ഈ ഭവനവാഴ്വിന്റെ ശുശ്രൂഷ പൂണ്ണമാക്കുന്ന ഈ സമയത്തു, നിന്റെ ശ്രേഷ്ഠതയുടെ സന്നിധിയിൽ ഞങ്ങൾ അപ്പിക്കുന്ന പ്രാത്ഥനകളും അപേക്ഷകളും, സ്തോത്രങ്ങളും കൈക്കൊള്ളേണമെന്നു നിന്റെ കരുണയോടു ഞങ്ങൾ അപേക്ഷിക്കുന്നു കത്താവെ, ഞങ്ങൾ മണ്ണും ചാരവുമാകുന്നു എന്നും, നിന്റെ കൃപയും സഹായവുംകൊണ്ടല്ലാതെ, സ്വയമായി യാതൊന്നും ചെയ്തു പൂത്തിയാക്കുവാൻ ഞങ്ങൾക്കു പ്രാപ്തിയില്ലെന്നും, നിന്റെ ഏററവും ചെറുതായിരിക്കുന്ന കൃപപോലും പ്രാപിപ്പാൻ ഞങ്ങൾ അർഹതയില്ലാത്തവരായിരിക്കെ, നിന്റെ ബഹുലമായ അനുഗ്രഹങ്ങൾ ഞങ്ങളുടെമേൽ നീ വഷിപ്പിക്കുന്നു എന്നും, നിന്റെ വിശുദ്ധ സ്വഗ്ഗത്തിൽനിന്നു ധന്യമായ വാഴ്വുകൾ ഞങ്ങൾക്കു അയച്ചുതരുന്നു എന്നും, പ്രയാസങ്ങളുടെ ഈ ലോകത്തിൽ നീ ഞങ്ങളെ നടത്തുന്നു എന്നും തിരുസന്നിധിയിൽ ഞങ്ങൾ ഏററു പറഞ്ഞുകൊള്ളുന്നു. മനസ്സലിവുള്ളവനും മനുഷ്യസ്നേഹമുള്ളവനുമായ കത്താവെ, ഈ വീടുപണിയുന്നതിനു ഇതിന്റെ ഉടമസ്ഥനു നീ ചെയ്ത എല്ലാ സഹായങ്ങൾക്കു വേണ്ടിയും, അതിനെ പൂത്തിയാക്കുന്നതിനു അവനെ നി ശക്തിപ്പെടുത്തുകയും അവന്റെ സകല പ്രവൃത്തികളിലും അവനെ നീ താങ്ങുകയും എല്ലാ പെരുമാററങ്ങളിലും ഇതുവരെ അവനെ നടത്തുകയും ചെയ്തതിനു വേണ്ടിയും, വന്ദ്യവും വിശുദ്ധവുമായ നിന്റെ തിരുനാമത്തിന്നു ഞങ്ങൾ

സ്തോത്രം ചെയ്യുന്നു. കൎത്താവേ, നീ വീടുപണിയ്യുന്നില്ലെങ്കിൽ അതിന്റെ പണിക്കാർ വൃഥാ അദ്ധ്വാനം ചെയ്യുന്നു എന്നും നീ പട്ടണം കാത്തുകൊള്ളുന്നില്ലെങ്കിൽ അതിന്റെ കാവൽക്കാർ വൃഥാ ജാഗരണം ചെയ്യുന്നു എന്നും ഞങ്ങൾ അറിയുന്നു. കൎത്താവേ, ഞങ്ങളെ സഹായിക്കുന്ന നിന്റെ ശക്തിയുള്ള വലങ്കയ്യെ എപ്പോഴും ഓൎത്തുകൊൾവാനും, നിങ്കൽനിന്നു ഞങ്ങൾക്കു ലഭിക്കുന്ന സൎവ്വ നന്മകൾക്കുംവേണ്ടി നിന്നോടു നന്ദിയുള്ളവരായിരിപ്പാനും, നിന്റെ കല്പനകളെ ആചരിപ്പാനും ഞങ്ങൾക്കു കൃപ നല്കേണമേ. സക്കായിയുടെ വീട്ടിൽ പ്രവേശിച്ചു, ഇവനും അബ്രഹാമിന്റെ മകനാകകൊണ്ടു, ഇന്നു ഈ വീട്ടിന്നു രക്ഷയുണ്ടായി എന്നു അരുളിച്ചെയ്യ ഞങ്ങളുടെ കൎത്താവീശോമ്ശിഹായേ, ഈ ഭവനത്തിൽ വസിക്കുന്നവരോടുകൂടെ നീ ഉണ്ടായിരിക്കേണമേ. അവരെ നിന്റെ മക്കളും നിന്റെ ഇഷ്ടം പ്രവൎത്തിക്കുന്നവരുമാക്കി തീൎക്കേണമേ. ഈ വീടിനെയും ഇതിൽ വസിക്കുന്നവരെയും കൃപയും കരുണയും നിറഞ്ഞിരിക്കുന്ന വലങ്കൈ ആവസിപ്പിച്ചു അനുഗ്രഹിക്കേണമേ. നന്മയും അനുഗ്രഹങ്ങളും ആശ്വാസവും അവൎക്കു വൎദ്ധിപ്പിച്ചുകൊടുക്കേണമേ. സകല ദുഷ്ട പെരുമാററങ്ങളെയും ഇവരിൽനിന്നു തള്ളിക്കളയേണമേ. ഇവൎക്കു സൌഖ്യവും ആരോഗ്യവും നല്കുമാറാകേണമേ. വൈഷമ്യമുള്ള എല്ലാരോഗങ്ങളിൽനിന്നും, പ്രയാസമുള്ള എല്ലാ പരീക്ഷകളിൽനിന്നും, ആകൽക്കറസായുടെ എല്ലാ കൌശലങ്ങളിൽനിന്നും ഇവരെ രക്ഷിച്ചുകൊള്ളേണമേ. നിന്റെ കരുണയുടെ കണ്ണാൽ ഈ വാസസ്ഥലത്തെയും ഇതിൽ പാൎക്കുന്നവരെയും കടാക്ഷിച്ചു, ഇവരോടു കരുണ ചെയ്യേണമേ. ഇവരിൽനിന്നു നിന്റെ നോട്ടം വിടാതെ; രാപ്പകൽ നിന്റെ ചിറകിൻകീഴിൽ ഇവരെ

മറെച്ചുകൊള്ളേണമേ. ഒഴിഞ്ഞുപോകുന്ന ഈ ലോകത്തിൽ ആശ്വാസപൂർവ്വമായ ജീവിതം ചെയ്വാനും, വരുവാനിരിക്കുന്ന ലോകത്തിൽ, നിന്നെ സ്നേഹിച്ച പരിശുദ്ധന്മാരോടുകൂടെ മഹത്വമുള്ളവയും നിത്യതയുള്ളവയുമായ നിന്റെ വാസസ്ഥലങ്ങളിൽ വസിപ്പാനും ഞങ്ങളെ എല്ലാവരെയും യോഗ്യതയുള്ളവരാക്കേണമേ. നിനക്കും നിന്റെ പിതാവിന്നും നിന്റെ പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേററും. ഹാശാ.

ജനം. ആമ്മീൻ.

ܘܥܡ ܟܠܗܘܢ ܩܕܝܫܝܢ ܠܐ ܢܬܒܠܥ ܠܥܠܡ ܘܐܡܝܢ.

ܢܬܚܬܡ ܘܢܬܩܕܫ ܒܝܬܐ ܗܢܐ ܒܪܘܫܡܐ

ܕܙܩܝܦܐ ܚܝܐ ܘܡܚܝܢܐ ܚܝܐ. ܒܫܡܐ

ܕܐܒܐ ✠ ܐܡܝܢ. ܘܕܒܪܐ ✠ ܐܡܝܢ. ܘܕܪܘܚܐ ✠

ܚܝܐ ܘܩܕܝܫܐ ܕܝܢ ܐܠܗܘܬܗ ܠܥܠܡ ܥܠܡܝܢ ⁘

ܐܡܝܢ ⁘

¶ പ്രധാന വാതിലിന്റെ മുകളിലത്തെ പടിമേൽ താഴെയുള്ള വാചകം ചൊല്ലി കുരിശു വരയ്ക്കണം.

ഈ ഭവനം ജീവനുള്ളതും ജീവൻ നല്കുന്നതുമായ സ്ലീബായുടെ അടയാളത്താൽ മുദ്രയിടപ്പെടുന്നതിനാൽ എന്നെന്നേക്കും ഒന്നായിരിക്കുന്ന പിതാവിന്റെയും ✠ പുത്രന്റെയും ✠ ജീവനും വിശുദ്ധിയുമുള്ള റൂഹായുടെയും ✠ തിരുനാമത്തിൽ അനുഗ്രഹിക്കപ്പെട്ടതും ശുദ്ധീകരിക്കപ്പെട്ടതുമായിത്തീരട്ടെ.

ജനം. ആമ്മീൻ.

¶ അതിൻെറശേഷം ബസ്മൽക്കാ എന്ന ഗീതമോ താഴെ ചേർത്തിരിക്കുന്ന ഗീതമോ ചൊല്ലണം.

(രാഗം—ബസ്മല്ക്കാ)

കർത്താവിനെ എന്നോടുകൂടെ—ഹ—ഉ—ഹ
സ്തോത്രം ചെയ്തീടു—വിൻ നിങ്ങൾ
തൻ നാമം നാം ഐക്യമോടെ, ഹ—ഉ—ഹ
ഉന്നതമാക്കിടു—ക ഇപ്പോൾ. ബാറെക്മാർ.

* ܒܪ̄ܟ * ܡܪ̄ܝ

ܫܘܒܚܐ ܠܐܒܐ ܘܠܒܪܐ ܘܠܪܘܚܐ ܩܕܝܫܐ .

പരിമളതൈലത്തിലുമധികം
വാസനയേറും രക്ഷകനേ,
പരിശുദ്ധാത്മാവാലെ നി–
ന്നടിയാരെ ശുദ്ധം ചെയ്ക. സ്തൗമെൻ......

ܘܡܢ . ܥܠܡ ܘܥܕܡܐ ܠܥܠܡ .

ഹാ—ബേൽ മുതലായ
പരിശുദ്ധന്മാരുടെ കാ–
ഴ്ചകളും പ്രാർത്ഥനയും,
പരിമളമായേററ
കർത്തൃകർത്താവേ നീ
പാപികളാം ഞങ്ങളുടെ
പ്രാർത്ഥനകളെയെല്ലാം
കൈക്കൊണ്ടീടേണമേ. ബാറെക്മാർ.

* ܒܪ̄ܟ * ܡܪ̄ܝ

മേ—ല്പട്ടക്കാരനാം
അഹറോൻെറ ധൂപം കൊ–
ണ്ടിസ്രായേലിൻെറ,
വസന്ത വിരോധിച്ച

രക്ഷകൎത്താവേ ഈ
പ്രാൎത്ഥനയാൽ ഞങ്ങളുടെ
പാപരോഗം നീക്കി
സ്വാസ്ഥത നല്കേണമേ. മറിയാ.........

ܒܪܟ ܡܪܝ ܒܪܟ ܡܪܝ .

കൎത്താവേ, വന്നി—ദാസരുടെ
പ്രാൎത്ഥനയെ—നീ കേട്ടു്
ധൂപംപോൽ പരിമളമായ്
കൈക്കൊണ്ടി—ടേണമേ.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ.

വിശ്വാസപ്രമാണം.

പിതാവായി സൎവ്വശക്തനായി.........(പുറം 15).

ഹൂത്താമ്മാ.

ഞങ്ങളുടെ കൎത്താവും ദൈവവുമേ......(പുറം 140).

ആശീൎവ്വാദം

ആകാശവും ഭൂമിയും...........

ഭവനവാഴ്വിന്റെ ക്രമം അവസാനിച്ചു.

ܛܟܣܐ.

ܕܩܘܒܪܐ ܕܥܠܡܝܐ.

ܒܫܡ ܐܝܬܝܐ ܡܫܒܚ ❖ ܫܘܒܚܐ ܠܐܒܐ ❖

ܠܒܪܐ ❖ ܘܥܠܝܢ ܪ̈ܚܡܘܗܝ ܢܗܘܘܢ ❖

ശവസംസ്കാര ശുശ്രൂഷക്രമം

പട്ടക്കാരൻ.

പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹായ്ക്കും സ്തുതി.

ജനം.

ബലഹീനരും പാപികളുമായ ഞങ്ങളുടെ മേൽ അനുഗ്രഹങ്ങളും കരുണയും എന്നെന്നേക്കും രണ്ടു ലോകങ്ങളിലും ചിന്തപ്പെട്ടുമാറാകേണമേ—ആമ്മീൻ.

പ്രാരംഭപ്രാത്ഥന

പട്ടക്കാരൻ. ജീവന്റെയും മരണത്തിന്റെയും മേൽ അധികാരമുള്ള ദൈവമായ കർത്താവേ, കല്പനലംഘനം മൂലം പാപത്തിന്നും മരണത്തിന്നും അധീനരായി തീൎന്ന ഞങ്ങളുടെ വൎഗ്ഗത്തെ നിന്റെ ഏകജാതനായ പുത്രൻ മുഖാന്തരം വീണ്ടെടുക്കയും, പാപത്തിന്മേലും മരണത്തിന്മേലും ഞങ്ങൾക്കു ജയം നല്കുകയും ചെയ്തിരി

ക്കുന്നതിനാൽ, നിന്നെ ഞങ്ങൾ സ്തുതിക്കയും വാഴ്ത്തുക
യും വന്ദിക്കയും ചെയ്യുന്നു. കർത്താവേ, തിരുവിഷ്ടപ്ര
കാരം ഈ താല്ക്കാലിക ജീവിതത്തിൽനിന്നു വേർപെട്ടു,
ഈ ലോകത്തിൽനിന്നു വാങ്ങിപ്പോയിരിക്കുന്ന ഈ നി
ന്റെ (ദാസന്റെ) ശവസംസ്കാരശുശ്രൂഷയുടെ ഈ സമ
യത്തു തിരുസന്നിധിയിൽ ഞങ്ങൾ കഴിക്കുന്ന പ്രാ
ത്ഥനകളും അപേക്ഷകളും കൈക്കൊള്ളേണമേ. പി
താവും പുത്രനും പരിശുദ്ധ റൂഹായുമായ ദൈവമേ, ഈ
ആയുസ്സിന്റെ അനിത്യതയെക്കുറിച്ചുള്ള ബോധത്തോ
ടും വരുവാനിരിക്കുന്ന നിത്യ ആയുസ്സിനെക്കുറിച്ചുള്ള കാ
ത്തിരിപ്പോടും ഞങ്ങൾ ജീവിച്ചു, ഭാഗ്യമുള്ള അവസാന
ത്തിന്നും സമാധാനമുള്ള പുറപ്പാടിന്നും യോഗ്യതയുള്ള
വരായി തീരുവാൻ ഞങ്ങൾക്കു കൃപ നല്കുകയും ചെ
യ്യേണമേ. ഹാശാ.

ജനം. ആമ്മീൻ.

അതിന്റെശേഷം

മസ്മൂർ

1 ജാതികളേ, നിങ്ങൾ എല്ലാവരും ഇതിനെ കേൾ
പ്പിൻ. സകല ഭൂവാസികളുമായുള്ളോരേ, ചെവിക്കൊ
ൾവിൻ.

2 ഭൂവാസികളും മനുഷ്യരും ധനവാന്മാരും ദരിദ്രന്മാ
രും കൂടെ തന്നേ.

3 എന്തെന്നാൽ മനുഷ്യൻ ഒരു സാദൃശ്യത്തിൽ നട
ക്കുന്നു. അവൻ പുകപോലെ മാഞ്ഞുപോകുന്നു. അ
വൻ നിക്ഷേപങ്ങളെ കൂട്ടുന്നു. ആർക്കായി അവയെ
ശേഖരിക്കുന്നു എന്ന് അവൻ അറിയുന്നില്ല.

4 എന്റെ പാപങ്ങൾ നിമിത്തമുള്ള ശാസനയാൽ
ഞാൻ ക്ഷയിച്ചുപോയി. നീ മനുഷ്യനെ ശിക്ഷിച്ചു.

അവന്റെ ആഗ്രഹങ്ങളെ വൈക്കോൽപോലെ നി നി
ക്കിക്കളഞ്ഞു. സകല മനുഷ്യരും ആവിപോലെ ആ
കുന്നു.

5 കണ്ടാലും നി മരിച്ചവക്കു അത്ഭുതങ്ങളെ പ്രവ
ൎത്തിക്കുന്നുവോ? ബലവാന്മാർ എഴുന്നേററു നിനക്കു
സ്തോത്രം ചെയ്യുമോ?

6 ശവക്കുഴികളിൽ ഉള്ളവർ നിന്റെ കൃപയെയും,
നാശത്തിൽ നിന്റെ വിശ്വാസ്യതയെയും അറിയിക്കു
മോ?

7 ഇരുട്ടിൽ നിന്റെ അത്ഭുതവും മറന്നുപോയ ദേശ
ത്തു നിന്റെ നീതിയും അറിയപ്പെടുമോ?

8 ജീവിച്ചിരുന്നു മരണം കാണാതെ ഇരിക്കയും പാ
താളത്തിന്റെ കയ്യിൽനിന്നു തന്റെ പ്രാണനെ വിട്ടുവി
ക്കയും ചെയ്യുന്ന മനുഷ്യൻ ആരുള്ളു?

9 നീ മനുഷ്യനെ എളിമയിലേക്കു തിരിയുമാറാക്കി.
മനുഷ്യപുത്രന്മാരെ തിരികെ വരുവിൻ എന്നും അരുളി
ച്ചെയ്യു.

10 കൎത്താവേ, അവനെ നീ അറിഞ്ഞ മനുഷ്യനും,
അവനെ നി വിചാരിച്ച മനുഷ്യനും എന്തുള്ളു?

11 മനുഷ്യൻ പുകയ്ക്കു സദൃശമാകുന്നു. അവന്റെ
ദിവസങ്ങൾ നിഴൽപോലെ കടന്നുപോകുന്നു.

12 അവൻ നമ്മുടെ പാപങ്ങൾക്കു് തക്കവണ്ണം ന
മ്മോടു ചെയ്തിട്ടില്ല. നമ്മുടെ അന്യായത്തിനു തക്കവ
ണ്ണം നമ്മോടു പകരം ചെയ്തിട്ടുമില്ല.

13 എന്തെന്നാൽ അവൻ നമ്മുടെ മനച്ചിലിനെ
അറിയുന്നു. നാം മണ്ണാകുന്നു എന്നു അവൻ ഓൎത്തിരി
ക്കുന്നു.

14 മനുഷ്യന്റെ ദിവസങ്ങൾ പുല്ലുപോലെയാ
കുന്നു. വയലിലെ പുഷ്പംപോലെ അവൻ മുളെക്കുന്നു.

15 എന്തെന്നാൽ കാററ് അതിന്മേൽ അടിക്കുമ്പോൾ
അതു ഇല്ലാതെപോകുന്നു. അതിന്റെ സ്ഥലം അറിയ
പ്പെടുന്നുമില്ല.

16 കത്താവിന്റെ കൃപ ആദിമുതൽ എന്നേക്കും അ
വന്റെ ഭക്തന്മാരുടെമേലും, അവന്റെ നീതി അവരു
ടെ മക്കളുടെ മക്കൾക്കും ഉണ്ടാകും.

17 മരിച്ചവരും ഇരുട്ടിലേക്ക ഇറങ്ങുന്നവരുമായ
ആരും കത്താവിനെ സ്തുതിക്കയില്ല.

18 നാമോ ഇതുമുതൽ എന്നേക്കും കത്താവിനെ വാ
ഴ്ത്തും. ദൈവമെ സ്തുതി നിനക്ക യോഗ്യമാകുന്നു-ബാ
റെക്‌മാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും പരിശുദ്ധറൂഹാ
യ്ക്കും സ്തുതി.

ജനം. ആദിമുതൽ എന്നെന്നേക്കും തന്നേ—ആ
മ്മീൻ.

എനിയാനാ

ܡܫܝܚܐ ܕܡܠܟ ܢܘܚܡܐ. ܠܒܢܝ̈ ܐܕܡ ܥܦܪܢܐ
ܠܡܘܬܟ ܚܝܐ ܣܓܕܝܢܢ ܠܡܘܬܟ ܚܝܐ. ܘܡܫܒܚܝܢܢ
ܠܩܝܡܬܟ ❖

മണ്മയനായ ആദാമിന്റെ സന്താനങ്ങൾക്ക പു
നരുത്ഥാനം വാഗ്ദാനം ചെയ്യിരിക്കുന്ന മശിഹാതമ്പുരാ
നേ, ജീവനുള്ള നിന്റെ മരണത്തെ ഞങ്ങൾ വന്ദിക്ക

യും, നിൻെറ ഉയിൎത്തെഴുന്നേല്പിനെ ഞങ്ങൾ മഹത്വ പ്പെടുത്തുകയും ചെയ്യുന്നു.

മണ്മയനായ ആദാമിൻ—മക്കൾക്കു പുനരുത്ഥാനം,
വാഗ്ദാനം തൻ കൃപയാലെ-ചെയ്യുവനാം മ്ശിഹാനാഥാ-
ജീവനുള്ള നിൻ മരണത്തെ-ഞങ്ങൾ വന്ദിച്ചീടുന്നു.
നിൻെറ പുനരുത്ഥാനത്തെ-ഞങ്ങൾ സ്തുതിക്കയും ചെയ്യുന്നു.

ܡܫܝܚܐ ܕܫܠܝܛ ܥܠ ܚܝܐ . ܘܡܘܬܐ ܕܟܠܗܘܢ
ܒܢܝ ܐܕܡ . ܒܝܘܡܐ ܪܒܐ ܕܓܠܝܢܟ . ܠܐ ܬܥܘܠ
ܒܕܝܢܐ ܥܡܢ ܀

ആദാമിൻെറ സകല മക്കളുടെയും ജീവൻെറ മേലും മരണത്തിന്മേലും അധികാരമുള്ള മ്ശിഹാതമ്പുരാനേ, നിൻെറ പ്രത്യക്ഷതയുടെ ആ മഹാ ദിവസത്തിൽ ഞങ്ങളോടു ന്യായവിസ്താരത്തിന്നു നീ പ്രവേശിക്കരുതേ.

ആദാമിനുടെ സുതരായ-മാനുഷരെല്ലാവരുടെയും,
ജീവ, മരണങ്ങളിന്മേലും-അധികാരിയാം മ്ശിഹായേ-
നിൻ പ്രത്യക്ഷതയുടെ വലുതാം-ദിവസത്തിൽ നീ അടിയാരെ,
അന്ത്യ, ന്യായവിസ്താരത്തിൽ-പ്രവേശിപ്പിച്ചീടരുതേ.

ܡܫܝܚܐ ܡܠܟܐ ܕܟܠ ܩܕܡ ܥܝܢܘܗܝ . ܓܠܝܢ ܘܦܪܝܫܢ
ܩܕܡ ܥܝܢܘܗܝ . ܠܐ ܬܥܘܠ ܥܡ ܡܫܡܫܢܘܗܝ ܘܥܒܕܘܗܝ .
ܒܕܝܢܐ ܕܕܝܢܐ ܬܒܥܢ ܀

തൻെറ കണ്ണുകൾക്കു മുമ്പിൽ സകലവും പരസ്യമായും വെളിവായും ഇരിക്കുന്ന മ്ശിഹാരാജാവേ,

നിൻെറ ശ്രേഷ്ഠത്വം ഉദിക്കുന്ന ദിവസത്തിൽ ഞങ്ങ ളുടെ കുററങ്ങൾ വെളിപ്പെടുത്തരുതേ.

തന്നുടെ കണ്ണുകളിൻ മുൻപിൽ–സകലവും മുഴവൻ വെളിവായും,
പരസ്യമായുമിരിക്കുന്ന–കരുണാനിധിയാം മ്ശിഹായേ—
നിൻ ശ്രേഷ്ഠത്വമുദിക്കുന്ന–ആ ദിവസത്തിൽ ഞങ്ങളുടെ,
കുററം പാപം എന്നിവകൾ–വെളിപ്പെടുത്തീടരുതേ നാഥാ.

ܡܫܝܚܐ ܕܓܠܝܢ ܕܟܠܐ. ܘܦܪ̈ܝܫܢ ܟܠܗܝܢ ܐܢܫ ܐܝܟ
ܒܪ̈ܚܡܘܗܝ. ܠܟܠ ܡܘܬܒܢ ܘܐܡܝܢ ܬܘܒܢ.
ܘܠܚܘܒ̈ܝܢ ܐܦܠܐ ܕܬܓܠܝܢ.

എല്ലാവക്കും അവനവൻെറ പ്രവൃത്തിക്കു തക്ക വണ്ണം പകരം ചെയ്യുന്ന സകലത്തിൻെറയും ന്യായാ ധിപതിയായ മ്ശിഹാ തമ്പുരാനേ! ഞങ്ങളുടെ കുററങ്ങ ൾ മായിക്കയും, ഞങ്ങളുടെ അന്യായങ്ങൾ കഴുകിക്കളക യും, നിൻെറ മഹത്വത്തിൻെറ വെള്ള നിലയങ്കി ഞങ്ങ ളെ ധരിപ്പിക്കയും ചെയ്യേണമേ.

ഓരോ പ്രവൃത്തിക്കൊത്തപോൽ–പകരം നല്കും മിശ്ഹായേ,
കുററങ്ങളെ നീ മായിച്ചു–അന്യായങ്ങളെ കഴുകണമേ.
നിൻ മഹിമയ്ക്കു ചേരുന്ന–വെൺനിലയങ്കി അടിയാരെ,
ധരിപ്പിക്കണമേ എന്നേക്കും–ന്യായാധിപനാം മ്ശിഹായേ.

ܡܫܝܚܐ ܘܡܠܟܐ ܕܦܪ̈ܘܥܘܬܐ. ܕܦܪܘܥ ܠܟܠ ܐܢܫ
ܕܥܒܕ̈ܐ. ܦܘܥ ܠܢ ܚܛܗ̈ܝܢ ܘܥܘ̈ܠܢ. ܘܒܠܒܫܐ
ܐܒܝܥܐ ܕܬܫܒܘܚܬܟ ܠܒܫܝܢ ܀

സ്വർഗ്ഗവാതിലുകളെ തുറക്കുന്ന പറദീസായുടെ താക്കോലായ മ്ശിഹാകർത്താവേ, നിൻെറ എഴുന്നള്ളത്തിൻെറ അവസാന നാളിൽ നിൻെറ അനുഗ്രഹങ്ങളുടെ വാതിൽ ഞങ്ങൾക്കു തുറന്നുതരേണമേ.

സ്വർഗ്ഗവാതിൽ തുറക്കുന്ന-പറുദീസായുടെ താക്കോലാം,
നാഥാ ഞങ്ങൾക്കു നിൻ വരവിൽ-അനുഗ്രഹവാതിൽ തുറക്കണമേ.

[illegible]

[illegible]

[illegible] ❖

പ്രകാശത്തിൻെറ മക്കളേ, നിങ്ങൾ എല്ലാവരും ഉണർന്നെഴുന്നേററു, ഉന്നതത്തിലെ മണവാളനോടു കൂടെ മണവറയിലേക്കു പ്രവേശിക്കുന്നതിനു നിങ്ങളുടെ ദീപയഷ്ടികളെ തെളിച്ചു അവൻെറ എതിരേല്പിന്നായി പുറപ്പെടുവിൻ.

ദിവ്യവെളിച്ചത്തിൻ സുതരേ-നിങ്ങളുണർന്നെഴുന്നേററിട്ടു,
ഉന്നത മണവാളനുമായി-മണവറയിൽ പ്രവേശിപ്പാൻ—
നിങ്ങൾ ദീപയഷ്ടികളെ-നന്നായി തെളിയിച്ചിട്ടവനെ,
എതിരേല്പാനായി വേഗത്തിൽ-ഒരുങ്ങിക്കൊണ്ടു പുറപ്പെടുവിൻ.

[illegible]

[illegible]

[illegible] ❖

ലാ്ത്തസാറിനെ മരിച്ചവരുടെ ഇടയിൽനിന്നു വിളിച്ചുയിൎത്തെഴുന്നേല്പിച്ച ആ ശബ്ദം വിശ്വാസിക ളെ അവരുടെ കബറുകളിൽനിന്നു വിളിച്ചുയിൎത്തെഴു ന്നേല്പിക്കുന്നു.

ലാ ആ സാറിനെ മരിച്ചവരിൻ-ഇടയിൽ നിന്നെഴുന്നേല്പിച്ച—
ആ ശബ്ദം വിശ്വാസികളെ-കബറിൽ നിന്നെഴുന്നേല്പിക്കും.

ܡܫܝܚܐ ܡܠܟܐ ܕܟܠ ܒܪ̈ܝܬܐ . ܕܓܠܝ̈ܢ

ܩܕܡܘܗܝ ܟܣܝ̈ܬܐ . ܡܪܢ ܬܗܘܐ ܚܢܢܟ ܩܕܡܝܢ .

ܘܬܚܝܬ ܟܢܦܝܟ ܛܫܝܢ ܀

സകല സൃഷ്ടികളുടെയും രാജാവും തൻെറ തിരു സന്നിധിയിൽ രഹസ്യങ്ങൾ പരസ്യമായിരിക്കുന്നവനു മായ മ്ശിഹാ കൎത്താവെ, നിൻെറ കരുണ ഞങ്ങളുടെ മുമ്പിൽ നില്ക്കുമാറാകേണമെ. നിൻെറ ചിറകിൻകീഴി ൽ ഞങ്ങളെ മറെച്ചുകൊള്ളുകയും ചെയ്യേണമെ.

രഹസ്യങ്ങൾ വെളിവാക്കുന്നോം-സ്രഷ്ടാവാം മ്ശിഹാ നാഥാ,
കരുണയോടെ ചിറകിൻകീഴിൽ-ഞങ്ങളെ മറെച്ചരുളീടേണമേ.

ܡܐ ܕܡܠܟܐ ܕܪܘܡܐ ܕܢܚ . ܥܡ ܟܠܗܘܢ

ܚܝܠܘܬܗ . ܦܪܨܘܦܐ ܕܟܠ ܒܪ̈ܝܬܐ .

ܢܦܩ ܗܘ ܐܡܪܐ ܘܩܛܝ̈ܠܐ ܀

ഉന്നതത്തിലെ രാജാവു തൻെറ സൎവ്വസൈന്യങ്ങ ളുമായി വെളിപ്പെടുമ്പോൾ, കൊല്ലപ്പെട്ട ആ കുഞ്ഞാടി

ൻെറ രക്തത്തിൽ കുളിച്ചിട്ടുള്ള എല്ലാവരും തൻെറ മുൻപാകെ മുഖപ്രസാദത്തോടെ നില്ക്കുന്നു.

ഉന്നതരാജൻ സൈന്യവുമായി-ഉദിക്കുമ്പോൾ കുഞ്ഞാടിൻെറ,
രക്തത്തിൽ കുളിച്ചവരെല്ലാം-തിരുമുൻപാകെ നിന്നീടുമേ.

ܫܘܒܚܐ ܘܬܘܕܝܬܐ ܘܐܝܩܪܐ . ܢܣܩ ܠܟ ܠܐܒܐ
ܘܠܒܪܐ . ܘܠܪܘܚܐ ܩܕܝܫܐ ܠܥܠܡ . ܐܡܝܢ
ܘܠܥܠܡ ܥܠܡܝܢ ܀

ത്രിത്വത്തിൻെറ രഹസ്യമായിരിക്കുന്ന പിതാവിന്നും പുത്രന്നും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും വന്ദനവും പുകഴ്ച്ചയും നാം കരേററണം.

ത്രിത്വ, രഹസ്യമായുള്ള-പിതൃപുത്രാത്മാക്കൾക്കെന്നും,
സ്തുതിയും വന്ദനവും പുകഴും-ഉന്നതിയും നാം ഏറ്ററണം.

പ്രാത്ഥന

പട്ടക്കാരൻ. കരുണയുള്ളവനും, കൃപയുള്ളവനുമായ ദൈവമേ, നിന്നിൽ ഞങ്ങൾ അഭയം പ്രാപിച്ചു, ഞങ്ങൾക്കും നിൻെറ വിശുദ്ധ സഭയുടെ സന്താനങ്ങളായ സകലക്കുംവേണ്ടി നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. സകല അശുദ്ധിയിൽനിന്നും ഞങ്ങൾ വെടിപ്പുള്ളവരായിത്തീരുവാനും, പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ദൈവമേ, നിൻെറ തിരുസന്നിധിയിലുള്ള കുററമററ നിലയ്ക്കും, നിൻെറ രാജ്യത്തിലെ നിത്യസന്തോഷത്തിനും ഞങ്ങൾ യോഗ്യതയുള്ളവരായി തീരുവാനും ഞങ്ങൾക്കു കൃപ നല്കുമാറാകേണമേ. ഹാശാ.

ജനം. ആമ്മീൻ.

ܩܘܩܠܝܘܢ ܕܗ̄ .

ܠܘܬܟ ܡܪܝܐ ܢܦܫܝ ܐܪܝܡܬ . ܗ̄ . ܐܠܗܝ
ܒܟ ܬܟܠܬ ܠܐ ܐܒܗܬ ✤ ܢܒܗܬܘܢ ܥܘ̈ܠܐ
ܒܣܪܝܩܘܬܗܘܢ . ܗ̄ . ܐܘܪܚܬܟ ܡܪܝܐ ܚܘܝܢ ✤

ܫܘܒ̄ ܘܡܢ̄ ✤ ܒܥܠܡ .

ܠܟܘܢ ܐܚܝ ܕܪ̈ܚܡܢܐ ܕܪܚܡܬ ܟܠܗܘܢ ܐܝܩܪܐ .
ܐܡܝܢ ܕܒܪܐ ܟܠܟܠܗܘܢ ܘܬܠܝܡܐ ܒܠܘܩܒܠܐ
ܕܝܠܗܘܢ ✤ ܫܘܒܚܐ .

കുക്കലെയോൻ

മസ്മൂർ

പട്ടക്കാരൻ. കൎത്താവേ, നിങ്കലേക്ക ഞാൻ എന്റെ മനസ്സു ഉയൎത്തി. എന്റെ ദൈവമേ, നിന്നിൽ ഞാൻ ആശ്രയിച്ചിരിക്കുന്നു. ഞാൻ ലജ്ജിച്ചു പോകരുതേ.

ജനം. അന്യായക്കാർ തങ്ങളുടെ മായയിൽ ലജ്ജിക്കും. കൎത്താവേ, നിന്റെ വഴികൾ എന്നെ കാണിക്കേണമേ—ബാറെക്മാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും.........

ജനം. ആദിമുതൽ........

എക്ബൊ

പട്ടക്കാരൻ. എല്ലാ നീതിമാന്മാരെയും സ്നേഹിക്കുന്ന കരുണകളുടെ പിതാവായ ദൈവമേ, അവരുടെ പിന്നാടിയിൽകൂടി ഓട്ടുവാനും, അവൎക്കു സദൃശന്മാരായി തീരുവാനും ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ.

ശുശ്രൂഷകൻ. സ്തൌമെൻകാലോസ്.

ജനം. കുറിയേലായിസ്സോൻ.

പ്രൊമിയോൻ

പട്ടക്കാരൻ. നാമെല്ലാവരും പ്രാൎത്ഥിച്ചു, കൎത്താവിനോടു അനുഗ്രഹങ്ങളും കരുണയും അപേക്ഷിക്കണം.

ജനം. അനുഗ്രഹിക്കുന്നവനായ കൎത്താവേ, ഞങ്ങളെ അനുഗ്രഹിച്ചു, ഞങ്ങളെ സഹായിക്കേണമേ.

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും, തേജസ്സും പുകഴ്ചയും, മാഞ്ഞുപോകാത്ത മഹിമയും എല്ലായ്പോഴും നിരന്തരം കരേറുവാൻ ഞങ്ങൾ യോഗ്യതയുള്ളവരായിത്തിരേണമേ.

സ്വഭാവപ്രകാരം ജീവനുള്ളവനും ജീവൻ നല്കുന്നവനും, മരിച്ചവരുടെ പ്രത്യാശയും, പൊടിയിൽ നിദ്ര പ്രാപിച്ചിരിക്കുന്നവരെ ഉയിൎത്തെഴുന്നേല്പിച്ചു, അവൎക്കു സന്തോഷത്തെ പ്രദാനം ചെയ്യുന്നവനും, അന്ധകാരത്തെ പ്രകാശിപ്പിക്കുന്ന രശ്മിയും, മരണത്തെ കൊന്നവനും, പാതാളത്തെ ജയിച്ചവനും, തന്റെ സൃഷ്ടിയെ പുതുതാക്കുന്നവനുമായ മ്ശിഹാതമ്പുരാന്നു, തന്റെ (ദാസന്റെ) ശവസംസ്കാരശുശ്രൂഷയുടെ ഈ നേരത്തും, നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളി

ലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായി രിക്കുന്നു. ഹാശാ.

ജനം. ആമ്മീൻ.

സെദറാ

പട്ടക്കാരൻ. ദൈവമായ കൎത്താവേ, ഇല്ലായ്മയിൽ നിന്നു സകലത്തെയും നിൎമ്മിച്ചു, ഉണ്മയിലേക്കു നി വ രുത്തി. നീ മനുഷ്യനെ സൃഷ്ടിച്ചു, രാജകിയമായ അവ സ്ഥകൊണ്ടു അവനെ ശ്രേഷ്ഠനാക്കി. നല്ലതിനെ തി രഞ്ഞെടുക്കുന്നതിനും, ദോഷമായുള്ളതിനെ ത്യജിക്കുന്ന തിനും ഉള്ള സ്വാതന്ത്ര്യവും സ്വയാധികാരവും നി അവ നു കൊടുത്തു. വഞ്ചകനായവൻ മൂലം അവൻ കല്പന ലംഘനത്തിൽ അകപ്പെട്ടു. അവൻ മണ്ണായിരുന്ന പ്ര കാരം മണ്ണിലേക്കു തിരികെ ചേരുമെന്നുള്ള വിധി അവൻ സമ്പാദിക്കയും ചെയ്തു. കരുണകളുടെ പിതാ വും സകല ആശ്വാസത്തിന്റെയും ദൈവവുമേ, അ വനെ വഴി തെററിയവനായി അശേഷം തള്ളിക്കളയാ തെ, സൎവ്വലോകത്തിന്റെയും പരമവൈദ്യനായി, നി ന്റെ ഏകപുത്രനെ നി അയച്ചു, അവന്റെ മഹത്വ മുള്ള മരണംകൊണ്ടു, അവനെ നി രക്ഷിക്കയും ചെയ്തു.

മനുഷ്യരെ സ്നേഹിക്കുന്ന കൎത്താവേ, ദുഃഖം നി റഞ്ഞ ഈ ആയുസ്സിൽനിന്നു ഐശ്വൎയ്യമുള്ളതും നി ലനില്ക്കുന്നതുമായ ലോകത്തിലേക്കു നീങ്ങിപ്പോയി രിക്കുന്ന ഞങ്ങളുടെ ഈ (സഹോദരന്റെ) ശവസം സ്കാര ശുശ്രൂഷയുടെ ഈ നേരത്തു, ഞങ്ങൾ ക ഴിക്കുന്ന പ്രാൎത്ഥനകളും അപേക്ഷകളും കൈക്കൊള്ള ണമെന്നു നിന്നോടു ഞങ്ങൾ യാചിച്ചുകൊള്ളുന്നു. ദൈവമായ കൎത്താവേ! നിന്റെ ഏകജാതനായ പു ത്രൻ രണ്ടാമതു എഴുന്നള്ളി പ്രത്യക്ഷനാകയും, നല്ലവ

രുടെയും ദുഷ്ടന്മാരുടെയും പ്രവൃത്തികൾക്കു തക്കവണ്ണം പ്രതിപകരം ചെയ്യുകയും, ബുദ്ധിയോടെ അദ്ധ്വാനിച്ച വേലക്കാൎക്കു രാജ്യം അവകാശമാക്കി കൊടുക്കയും, ദുഷ്ടന്മാർ പ്രകാശമില്ലാത്ത അന്ധകാരത്തിലേക്കു തള്ളപ്പെടുകയും, ശുദ്ധിമാന്മാർ പ്രകാശത്തിന്റെ കൂടാരങ്ങളിൽ ചേൎത്തുകൊള്ളപ്പെടുകയും, 'കൎത്താവേ, നീ നീതിയുള്ളവനും, നിന്റെ വിധികൾ എത്രയും സത്യമുള്ളവയും ആകുന്നു ' എന്നു ഇരുഭാഗക്കാരും ഉച്ചത്തിൽ വിളിച്ചുപറകയും ചെയ്യുമ്പോൾ തിരുനാമത്തിൽ മാമ്മോദീസാ ഏററവ (നും), ദൈവീയമായ ശുശ്രൂഷകളിൽ സംബന്ധിച്ചവ (നും), നിന്റെ ഏകപുത്രന്റെ ക്രൂശാരോഹണത്തിൽ ആശ്രയിച്ചവ (നും) ആയ (ഇവൻ) ആഴമുള്ള പാതാളത്തിൽ കൈവിടപ്പെടുകയില്ലെന്നും, കെട്ടുപോകാത്ത അഗ്നിജ്വാലയിൽ വേദനപ്പെടുകയില്ലെന്നും, നിന്റെ മുഖപ്രകാശംകൊണ്ടു (ഇവൻ) സന്തോഷിക്കയും, നിന്റെ വിശുദ്ധന്മാരുടെ കൂട്ടത്തിൽ ചേരുകയും, നിന്റെ സേവകന്മാരുടെ പന്തിയിൽ എണ്ണപ്പെടുകയും, പരമഭാഗ്യങ്ങൾ അവകാശമായി അനുഭവിക്കയും ചെയ്യുമെന്നും ഉള്ള പ്രത്യാശയോടെ ഈ നിന്റെ (ദാസന്റെ) വേൎപാടിങ്കൽ ഞങ്ങൾ ആശ്വസിക്കയും, തമ്മിൽ തമ്മിൽ ആശ്വസിപ്പിക്കയും, ഭാഗ്യകരവും മഹത്വകരവുമായ ഈ പ്രത്യാശയ്ക്കായി നിന്നെ ഞങ്ങൾ വാഴ്ത്തുകയും ചെയ്യുന്നു.

കാരുണ്യവാനായ കൎത്താവേ, മനസ്സലിവുള്ള ദൈവമേ, (ഇവന്റെ) മരണത്തെയും വേൎപാടിനെയും കുറിച്ചു ദുഃഖിച്ചും വിഷാദിച്ചും ഇരിക്കുന്നവരായ ഞങ്ങളെയും, പ്രത്യേകമായി ഈ നിന്റെ (ദാസന്റെ) കുടുംബത്തിലുള്ള എല്ലാവരെയും നിന്റെ കരുണകളുടെ ബഹുത്വത്താൽ ആശ്വസിപ്പിക്കയും ധൈൎയ്യപ്പെടുത്തുകയും ചെയ്യുമാറാകേണമേ. ഇവരുടെ കണ്ണുകളിൽനി

ന്നു കണ്ണുനീരിനെയും, ഇവരുടെ ഹൃദയങ്ങളിൽനിന്നു അതിവേദനകളെയും നീക്കിക്കളയേണമെ. ആകുലചിന്തയില്ലാത്ത സമാധാനംകൊണ്ടു ഇവരെ സമാധാനപ്പെടുത്തേണമെ. ആശ്വാസമില്ലാത്ത മനോവ്യസനത്തിൽനിന്നു ഇവരെ വിടുവിക്കേണമെ. തീരാത്ത ദുഃഖത്തിൽ വീഴാതിരിപ്പാൻ ദൈവികമായ നിന്റെ പ്രത്യാശകൊണ്ടു ഇവരുടെ ഹൃദയങ്ങളെ താങ്ങേണമെ. നിന്റെ ശക്തിയുള്ള വലങ്കൈകൊണ്ടു വിശുദ്ധന്മാരുടെ പൂർണ്ണതയിങ്കലേക്കു ഇവരെ നടത്തേണമെ. ആശയില്ലാത്ത ജാതികളെപ്പോലെ ദുഃഖിച്ചു നിരാശപ്പെടാതെ, നിന്നിലുള്ള വിശ്വാസവും ആശ്രയവുംകൊണ്ടു ഇവർ ആശ്വാസവും സമാധാനവും പ്രാപിക്കുമാറാകേണമെ. ആത്മീയവും ലൌകികവുമായ സകല അനുഗ്രഹങ്ങൾകൊണ്ടും ഇവരെ സന്തുഷ്ടിയുള്ളവരാക്കേണമെ. കർത്താവു തന്നു, കർത്താവു എടുത്തു, കർത്താവിന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ എന്നു ചൊല്ലി, നീതിമാനായ ഇയ്യോബിനെപ്പോലെ നിനക്കു സ്തോത്രം ചെയ്വാൻ ഇവരെ ശക്തിപ്പെടുത്തേണമെ.

കർത്താവേ, ഞങ്ങളുടെ അവസാനത്തെ നീ അറിയുന്നതുകൊണ്ടു, ഞങ്ങളുടെ ജീവന്നു നീ അവസാനം വരുത്തുമ്പോൾ, ഈ ലോകത്തിൽനിന്നുള്ള പുറപ്പാടിന്നു ഒരുക്കമുള്ളവരും കാത്തിരിക്കുന്നവരുമായി ഞങ്ങൾ കാണപ്പെടുമാറാകേണമെ. നിന്റെ സിംഹാസനത്തിൻ മുൻപാകെയുള്ള ശ്രേഷ്ഠമായ നില ഞങ്ങൾക്കു നീ ദാനം ചെയ്യേണമെ. അറുതിയില്ലാത്ത മനുഷ്യസ്നേഹത്താൽ ഞങ്ങളെ എല്ലാവരെയും നീ ഓർത്തുകൊള്ളേണമെ. നിന്റെ പരിശുദ്ധന്മാരുടെ കൂട്ടത്തിൽ നിനക്കും നിന്റെ ഏകപുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതിയും

സ്തോത്രവും കരേറവാൻ ഞങ്ങൾ അർഹരായി തീരുക
യും ചെയ്യുമാറാകേണമേ ഹാശാ.

ജനം. ആമ്മീൻ.

ܩܠܐ . ܒܪܝܫ ܐܠܗ ܒܪܐ ܘܡܫܝܚܐ .

ܡܢ ܐܕܡ ܡܘܬܐ ܐܪܘܚ ܫܒܝܠܗ . ܥܕܡܐ
ܠܡܫܝܚܐ . ܡܫܝܚܐ ܒܛܠܗ ܠܫܘܠܛܢܗ .
ܘܬܒܪܗ ܠܥܘܩܣܗ ܕܚܛܝܬܐ . ܘܗܐ ܡܬܟܪܙܐ
ܒܕܪ̈ܐ ܕܪ̈ܝܢ ܗܝ ܙܟܘܬܐ . ܕܗܘܬ ܒܨܠܝܒܐ .

തർജ്ജമ.

മരണം ആദാം മുതൽ മ്ശിഹാ വരെയും തന്റെ ഗതിയെ വിശാലമാക്കി മ്ശിഹാ അതിന്റെ അധികാരത്തെ മായിച്ചു, പാപത്തിന്റെ വിഷമുള്ളിനെ തകർത്തുകളഞ്ഞു. കുരിശുമൂലം ഉണ്ടായ ജയം ഇതാ എല്ലാ തലമുറകളിലും പ്രസംഗിക്കപ്പെടുന്നു.

ܦܪܩ ܡܘܬܐ ܒܢܘܚܡܐ ܘܒܛܠܗ ܚܝܠܗ . ܘܒܗܬ
ܫܝܘܠ . ܘܗܘܝܐ ܚܕܘܬܐ ܠܒܪܝܬܐ . ܘܡܫܒܚܝܢ
ܐܝܟܐ ܫܡܝܢܐ . ܥܡ ܢܘܪܢܐ ܕܫܡܝܐ ܕܗܘܘ ܒܚܕܘܬܗ
ܕܚܝܐ . ܬܫܒܘܚܬܐ ܠܡܪܘܡܐ .

പുനരുത്ഥാനത്തിങ്കൽ മരണം അവസാനിക്കുന്നു, പാപം മാഞ്ഞുപോകുന്നു. സാത്താൻ ലജ്ജിക്കുന്നു. നീതിമാന്മാൎക്കു സന്തോഷം ഉണ്ടാകുന്നു. അവർ മണവാളനോടുകൂടെ മണവറയിൽ പ്രവേശിക്കേണ്ടതിനു തങ്ങളുടെ ദീപയഷ്ടികളെ തെളിയിച്ചുകൊണ്ടു മഹത്വത്തിന്റെ വെള്ളനിലയങ്കി ധരിക്കയും ചെയ്യുന്നു.

ܐܡܪܐ ܠܗ ܢܦܫܐ ܠܦܓܪܐ ܕܦܘܫ ܒܫܠܡܐ.
ܐܚܝ ܘܚܒܝܒܐ. ܕܐܙܠܐ ܐܢܐ ܠܝ ܡܢ ܠܘܬܟ. ܠܐܬܪܐ
ܕܡܠܝܐ ܚܕܘ̈ܬܐ܆ ܡܣܒܪ ܐܢܐ ܒܗ ܠܡܪܝܐ ܕܬܘܒ ܚܙܐ
ܐܢܐ ܠܟ. ܒܩܝܡܬܗ ܕܢܘܚܡܐ ܀

ആത്മാവു ശരീരത്തോടു പറയുന്നതു എന്തെന്നാൽ, സഹോദരനും പ്രിയപ്പെട്ടവനുമേ, നീ സമാധാനത്തോടെ പാൎക്ക. ഞാൻ നിന്റെ അടുക്കൽനിന്നു സന്തോഷങ്ങൾ നിറഞ്ഞിരിക്കുന്ന സ്ഥലത്തേക്കു പോകുന്നു. പുനരുത്ഥാന ദിവസത്തിൽ ഞാൻ ഇനിയും നിന്നെ കാണുമെന്നു കൎത്താവിൽ എനിക്കു പ്രത്യാശയുണ്ട്.

ܒܩܝܡܬܗ ܕܡܠܟܐ ܡܫܝܚܐ ܘܒܩܠܐ ܩܪܢܐ.
ܕܢܦܩ ܡܢ ܪ̈ܘܡܐ. ܡܬܬܙܝܥܝܢ ܩܒ̈ܪܐ ܘܡܝ̈ܬܐ܆ ܘܡܬܢܨܚܝܢ
ܒܟܠܗܘܢ ܩܝܡܝܢ܆ ܟܕ ܢܗܘܘܢ ܠܡܦܩ̈ܢܘܬܗܘܢ.
ܕܡܫܝܚܐ ܕܢܚܐ. ܘܥܠܝܢ ܠܓܢܬܐ ܀

മശിഹാരാജാവിന്റെ എഴുന്നള്ളത്തിങ്കലും, പ്രധാന ദൈവദൂതന്മാരുടെ കാഹളധ്വനിയിങ്കലും, കബറുകളും പാറകളും പിളരുന്നു. സകല വിശുദ്ധന്മാരും മണവാളനോടുകൂടെ മണവറയിൽ പ്രവേശിക്കേണ്ടതിന്നു ഉയിർത്തെഴുന്നേറ്റു തങ്ങളുടെ ദീപയഷ്ടികളെ തെളിയിക്കുന്നു.

എത്രാ.

പട്ടക്കാരൻ. ഉയിർപ്പും ജീവനും താനായിരിക്കുന്നവനും, തന്നിൽ വിശ്വസിക്കുന്നവരെവരും മരിച്ചാലും ജീവിക്കുമെന്നും, ജീവിച്ചിരുന്നു തന്നിൽ വിശ്വസിക്കുന്ന ഒരുത്തനും ഒരുനാളും മരിക്കയില്ലെന്നും അരുളിച്ചെയ്തിരിക്കുന്ന ഞങ്ങളുടെ കർത്താവായ യേശുമശിഹായുടെ പിതാവായ ദൈവമേ, നിന്നിലുള്ള വിശ്വാസത്തിലും ഭയഭക്തിയിലും ഈ ആയുസ്സിനെ വിട്ടുപിരിഞ്ഞവരായ നിന്റെ ദാസ ദാസിമാരായ എല്ലാവർക്കും വേണ്ടി നിന്റെ പരിശുദ്ധ തിരുനാമത്തെ ഞങ്ങൾ വാഴ്ത്തുന്നു. കർത്താവേ, അവരോടുകൂടെ ഞങ്ങളും നിന്റെ സ്വർഗ്ഗരാജ്യത്തിന്റെ അനുഭവക്കാരായി തീരത്തക്കവണ്ണം, അവരുടെ നല്ല ദൃഷ്ടാന്തത്തെ പിന്തുടരുന്നതിനു ഞങ്ങൾക്കു കൃപ നൽകേണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. നിനക്കും നിന്റെ ഏക പുത്രനും പരിശുദ്ധ റൂഹായിക്കും സ്തുതിയും സ്തോത്രവും കരേറ്റുവാൻ ഞങ്ങൾ യോഗ്യതയുള്ളവരായി തീരുകയും ചെയ്യുമാറാകേണമേ. ഹാശാ......

ജനം. ആമ്മീൻ.

ܡܫܝܚܐ ܕܢܘܚܡܗ ܠܟܠܢ ܕܐܬܐ.

ܢܘܚܡܗ ܠܟܠܢ ܕܐܬܐ ܒܝܘܡܐ ܕܕܝܢܐ ܢܫܘܐ
ܕܚܝܐ ܕܕܚܝܐ ܀

ܐܬܒܪܝܘ ܐܘ ܐܚܝ ܕܐܡܪ ܚܢܢ. ܘܠܡܫܝܚ ܠܘܬܗ
ܐܚܪ ܗܘܢܝ. ܢܦܫ ܡܠܟܐ ܒܗܘ ܒܘܡܝܐ.
ܘܠܡܫܝܚ ܫܒܩܐ ܒܗܘ ܒܝܘܡܐ. ܢܘܚܡܗ ܠܟܠܢ
ܕܒܗܘ ܢܦܫ ܡܢ ܢܦܫ ܀ ܐܚܝ̈ ܥܠܘ ܐܒܪܐ
ܒܦܘܪܩܢܐ. ܘܠܗ ܕܟܠ ܠܗ ܟܠ ܡܪܝܡ.
ܠܘܬܐ ܐܦ ܫܘܒܚܐ ܘܫܘܠܛܢܐ ܡܫܒܚܐ ܘܫܠܛܢ
ܠܗ ܐܝܟ ܕܠܐܠܗܘܬܗ. ܒܝܪ ܗܘ ܕܠܐ ܠܟܠ
ܫܘܠܛܢܗ ܀

തൎജ്ജമ

പട്ടക്കാരൻ. എന്റെ സഹോദരന്മാരേ, ഇന്നു നാം എവിടെയാകുന്നു എന്നും, നാളെ നാം എവിടെ ആയിരിക്കുമെന്നും ഓൎത്തുകൊൾവിൻ. ഇന്നു വീടുകളിൽ നാം സംസാരിക്കുന്നവരായിരിക്കുന്നു. നാളെ ശവക്കുഴികളിൽ മൌനതയുള്ളവരായിത്തീരുന്നു. ദിവസംതോറും ഇതോൎക്കുന്നവൻ ഭാഗ്യവാനാകുന്നു.

സഹോദരന്മാരേ, ധനവും സൌന്ദൎയ്യവും ശ്രേഷ്ഠാധികാരവുമായ സകലവും കഴിഞ്ഞു, ഒന്നുമില്ലാത്ത

തുപോലെ മാഞ്ഞുപോകുന്നു എന്നു പ്രത്യേകം ഗ്രഹിച്ചുകൊൾവിൻ. നീക്കം വരാത്ത അധികാരമുള്ളവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

ܩܠܐ ܕܥܢܝܕܐ * ܒܥܘܬܐ *

ܒܪܝܟ ܗܘ ܫܠܝܛܐ ܕܫܘܠܛܢܗ ܠܐ ܥܒܪܐ

ܡܚܝܢܐ ܕܡܝ̈ܬܐ ܘܡܠܒܫ ܦܓܪ̈ܝܗܘܢ ܫܘܒܚܐ ܒܢܘܚܡܐ *

മരിച്ചവരെ ഉയിർപ്പിക്കയും, പുനരുത്ഥാനത്തിങ്കൽ അവരുടെ ശരീരങ്ങളെ മഹത്വം ധരിപ്പിക്കയും ചെയ്യുന്ന മ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു.

ܐܘ ܥܢܝ̈ܕܐ ܩܪܝܒܐ ܩܝܡܬܐ . ܠܐ ܬܬܥܝܩܘܢ

ܥܠ ܚܒܠܐ ܕܦܓܪ̈ܝܟܘܢ . ܗܘ ܕܒܪܐ ܠܟܘܢ

ܘܨܒܬܟܘܢ . ܗܘ ܡܩܝܡ ܠܦܓܪ̈ܝܟܘܢ .

ܘܦܪܥ ܠܟܠ ܐܢܫ ܐܢܫ ܐܝܟ ܥܒ̈ܕܘܗܝ ܒܟܐܢܘܬܐ *

മരിച്ചവരേ, പുനരുത്ഥാനം അടുത്തിരിക്കുന്നു. നിങ്ങളുടെ ശരീരങ്ങളുടെ നാശത്തെക്കുറിച്ചു നിങ്ങൾ ദുഃഖിക്കേണ്ട. നിങ്ങളെ സൃഷ്ടിക്കയും അലങ്കരിക്കയും ചെയ്യുവൻ നിങ്ങളുടെ ശരീരങ്ങളെ ഉയിർത്തെഴുന്നേല്പിക്കുന്നു. ഓരോരുത്തനും അവനവന്റെ പ്രവൃത്തികൾക്കു തക്കവണ്ണം നീതിയോടെ പ്രതിഫലം കൊടുക്കയും ചെയ്യുന്നു.

ഹോ! മരിച്ചവരെ–പുനർജീവൻ–അട്ടത്തല്ലോ
ദുഃഖിക്കേണ്ടാ–ദേഹമാം–ശത്തിങ്കൽ
നിങ്ങളെ–സൃഷ്ടിച്ചോൻ–ദേഹത്തെ ഉയിർപ്പിച്ച്,
പ്രവൃത്തി–കൊത്തപോൽ–നീതിയായ്–ഫലമേകും.

ܐܘ ܕܐܚܝܬ ܡܝ̈ܬܐ ܒܛܝܒܘܬܗ ܠܐ ܬܬܥܝܩ ܦܓܪܐ.
ܘܗܘܐ ܐܢܫܐ ܕܒܪܐ ܠܟܠܗܘܢ ܗܘ ܢܚܐ ܠܦܓܪ̈ܝܟܘܢ. ܘܡܫܝܚ
ܕܐܝܬ ܠܗ ܒܢܝ̈ܢܫܐ ܠܡܦܪܥ ܕܝܢܐ ܕܟܐܢܘܬܐ ܕܟܠܢ
ܐܝܟ ܥܒ̈ܕܘܗܝ ܕܟܠ ܐܢܫ. ܢܦܪܘܥ ܠܟܠܢܫ ܐܝܟ
ܥܒ̈ܕܘܗܝ ܕܡܝ ❖

തന്റെ കൃപയാൽ മരിച്ചവരുടെ ഇടയിലേക്ക തന്നെത്താൻ താഴ്ത്തുകയും, പാതാളത്തിലുള്ള കബറടക്കപ്പെട്ടവരുടെ അടുക്കൽ പോകയും ചെയ്യുവനായുള്ളോവേ, ആദാമിൻ സന്താനങ്ങളെ ഉയിർപ്പിപ്പാൻ അവസാനനാളിൽ നീ എഴുന്നള്ളുമ്പോൾ, നിന്നിൽ വിശ്വസിച്ചിട്ടുള്ള നിന്റെ അടിയാരാകുന്ന ഞങ്ങളെയും നിന്റെ കൃപയാൽ ഉയിർത്തെഴുന്നേല്പിക്കേണമേ.

മരിച്ചവരിടയിൽ–നീ താഴ്ത്ത–പ്പെട്ടല്ലോ,
പാതാളത്തിൽ–നീ യാത്ര–ചെയ്തല്ലോ–
ആദാമിൻ–സുതരെ നീ–ഉയിർപ്പിപ്പാ–നെത്തുമ്പോൾ
നിന്നിൽ വി–ശ്വസിച്ചവരാം–അടിയാരെയും–ഉയിർപ്പിക്ക.

മാർ യാക്കോബിന്റെ അപേക്ഷ

ܕܢܚܬ ܠܒܝܬ ܡܝ̈ܬܐ ܡܢ ܛܝܒܘܬܗ. ܘܗܠܟ
ܒܫܝܘܠ ܠܘܬ ܩܒܝܪ̈ܐ ܟܕ ܢܐܬܐ ܠܡܩܡܘ ❖

ഞങ്ങളുടെ കർത്താവായ കർത്താവേ, നിന്നെ ഞങ്ങൾ നോക്കിവിളിക്കുന്നു. ഞങ്ങളുടെ സഹായത്തിന്നായി വരേണമേ. ഞങ്ങളുടെ അപേക്ഷ കേട്ടു ഞങ്ങളെ നീ അനുഗ്രഹിക്കേണമേ.

ܡܪܢ ܐܠܗܢ ܠܟ ܩܪܝܢ ܬܐ ܠܥܘܕܪܢܢ.
ܘܫܡܥ ܒܥܘܬܢ ܕܠܐ ܫܠܝܐ ܠܥܠܡ ܥܠܡܝܢ ※

ദൈവത്തിൻെറ പുത്രാ, അഴിവില്ലാത്ത രാജ്യത്തിൽ നീതിമാന്മാരുടെ ഇടയിൽ വിശുദ്ധന്മാരോടുകൂടെ, നിൻെറ അടിയാരായ ഞങ്ങളെയും ആശ്വസിപ്പിക്കേണമേ.

ܒܪܗ ܕܐܠܗܐ ܒܡܠܟܘܬܐ ܕܠܐ ܡܫܬܪܝܐ ܥܡ ܙܕܝܩܐ.
ܘܥܡ ܩܕܝܫܐ ܒܣܡ ܠܥܒܕܝܟ ܒܢܝܚܐ
ܢܦܫܬܐ ※

പുനരുത്ഥാന ദിവസത്തിൽ മരിച്ചവരെ അവരുടെ കബറുകളിൽനിന്നു ഉയിർത്തെഴുന്നേല്പിച്ചു, അവരെ മഹത്വത്തിൻെറ വെള്ളനിലയങ്കി ധരിപ്പിക്കുന്നവനായുള്ളോവേ, നിനക്കു സ്തുതി.

ܫܘܒܚܐ ܠܟ ܕܒܝܘܡܐ ܕܩܝܡܬܐ ܡܢ ܩܒܪܐ.
ܡܩܝܡ ܐܢܬ ܠܡܝܬܐ ܘܡܠܒܫ ܠܗܘܢ ܐܣܛܠܐ ܕܫܘܒܚܐ. ܬܘܒ

[illegible]

മണ്ണിൽനിന്നു ആദാമിനെ മനഞ്ഞുണ്ടാക്കിയ പിതാവിന്നു സ്തുതിയും, കുരിശിലെ കഷ്ടാനുഭവങ്ങളാൽ അവനെ വീണ്ടെടുത്ത പുത്രന്നു വന്ദനവും, അവസാനത്തിൽ എഴുന്നള്ളി അവനെ ഉയിർപ്പിക്കയും, പുനരുത്ഥാന നാളിൽ അവനെയും അവൻെറ സന്താനങ്ങളെയും മഹത്വം ധരിപ്പിക്കയും ചെയ്യുന്ന റൂഹായ്ക്കു സ്തോത്രവും ഉണ്ടായിരിക്കട്ടെ.

ܥܢܝܢ ܠܢ ܐܠܗܐ ܥܢܝܢ ܠܢ ܐܠܗܐ ܘܪܚܡ ܥܠܝܢ.
ܘܠܒܐ ܕܒܢܝܢܫܐ ܗܦܘܟ ܠܬܝܒܘܬܐ ❖

ദൈവമേ, ഞങ്ങളോടു നീ ഉത്തരമരുളിച്ചെയ്യേണമേ. ദൈവമേ, ഞങ്ങളോടു നീ ഉത്തരമരുളിച്ചെയ്തു, ഞങ്ങളെ അനുഗ്രഹിക്കേണമേ. മനുഷ്യരുടെ ഹൃദയങ്ങളെ അനുതാപത്തിങ്കലേക്ക തിരിക്കയും ചെയ്യേണമേ.

വായന

പുരുഷനെങ്കിൽ	ഉല്പത്തി. ൧൦. ൧—൧൩.
സ്ത്രീയെങ്കിൽ	,, ൨൩. ൧—൨൦.
രണ്ടിനും	൧ കൊറിന്തി. ൧൫. ൧൯—൧൯.

¶ അതിന്റെ ശേഷം

പട്ടക്കാരൻ. കുറിയേലായിസ്സോൻ.

ജനം. കുറിയേലായിസ്സോൻ.

പട്ടക്കാരൻ. ക്രിസ്ത്യേലായിസ്സോൻ.

ജനം. ക്രിസ്ത്യേലായിസ്സോൻ.

പട്ടക്കാരൻ. കുറിയേലായിസ്സോൻ.

ജനം. കുറിയേലായിസ്സോൻ.

പട്ടക്കാരൻ. ഞങ്ങളുടെ കർത്താവേ, ഞങ്ങളെ നീ അനുഗ്രഹിക്കേണമേ.

ജനം. ഞങ്ങളുടെ കർത്താവേ, കൃപതോന്നി ഞങ്ങളെ നീ അനുഗ്രഹിക്കേണമേ. ഞങ്ങളുടെ കർത്താവേ ഉത്തരമരുളിച്ചെയ്തു, ഞങ്ങളെ നീ അനുഗ്രഹിക്കേണമേ.

പട്ടക്കാരൻ. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി.

ജനം. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. എന്നേക്കും ഞങ്ങളുടെ ശരണവുമേ, നിനക്കു സ്തുതി.

ബാറെക്മോർ.

പട്ടക്കാരൻ. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ .....

ജനം. നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടേണമേ...

ആശീർവ്വാദം.

പട്ടക്കാരൻ. സകല ബുദ്ധിയെയും കവിയുന്നതായ ദൈവത്തിന്റെ സമാധാനം, ദൈവത്തെയും അവന്റെ പുത്രനും നമ്മുടെ രക്ഷിതാവുമായ യേശുമ്ശിഹായെയും കുറിച്ചുള്ള അറിവിലും സ്നേഹത്തിലും നിങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും കാക്കട്ടെ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ത്രിയേക ദൈവത്തിന്റെ

കൃപയും അനുഗ്രഹവും നിങ്ങളോടുകൂടെയും നിങ്ങളുടെ ഇടയിലും ഉണ്ടായിരുന്നു, സകല ദോഷങ്ങളിൽനിന്നും നിങ്ങളെ കാത്തുമറെച്ചു, സകല നന്മകൾക്കും നിങ്ങളെ യോഗ്യതയുള്ളവരാക്കിത്തീൎക്കുമാറാകട്ടെ.

ജനം ആമ്മീൻ.

¶ ഇവിടെ ഒന്നാം ശുശ്രൂഷ അവസാനിച്ചു.

അതിന്റെ ശേഷം മൃതശരീരം വീട്ടിൽനിന്നു പള്ളിയിലേക്കും അവിടെ നിന്നു ശവക്കോട്ടയിലേക്കും കൊണ്ടുപോകുമ്പോൾ ഒടുവിൽ ചേൎത്തിരിക്കുന്ന വാക്യങ്ങളും ഗീതങ്ങളും സമയോചിതംപോലെ മറ്റു ഗീതങ്ങളും ചൊല്ലാം.

രണ്ടാം ശുശ്രൂഷ

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും ....

ജനം. ബലഹീനരും പാപികളുമായ...........

പ്രാരംഭ പ്രാൎത്ഥന

പട്ടക്കാരൻ

മരണമുള്ളവരായ ഞങ്ങളെ പാപമരണത്തിൽനിന്നു വീണ്ടെടുപ്പാൻ ജഡപ്രകാരം മരിച്ച നല്ലവനും മരണമില്ലാത്തവനുമായ കൎത്താവേ, നിന്റെ മരണത്താൽ മരണത്തിന്റെ ശക്തിയെ നീ ഇല്ലാതാക്കി. നിന്റെ കൃപയാൽ ആദാമിനെയും അവന്റെ സന്താനങ്ങളെയും പാപമരണത്തിൽനിന്നു നീ വീണ്ടെടുത്തു. നിന്റെ കബറടക്കത്താൽ പാതാളത്തിന്റെ സാക്ഷാകളെ നീ തകൎത്തു. നിന്റെ ഉയിൎത്തെഴുന്നേല്പിനാൽ ഞങ്ങളുടെ ഉയിൎത്തെഴുന്നേല്പിനെ നീ സ്ഥിരപ്പെടുത്തുകയും ചെയ്തു. കൎത്താവേ, അരിഷ്ടതയുള്ള ഈ ലോകത്തിൽനിന്നു മരണംമൂലം നീ വിളിച്ചു വേർപെടുത്തിയിരിക്കുന്ന ഈ നിന്റെ (ദാസന്റെ) ശവസംസ്കാരത്തിന്റെ ഈ സമയത്തു, നിന്റെ കരുണയോടു ഞങ്ങൾ പ്രാൎത്ഥിക്കുന്നു. കൎത്താവേ, നിന്റെ വിശുദ്ധസഭയിലെ സകല സന്താനങ്ങൾക്കും ഭാഗ്യങ്ങളുടെ മണവറയും, സന്തോഷങ്ങളുടെ പന്തിക്കിരിപ്പും, ആനന്ദങ്ങളുടെ വാസസ്ഥലവും സൌജന്യം ചെയ്യേണമേ. അവസാനത്തിൽ മഹത്വത്തോടെ നീ എഴുന്നുള്ളുകയും, ഭൂതലത്തെ നീതിയോടെ ന്യായം വിധിക്കയും, ഓരോരുത്തന്നു അവനവന്നു യോഗ്യമായിരിക്കുന്നപ്രകാരം, പ്രതിഫലം

കൊട്ടക്കകയും ചെയ്യുമ്പോൾ, നിന്റെ വലത്തുഭാഗത്തെ മക്കളായ കുഞ്ഞാട്ടുകളോട്ടു ചേരുവാൻ ഞങ്ങളെയും യോഗ്യതയുള്ളവരാക്കേണമേ. പിതാവും പുത്രനും പരിശുദ്ധറൂഹായുമായ ദൈവമേ, സ്തുതിയും സ്തോത്രവും നിനക്കു ഞങ്ങൾ പാട്ടുകയും ചെയ്യുമാറാകേണമേ. ഹാശാ.

ജനം. ആമ്മീൻ.

ܘܡܒܪܟܝܢ ܡܫܡܫܢܐ.

ܒܪܝܟ ܫܡܗ ܠܡܪܢܐ ܗ̄ ܘܒܠܗܘܢ ܕܐܪܥܡܐ

ܠܫܡܗ ܩܕܝܫܐ ܒܪܝܟ ܫܡܗ ܠܡܪܢܐ ܗ̄ ܘܐܠܐ

ܐܠܗܢ ܕܠܗܘܢ ܡܪܢܘܬܗ ܥܡܗܘܢ ܕܡܫܒܚ ܒܪܝܟ

ܕܠܗ ܠܒܪܝܟ ܗ̄ ܘܡܫܒܚ ܕܠܗܘܢ ܕܐܠܗܐ ܒܪܝܟ

ܘܩܕܝܫ ܒܪܝܟ ܗܘ ܚܝܠܐ ܗ̄ ܡܫܒܚ ܒܪܝܟ

ܠܥܠܡܝܢ ܘܕܫܘܝܢܐ

ܫܘܒܚܐ ܘܡܢ ܒܥܘܢܐ.

ܫܡܝܢ ܡܢ ܕܡܠܟܝܢ ܕܠܐ ܡܬܚܙܝܢ ܠܡܫܒܚܘ

ܡܢ ܐܬܪܘܬܗܘܢ. ܫܡܝܐ ܘܐܪܥܐ ܕܡܠ ܫܘܒܚܐ

ܫܘܒܚܗ ܕܝܠܟ ܐܡܪܝܢ. ܘܫܒܚܘܗܝ ܕܡܪܝܐ

[illegible]
[illegible]
[illegible]
[illegible]

കുക്കലിയോൻ

മസ്മൂർ

പട്ടക്കാരൻ. എന്റെ ആത്മാവെ, കർത്താവിനെ വാഴ്ത്തുക. എന്റെ സകല അസ്ഥികളുമെ, അവന്റെ വിശുദ്ധ നാമത്തെ വാഴ്ത്തുക.

ജനം. എന്റെ ആത്മാവെ, കർത്താവിനെ വാഴ്ത്തുക. അവന്റെ സകല ഉപകാരങ്ങളെയും മറക്കയുമരുത്.

പട്ടക്കാരൻ. നിന്റെ സകല അനീതിയെയും അവൻ നിന്നോടു ക്ഷമിക്കുന്നു. നിന്റെ സകല വേദനകളെയും അവൻ സൌഖ്യമാക്കുന്നു.

ജനം. നാശത്തിൽനിന്നു നിന്നെ അവൻ രക്ഷിക്കുന്നു. കൃപകൊണ്ടും അനുഗ്രഹങ്ങൾകൊണ്ടും നിന്നെ അവൻ താങ്ങുന്നു. ബാറെക്മാർ.

പട്ടക്കാരൻ. പിതാവിന്നും.........

ജനം. ആദിമുതൽ......

എക്ബാ

പട്ടക്കാരൻ

സകല സൃഷ്ടികളും അവയുടെ സ്ഥാനത്തുനിന്നു

അഴിഞ്ഞുപോകത്തക്കവണ്ണം വിറയ്ക്കുമ്പോൾ, സൂൎയ്യനും ചന്ദ്രനും നക്ഷത്രങ്ങളും പ്രകാശിക്കാതവണ്ണം മാഞ്ഞു പോകുന്നു. സ്രഷ്ടാവിന്റെ കല്പനയാൽ ലോകം അവസാനത്തിങ്കലേക്ക അടുക്കുന്നു. കബറുകൾ ഇളക്കത്തോടുകൂടെ തുറക്കപ്പെടുന്നു. അവയിലുള്ള മരിച്ചവർ ഉയിൎത്തെഴുന്നേററു നീതിയും സത്യവുമുള്ളതും, തെററിപ്പോകാത്തതുമായ ന്യായവിധിയിൽ തങ്ങളുടെ പ്രതിഫലം പ്രാപിപ്പാൻ ന്യായസ്ഥലത്തിലേക്ക ഒരുങ്ങിച്ചെല്ലുകയും ചെയ്യുന്നു.

ശുശ്രൂഷക്കാൻ. സ്സൂമെൻ കാലോസ്.

ജനം. കുറിയേലായിസ്സോൻ.

പ്രൊമ്യോൻ

പട്ടക്കാരൻ. നാമെല്ലാവരും.........

ജനം. അനുഗ്രഹിക്കുന്നവനായ......

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും............

തന്റെ ശ്രേഷ്ഠതയുടെ പ്രകാശത്തിങ്കൽ മേലുള്ളവർ ഭ്രമിക്കയും, തന്റെ മഹത്വത്തിന്റെ വെളിപ്പാടിങ്കൽ മാലാകമാർ വിസ്മയിക്കയും ചെയ്യത്തക്കവണ്ണമുള്ള നീതിയുടെ സൂൎയ്യനും, തന്റെ പ്രകാശത്തിന്റെ കതിരുകൊണ്ടു കബറിലുള്ളവരെ ദൎശിക്കയും, തന്റെ ഭംഗിയുള്ള ശോഭകൊണ്ടു അന്ധകാരത്തെ പ്രകാശിപ്പിക്കയും ചെയ്യുന്ന സാക്ഷാൽ പ്രകാശവും, തന്റെ ശക്തിയുള്ള ശബ്ദംകൊണ്ടു മരിച്ചവരെ ഉയിൎത്തെഴുന്നേല്പിക്കയും, തന്റെ തിരുവിഷ്ടത്തിന്റെ ആംഗ്യത്താൽ നിദ്രപ്രാപിച്ചിരിക്കുന്നവരെ ഉണൎത്തുകയും ചെയ്യുന്ന ജീവനുള്ളവനും ജീവിപ്പിക്കുന്നവനും, ജീവനുള്ളവരുടെയും മരി

ച്ചവരുടെയും ന്യായാധിപതിയുമായിരിക്കുന്ന മ്ശിഹാ തമ്പുരാനു തന്റെ ദാസന്റെ ശവസംസ്കാരശുശ്രൂഷ നടത്തുന്ന ഈ സമയത്തും നമ്മുടെ ആയുഷ്ക്കാലം മുഴുവനും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹാശാ.....

ജനം. ആമ്മീൻ.

സെദറാ

പട്ടക്കാരൻ. നിത്യ പിതാവായ ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമാകുന്ന മ്ശിഹാതമ്പുരാനേ, നീ സകല സൃഷ്ടികളുടെയും സ്രഷ്ടാവും ജീവദാതാവും, ജീവനോടിരിക്കുന്ന നീതിമാന്മാരുടെയും വിശുദ്ധന്മാരുടെയും ദൈവവും, മണ്ണിൽ നിദ്രപ്രാപിച്ചിരിക്കുന്നവരുടെ സാക്ഷാൽ പുനരുത്ഥാനവും ആകുന്നു. മഹത്വമുള്ള നിന്റെ പിതാവിന്റെയും, സകലത്തിലും പരിശുദ്ധനായിരിക്കുന്ന നിന്റെ റൂഹായുടെയും തിരുവിഷ്ടപ്രകാരം ഇല്ലായ്മയിൽനിന്നു ഞങ്ങളെ ഉണ്മയിലേക്കു നീ വരുത്തി. ദൈവീയമായ നിന്റെ ഭാഗ്യാവസ്ഥയിൽ ഞങ്ങളെ നീ സംബന്ധിപ്പിച്ചു. ദോഷങ്ങളിലേക്കു വശികരിക്കുന്നവനായ ആകൽക്കർസായുടെ വശീകരണത്താൽ നാശത്തിലും ക്ഷയത്തിലും ഞങ്ങൾ വീണുപോയി. നിന്റെ കരുണയാൽ ഞങ്ങളുടെ വീണ്ടെടുപ്പിനെ കരുതി, പാപം ഒഴികെ യാതൊരു ഭേദവും കൂടാതെ ഞങ്ങളെപോലെ നീ മനുഷ്യനായിതീൎന്നു. നിന്റെ ഉയിൎത്തെഴുന്നേല്പിനാൽ മരണത്തിന്റെ അധികാരത്തെ നീ മായിച്ചു. പുതിയ ജീവനെയും ഭാഗ്യകരമായ ഉയിൎത്തെഴുന്നേല്പിനെയും ഞങ്ങൾക്കു നീ പ്രദാനം ചെയ്തു.

കരുണയുള്ളവനും കൃപ നിറഞ്ഞിരിക്കുന്നവനുമായ കൎത്താവേ, ഈ ചുരുങ്ങിയ ആയുസ്സിനെ വിട്ടു പിരി

ഞ്ഞിരിക്കുന്ന ഈ നിന്റെ ദാസന്റെ ശവസംസ്കാരത്തിന്റെ ഈ സമയത്തു, നിന്റെ ശുശ്രൂഷകരായ ഞങ്ങൾ വിനയ ഹൃദയത്തോടും നുറുങ്ങിയ ആത്മാവോടും കൂടെ കഴിക്കുന്ന ഈ ശുശ്രൂഷ കൈക്കൊള്ളേണമേ. കത്താവേ, അവസാനനാളിൽ ആത്മാവും ശരീരവും വേർതിരിപ്പാൻ പാടില്ലാതവണ്ണം ഒന്നായി ചേരുമ്പോൾ അന്ധകാരത്തിൽനിന്നു ഇവൻ രക്ഷ പ്രാപിക്കയും, നിന്റെ പ്രകാശംകൊണ്ടു ഇവൻ പ്രകാശിക്കയും, നിന്റെ വിശുദ്ധന്മാരുടെ ആനന്ദങ്ങളിൽ ഇവൻ ആനന്ദിക്കയും, ഭാഗ്യകരമായ ഭവനങ്ങളിൽ ഇവൻ വസിക്കയും, നിന്റെ സന്നിധിയിലെ നിത്യ സന്തോഷത്തിൽ ഇവൻ പങ്കുകൊണ്ടു സന്തോഷിക്കയും ചെയ്യുമെന്നു ഞങ്ങൾ ശരണപ്പെടുന്നു.

ഞങ്ങളുടെ സത്യ പ്രധാനാചാൎയ്യനായുള്ളോവേ, നിന്നെക്കുറിച്ചുള്ള അറിവിന്റെ പൂൎണ്ണതയിൽ ഇവൻ ഇമ്പപ്പെടുകയും, നിന്റെ വരവിങ്കൽ പാതാള ബന്ധനത്തിൽനിന്നും പൊടിയിൽനിന്നും ഇവൻ ഉയിൎത്തെഴുന്നേല്ക്കയും, കത്തിക്കൊണ്ടിരിക്കുന്ന അഗ്നിയിൽനിന്നു ഇവൻ രക്ഷ പ്രാപിക്കയും, നിന്റെ രാജ്യത്തിന്റെ മേശയിൽ ഇവൻ സന്തോഷിക്കയും, നിന്റെ തിരുമുഖത്തിന്റെ തേജസ്സിനാൽ ഇവന്റെ മുഖം ശോഭിക്കയും ചെയ്യുമെന്നു ഞങ്ങൾ പ്രത്യാശിക്കയും ചെയ്യുന്നു.

കാരുണ്യവാനായ കൎത്താവേ, കൃപനിറഞ്ഞ ദൈവമേ, ഈ സമയത്തു വിലപിച്ചും ദുഃഖിച്ചും ഇരിക്കുന്ന ഞങ്ങളെ എല്ലാവരെയും ആശ്വസിപ്പിച്ചു, പരിപാകതയുള്ള നടപടികളിലും, വിശുദ്ധ പാതകളിലും നടത്തി ശക്തിപ്പെടുത്തേണമേ. ഈ ലോകത്തിൽ പാപം കൂടാതെ ഞങ്ങളെ കാത്തുകൊള്ളേണമേ. നിന്റെ കൃപയുടെ ചിറകിൻ കീഴിൽ ഞങ്ങളെ മറെച്ചു്, ദുഃഖവും

അതിവേദനയുമില്ലാത്ത ഇടമായ സന്തോഷങ്ങളുടെ വാസസ്ഥലത്തേക്ക ഞങ്ങളെ അടുപ്പിക്കേണമേ. കർത്താവേ, മുഖപ്രസാദത്തോടുകൂടെ നിന്നെ എതിരേല്പാനും, ആദ്യന്തമില്ലാത്ത രാജ്യത്തിൽ നീതിമാന്മാരോടും വിശുദ്ധന്മാരോടും കൂടെ നിന്നെ സ്തുതിപ്പാനും ഞങ്ങളെ അൎഹരാക്കേണമേ. നിനക്കും നിന്റെ പിതാവിന്നും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുന്നു. ഹാശാ.........

ജനം. ആമ്മീൻ.

¶ പ്രോമ്യോൻ (സ്ത്രീയെങ്കിൽ)

പട്ടക്കാരൻ. നാമെല്ലാവരും പ്രാർത്ഥിച്ച്.........

ജനം. അനുഗ്രഹിക്കുന്നവനായ കർത്താവേ........

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും.........

ആശയററവരുടെ പ്രത്യാശയും, ഭൂമിയുടെ അന്തഭാഗങ്ങളിൽ കിടക്കുന്നവരെ ഉയിൎത്തെഴുന്നേല്പിക്കുന്നവനും നിദ്രപ്രാപിച്ചിട്ടുള്ള എല്ലാവരെയും പാതാളത്തിന്റെ അന്ധകാര അറകളിൽനിന്നു കരേററുന്നവനും, മരണവിധിയാൽ നശിച്ചുപോയവരെ പുനരുത്ഥാനം കൊണ്ടു നവീനമാക്കി അലങ്കരിക്കുന്നവനും, പാപത്തിന്റെയും നാശത്തിന്റെയും മരണത്തിന്റെയും കീഴിൽ വീണുപോയിട്ടുള്ളവൎക്ക ആശ്വാസവും പ്രത്യാശയും നല്കിയവനുമായ മ്ശിഹാ തമ്പുരാന്നു, തന്റെ ദാസിയുടെ ശവസംസ്കാരശുശ്രൂഷ നടത്തുന്ന ഈ സമയത്തും നമ്മുടെ ആയുസ്സിന്റെ എല്ലാ ദിവസങ്ങളിലും സ്തുതിയും ബഹുമാനവും വന്ദനവും യോഗ്യമായിരിക്കുന്നു. ഹാശാ......

ജനം. ആമ്മീൻ.

സെദറാ

പട്ടക്കാരൻ. സകലത്തിന്റെയും ഉടയവനും, ആത്മാക്കളുടെയും ശരീരങ്ങളുടെയും സ്രഷ്ടാവും, മാനുഷവർഗ്ഗത്തെ മനഞ്ഞുണ്ടാക്കിയവനും, ജീവനോടിരിക്കുന്നവൎക്കു അനുതാപത്തിനു അവസരം നല്കുന്നവനും, മരിപ്പിക്കുന്നവനും ഉയിൎപ്പിക്കുന്നവനും, പാതാളത്തിലേക്കു ഇറക്കുന്നവനും അതിൽനിന്നു കരേറുന്നവനുമായ ദൈവമേ, ബലവാനും കരുണയുള്ളവനും ദയാലുവുമായ കൎത്താവേ, നിന്റെ കല്പനപ്രകാരം നീങ്ങിപ്പോയിരിക്കുന്ന ഈ നിന്റെ ദാസിയുടെ ശവസംസ്കാരത്തിന്റെ ഈ സമയത്തു ഞങ്ങൾ കഴിക്കുന്ന ഈ ശുശ്രൂഷ കരുണയോടെ നീ കൈക്കൊള്ളേണമേ.

കൎത്താവായ കൎത്താവേ, ഈ നിന്റെ ദാസി സമാധാന തുറമുഖത്തു ചെന്നെത്തുകയും, നിന്റെ വിശുദ്ധന്മാരുടെ വാസസ്ഥലത്തിൽ, നിന്റെ കല്പനകൾ പ്രമാണിച്ചിട്ടുള്ള എല്ലാ പുണ്യവതികളോടും വിശുദ്ധവതികളോടും കൂടെ ചേരുകയും, മാലാകമാരോടു കൂടെ ഇവൾ ആനന്ദിക്കയും ചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

കാരുണ്യവാനും കൃപ നിറഞ്ഞിരിക്കുന്നവനുമായ കൎത്താവേ, അഴിവില്ലാത്ത പ്രകാശത്തിലും, വിശുദ്ധന്മാരുടെ വാസസ്ഥലത്തും, സന്തോഷപരിപൂൎണ്ണമായ വെളിച്ചത്തിന്റെ കൂടാരത്തിലും, വേദനകളും ദുഃഖങ്ങളും ദീൎഘനിശ്വാസവും ഇല്ലാത്ത സ്ഥലത്തും, ആശ്വാസത്തിന്റെയും നിത്യജീവന്റെയും ഭവനത്തിലും ഇവൾ വസിക്കയും, പുതിയ സ്തുതിയുടെയും ആത്മീയസന്തോഷത്തിന്റെയും ശബ്ദം ഇവൾ കേൾക്കയും ചെയ്യുമെന്നു ഞങ്ങൾ പ്രത്യാശിക്കയും ചെയ്യുന്നു.

മനസ്സലിവുള്ള കർത്താവേ, നിന്റെ സന്നിധിയിൽ പാപമോചനവും, നിന്റെ അടുക്കൽ ഏറിയ വിണ്ടെടുപ്പും ഉള്ളതിനാൽ, അറിഞ്ഞും അറിയാതെയും, മനസ്സോടും മനസ്സുകൂടാതെയും ഞങ്ങൾ ചെയ്തുപോയ സകല ലംഘനങ്ങളും പാപങ്ങളും കരുണയുള്ള പിതാവിനെപ്പോലെ പരിഹരിച്ചു ക്ഷമിക്കേണമേ. നി ഞങ്ങളെ വിളിപ്പാൻ ഇഷ്ടപ്പെടുമ്പോൾ, നിന്റെ അനുഗ്രഹങ്ങൾ മൂലം നിന്നാൽ ഞങ്ങൾ കൈക്കൊള്ളപ്പെടുവാൻ തക്കവണ്ണം യാത്രചെയ്വാൻ ഞങ്ങളെ ഒരുക്കിക്കൊള്ളേണമേ. നിന്റെ മനുഷ്യസ്നേഹത്തിനൊത്തവണ്ണം അവിടെയുള്ള ജീവിതത്തിൽ ഞങ്ങൾ സ്തുതിപാടുകയും, നിത്യസന്തോഷത്തിന്റെ പ്രകാശമുള്ള കൂടാരങ്ങളിൽ ഞങ്ങൾ പ്രവേശിക്കയും, അവിടെയുള്ള ആനന്ദപരിപൂർണ്ണമായ സ്വർഗ്ഗീയ മണവറയ്ക്കു ഞങ്ങൾ അർഹതയുള്ളവരായിത്തീരുകയും, നിന്റെ പരിശുദ്ധന്മാരുടെ കൂട്ടത്തിൽ നിനക്കും നിന്റെ പിതാവിന്നും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേററുകയും ചെയ്യുമാറാകേണമേ. ഹാശാ.

ജനം. ആമ്മീൻ.

കുക്കായാ

വിശ്വസിച്ചിടുവിൻ പാപികളേ-രക്ഷി-താവിൽ
ആശ്വാസം താനൊന്നൊഴികെ-പരനില്ലെങ്ങു-മെ.

ഉററവരെയും-ഉണവ്വററവരെയും-
മററുള്ളോരെയും-പോററിക്കൊള്ളും താൻ-

ഓടി അവൻ പാപികളെ-തേടി നട-ന്നു.
ആടലൊഴിഞ്ഞാദരവാൽ-പാടെ ചേന്നി-ടുവിൻ.

ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ.



വരുമേ ഈശോ ഉണന്നിരിപ്പിൻ-വരുമേ-വേഗം
പെരും കാഹളം ധ്വനിച്ചിടുമപ്പോൾ-അരുളപ്പാടാ-ലെ.

നിരയണിയായി-മരിച്ചവരുയിർത്തീടുമേ-
അരിഗണങ്ങളും-ഉരുകും മനസ്സിൽ-

വീര്യപ്രതാപത്തോടെ-വരുമെ വിധിനാ-ഥൻ.
പാരിടത്തിൽ ബഹു കൂട്ടം-പാരം ദുഃഖി-ക്കും.

ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ.



വാനം ഭുവനം കിടുകിടുങ്ങും-മനുവേൽ വരവി-ങ്കൽ
ഹീനപ്പേയൊടു ചേൎന്നവരും-നിനവിൽ കലങ്ങി-ടും.

അൻപുള്ളോരു-തമ്പുരാൻ തന്നെ-
നമ്പിടുവോൎക്ക്-ഇമ്പം നേരിടുമേ-

ദുഷ്ടർ കലങ്ങും തിരുമുൻപിൽ-ഇഷ്ടന്മാർ തെ-ളിയും.
ശിഷ്ടന്മാരിൽ നിന്നുടനെ-ദുഷ്ടരെ വേർപെ-ടുത്തി
നീതിയിൻ നാഥൻ-കഷ്ടതയിൽ തളളും.

നാഥാ, അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കണമേ!



ഇമ്പമുള്ള തന്റെ പരിമളത്തിന്റെ ഐശ്വര്യം കൊണ്ടു, ഉന്നതത്തിൽ മേലുള്ളവൎക്കും, അഗാധത്തിൽ താഴെയുള്ളവൎക്കും, കബറുകളിൽ മരിച്ചവൎക്കും വെളിവരുളിയ ഇമ്പമുള്ള ധൂപവും സൌരഭ്യവുമായിരിക്കുന്ന കൎത്താവേ, നിന്നിൽ വിശ്വസിക്കയും ആശ്രയിക്കയും ചെയ്യുന്ന നിന്റെ അടിയാരായ ഞങ്ങൾക്കു ഉയിൎത്തെഴുന്നേല്പിനെക്കുറിച്ചുള്ള പരിജ്ഞാനവും, പാപപരിഹാരംകൊണ്ടുള്ള ആനന്ദവും നല്കുമാറാകേണമേ. നിന്റെ ശ്രേഷ്ഠത്വം ഉദിക്കുകയും, നിന്റെ ദൈവത്വം

വെളിപ്പെടുകയും ചെയ്യുന്ന ദിവസത്തിൽ നിന്റെ വലത്തുഭാഗത്തെ മക്കളായ കുഞ്ഞാടുകളോടുകൂടെ, നിനക്കും നിന്റെ പിതാവിന്നും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും കരേററുവാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കിത്തീർക്കേണമെ. ഹാശാ.

ജനം. ആമ്മീൻ.

ܩܠܐ ❖ ܡܠܟܐ ܡܫܝܚܐ.

ܩܪܒܬܢܐ ܕܩܛܠܗ. ܠܬܢܝܢܐ ܗܘ ܕܩܛܠܗ ܗܘܐ.
ܠܒܢ̈ܝܗܘܢ ܕܐܕܡ ܒܝܕ ܩܛܠܗ ܕܝܠܗ. ܡܐ ܕܐܬܝܬ
ܒܫܘܒܚܐ. ܥܡ ܡܠܐܟ̈ܝܟ ܩܕ̈ܝܫܐ. ܗܒ ܠܢ
ܐܣܛܠܐ. ܚܘܪܐ ܕܠܐ ܡܬܚܒܠܐ ❖

ആദാമിന്റെ മക്കളെ കൊന്ന മഹാസർപ്പത്തെ തന്റെ മരണംമൂലം കൊന്ന യോദ്ധാവായുള്ളോവേ, നിന്റെ വിശുദ്ധ മാലാകമാരുമായി മഹത്വത്തോടെ നീ എഴുന്നള്ളുമ്പോൾ, നശിച്ചുപോകാത്ത വെള്ളനിലയങ്കി ഞങ്ങൾക്കു നല്കേണമെ.

ܡܠܟܐ ܡܫܝܚܐ. ܒܫܘܒܚܗ ܕܐܒܘܗܝ ܡܐ
ܕܐܬܐ. ܡܫܡܫܝܢ ܡܠܐܟ̈ܐ ܘܡܩܕܫܝܢ ܠܡܒܪܟܐ.
ܩܕܡܘܗܝ ܒܫܘܒܚܐ. ܠܒܢ̈ܝܐ ܡܢ ܟܠ ܕܪ̈ܐ. ܘܢܫܒܚܘܢ
ܫܘܒܚܐ. ܟܠ ܡܫܡܫܝܢ ܡܢܗ ❖

ഉയിൎത്തെഴുന്നേല്പിക്കുന്നവനായ രാജാവു, തന്റെ മഹത്വത്തോടെ ഉന്നതത്തിൽനിന്നു ഉദിക്കുന്നു. കബറുകളിലുള്ള മരിച്ചവരെ അവൻ ഉയിൎത്തെഴുന്നേല്പിക്കുന്നു. മരിച്ചവർ കബറുകളിൽനിന്നു ഒരുമിച്ചു ഉയിൎത്തെഴുന്നേററു, മരിച്ചവരെ ഉയിൎത്തെഴുന്നേല്പിക്കുന്നവനായ നിനക്കു സ്തുതി കരേററം.

ܡܰܠܟܳܐ ܕܰܡܢܰܚܶܡ ܗܽܘ . ܕܢܰܚ ܒܫܘܽܒܚܶܗ ܡܶܢ ܪܰܘܡܳܐ.
ܡ̈ܝܬܶܐ ܕܒܩܒܪ̈ܐ ܡܢܰܚܶܡ ܗܽܘ . ܘܡܝ̈ܬܐ ܡܢ
ܩܒܪ̈ܝܗܘܢ ܐܟܚܕܐ . ܩܡܘ ܘܫܒܚܘ ܠܡܢܚܡܢܐ .
ܕܡܝ̈ܬܐ . ܫܘܒܚܐ ܠܟ ܡܢܚܡܢܐ ܕܡܝ̈ܬܐ ✤

തന്റെ സ്നേഹത്താൽ വരികയും, തന്റെ സ്ലീബായാൽ നമ്മെ വീണ്ടെടുക്കയും ചെയ്യുവനും, വിണ്ടും വന്നു, ആദാമിൻ സന്താനങ്ങളെ ഉയിൎത്തെഴുന്നേല്പിപ്പാനും അവരെ മഹത്വത്തിന്റെ വെള്ളനിലയങ്കി ധരിപ്പിപ്പാനുമിരിക്കുന്ന ജയവീരനാകുന്ന നമ്മുടെ രാജാവായ യേശുവിനെ നാം സ്തോത്രം ചെയ്തു വന്ദിക്കണം.

. ܡܘܫܚܬܐ

ܒܪܐ ܕܡܠܟܐ ܐܬܐ ܒܝ ܡܠܟܐ . ܒܚܪܬܐ
ܠܡܦܪܥ ܠܟܠ ܐܢܫ ܐܝܟ ܥܒ̈ܕܘܗܝ ✤

ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരംകൊടുപ്പാൻ രാജപുത്രൻ അവസാനനാളിൽ എഴുന്നള്ളുന്നു.

ܐܘܪܚܢ ܩܪܝܒܐ ܗܝ . ܛܝܒܘ ܠܢ ܙܘܕܐ . ܘܠܠܒܘ̈ܫܝܢ
ܚܘܪܘ . ܒܕܡܗ ܕܐܡܪܐ ❖

നമ്മുടെ വഴിയാത്ര അടുത്തിരിക്കുന്നു. ഭക്ഷണ സാധനങ്ങളെ നമുക്കായി ഒരുക്കിക്കൊള്ളണം. കുഞ്ഞാടിന്റെ രക്തത്തിൽ നമ്മുടെ വസ്ത്രങ്ങളെയും നാം അലക്കി വെളുപ്പിക്കണം.

നമ്മുടെ വഴിയാത്ര–അടുത്തിരിക്കുന്നല്ലൊ–
ഭക്ഷ്യപദാർത്ഥങ്ങൾ–നമുക്കായി കരുതീടാം.
കുഞ്ഞാട്ടിന്നുടയ–പാവന രക്തത്തിൽ–
നമ്മുടെ വസ്ത്രങ്ങൾ–അലക്കി വെളുപ്പിക്കാം.

ܐܝܟ ܪ̈ܚܡܝܟ ܡܢ ܥܦܪܐ . ܓܒܠܬܢ ܡܪܝ .
ܠܐ ܬܪܡܝܢ ܠܫܝܘܠ . ܕܥܒܪܢ ܥܠ ܦܘܩܕܢܟ ❖

നിന്റെ കരുണകൾക്കു തിരുവിഷ്ടമായതു പോലെ, മണ്ണിൽനിന്നു ഞങ്ങളെ നീ മനഞ്ഞു. ഞങ്ങൾ കല്പന ലംഘിച്ചു പാപം ചെയ്യതിനാൽ പാതാളത്തിൽ ഞങ്ങളെ തള്ളിക്കളയരുതേ.

നിന്തിരുവിഷ്ടംപോൽ–മണ്ണാലെങ്ങളെ നീ–
മനഞ്ഞു, നിന്നാജ്ഞ–ലംഘിച്ചീയടിയാർ
പാപം ചെയ്യതിനാ–ലെങ്ങളെ നരകത്തിൽ–
കൈവെടിയരുതേ നീ–കരുണാവാരിധിയേ.

ܘܐܢ ܥܘ̈ܠܐ ܬܛܪ . ܐܢܬ ܡܪܝܐ . ܡܢܘ ܢܩܘܡ .
ܘܕܝܠܟ ܚܘܣܝܐ . ܠܐ ܬܒܥܐ ܒܕܝܢܐ ܥܡܢ ❖

ഞങ്ങൾ പാപം ചെയ്തു എന്നു ഞങ്ങൾ അറിയു ന്നു. ഞങ്ങളെത്തന്നെ നിന്ദ്യരായി വിചാരിക്കുന്നു. നീ കരുണയുള്ളവനാകയാൽ നിൻെറ അനുഗ്രഹങ്ങൾ ക്കായി ഞങ്ങൾ നോക്കിപ്പാർക്കുന്നു.

പാപം ചെയ്തടിയാർ–കുറവുള്ളവരായി–
അറിയുന്നിതു ഞങ്ങൾ–അലിവു നിറഞ്ഞോനേ–
മയവേറുന്നോൻ നീ–നിന്നനുഗ്രഹത്തിന്നായ്
കാത്തീടുന്നേങ്ങൾ–കൃപ തോന്നീടണമേ.

ܚܛܝܢ ܘܝܕܥܝܢ. ܕܚܛܝܢ ܘܚܝܒܐ. ܚܫܒܢ ܢܦܫܢ
ܡܪܚܡܢܐ. ܐܢܬ ܠܚܢܢܟ ܣܟܝܢܢ ❖

പരിശുദ്ധന്മാർ സ്വർഗ്ഗീയഭാഗ്യങ്ങൾ അവകാശ മാക്കുന്നു. അവസാനനാളിൽ അവർ മണവറയിൽ പ്രവേശിക്കും.

വിശുദ്ധർ സ്വർഗ്ഗഭാഗ്യം-കൈക്കൊണ്ടീടുന്നു
ഒടുവിൽ മണവറയിൽ-ആയവർ പൂകീടും.

ܩܕܝܫܐ ܝܪܬܘ ܛܘܒܐ ܕܫܡܝܐ. ܐܦ
ܒܝܘܡܐ ܐܚܪܝܐ. ܥܠܝܢ ܠܓܢܘܢܐ ❖

കർത്താവേ, ഞങ്ങൾ നിൻെറ സാദൃശ്യത്തിൽ സൃ ഷ്ടിക്കപ്പെട്ടു. സൃഷ്ടികളുടെ നാഥനായുള്ളോവേ, നര കാഗ്നിക്കു ഞങ്ങൾ ഭക്ഷണമായി തീരരുതേ.

നിൻ സാദൃശ്യത്തിൽ–നിർമ്മിതരാം ഞങ്ങൾ–
നരകാഗ്നിയിൻ വായിൽ–ഇരയായിടരുതേ.

ܡܪܝܐ ܒܨܠܡܟ ܐܬܒܪܝܢ. ܡܪܐ ܕܒܪܝܬܐ .

ܒܡܥܒܪ̈ܢܐ ܕܚܝܠܐ. ܘܒܐܬܪܐ ܕܛܘܥܝܝܐ ܥܕܪܢ ❖

ഭയങ്കരമായ ആ കടന്നുപോക്കിലും, ഭ്രമത്തിന്റെ സ്ഥലത്തും സ്ലീബായുടെ ആയുധം ഞങ്ങൾക്കു കൂട്ടായിരിക്കണമേ.

ഭയങ്കരമാം പോക്കിൽ–ഭ്രമമേറുന്നിടത്തിൽ
സ്ലീബായുധമെങ്ങൾക്കു–തുണയായ് നില്ക്കണമേ.

ܕܩܪܒ ܢܦܫܗ ܕܒܚܬܐ. ܡܪܢ ܕܒܚܬܐ ܗܘܐ.
ܐܚܠܠ ܒܕܡܐ ܩܕܝܫܐ. ܕܢܦܩ ܡܢ ܓܒܟ ❖

തന്നെത്തന്നെ യാഗമായി അർപ്പിച്ച്, പാപപരിഹാരം വരുത്തിയ യാഗമായ കർത്താവേ, നിന്റെ വിലാവിൽ നിന്നൊഴുകിയ തിരുരക്തത്തിൽ ഞങ്ങളെ കഴുകേണമേ.

തന്നെത്താനർപ്പിച്ച–ബലിയായി തിരുന്നാഥനേ–
നിന്നുടെ രുധിരത്തിൽ–കഴുകണമെങ്ങളെ നീ.

ܚܬܢܐ ܪܡܐ. ܕܢܚ ܡܢ ܫܠܝܐ. ܘܟܠܗܘܢ
ܡܛܝܒ̈ܐ ܚܕܝܢ ܩܕܡܘܗܝ ❖

അത്യുന്നതനായ മണവാളൻ പെട്ടെന്നു ഉദിക്കും. ഒരുങ്ങിയിരിക്കുന്നവർ എല്ലാവരും തന്റെ മുൻപാകെ ആനന്ദിക്കും.

ഉന്നതമണവാളൻ–ഉദിക്കുന്നേരത്തു–
ഒരുങ്ങിയിരിക്കുന്നോർ–ആനന്ദിച്ചിടും.

ܫܘܒܚܐ ܠܟ ܡܪܝܐ ܘܠܐܒܘܟ ܐܝܩܪܐ.

ܘܠܪܘܚܐ ܕܩܘܕܫܐ ܣܓܕܬܐ ܘܬܫܒܘܚܬܐ ❖

കൎത്താവേ, നിനക്കു മഹത്വവും, നിന്റെ പിതാവിന്നു ബഹുമാനവും, പരിശുദ്ധറൂഹായിക്കു വന്ദനവും പുകഴ്ചയും ഉണ്ടായിരിക്കട്ടെ.

മഹത്വം നാഥനും–ബഹുമതി താതനും–

വന്ദനവും സ്തുതിയും–വിശുദ്ധറൂഹായിക്കും.

പ്രാൎത്ഥന

പട്ടക്കാരൻ. ദൈവമായ കൎത്താവേ, നിന്റെ കല്പനയാൽ ഞങ്ങളുടെ ഇടയിൽനിന്നു വാങ്ങിപ്പോയിരിക്കുന്ന ഈ നിന്റെ (ദാസനെ)യാത്ര അയക്കുന്ന ഈ സമയത്തു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. (ഇവനെ) ക്കുറിച്ചു ദുഃഖിക്കുന്നവരായ ഞങ്ങളെയും പ്രത്യേകമായി (ഇവന്റെ) കുടുംബക്കാരെയും ചാൎച്ചക്കാരെയും നിന്റെ സമാധാനത്താൽ സമാധാനപ്പെടുത്തേണമേ. കണ്ണു കണ്ടിട്ടില്ലാത്തതും, ചെവി കേട്ടിട്ടില്ലാത്തതും, മനുഷ്യഹൃദയം ഗ്രഹിച്ചിട്ടില്ലാത്തതുമായി, നിന്നെ സ്നേഹിക്കുന്നവൎക്കു നീ ഒരുക്കിയിരിക്കുന്ന മഹത്തായ ഭാഗ്യങ്ങൾക്കു (ഇവനും) അവകാശിയാകും എന്നുള്ള പ്രത്യാശയിന്മേൽ ഞങ്ങൾ ആശ്വസിക്കുമാറാകണമേ. 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വന്നു അകത്തു പ്രവേശിച്ച് ലോകാരംഭത്തിനു മുൻപെ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന രാജ്യം അവകാശമായി അനുഭവിച്ചുകൊൾവിൻ' എന്നുള്ള സന്തോഷശബ്ദം കേൾപ്പാൻ ഞങ്ങൾ എല്ലാവരും യോഗ്യതയുള്ളവരായി തീരുമാറാകേണമേ. ഹാശാ.

ജനം. ആമ്മീൻ.

ܘܠܐ ❖ ܒܬܪ̈ܝܢ ܥܠܡ̈ܝܢ .

ܒܬܪ̈ܝܢ ܥܠܡ̈ܝܢ ܕܝܠܟ ܐܢܚܢ . ܗܪܟܐ ܘܬܡܢ
ܪܚܡ ܥܠܝܢ ❖

രണ്ടു ലോകങ്ങളിലും ഞങ്ങൾ നിനക്കുള്ളവരാകുന്നു. ഇവിടെയും അവിടെയും ഞങ്ങളെ നീ അനുഗ്രഹിക്കേണമേ.

ഇരുലോകങ്ങ-ളിലും ഞങ്ങൾ-
നിനക്കുള്ളവ-രാകുന്നല്ലോ-
ഇഹത്തിലും പ-രത്തിലും നീ-
ഈ ഞങ്ങളെ-അനുഗ്രഹിക്ക.

ܟܕ ܠܐ ܗܘܝܢ ܐܢܬ ܒܪܝܬܢ . ܘܗܫܐ ܕܗܘܝܢ
ܪܚܡ ܥܠܝܢ ❖

ഞങ്ങൾ ഇല്ലാതിരിക്കയിൽ നീ ഞങ്ങളെ സൃഷ്ടിച്ചു, ഞങ്ങൾ ഉണ്ടായിരിക്കുന്ന ഇപ്പോൾ ഞങ്ങളെ നീ അനുഗ്രഹിക്കേണമേ.

ഞങ്ങളില്ലാ-തിരുന്നപ്പോൾ നീ-
ഞങ്ങളെ സൃ-ഷ്ടിച്ചു നാഥാ-
ഞങ്ങൾ ഉണ്ടാ-യിരിക്കുന്നിപ്പോൾ-
ഈ ഞങ്ങളെ-അനുഗ്രഹിക്ക.

ܡܫܝܚܐ ܗܘ ܕܐܬܩܪܝ ܥܡܢܘܐܝܠ . ܕܡܬܦܫܩ ܗܘ
ܥܡܢ ܐܠܗܐ ܗܘ ❖

നീ ഞങ്ങളെ നിമ്മിച്ച ആ നിന്റെ സ്നേഹം പരിപൂണ്ണമാകുന്നു. അതിനാൽ നീ ഞങ്ങളെ ജീവിപ്പിക്കുമെങ്കിൽ ഞങ്ങൾ നശിച്ചുപോകയില്ല.

ഞങ്ങളെ സൃ–ഷ്ടിച്ച നിന്റെ–
സ്നേഹം തിക–വുള്ളതത്രെ–
നീ ഞങ്ങളെ–ജീവിപ്പിച്ചാൽ
ഞങ്ങൾ നാശം–കാണ്കയില്ല.

ܐܢ ܚܝܝܬ ܠܢ ܠܐ ܐܒܕܝܢܢ ܒܗ. ܘܦܘܢܝ
ܫܒܝܩܝܢ ܠܥܡܘܪܘܗܝ ܠܗ ܀

വാസസ്ഥലം അതിൽ വസിക്കുന്നവക്കായിട്ടും, ലോകസമ്പാദ്യം അതിനെ സ്നേഹിക്കുന്നവക്കായിട്ടും വിട്ടിരിക്കുന്നു.

ലോകവുമ–തിൻ മോഹവും–
ലോകത്തിൽ പാ–ത്തീടുന്നോക്കും–
ലോകധനം–ലൌകികക്കും–
വിട്ടിരിക്കുന്നു–എന്നേക്കുമായി.

ܡܠܟܐ ܡܫܝܚܐ ܡܬܓܠܐ ܡܢ ܫܠܝ. ܘܐܬܐ
ܥܡܗ ܚܝܠܘ̈ܗܝ ܀

മ്ശിഹാരാജാവു പെട്ടെന്നു വെളിപ്പെടുന്നു. അവനോടുകൂടെ അവന്റെ സൈന്യങ്ങളും വരുന്നു.

മ്ശിഹാരാജൻ–പെട്ടെന്നു വെ–
ളിപ്പെടുന്നു–ഘോഷത്തോടെ,
തന്റെ കൂടെ–തൻ സൈന്യവും
ആഗമിക്കുന്നു–സോദരരേ.

ܘܦܳܪܰܥ ܠܟܽܠ ܐ݈ܢܳܫ ܐܰܝܟ ܣܽܘܥܪ̈ܳܢܰܘܗ݈ܝ. ܕܣܰܥܰܪ ܒܥܳܠܡܳܐ

ܗܳܢܳܐ ܕܚܰܝܰܘ̈ܗ݈ܝ ܀

ഓരോരുത്തൻ അവനവൻെറ ഈ ആയുഷ്ക്കാലത്തു ചെയ്തിട്ടുള്ള പ്രവൃത്തിക്കു തക്കവണ്ണം എല്ലാവനും അവൻ പകരം കൊടുക്കും.

ജീവിതത്തിൽ–ഓരോരുത്തൻ–
ചെയ്തിട്ടുള്ള–പ്രവൃത്തിക്കു–
തക്കവണ്ണം–എല്ലാവനും–
പ്രതിഫലം–നല്കും നാഥൻ

ܡܰܠܟ̈ܶܐ ܪ̈ܳܡܶܐ ܘܫܰܠܺܝܛ̈ܳܢܶܐ. ܘܪ̈ܺܫܰܝ ܚܰܝܠܳܐ ܘܳܐܦ

ܕܰܝ̈ܳܢܶܐ ܀ ܩܳܝܡܺܝܢ ܩܕܳܡܰܘܗ݈ܝ ܕܰܚܝܺܠܬܳܢܳܐ. ܕܡܰܠܟ

ܡܰܠܟ̈ܶܐ ܕܗܽܘ ܡܳܪܰܢ ܀

ഉന്നതരായ രാജാക്കന്മാരും അധികാരികളും, സൈന്യാധിപന്മാരും ന്യായാധിപതിമാരും ആയ എല്ലാവരും ബലവാനായിരിക്കുന്ന രാജാധിരാജാവിൻെറ തിരുസന്നിധിയിൽ നില്ക്കുന്നു.

രാജാക്കളും–അധികാരികളും–
സേനാനികളും–ന്യായാധിപരും–
ബലവാനായ–രാജരാജൻ–
തിരുസന്നിധൌ–നിന്നീടുന്നു.

ܚܽܘܣ ܠܶܒܰܢ [illegible] ܀

ܠܰܢ [illegible] ܀

കർത്താവേ, ആ നേരത്തിൽ ഞങ്ങളോടു കൃപ ചെയ്യേണമേ. ഞങ്ങളുടെ കുററങ്ങൾ ഒന്നും ഞങ്ങളോടു ഓൎക്കയുമരുതേ.

കർത്താവേ, നീ-ആ നേരത്തിൽ
ഞങ്ങളുടെ-കുററങ്ങളെ-
ഏതുമേ നീ-ഓർത്തീടാതെ-
ഈ ഞങ്ങളെ-അനുഗ്രഹിക്ക.

ܡܫܝܚܐ ܒܗܝ ܫܥܬܐ ܚܘܣ ܥܠܝܢ . ܘܠܐ ܬܬܕܟܪ
ܠܢ ܣܟܠܘܬܢ ܟܠܗܝܢ ⁘

പിതാവിന്നു മഹത്വവും, പുത്രന്നും വിശുദ്ധ റൂഹായിക്കും വന്ദനവും എന്നെന്നേക്കും ഉണ്ടായിരിക്കട്ടെ.

താതനാകും-ദൈവത്തിന്നു
മഹത്വവും-തൻസുതന്നും-
പരിശുദ്ധ റൂ-ഹായ്ക്കും സ്തുതിയും-
എന്നെന്നേക്കും-ആമീനാമീൻ.

ܘܡܢ ⁘ ܥܠܡ ܥܠܡܝܢ ⁘

ܥܠܡ ܥܠܡܝܢ ܕܚܕܘܬܐ ܕܢܘܗܪܐ ܥܠܡܝܢ
ܐܡܝܢ ܘܐܡܝܢ .

കർത്താവേ, പുനരുത്ഥാനത്തിൽ സന്തോഷം നിറഞ്ഞിരിക്കുന്ന നിന്റെ മണവറയിൽ പ്രവേശിപ്പാൻ ഞങ്ങൾക്കു കൃപ നല്കേണമേ.

ܡܪܝܐ ܠܓܢܘܢܐ ܕܚܕܘܬܐ . ܕܒܩܝܡܬܐ ܥܠܠ ܥܡܟ

[illegible]

ദൈവപുത്രൻ തൻെറ സൈന്ന്യങ്ങളൂടെ ആയിരമായിരങ്ങളോടും പതിനായിരം പതിനായിരങ്ങളോടും കൂടെ പരിശോധനയ്ക്കും ന്യായവിധിക്കുമായിട്ട് വരുന്നു. ന്യായാധിപതിയെ ഭയപ്പെടാത്തവൻ ആരുള്ളു?

[illegible]

രാജാവു തൻെറ സിംഹാസനത്തിൽ ഇരിക്കുന്നു. ആദാമിൻ സന്താനങ്ങൾ തൻെറ മുൻപാകെ ഒന്നിച്ചു കൂടുകയും, സൎവ്വഭൂമിയുടെയും ഒരററംമുതൽ മറേറ അററംവരെയുള്ള സൎവ്വവംശങ്ങളും കാണപ്പെടുകയും ചെയ്യുന്നു.

[illegible]

തീജ്വാലയിൻ വടികൾ ഉള്ള ഭയങ്കരനായ രാജാവു, തൻെറ ദാസന്മാരോടു കല്പിക്കുന്നു. അവർ നിത്യ

മാന്മാരെ അന്ന്യായക്കാരിൽനിന്നു വേർതിരിക്കുന്നു. അവർ ഭയങ്കരത്വമുള്ള വലിയ സിംഹാസനത്തിന്റെ മുൻപാകെ നില്ക്കുന്നു.

ܡܠܟܐ ܡܦܪܫ ܠܟܐܢ̈ܐ . ܡܢ ܥܘ̈ܠܐ ܘܩܡܘ
ܩܕܡܘܗܝ ܕܟܘܪܣܝܐ ܪܒܐ . ܘܕܚܝܠܐ ܘܩܝܡܝܢ
ܡܫܝܚܐ ܠܝܡܝܢܐ . ܬܘ ܒܪ̈ܝܟܐ ܕܐܒܝ ܘܝܪܬܘ ܚܝ̈ܐ ❖

രാജാവു തന്റെ വലത്തുഭാഗത്തുള്ളവരോടു 'എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, നിങ്ങൾ വന്നു ഉൾപ്രവേശിച്ച് ജീവനെ അവകാശമാക്കിക്കൊൾവിൻ' എന്നു കല്പിക്കുന്നു. അവിടെ ഇടത്തുഭാഗത്തുള്ളവർ മഹാ ഭയത്തോടും ലജ്ജയോടും കൂടെ നില്ക്കുന്നു.

ܘܕܠܣܡܠܐ ܩܝܡܝܢ ܒܕܚܠܬܐ . ܪܒܬܐ ܘܒܒܗܬܬܐ
ܐܙܠܘ ܠܝܛܝ̈ܐ ܠܢܘܪܐ . ܫܡܥܝܢ ܩܠܐ ܕܒܪ ܡܠܟܐ
ܙܕܝ̈ܩܐ ܠܢܘܗܪܐ . ܘܥܠܝܢ ܘܪ̈ܫܝܥܐ ܠܚܫܘܟܐ .

'ശപിക്കപ്പെട്ടവരേ, നരകാഗ്നിയിലേക്കു പോകുവിൻ,' എന്നു അരുളിച്ചെയ്യുന്ന രാജപുത്രന്റെ ശബ്ദം അവർ കേൾക്കുന്നു. നല്ലവർ പ്രകാശത്തിന്റെ മണവറയിലേക്കു പ്രവേശിക്കുന്നു. ദുഷ്ടന്മാർ ഇരുട്ടിലേക്കു പോകുന്നു.

ܡܠܟ ܡܠܟܐ ܘܡܪܐ ܡܪ̈ܘܬܐ . ܒܝܘܡ ܕܝܢܗ

ܕܩܕܡܘܗܝ ܟܠ ܒܪ̈ܝܬܐ. ܒܗܘ ܟܠ ܣܓܕܝܢ ܘܡܫܬܥܒܕܝܢ

ܡܠܟ̈ܝܢ. ܘܡܪܐ ܕܡܫܒ̈ܚܝܢ ܚܝܠܐ ܕܡܫܡܫܢܐ ✤

തന്റെ മുൻപാകെ സകല സൃഷ്ടികളും കുമ്പിട്ടു വന്ദിക്കുന്ന രാജാധിരാജാവും കർത്താധികർത്താവുമായുള്ളോവേ, ഞങ്ങൾ നിന്റെ സുവിശേഷം വഹിച്ചുകൊണ്ടു ജാതികളുടെ ഇടയിൽ നിന്റെ ഉപദേശങ്ങളെ പ്രസംഗിപ്പാൻ ഞങ്ങൾക്കു ശക്തി നല്കേണമേ.

ܫܘܒܚܐ ܠܐܒܐ ܕܫܕܪ ܠܒܪܗ. ܘܣܓܕܬܐ ܠܒܪܐ

ܕܡܝܬ ܘܐܚܝ ܠܐܕܡ. ܬܫܒܘܚܬܐ ܘܐܝܩܪܐ ܘܩܘܠܣܐ

ܠܪܘܚܐ ܕܩܘܕܫܐ. ܠܥܠܡ ܥܠܡܝܢ ✤

തന്റെ പുത്രനെ അയച്ച പിതാവിന്നു മഹത്വവും, മരിക്കയും ആദാമിനെ ജീവിപ്പിക്കയും ചെയ്ത പുത്രന്നു വന്ദനവും, പരിശുദ്ധറൂഹായ്ക്കു സ്തോത്രവും മഹത്വവും പുകഴ്ചയും എന്നെന്നേക്കും ഉണ്ടായിരിക്കട്ടെ.

ജനം. ആമ്മീൻ.

ܡܙܡܘܪܐ.

ܫܘܒܚܐ ܠܗܘ ܡܪܢ ܕܐܠܗܐ ܥܡ ܐܒܘܗܝ ܘܪܘܚܐ

ܘܠܥܠܡ ܠܥܠܡܝܢ ✤

ܩܕܝܫܐ ܕܐܠܗܐ. ܩܕܝܫܐ ܗܘ ܡܝܩܪܐ. ܩܕܝܫܐ ܗܘ

ܚܝܠܬܢܐ. ܩܕܝܫܐ ܗܘ ܠܐ ܡܝܘܬܐ. ܐܬܪܚܡ ܥܠܝܢ ✤

ܢܘܗܪܐ ܕܒܪܝܬܐ. ܫܡܫܐ ܗܘ ܠܟܠܒܪܢܫ. ܡܪܢ
ܕܡܢ ܘܡܚܝܢ. ܒܪܚܡ ܠܠܡܬܐ. ܗܘܐ ܡܪܢ
ܩܘܡܝ ܫ ܫܡܥܐ ܒܒܥܐ. ܫܠܡܘ ܕܝܘܡܐ.
ܕܐܬܐ ܠܐ ܦܪܩ. ܘܗܘܐ ܠܐ ܡܠܟܝ. ܐܢܐ ܡܪܢ ܠܟܪܝ ܫ
ܟܠ ܐܢܫ ܐܝܟ ܠܗ. ܕܢܝܫ ܚܠܦ ܡܫܝܚܗ.
ܒܠܝܫ ܐܠܐ ܠܗ. ܠܦܓܪܐ ܠܩܝܡܬܗ.
ܕܡܘܬܐ ܗܢܐ ܠܗ ܫ ܠܫܘܒܚܐ ܠܟ ܡܪܢ. ܩܡ
ܟܠ ܠܥܡܝ. ܕܒܟ ܢܛܪ ܫܠܝܐ. ܘܫܡܥܝܢ ܠܒܢܝܐ.
ܘܪܐܡ ܡܠܠܬܐ. ܘܬܫܒܘܚܬܐ ܐܡܪܝܢ ܫ

തൎജ്ജമ

ഉന്നതത്തിൽനിന്നു ഇറങ്ങിവന്നു മരിക്കയും മരണത്തെ കൊല്ലുകയും ചെയ്ത ശക്തിയായ തനിക്കു സ്തുതി.

മരണദിവസം കൈപ്പുള്ള ദിവസമാകുന്നു. അതു കരച്ചിലിന്റെയും സങ്കടത്തിന്റെയും ദിവസമാകുന്നു.

കൎത്താവേ, നീ ഞങ്ങളെ ആശ്വസിപ്പിക്കണമേ.

മരണദിവസം എല്ലാ മനുഷ്യനും ഒരു പാനീയമാകുന്നു. എന്നാൽ അതു യൌവനപ്രായത്തിലായാൽ അധികം കൈപ്പും സങ്കടവുമുള്ളതാകുന്നു.

കൎത്താവേ, നീ ഞങ്ങൾക്കുടെ ആശ്വാസമായിരിക്കേണമേ.

സഹോദരൻ രക്ഷിക്കുന്നില്ല, സ്നേഹിതൻ സഹായിക്കുന്നുമില്ല എന്നുള്ള പ്രവാചകൻെറ വചനം പ്രവൃത്തിയാൽ നിവൃത്തിയായി.

കർത്താവേ, നീ ഞങ്ങളെ സഹായിക്കേണമേ.

എല്ലാവനും അവനവൻെറ മരിച്ചവരെക്കുറിച്ചു ദുഃഖിക്കുന്നതു ന്യായമാകുന്നു. മരണം എല്ലാവനെയും പിരിച്ചുവിടുന്നതുകൊണ്ടു കരയുന്നതു യുക്തവുമാകുന്നു.

കർത്താവേ, നീ ഞങ്ങളെ ആശ്വസിപ്പിക്കേണമേ.

കർത്താവേ, മരിച്ചവർ നിന്നാൽ ജീവിക്കയും, മൃതന്മാർ ഉയിർത്തെഴുന്നേല്ക്കയും, അവർ രാജ്യം അവകാശമാക്കി സ്തുതി പാടുകയും ചെയ്യുന്നതാകകൊണ്ടു എല്ലാ നാവുകളിൽനിന്നും നിനക്കു സ്തുതി. ആമ്മീൻ.

മാർ യാക്കോബിൻെറ ബാഊസാ

വട്ടക്കാരൻ

ഞങ്ങളുടെ കർത്താവായ കർത്താവേ, നിന്നെ ഞങ്ങൾ നോക്കി വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിന്നു നീ വരേണമേ. ഞങ്ങളുടെ അപേക്ഷ കേട്ടു്, ഞങ്ങളെ നീ അനുഗ്രഹിക്കേണമേ.

കർത്താ! കർത്താ!–വിളിക്കുന്നെങ്ങൾ–
തുണയ്ക്കായ് വരിക.
പ്രാർത്ഥന കേ–ട്ടടിയാരുടെ മേൽ–
ദയ ചെയ്യണമേ.

അന്യായം വിട്ടകന്നു, നീതിയോടു അടുക്കാൻ ആഗ്രഹിക്കുന്നവന്നു മരണം പ്രാസംഗികനും ഉപദേഷ്ടാവുമാകുന്നു.

അന്യായം വിട്ടകന്നു നീതി–
യോടടുപ്പാൻ,
ആഗ്രഹിക്കുന്നവക്കു മരണം,
ഉപദേഷ്ടാവത്രെ.

എന്നേക്കും തന്റെ അധീനതയിൽ വച്ചുകൊൾ്‌വാൻ കഴിയാത്ത ആയുസ്സിന്മേൽ ഒരുത്തനും ആശ്രയിക്കരുതെന്നു മരണം വിളിച്ചുപറയുന്നു.

അധീനതയിൽ എന്നും വയ്പാൻ—
കഴിവില്ലാത്ത—
ആയുസ്സിന്മേലാശ്രയിക്കരുതെന്നു,
മരണം ചൊല്ലുന്നു.

മരണം എല്ലാ തലമുറകളോടും പ്രസംഗിക്കയും, എല്ലാ ഗോത്രങ്ങളോടും ഉപദേശിക്കയും ചെയ്യുന്നു.

എല്ലാ തലമുറയോടും ഗോത്ര—
ങ്ങളോടും മരണം,
അപ്രകാരം ഉപദേശിച്ചു്,
പ്രസംഗിക്കുന്നു.

മരണം ആദാം തുടങ്ങി എല്ലാ തലമുറകളിലും അതിന്റെ ഗതിയെ വിശാലമാക്കി. അതു ഗോത്രങ്ങളെയും കുടുംബങ്ങളെയും നാശത്തിലേക്കു കടത്തിവിടുന്നു.

ആദാംമുതൽ തലമുറതോറും,
മരണം തന്റെ,
ഗതിയെ വിരിച്ചു് ഗോത്രമെല്ലാം,
നശിപ്പിച്ചിടുന്നു.

അതിന്റെ നുകത്തിൽനിന്നു വിട്ടുപോകുന്നവൻ ഒരുത്തനുമില്ല. അതിന്റെ അധികാരത്തിൽനിന്നു ഒഴിഞ്ഞുപോകുന്നവനുമില്ല.

മരണനുകത്തിൽനിന്നൊഴിയുന്നോൻ,
ഒരുത്തനുമില്ല.
ആയതിന്റെ അധികാരം വിട്ടു—
പോവോനുമില്ല.

എന്തെന്നാൽ അതു സർവ്വ സംഘങ്ങളെയും ഒരുപോലെ ബന്ധിച്ചു്, ശവക്കുഴിയിൽ അയക്കുന്നു.

സംഘങ്ങളെ എല്ലാം മരണം,
ബന്ധിച്ചിട്ട്—
ശവക്കുഴിയിൽ തള്ളീടുന്നു,
തെല്ലും ദയ,യെന്ന്യെ.

ദൈവമേ, ഞങ്ങളോടു ഉത്തരമരുളിച്ചെയ്യേണമേ. ദൈവമേ, ഞങ്ങളോടു ഉത്തരമരുളിച്ചെയ്ത്, ഞങ്ങളെ നീ അനുഗ്രഹിക്കേണമേ. മനുഷ്യരുടെ ഹൃദയങ്ങളെ അനുതാപത്തിങ്കലേക്കു തിരിക്കയും ചെയ്യേണമേ.

ഉത്തരമരുൾക–അരുൾക ദേവാ,
അനുഗ്രഹിക്ക.
മർത്ത്യർ ചിത്തം അനുതാപേ നീ,
വരുത്തീടണമേ.

സൂമ്മാറാ

ആദാം തന്റെ സകല സന്താനങ്ങൾക്കും കലത്തിയ മരണത്തിന്റെ കാസാ എത്ര കൈപ്പുള്ളതാകുന്നു? ആദാമും അവന്റെ സകല സന്താനങ്ങളും അതു കുടിപ്പാൻ ഒന്നിൽനിന്നു ഒന്നിലേക്കു അതിനെ പകന്നിരിക്കുന്നു.

¶ ശ്ലീഹാവായന

¶ താഴെയുള്ളതിൽ സമയോചിതമായി ഒന്നോ അധികമോ വായിക്കുന്നു.

യെഹെസ്കേൽ ൩൭. ൧—൧൦.	
൨ പത്രൊ.	൩. ൮—൧൩.
൧ കൊറി.	൧൫. ൩൫—൪൯.
,,	൧൫. ൫൦—൫൮.
൧ തെസ്സ.	൪. ൧൩—൧൮.

എന്നാൽ എന്റെ സഹോദരന്മാരേ, നിദ്രകൊള്ളുന്നവരെക്കുറിച്ച്, നിങ്ങൾ പ്രത്യാശയില്ലാത്ത മററുള്ള മനു

ഷ്യരെപ്പോലെ ദുഃഖിക്കാതിരിക്കണമെന്നു നിങ്ങൾ അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്തുകൊണ്ടെന്നാൽ, യേശു മരിക്കയും ഉയിർത്തെഴുന്നേല്ക്കയും ചെയ്തു എന്നു നാം വിശ്വസിക്കുന്നു എങ്കിൽ, ദൈവവും യേശുവിൽ നിദ്രകൊണ്ടവരെ അങ്ങനെതന്നേ അവനോടുകൂടെ വരുത്തുന്നു.

എന്നാൽ കർത്താവിന്റെ വരവിൽ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്രകൊണ്ടിട്ടുള്ളവരെ മുൻപിടുകയില്ല എന്നുള്ള ഇതിനെ, കർത്താവിന്റെ വചനത്താൽ ഞങ്ങൾ നിങ്ങളോടു പറയുന്നു.

എന്തുകൊണ്ടെന്നാൽ, കർത്താവു താൻ കല്പനയോടും, പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വൎഗ്ഗത്തിൽനിന്നു ഇറങ്ങി വരുന്നു. മ്ശിഹായിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും.

അപ്പോൾ ജീവനോടെ ശേഷിക്കുന്ന നാം ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ, അവരോടുകൂടെ ഒരുമിച്ച് മേഘങ്ങളിൽ എടുത്തുകൊള്ളപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും.

ആകയാൽ ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിക്കുന്നവരായിരിപ്പിൻ. ഹ. ഉ. ഹ.

പെസ്ഗാമ്മാ

ശുശ്രൂഷകൻ. ഹാലേലൂയ്യാ. നിന്റെ തിരുമുഖം നിന്റെ ദാസന്മാരുടെമേൽ പ്രകാശിപ്പിക്കേണമേ. നിന്റെ കൃപയുടെ ബഹുത്വത്താൽ ഞങ്ങളെ രക്ഷിക്കയും ചെയ്യേണമേ. ഹാലേലൂയ്യാ.

ശുശ്രൂഷകൻ. ബാറെക്മാർ. നാം അടക്കത്തോടും....

ഏവൻഗേലിയോൻ

¶ പുരുഷനെങ്കിൽ. (യോഹ. ൫. ൧൯—൨൯.)

എന്നാൽ ഈശോതമ്പുരാൻ ഉത്തരമായിട്ട അവരോട്ട അരുളിച്ചെയ്തു: ആമ്മീൻ, ആമ്മീൻ, ഞാൻ നിങ്ങളോട്ട പറയുന്നു: പിതാവു ചെയ്തു കാണുന്നതല്ലാതെ പുത്രന്നു സ്വതെ ഒന്നും ചെയ്വാൻ കഴികയില്ല. എന്തുകൊണ്ടെന്നാൽ, പിതാവു ചെയ്യുന്നവയെത്തന്നെ പുത്രനും അങ്ങനെ ചെയ്യുന്നു.

എന്തുകൊണ്ടെന്നാൽ, പിതാവു തന്റെ പുത്രനെ സ്നേഹിക്കയും, താൻ ചെയ്യുന്ന സകലവും അവന്നു കാണിച്ചുകൊടുക്കയും ചെയ്യുന്നു. നിങ്ങൾ അത്ഭുതപ്പെടേണ്ടതിന്നു ഈ പ്രവൃത്തികളെക്കാൾ അധികമായിട്ടുള്ളവയും അവന്നു കാണിച്ചു കൊടുക്കുന്നു.

എന്തുകൊണ്ടെന്നാൽ പിതാവു മരിച്ചവരെ ഉയിപ്പിച്ചു ജീവിപ്പിക്കുന്നപ്രകാരം തന്നേ, പുത്രനും താൻ മനസ്സാകുന്നവരെ ജീവിപ്പിക്കുന്നു.

എന്തുകൊണ്ടെന്നാൽ എല്ലാവരും പിതാവിനെ ബഹുമാനിക്കുന്നതുപോലെ, പുത്രനെയും ബഹുമാനിക്കേണ്ടതിന്നു പിതാവു ഒരുത്തനെയും ന്യായം വിധിക്കാതെ, ന്യായവിധി എല്ലാം പുത്രന്നു കൊടുത്തിരിക്കുന്നു.

പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല.

ആമ്മീൻ ആമ്മീൻ ഞാൻ നിങ്ങളോട്ട പറയുന്നു: എന്റെ വചനം കേട്ട്, എന്നെ അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ട്. അവൻ ന്യായവിധിക്കു വരാതെ, മരണത്തിൽനിന്നു ജീവങ്കലേക്കു മാറിയിരിക്കുന്നു.

ആമ്മിൻ ആമ്മിൻ, ഞാൻ നിങ്ങളോട്ട പറയുന്നു: മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കയും, കേൾക്കുന്നവർ ജീവിക്കയും ചെയ്യുന്ന നാഴിക വരുന്നു. ഇപ്പോൾ തന്നെയും ആകുന്നു.

എന്തുകൊണ്ടെന്നാൽ, പിതാവിന്നു തന്നിൽതന്നേ ജീവനുള്ള പ്രകാരം, അവൻ പുത്രന്നും തന്നിൽ തന്നേ ജീവൻ ഉണ്ടാകുവാൻ (വരം) നല്കിയിരിക്കുന്നു.

എന്നാൽ അവൻ മനുഷ്യപുത്രനാകയാൽ, ന്യായവിധിയും നടത്തുവാൻ അവന്നു അധികാരം കൊടുത്തു.

കബറുകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദംകേട്ട്, നന്മചെയ്യുവർ ജീവന്റെ ഉയിർത്തെഴുന്നേല്പിന്നും തിന്മചെയ്യുവർ ന്യായവിധിയുടെ ഉയിർത്തെഴുന്നേല്പിന്നും പുറപ്പെടുവാനുള്ള നാഴിക വരുന്നു. ഇതിൽ നിങ്ങൾ ആശ്ചര്യപ്പെടേണ്ടാ.

നിങ്ങൾക്കെല്ലാവൎക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം. നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

¶ സ്ത്രീയെങ്കിൽ. (മത്താ. ൨൫. ൧—൧൩.)

അപ്പോൾ സ്വൎഗ്ഗരാജ്യം തങ്ങളുടെ ദീപയഷ്ടികളെ എടുത്തു, മണവാളനെയും മണവാട്ടിയെയും എതിരേല്ക്കുന്നതിനു പുറപ്പെട്ട പത്തു കന്യകമാരോടു സദൃശം ആകും.

എന്നാൽ അവരിൽ അഞ്ചുപേർ ബുദ്ധിയുള്ളവരും അഞ്ചുപേർ ബുദ്ധിയില്ലാത്തവരും ആയിരുന്നു.

ആ ബുദ്ധിയില്ലാത്തവർ തങ്ങളുടെ ദീപയഷ്ടികൾ എടുത്തു, എണ്ണ എടുത്തില്ല.

ആ ബുദ്ധിയുള്ളവരോ തങ്ങളുടെ ദീപയഷ്ടികളോടുകൂടെ പാത്രങ്ങളിൽ എണ്ണ എടുത്തു.

എന്നാൽ മണവാളൻ താമസിച്ചപ്പോൾ, അവർ എല്ലാവരും നിദ്രാമയക്കം പിടിച്ചു ഉറങ്ങിപ്പോയി.

പാതിരാത്രിയിൽ: ഇതാ മണവാളൻ വരുന്നു, അവന്റെ എതിരേല്പിന്നു പുറപ്പെടുവിൻ എന്നു ആൎപ്പുവിളി ഉണ്ടായി.

അപ്പോൾ ആ കന്യകമാർ എല്ലാവരും എഴുന്നേറ്റ്, തങ്ങളുടെ ദീപയഷ്ടികളെ തെളിയിച്ചു.

എന്നാൽ ആ ബുദ്ധിയില്ലാത്തവർ ബുദ്ധിയുള്ളവരോടു: ഇതാ ഞങ്ങളുടെ ദീപയഷ്ടികൾ കെട്ടുപോയതുകൊണ്ടു, നിങ്ങളുടെ എണ്ണയിൽനിന്നു ഞങ്ങൾക്കു തരുവിൻ എന്നു പറഞ്ഞു.

ആ ബുദ്ധിയുള്ളവർ ഉത്തരമായിട്ടു: ഞങ്ങൾക്കും നിങ്ങൾക്കും പോരാ എന്നു വരാതിരിപ്പാൻ വില്ക്കുന്നവരുടെ അടുക്കൽ പോയി വാങ്ങിക്കൊൾവിൻ എന്നു പറയുന്നു.

അവർ വാങ്ങുവാൻ പോയപ്പോൾ, മണവാളൻ വന്നു. ഒരുങ്ങിയിരുന്നവർ അവനോടുകൂടെ മണവറയിൽ പ്രവേശിച്ചു. വാതിൽ അടെക്കപ്പെടുകയും ചെയ്തു.

എന്നാൽ ഒടുക്കം ആ മറേറ കന്യകമാരും വന്നു: കൎത്താവേ, കൎത്താവേ, ഞങ്ങൾക്കു തുറക്കേണമേ എന്നു പറയുന്നു.

എന്നാൽ അവൻ ഉത്തരമായിട്ടു അവരോടു: ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു.

ആകയാൽ ആ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ടു ഉണൎന്നിരിപ്പിൻ.

നിങ്ങൾക്കെല്ലാവൎക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം. നിന്റെ ആത്മാവോടു കൂടെയും ഉണ്ടായിരിക്കട്ടെ.

¶ അതിന്റെ ശേഷം

ലുത്തനിയാ

പട്ടക്കാരൻ. നാമെല്ലാവരും ഒരുമിച്ചു, ഭംഗിയോടെ നിന്നു, സങ്കടത്തോടും ദുഃഖത്തോടും, ദൈവത്തെ പ്രസാദിപ്പിക്കുന്ന ശബ്ദത്തോടും കൂടെ ക്ദറിയേലായിസ്സോൻ എന്നു പ്രതിവാക്യമായി ചൊല്ലുണം.

ജനം. ക്ദറിയേലായിസ്സോൻ.

(കൎത്താവേ, ഞങ്ങളെ നീ അനുഗ്രഹിക്കേണമേ.)

പട്ടക്കാരൻ. മരണത്തിന്റെയും വേൎപാടിന്റെയും ഉടയവനും, ആത്മാക്കളുടെയും സൎവ്വ ജഡത്തിന്റെയും ദൈവവും, ജീവന്റെയും മരണത്തിന്റെയും മേൽ അധികാരമുള്ളവനും ആയ മ്ശിഹാതമ്പുരാനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം. ക്ദറിയേലായിസ്സോൻ.

പട്ടക്കാരൻ. ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്ന എല്ലാവൎക്കും നിത്യജീവൻ ഉണ്ടു്. അവൻ ന്യായവിധിക്കു വരാതെ, മരണത്തിൽനിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു എന്നു അരുളിച്ചെയ്തവനായ ഞങ്ങളുടെ മ്ശിഹാതമ്പുരാനേ, നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം. ക്ദറിയേലായിസ്സോൻ.

പട്ടക്കാരൻ. ഞങ്ങളുടെ രക്ഷകനായ മ്ശിഹാതമ്പുരാനേ, നിന്റെ വിശുദ്ധ സഭയുടെ സന്താനങ്ങളായ സകല വിശ്വാസികളോടുംകൂടെ ഞങ്ങളെയും നിന്റെ രാജ്യത്തിന്നു യോഗ്യതയുള്ളവരാക്കേണമെന്നു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു.

ജനം. കുറിയേലായിസ്സോൻ.

പട്ടക്കാരൻ. കർത്താവേ, നിന്റെ രണ്ടാമത്തെ എഴുന്നള്ളത്തിങ്കൽ നിന്റെ എതിരേല്പിന്നായി പുറപ്പെട്ടുവാനും, നിന്റെ സകല പരിശുദ്ധന്മാരോടുംകൂടെ ഞങ്ങൾ ഒരുമിച്ചു, നിന്നെയും നിന്റെ പിതാവിനെയും, നിന്റെ പരിശുദ്ധ റൂഹായെയും സ്തുതിപ്പാനും തക്കവണ്ണം, സന്തോഷം വരുത്തുന്ന നിന്റെ ഉയിർത്തെഴുന്നേല്പിന്റെ പ്രകാശമുള്ള കതിരുകളെക്കൊണ്ടു, ഞങ്ങളുടെ എല്ലാവരുടെയും ആത്മാക്കളെ പ്രകാശിപ്പിക്കേണമേ.

നാം ഉച്ചത്തിൽ മൂന്നു പ്രാവശ്യം കുറിയേലായിസ്സോൻ എന്നു ചൊല്ലണം.

ജനം. കുറിയേലായിസ്സോൻ.
കുറിയേലായിസ്സോൻ.
കുറിയേലായിസ്സോൻ.

യാത്രാഗീതങ്ങൾ

[illegible]

[illegible]

ദൈവത്തിൻെറ ഭവനത്തിലേക്കു ഞങ്ങൾ പോകുന്നു എന്നു അവർ എന്നോടു പറഞ്ഞപ്പോൾ ഞാൻ സന്തോഷിച്ചു.

ܡܢ ܐܠܐ ܕܡܫܒܚܝܢ ܫܝܢܐ. ܘܟܠܗ ܫܠܡܐ.
ܒܟܠܗܘܢ ܡܪ̈ܢܝܬܐ܀

നമ്മുടെ കത്താവു എഴുന്നള്ളി, മരിച്ചവരെ ഉയിർത്തെഴുന്നേല്പിച്ച് എല്ലാ വിശുദ്ധന്മാൎക്കും പ്രത്യാശയെ ഉണ്ടാക്കുന്നു.

നമ്മുടെ കത്താ–വെഴുന്നള്ളുന്നു–
മരിച്ചവൎക്കുയിരും–പ്രത്യാശയും.

ܒܟܠܗ ܕܡܪܝܐ. ܦܐܫܝܢ ܡܪ̈ܢܝܬܐ. ܘܡܪܝܢ
ܫܒܝܐ. ܟܘܠ ܝܘܠܦܢܐ܀

ശുദ്ധിമാന്മാർ കത്താവിൻെറ ഭവനത്തിൽ പാൎത്തു, സൈന്യങ്ങളോടുകൂടെ സ്തുതി പാടുന്നു.

കൎത്തൃഭവനെ–വിശുദ്ധർ പാൎക്കുന്നു
സൈന്യങ്ങളുമായി–സ്തുതിയും പാടുന്നു.

ܩܕܝܫܐ ܒܗܝܟܠܗ ܫܡܝܢܐ. ܥܡ ܡܢ ܪܘܡܐ ܐܬܝܠܝܢ
ܚܝܐ. ܡܫܒܚܝܢ ܠܗ ܒܟܢܫ̈ܐ܀

കത്താവേ, മരിച്ചവരെ ഇമെപ്പുളവിൽ ഉയിർത്തെഴുന്നേല്പിക്കുന്ന നിൻെറ എഴുന്നള്ളത്തിൻെറ നാഴിക മറഞ്ഞിരിക്കുന്നതാകുന്നു.

മരിച്ചവരെ ഒ-രു ഞൊടിയിടകൊണ്ടു്
ഉയിർപ്പിക്കും നേരം-മറവിലിരിക്കുന്നു.

ܕܒܢܩܫܐ ܗܘ ܩܳܐܶܡ . ܡܚܝܶܐ ܕܡܺܝ̈ܬܳܐ . ܕܪܳܟܶܒ
ܩܘܕܫܳܐ . ܒܥܰܠܳܡܶܢ ܟܣܝܳܬܳܐ ܀

തൻെറ മുൻപാകെ സകല രഹസ്യങ്ങളും പരസ്യമായിരിക്കുന്ന രാജാവിൻെറ പ്രത്യക്ഷത മഹാഭയങ്കരം ആകുന്നു.

രഹസ്യമെല്ലാം--പരസ്യമാകും
രാജാവിൻെറ-വരവു ഭയങ്കരമേ.

ܗܳܘ ܢ ܟܣܝܳܬܳܐ . ܓܰܠܝܳܢ ܟܠܗܶܝܢ . ܕܡܰܠܟܳܐ ܕܐܬܳܐ ܡܫܝܚܳܐ .
ܘܡܶܬܕܰܚܠܳܐ ܡܰܠܟܘܬܶܗ ܀

മ്ശിഹാ വന്നു അവരുടെ അധികാരം മായിക്കുന്നതുകൊണ്ടു്, മരണത്തിന്നു തോൽവിയും സാത്താന്നു വിലാപവും തന്നേ.

മരണത്തിന്നും-സാത്താന്നും കഷ്ടം
മ്ശിഹാ മായിക്കും-അവരുടെ അധികാരം.

ܐܳܬܶܐ ܡܳܪܰܢ . ܒܫܽܘܒܚܳܐ ܪܰܒܳܐ . ܘܡܶܬܬܥܺܝܪܺܝܢ
ܡܺܝ̈ܬܳܐ . ܘܡܫܰܒܚܺܝܢ ܒܬܶܫܒܽܘܚܬܳܐ ܀

നമ്മുടെ കർത്താവു മഹത്വത്തോടെ ഘോഷമായി ഇറങ്ങിവരുന്നു. മരിച്ചവർ ഉയിർത്തെഴുന്നേററു സ്തുതി പാടുന്നു.

വരുന്നു നാഥൻ-ഘോഷത്തോടെ
മരിച്ചവരുയിർത്തു്-സ്തുതിപാടുന്നു.

ܦܬܝܚ ܬܪ̈ܥܐ. ܕܓܢܘܢܐ ܕܪܘܡܐ. ܕܢܥܠܘܢ
ܓ̈ܒܝܐ. ܟܠܗܘܢ ܥܡ ܚܬܢܐ ܀

സകല തിരഞ്ഞെടുക്കപ്പെട്ടവരും മണവാളനോടു കൂടെ പ്രവേശിക്കേണ്ടതിനു ഉന്നതത്തിലെ മണവറയുടെ വാതിൽ തുറന്നിരിക്കുന്നു.

തിരഞ്ഞെടുക്കപ്പെ–ട്ടവർ പൂകാനായി
മണവറവാതിൽ–തുറന്നിരിക്കുന്നല്ലോ.

ܒܩܠܗ ܕܡܪܐ. ܒܛܠ ܡܘܬܐ. ܘܩܝܡܝܢ
ܡܝ̈ܬܐ. ܘܡܫܒܚܝܢ ܠܡܠܟܐ ܀

സ്രഷ്ടാവിന്റെ ശബ്ദത്തിങ്കൽ മരണം മാഞ്ഞുപോകുന്നു. മരിച്ചവർ ഉയിർത്തെഴുന്നേററു രാജാവിനെ സ്തുതിക്കുന്നു.

മരണം മായ്ക്കും–ദൈവത്തിൻ ശബ്ദം
മരിച്ചവരുയിർത്ത്–അവനെ വാഴ്ത്തും.

ܝܘܡܗ ܕܡܪܢ. ܡܢ ܫܠܝ ܕܢܚ. ܘܡܚܐ
ܡܝ̈ܬܐ. ܘܡܩܝܡ ܠܩܒܝܪ̈ܐ ܀

നമ്മുടെ കർത്താവിന്റെ ദിവസം പെട്ടെന്നുദിക്കുന്നു. അവൻ മരിച്ചവരെ ജീവിപ്പിക്കയും, കബറടക്കപ്പെട്ടവരെ ഉയിർത്തെഴുന്നേല്പിക്കയും ചെയ്യുന്നു.

കർത്താവിൻനാൾ–പെട്ടെന്നുദിക്കുന്നു
മരിച്ചവരെ താൻ–ഉയിർപ്പിച്ചീടുന്നു.

ܒܫܠܡܐ ܬܐ. ܝܪܬܐ ܕܦܪܕܝܣܐ. ܩܪܝܢ ܠܐ.
ܟܪܘܒܐ. ܘܡܙܡܪܝܢ ܣܪܦܐ ܀

പറദീസായുടെ അവകാശിയേ, സമാധാനത്തോടെ വരിക എന്നു ക്രോബേന്മാർ വിളിച്ചു പറകയും സ്രാഫേന്മാർ പാടുകയും ചെയ്യുന്നു.

പറുദീസായി–ന്നവകാശിയേ,
വരിക എന്നു–ദൂതർ ചൊല്ലുന്നു.

ܒܐܝܕܟ ܡܘܬܐ. ܘܒܨܒܝܢܟ ܚܝܐ. ܕܡܪܝ
ܫܘܒܚܐ ܠܟ ܦܪܘܩܢ ܀

ഞങ്ങളുടെ രക്ഷിതാവായ യേശുവേ, നിന്റെ കയ്യിൽ മരണവും നിന്റെ ഇഷ്ടത്തിൽ ജീവനും ഉള്ളതുകൊണ്ടു നിനക്കു സ്തുതി.

നിൻ പക്കൽ താൻ–ജീവനും മൃതിയും
അതിനാൽ നാഥാ–നിനക്കെന്നും സ്തോത്രം.

ܡܪܢ ܕܐܬܐ. ܠܦܘܪܩܢܢ. ܡܣܟܐ ܗܘ ܕܢܐܬܐ.
ܠܩܝܡܬܢ ܀

നമ്മുടെ രക്ഷയ്ക്കായി വന്ന കർത്താവു, നമ്മുടെ പുനരുത്ഥാനത്തിന്നായി വരുവാനിരിക്കുന്നു.

രക്ഷയ്ക്കായി–വന്നോരു നാഥൻ
ഉയിർപ്പിപ്പാനായി–വരുമേ ഇനിയും.

ܢܘܗܪܐ ܕܐܠܗܐ. ܢܦܩ ܡܢ ܩܒܪܐ. ܠܢܝܚܐ.
ܠܡܘܬܢܐ ܕܡܝܬܝܢ ܀

നിൻെറ സ്ളീബായിൽ സങ്കേതം പ്രാപിച്ചിരിക്കുന്ന ആത്മാവു, നിൻെറ എഴുന്നള്ളത്തിൻെറ ദിവസത്തിൽ നിൻെറ കരുണയെ കാണും.

സ്ളീബായിൽ ആ-ശ്രയിച്ചോരാത്മം
നിൻ വരവിങ്കൽ-കരുണയെ കാണും.

[illegible]
[illegible]

മരണത്തെ മായിക്കയും, നമ്മുടെ മരണത്തെ ജീവിപ്പിക്കയും ചെയ്യു നമ്മുടെ രക്ഷിതാവായ യേശുവിനെ നാം വന്ദിക്കുന്നു.

മരണം മായ്ച്ച്-ജീവിപ്പിച്ചീടും
മ്ശിഹായെ നാം-വന്ദിക്കുന്നു.

[illegible]
[illegible]

കർത്താവേ, ന്യായവിധിനാളിൽ അവ രണ്ടിനോടും കരുണ കാണിക്കേണ്ടതിന്നു ശരീരവും ആത്മാവും നിന്നെ വന്ദിക്കുന്നു.

ദേഹങ്ങളും-ആത്മാക്കളും
കൃപയ്ക്കായ് നിന്നെ-വന്ദിച്ചീടുന്നു.

[illegible]
[illegible]

എൻെറ സഹോദരന്മാരേ, ഭ്രമസ്ഥലത്തെ നാം കടന്നുപോകണം. നമ്മുടെ കപ്പൽ സന്തോഷങ്ങളുടെ തുറമുഖത്തു ചെന്നടുക്കും.

കടന്നുപോകാം-ഭ്രമതസ്ഥാനത്തെ
തുറമുഖത്തങ്ങു-കപ്പൽ എത്തീടും

ܢܥܒܪ ܐܬܪ ܛܘܥܝܝܐ. ܘܐܠܦܢ ܬܡܛܐ.
ܠܡܐܢܐ ܕܚܕܘܬܐ ܟܠܢ܀

നിൻെറ ശരീരരക്തങ്ങൾ ഞാൻ അനുഭവിച്ചിരിക്കുന്നു. നിൻെറ ശബ്ദം എന്നെ ഉണർത്തുകയും, പുനരുത്ഥാനത്തിൽ ഞാനെഴുന്നേററ് നിനക്കു സ്തോത്രം ചെയ്യുകയും ചെയ്യുമാറാകണമേ.

നിന്നെ ഈ ഞാ-നനുഭവിച്ചതിനാൽ
പുനരുത്ഥാനെ-സ്തോത്രം ചെയ്യിടും.

ܦܓܪܟ ܘܕܡܟ ܐܟܠܬ. ܩܠܟ ܢܥܝܪܢܝ
ܘܒܩܝܡܬܐ ܐܩܘܡ ܘܐܫܒܚܟ܀

കത്താവിൻെറ സ്ളീബാ നമുക്കു പാലമായിരിക്കട്ടെ. അതിൽകൂടി നാം ഭ്രമസ്ഥലം കടന്നുപോകണം.

കത്തൻ സ്ളീബാ-പാലമായിട്ടും
അതിൽകൂടി നാം-കടന്നു പോയിടും.

ܨܠܝܒܗ ܕܡܪܢ. ܢܗܘܐ ܠܢ ܓܫܪܐ. ܘܒܗ ܢܥܒܪ
ܠܐܬܪ ܛܘܥܝܝܐ܀

നിൻെറ കൃപ നിമിത്തം ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ. നിൻെറ എഴുന്നള്ളത്തിൻെറ ദിവസത്തിൽ നിൻെറ കരുണയെ ഞങ്ങൾ കാണുമാറാകേണമേ.

കൃപയാലെ നീ–അനുഗ്രഹിച്ചീടുക
നീ വരും നാളിൽ–കരുണ, ചെയ്യേണമേ.

ܚܘܣ ܥܠܝܢ ܒܛܝܒܘܬܟ ܡܪܝܐ. ܘܒܝܘܡ
ܡܐܬܝܬܟ. ܢܚܙܐ ܪܚܡܝܟ ܀

പുതിയ സൂര്യൻ കബറടക്കപ്പെട്ടവക്കു ഉദിക്കുന്നു. അവർ മരിച്ചവരെ ഉയിർപ്പിക്കുന്നവന്നു സ്തുതി കരേറ്റുന്നു.

പുതിയ സൂര്യൻ–ഉദിച്ചീടുന്നു,
മരിച്ചവരുയിർത്ത–ങ്ങനെ വാഴ്ത്തീടും.

ܫܡܫܐ ܚܕܬܐ ܕܢܚ ܠܩܒܝܪܐ. ܘܗܢܘܢ ܡܝܬܐ. ܡܫܒܚܝܢ
ܠܗ. ܠܡܚܝܢܐ ܕܡܝܬܐ ܀

കുഴലൂത്തിൻെറ ശബ്ദത്താലും, കാഹളധ്വനിയാലും സകല വംശങ്ങളും ഒന്നിച്ചു കൂടുന്നു.

കുഴൽ കാഹള–നാദം കേട്ടിട്ട്,
സർവ്വ വംശ–ങ്ങളും കൂടീടുന്നു.

ܒܩܠ ܩܪܢܐ ܘܫܝܦܘܪܐ. ܡܬܟܢܫܝܢ ܟܠܗܘܢ.
ܫܪܒܬܐ ܟܠܗܝܢ. ܐܟܚܕܐ ܒܗ ܒܫܥܬܐ ܀

സഭയും അതിന്റെ സന്താനങ്ങളും പിതാവിനെയും പുത്രനെയും പരിശുദ്ധ റൂഹായെയും മുട്ടുകുത്തി വന്ദിക്കും.

സഭയും അതിൻ സ–ന്താനങ്ങളും
പിതൃ പുത്ര റൂ–ഹായെ വാഴ്ത്തും.

ܡܫܒܚܐ ✤ ܥܕܬܐ ✤ ܘܒܢܝܗ̈ ܠܟ ܡܪܝ ✤
ܕܛܥܡ ܚܝܐ ܕܡܝܬܐ . ܘܥܒܕܗ ܡܘܬܐ . ܘܡܝ̈ܬܐ ܒܗ
ܢܚܐ . ܕܢܚܐ ܫܘܒܚܐ ✤

തിരുവിഷ്ടമുണ്ടായി മരണം ആസ്വാദിക്കയും, മരിച്ചവരുടെ ഉയിർത്തെഴുന്നേല്പിൻ പ്രത്യാശയെ നമ്മിൽ വിതയ്ക്കുയും ചെയ്യു ജീവനുള്ളവനായ താൻ വാഴ്ത്തപ്പെട്ടവനാകുന്നു.

മനസ്സോടെ മരണം–പ്രാപി,ച്ചുയിർപ്പിൻ—
പ്രത്യാശ തന്ന–നാഥാ സ്തോത്രം.

ܫܘܒܚܐ ܠܗ ܕܢܚܬ ܠܟܠ . ܒܛܘܪܐ ܕܣܝܢܝ . ܘܓܠܐ ܠܗ
ܠܡܘܫܐ . ܟܠ ܢܘܚܡܐ ✤

സീനായിപർവ്വതത്തിൽ ഇറങ്ങി വന്ന ദൈവം, ഉയിർത്തെഴുന്നേല്പിനെക്കുറിച്ചു മൂശെക്കു വെളിപ്പെടുത്തിയിരുന്നു.

സീനായിമേലിറങ്ങി–പുനരുത്ഥാ–നത്തെ
മൂശെക്കറിയിച്ച–ദേവാ സ്തോത്രം.

ܐܠܗܐ ܠܟ ܡܪܝ . ܕܢܚܬܬ ܥܠ ܛܘܪܐ . ܘܓܠܝܬ ܠܡܘܫܐ
ܕܟܠܗ . ܢܘܚܡܐ ✤

ഞങ്ങളുടെ കർത്താവേ, സ്വർഗ്ഗീയമായ മേലുള്ള ഊർശ്ലേമ്മിൽ നിൻെറ സന്നിധിയിൽ നില്പാൻ ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ.

മേലുള്ള യെറുശാ-ലേമ്മിൽ നിൻമുൻ-
നില്പാൻ നീ ഞങ്ങളെ-യോഗ്യരാക്ക.

ܢܫܘܐ ܡܪܢ ܘܫܘܝܢ. ܠܐܘܪܫܠܡ ܕܠܥܠ.
ܕܢܩܘܡ ܩܕܡܝܟ. ܡܪܢ ܕܢܫܬܘܐ܀

കർത്താവേ, നിൻെറ ശ്രേഷ്ഠതയുടെ മുൻപിൽ നിൻെറ അടിയാരായ ഞങ്ങൾ ചെയ്തുപോയ പാപങ്ങളെ പരിഹരിച്ചു ക്ഷമിക്കേണമേ.

കർത്താവേ, തിരുമു-ന്നടിയാർ ചെയ്ത-
അകൃത്യങ്ങൾ പോക്കി-ക്ഷമിച്ചീടണമേ.

ܟܠ ܚܛܗܝܢ ܡܪܢ. ܡܫܬܒܩܢ. ܐܦ ܚܘܒܐ
ܥܒܕܐ. ܚܛܘܗܝ ܡܪܢ ܢܫܒܘܩ܀

ഞങ്ങളുടെ കർത്താവേ, നിൻെറ കഷ്ടാനുഭവങ്ങളിൽ സങ്കേതം പ്രാപിക്കുന്ന ഞങ്ങൾ, നിൻെറ എഴുന്നള്ളത്തിൻെറ നാളിൽ തള്ളപ്പെട്ടവരായി തീരരുതേ.

തിരുകഷ്ടപ്പാടിൽ-സങ്കേതപ്പെടുന്ന-
ഞങ്ങളെ നിൻ വരവിൽ-തള്ളീടരുതേ.

ܡܘܬܟܢ ܡܪܢܐ. ܚܫܘܟܐ ܕܠܟ. ܐܘܪܚܐ ܡܢ
ܡܪܢܐ. ܐܝܟ ܐܢܬܘܢ܀

കർത്താവേ, നിന്റെ തിരുനാമത്തെ ഞങ്ങൾ ഏററുപറയുന്നു. നിന്റെ വാഗ്ദാനംപോലെ ഞങ്ങളെയും നീ ഏററുപറയേണമേ.

നാഥാ! നിൻ നാമം—കൊണ്ടാടുന്നെങ്ങൾ—
അടിയാരെ നീയും—കൊണ്ടാടണമേ

ܠܐ ܡܪܢ ܬܫܕܝܢ ܠܒܪ. ܡܢ ܩܕܡ ܐ̈ܦܝܟ. ܘܦܨܢ
ܠܢ ܡܪܢ. ܡܢ ܓܗܢܐ ❖

കർത്താവേ, നിന്റെ തിരുമുഖ സന്നിധിയിൽനിന്ന് ഞങ്ങളെ തള്ളിക്കളയരുതേ, നരകത്തിൽനിന്നു ഞങ്ങളെ നീ രക്ഷിച്ചുകൊള്ളേണമേ.

തിരുമുൻപിൽ നിന്നു—തള്ളാതെങ്ങളെ—
നരകത്തിൽനിന്നു—രക്ഷിക്കണമേ.

ܐܬܕܟܪܘ ܚܒܝ̈ܒܝ. ܠܫܥܬܐ ܕܡܘܬܐ. ܘܠܐ ܬܛܥܘܢ
ܕܚܢܢ. ܥܦܪܐ ܫܝܛܐ ❖

എന്റെ പ്രിയപ്പെട്ടവരേ, നാം മരണത്തിന്റെ നാഴികയെ ഓക്കണം. നാം നിന്ദ്യമായ മണ്ണാകുന്നു എന്നുള്ളതു മറന്നുപോകയുമരുത്.

സോദരരേ, നിങ്ങൾ—മറക്കാതെ മരണ—
സമയമോർത്തു കൊൾവിൻ—മണ്ണത്രെ നാം.

ܐܚ̈ܝ ܦܪܘܫܘ. ܒܫܥܬܐ ܕܐܘܪܚܐ. ܘܠܟܠܗ
ܠܡ ܐܢܫܐ. ܥܒܘܕ ܕܡܬܪ̈ܓܝܢ ❖

ഞങ്ങളുടെ രക്ഷിതാവേ, നിൻെറ പ്രത്യക്ഷതയുടെ നാളിൽ ഭാഗ്യകരമായ സ്ഥലത്തു ഞങ്ങളെ നീ വസിപ്പിക്കുകയും, വെള്ളനിലയങ്കി ഞങ്ങളെ ധരിപ്പിക്കയും ചെയ്യേണമേ.

ഭാഗ്യസ്ഥലമതിൽ–വസിപ്പിക്കെങ്ങളെ–
നീതിയിൻ അങ്കി–ധരിപ്പിക്കണമേ.

ܐܰܬܪܳܐ ܠܡܰܫܪܝܳܐ. ܢܰܫܪܶܐ ܡܳܪܝܳܐ. ܒܢܝܳܚܳܐ
ܕܚܶܘܳܪ̈ܶܐ. ܢܰܠܒܶܫ ܢܰܚܬ̈ܳܐ ❖

കർത്താവേ, ഭാഗ്യസമ്പൂർണ്ണമായ മിതെയ്യുള്ള പറുദിസായിൽ പരിശുദ്ധന്മാരോടു കൂടെയുള്ള പന്തിക്കിരിപ്പിനു ഞങ്ങളെ അർഹരാക്കേണമേ.

പറുദീസിൽ ഭാഗ്യം–തന്നു ഞങ്ങളെ–
വിശുദ്ധരിൻ പന്തിയിൽ–ഇരുത്തീടണമേ.

ܐܰܬܪܳܐ ܘܰܐܘ ܐܝܬ. ܒܦܰܪܕܰܝܣܳܐ. ܕܥܰܡ ܩܰܕܝܫܶܐ
ܢܶܬܒܰܣܶܡ. ܐܝܟ ܕܢܶܫܬܰܘܶܐ ❖

എൻെറ സഹോദരന്മാരേ, നമ്മുടെ നാളുകൾ പുകപോലെ മാഞ്ഞുപോകുന്നു എന്നുള്ളതു നിങ്ങൾ എല്ലാ സമയത്തും ഓർത്തുകൊൾവിൻ.

ആവിപോൽ നമ്മുടെ–നാൾകൾ കടന്നു–
പോകുന്നെന്നെപ്പോഴും–ഓർത്തീടുവിൻ.

ܐܰܚܰܝ ܚܰܒܝܒܰܝ. ܝܰܘܡܰܝܢ ܥܒܪܝܢ. ܐܝܟ ܬܢܳܢܳܐ. ܕܥܳܒܰܪ
ܟܽܠ ܥܶܕܳܢ ❖

കർത്താവേ, സന്തോഷങ്ങളുടെ സ്ഥലമായ പ്രകാശിതമായ മണവറയിൽ നിന്റെ ശുദ്ധിമാന്മാരോടു കൂടെ ഞങ്ങളെ പ്രവേശിപ്പിക്കേണമേ.

ഞങ്ങൾ പ്രകാശ–ത്തിൻ മണവറയിൽ–
വിശുദ്ധരോടുകൂടെ–പൂകീടണമേ.

[illegible]
[illegible]

കർത്താവേ, ഉയിർത്തെഴുന്നേൽപ്പും പുതിയ ജീവനും നീയാകകൊണ്ടു, അവരുടെ കൂട്ടങ്ങളിൽ നിനക്കു ഞങ്ങൾ സ്തുതി കരേററുമാറാകേണമേ.

ഉയിർപ്പും ജീവനും–നീയാകയാലെ–
അവരോടു കൂടെ–സ്തുതിപാടുമെങ്ങൾ.

[illegible]
[illegible]

കർത്താവേ, നിനക്കും നിന്റെ പിതാവിന്നും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും സ്തോത്രവും എന്നെന്നേക്കും ഉണ്ടായിരിക്കുമാറാകട്ടെ.

നിനക്കും താതന്നും–വിശുദ്ധറൂ–ഹായ്ക്കും,
എന്നെന്നേക്കും സ്തോത്രം– ആമ്മീൻ ആമ്മീൻ.

വാക്യങ്ങളും ഊനീസായും

1. കർത്താവു അരുളിച്ചെയ്യുന്നു : ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു—എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും—ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല.

ഹാ ! എന്തുഖേദം– ഈ കാഴ്ച–അതിദുഃഖം,
ചിന്തയിലേററം–വെന്തുരുകും–സോദരരേ,
എന്തിങ്ങനെ–മർത്ത്യകുലം–മൃത്യു അ–നുഭവിച്ചിടുന്നു–
ചന്തമേറും–മേനിയാകെ–ചീഞ്ഞഴിഞ്ഞു–ദ്രവിച്ചിടുന്നു.

2. ഈ ലോകം കടന്നുപോകയും, അതിൻെറ മോഹങ്ങൾ ഒഴിഞ്ഞുപോകയും ചെയ്യുന്നു—എന്നാലോ ദൈവത്തിൻെറ ഇഷ്ടത്തെ ചെയ്യുന്നവൻ എന്നേക്കും നിലനില്ക്കുന്നു.

ഏദൻതോട്ടത്തിൽ–ആദം തി–ന്നൊരു കനിയാൽ,
നാശം വന്നീ–ഭൂതലേ–മാനുഷർക്കു,
കല്പനയിൻ_ലംഘനത്താൽ–ഇപ്പരുഷ–സ്ത്രീവർണ്ണം–
ഖേദം, രോ–ഗം മരണം–മേദിനിയിൽ_വന്നിതയ്യോ.

3. സ്ത്രീ പ്രസവിച്ച മനുഷ്യൻ അല്പായുസ്സുള്ളവനും, കഷ്ടസമ്പൂർണ്ണനുമാകുന്നു—അവൻ പൂപോലെ വിടൎന്നു പൊഴിഞ്ഞുപോകുന്നു—നിലനില്ക്കാതെ നിഴൽപോലെ ഓടിപ്പോകുന്നു.

പാപം ചെയ്തോ–രാദംഹവ്വാ–ഇവർ മേൽ,
കോപം വന്നു–ദൈവത്തി–ങ്കൽനിന്നു,
പാപവും–ശാപവും_നാശവു–മധികരിച്ചു–
പാപികളായ്–മർത്ത്യകുലം–ശാപമക്കൾ_ആയിത്തീർന്നു

4. തീപ്പൊരി ഉയരെ പറക്കുംപോലെ മനുഷ്യൻ കഷ്ടതയ്ക്കായി ജനിച്ചിരിക്കുന്നു—നല്ല പേരു സുഗന്ധത്തെക്കാളും, മരണദിവസം ജനനദിവസത്തെക്കാളും ഉത്തമമാകുന്നു.

പാപമതിനാൽ-മരണം വാ-ണീടുന്നു,
കോപത്താൽ നരർ-നരകാഗ്നി-ക്കിരയായി,
  അയ്യോ മ-ഹാ കഷ്ടം-പൊയ്യല്ലേ-ഇതു സത്യം-
ദൈവകോ-പമതിനാൽ-ശാപപാത്ര-മായല്ലോ.

5. ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടുവന്നിട്ടില്ല—ഇവിടെനിന്നും യാതൊന്നും കൊണ്ടുപോകാൻ കഴിയുന്നതുമല്ല.

എത്ര ജ്ഞാനിയു-മെത്രയ-ജ്ഞാനിയും,
എത്ര ശക്തനു-മെത്രയ-ശക്തനും,
  ഏവരെയു-മൊരുപോലെ-ഭീതിയേറു-മീ മരണം-
ആദംതൊ-ട്ടിതുവരെയും-ഭൂതലത്തിൽ-വാണീടുന്നു.

6. പൊടി പണ്ടു ആയിരുന്നതുപോലെ, ഭൂമിയിലേക്കു തിരികെ ചേരും—ആത്മാവു അതിനെ നല്കിയ ദൈവത്തിങ്കലേക്കു മടങ്ങിപ്പോകും—കർത്താവു തന്നു, കർത്താവു എടുത്തു, കർത്താവിന്റെ നാമം വാഴ്ത്തപ്പെട്ടമാറാകട്ടെ.

പ്രേമമേറീടും-മാതാപി-താക്കളും,
കാമനയേറും-ഭാര്യപു-ത്രാദികളും,
  സ്നേഹിച്ച-വർ തമ്മിൽ-ദേഹം പി-രിഞ്ഞീടുമ്പോൾ-
പ്രേതത്തി-ന്മേൽ വീണു-ഖേദത്തോ-ടലറുന്നു.

7. ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു—അവരോ അനേകം സൂത്രങ്ങളെ അന്വേഷിച്ചു വരുന്നു—ഞാൻ നീതിമാന്റെ മരണമായി മരിക്കട്ടെ. എന്റെ അവസാനവും അവന്റേതുപോലെ ആയിരിക്കട്ടെ.

മാനിച്ചവനെ-മണ്ണിലേ-ക്കയക്കുന്നു,
സ്നേഹിച്ചവനെ-ശോകത്തോ-ടടക്കുന്നു,
  സ്നേഹിതർ-ബന്ധുക്ക-ളെല്ലാമാകെ-മുറയിടുന്നു-
പൂഴിക്കും-പുഴുവിന്നും-ഇരയാവാ-നയക്കുന്നു.

8. സൂൎയ്യന്നു കീഴിൽ പ്രയത്നിക്കുന്ന സകല പ്രയത്നത്താലും മനുഷ്യന്നു എന്തു ലാഭം?—ഒരു തലമുറ പോകുന്നു, മറെറാരു തലമുറ വരുന്നു—ഭൂമിയോ എന്നേക്കും നില്ക്കുന്നു.

മൎത്ത്യനുടെ–നാളുകൾ–പുല്ലിന്നും,
വെള്ളത്തിലെ–കുമിളയ്ക്കും–തുല്യമെന്നും,
ചേൎത്തു ചൊല്ലി–തിരുവേദം–ഓൎത്തുകൊൾവിൻ–സത്യമിതു–
പാൎത്തലത്തിൽ–നിത്യമായി–പാൎത്തിടാമെ–ന്നോക്കരുതേ.

9. സൂൎയ്യന്നു കീഴെ നടക്കുന്ന സകല പ്രവൃത്തികളും ഞാൻ കണ്ടിട്ടുണ്ടു—ആകാശത്തിൻ കീഴുള്ള സകല കാൎയ്യത്തിന്നും ഒരു കാലം—ജനിപ്പാൻ ഒരു കാലം, മരിപ്പാൻ ഒരു കാലം—സകലവും മായയും, വൃഥാ പ്രയത്നവും അത്രെ.

എപ്പൊഴോ നിന്നെ–വിളിച്ചിടുന്നു–സൎവ്വേശൻ,
അപ്പൊഴേ നീയും–പോയിടും–ഈവണ്ണം,
ഇപ്പോള–നുതപിച്ചിടുക–ഇപ്പോൾ വീ–ണ്ടും ജനിക്ക–
ഇപ്പോഴല്ലോ–ഇഷ്ടകാലം–ഇപ്പോൾ താൻ–രക്ഷയിൻനാൾ.

10. മനുഷ്യൻ ബഹുകാലം ജീവിച്ചിരിക്കുന്നു എങ്കിൽ, അവൻ അതിലൊക്കെയും സന്തോഷിക്കട്ടെ—എങ്കിലും അന്ധകാരം ദീൎഘമായിരിക്കുമെന്നും അവൻ ഓൎത്തുകൊള്ളട്ടെ.

യേശു നിനക്കായി–ക്രൂശിന്മേൽ–മരിച്ചതു കാൺ,
ഈശൻ നിന്റെ–മരണത്തെ–ജയിച്ചവൻ താൻ,
നാശകന്റെ–തല ചതച്ചോൻ–നമ്മെ എല്ലാം–ഉദ്ധരിച്ചോൻ
വിശ്വാസി–കൾക്കവൻ–പ്രത്യാശ–യുമുണ്ടാക്കി.

11. മരണത്തിൽ നിന്നെക്കുറിച്ചു ഓൎമ്മയില്ല—പാതാളത്തിൽ നിനക്കു ആരു സ്തുതിചെയ്യും?—ധൂളി നിന്നെ സ്തുതിക്കുമോ?—അതു നിന്റെ സത്യത്തെ അറിയിക്കുമോ?

യേശു നിനക്കായി-വാനത്തി-ങ്കലേറി,
താതൻമുമ്പിൽ-പ്രാൎത്ഥന-അണെച്ചീടുന്നു,
വരുവോൻവേഗം വരുമേ-താമസ-മില്ലതും-
ആയവൻ-നിൻ ഖേദം-ഒഴിച്ചാന-ന്ദം നല്കും.

12. മനുഷ്യരൊക്കെയും വെറും നിഴലായി നടക്കുന്നു നിശ്ചയം—അവൻ വ്യൎത്ഥമായി പരിശ്രമിക്കുന്നു നിശ്ചയം—അവൻ ധനം സമ്പാദിക്കുന്നു; ആരു അനുഭവിക്കുമെന്നു അറിയുന്നില്ല.

സ്നേഹം നിറഞ്ഞ-യേശുവേ നി-ന്നാഗമനം,
ദാഹത്തോടെ-കാത്തിരി-ക്കുന്നു ഞങ്ങൾ,
ലോകത്തിൽ-ഞങ്ങളെ-ദോഷമെ-ന്യെ കാത്തു-
ഖേദമു-ള്ളോരെ നീ-മോദിപ്പി-ച്ചീടണമേ.

13. എല്ലാററിന്റെയും സാരം കേൾക്കുക—ദൈവത്തെ ഭയപ്പെട്ടു, അവന്റെ കല്പനകളെ പ്രമാണിച്ചുകൊൾക—സകല മനുഷ്യൎക്കും വേണ്ടതു അതാകുന്നു.

നാഥാ നിന്റെ-വരവിങ്കൽ-ഞങ്ങൾക്കു,
താതാ തരിക-സന്തോഷം-മോക്ഷവും,
എന്നേക്കും-ഞങ്ങൾ നിന്റെ-തിരുമുമ്പിൽ-ആനന്ദി-
ച്ചാലേലൂ-യ്യാ പാടി-സ്തുതിച്ചിട്ടുവാൻ-കൃപയരുൾക.

¶ മൃതശരീരം കുഴിയിൽ വെച്ചശേഷം മണ്ണിട്ടുകൊണ്ടു് ചൊല്ലുന്നു

പട്ടക്കാരൻ.

നീ മണ്ണാകുന്നു, നീ മണ്ണിലേക്കു തിരികെ ചേരുമെന്നു ഞങ്ങളുടെ വൎഗ്ഗത്തെക്കുറിച്ചു അരുളിച്ചെയ്തവനായ ദൈവമേ, ഒടുവിലത്തെ ദിവസത്തിൽ നിത്യജീവന്നായി ഉയിൎത്തെഴുന്നേല്ക്കുമെന്നുള്ള പ്രത്യാശയോടെ ഈ ശരീരത്തെ ഞങ്ങൾ മണ്ണിലേക്കു ഏല്പിക്കുന്നു.

ജനം. ആമ്മീൻ.

¶ താഴെയുള്ള ഈ **എക്ക്ബൊ** ല്യത്തനിയായുടെ ശേഷം പള്ളിയിൽ വച്ചോ, കുഴിക്കൽ വച്ചോ സമയോചിതംപോലെ ചൊല്ലാം.

എൻെറ സഹോദരന്മാരേ, ഞാൻ പാതാളവഴിയായി കടന്നുപോകുമ്പോൾ തുറക്കപ്പെട്ടിരിക്കുന്ന കല്ലറകളെ ഞാൻ കണ്ടു. അതിനുള്ളിൽ എല്ലാത്തര ബലവാന്മാരും പ്രവേശിച്ചിരുന്നു. പലതര മല്ലന്മാരും അതിൽ പാക്കുന്നുണ്ടായിരുന്നു. അവരുടെ കാലടികൾ നാശത്തിലേക്കു മറിച്ചിടപ്പെട്ടിരുന്നു. മ്ലേച്ഛമായ എട്ടുകാലികളും അവയുടെള്ളിൽ വല കെട്ടിയിരുന്നു. അപ്പോൾ ഞാൻ അതിന്നരികെ ഇരുന്നു കരഞ്ഞുകൊണ്ടു, സങ്കടത്തോടും നെടുവീർപ്പോടും കൂടെ എൻെറ ദേഹിയോടു ഇപ്രകാരം പറഞ്ഞു—ഇതാകുന്നു നമ്മുടെ അവസാനമെങ്കിൽ രാജാക്കന്മാരും പ്രഭുക്കന്മാരും പൊന്നിനെ ശേഖരിക്കുന്നതു എന്തിന്?—ഇതാകുന്നു നമ്മുടെ അവസാനമെങ്കിൽ, സൌന്ദൎയ്യമുള്ളവർ തങ്ങളുടെ സൌന്ദൎയ്യത്തിൽ ആഹ്ലാദിക്കുന്നതു എന്തിന്?—ഇതാകുന്നു നമ്മുടെ അവസാനമെങ്കിൽ, ധനവാന്മാർ തങ്ങളുടെ ധനത്തെപ്പററി അഹങ്കരിക്കുന്നതു എന്തിന്?—ഇതാകുന്നു നമ്മുടെ അവസാനമെങ്കിൽ, വിദ്വാന്മാർ തങ്ങളുടെ വിദ്യയിൽ പുകഴുന്നതു എന്തിന്?—ഇതാകുന്നു നമ്മുടെ അവസാനമെങ്കിൽ, ജ്ഞാനികൾ തങ്ങളുടെ ജ്ഞാനത്തിൽ പ്രശംസിക്കുന്നതു എന്തിനു?—ഇതാകുന്നു നമ്മുടെ അവസാനമെങ്കിൽ, അധികാരികൾ തങ്ങളുടെ ശക്തിയിൽ നിഗളിക്കുന്നതു എന്തിന്?—ഇതാകുന്നു നമ്മുടെ അവസാനമെങ്കിൽ, യൌവ്വനക്കാർ തങ്ങളുടെ സാമൎത്ഥ്യത്തിൽ ചാഞ്ചാടുന്നതു എന്തിന്?—ദൈവികസംഗീതക്കാരനായ ദാവിദേ, നിൻെറ കിന്നരങ്ങളോടുകൂടെ നീ വന്നു, മനുഷ്യൻ താല്ക്കാലികനാകുന്നു എന്നും, അവൻെറ ദിവസങ്ങൾ ആവിപോലെ മാഞ്ഞുപോകുന്നവയാകുന്നു എന്നും, പറമ്പിലെ പുഷ്പംപോലെ പൂത്തു വാടിപ്പോകുന്നു എന്നും, അ

വയിൽ പാടി ഞങ്ങളെ കേൾപ്പിക്ക. ഇതു നിമിത്തമായി മരിച്ചവരെ ഉയിർത്തെഴുന്നേല്പിക്കുന്നവനേ! നിനക്കു സ്തുതി. സകലത്തിന്റെയും ഉടയവനായ ദൈവത്തിന്നു സ്തുതി എന്നു നാം ഉച്ചത്തിൽ പറയണം.

ഹാലേലൂയ്യാ—ഹാലേലൂയ്യാ—ഹാലേലൂയ്യാ.

ജനം. ദൈവമേ—നിനക്കു സ്തുതി.

ഇപ്രകാരം മൂന്നു പ്രാവശ്യം ചൊല്ലിയ ശേഷം

മാലാഖമാരുടെ സ്തുതി.

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹായേ!

കൌമ്മാ

വിശ്വാസപ്രമാണം (പുറം 15)—ഹൂത്താമ്മാ (പുറം 140).

ആശീർവ്വാദം

ശവസംസ്കാരശുശ്രൂഷക്രമം അവസാനിച്ചു.



പൈതങ്ങളുടെ
ശവസംസ്കാര ശുശ്രൂഷക്രമം

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും .. ....

ജനം. ബലഹീനതും........

പ്രാരംഭപ്രാൎത്ഥന

പട്ടക്കാരൻ. സകലത്തിന്റെയും സ്രഷ്ടാവും ഉടയവനുമായ ദൈവമേ, നിന്റെ തിരുവിഷ്ടപ്രകാരം ഈ താല്ക്കാലികജീവിതത്തിൽനിന്നു വേർപ്പെടുത്തി നിന്റെ അടുക്കലേക്കു നീ എടുത്തിരിക്കുന്ന ഈ പൈതലിന്റെ ഓമനമുഖം ഞങ്ങളിൽനിന്നു മറയുവാൻ പോകുന്ന ഈ സമയത്തു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ദുഃഖത്തിലിരിക്കുന്നവൎക്കു ആശ്വാസം നല്കുന്നവനായ കൎത്താവേ, ഇപ്പോൾ ഈ പൈതലിന്റെ വേർപാടു നിമിത്തം സന്താപത്തിലും മനോവേദനയിലും ഇരിക്കുന്നവരായ ഈ നിന്റെ മക്കൾക്കു വേണ്ടുന്ന എല്ലാ ആശ്വാസവും സമാധാനവും നിന്റെ തിരുസന്നിധിയിൽനിന്നു അയച്ചുകൊടുക്കേണമേ. ഈ പൈതൽ അതിമഹത്തായ സ്വൎഗ്ഗീയഭാഗ്യത്തിന്നു അംശിയായി തീൎന്നിരിക്കുന്നു എന്നും, വീണ്ടും ഈ പൈതലുമായി കാണുന്നതിനും, ഒരിക്കലും പിരിയാതെ എന്നേക്കും ഒരുമിച്ചു വസിച്ച് സന്തോഷിക്കുന്നതിനും, ഒരു സ്ഥലം ഞങ്ങൾക്കായി നീ ഒരുക്കീട്ടുണ്ടെന്നും ഉള്ള പ്രത്യാശകൊണ്ടു ഇവരുടെയും ഞങ്ങളുടെയും മനസ്സിനു നീ ശാന്തി നൽ

കേണമേ. പിതാവും പുത്രനും പരിശുദ്ധ റൂഹായുമായ ദൈവമേ, സന്തോഷപരിപൂർണ്ണമായ നിന്റെ രാജ്യാവകാശത്തിന്നു ഞങ്ങളെ എല്ലാവരെയും യോഗ്യതയുള്ളവരാക്കുകയും ചെയ്യേണമേ. ഹാശാ............

ജനം. ആമ്മീൻ.

അതിന്റെശേഷം.

മസ്മൂർ

1. ജാതികളേ, നിങ്ങൾ എല്ലാവരും ഇതിനെ കേൾപ്പിൻ. സകല ഭൂവാസികളുമായുള്ളോരേ, ചെവിക്കൊൾവിൻ.

2. ജീവിച്ചിരുന്നു മരണം കാണാതെ ഇരിക്കയും പാതാളത്തിന്റെ കയ്യിൽനിന്നു തന്റെ പ്രാണനെ വിടുവിക്കയും ചെയ്യുന്ന മനുഷ്യൻ ആരുള്ളു?

3. മനുഷ്യൻ പുകെക്കു സദൃശമാകുന്നു. അവന്റെ ദിവസങ്ങൾ നിഴൽപോലെ കടന്നുപോകുന്നു.

4. മനുഷ്യന്റെ ദിവസങ്ങൾ പുല്ലുപോലെയാകുന്നു. വയലിലെ പുഷ്പംപോലെ അവൻ മുളെക്കുന്നു.

5. എന്തെന്നാൽ കാററു അതിന്മേൽ അടിക്കുമ്പോൾ അതു ഇല്ലാതെപോകുന്നു. അതിന്റെ സ്ഥലം അറിയപ്പെടുന്നുമില്ല.

6. കർത്താവിന്റെ കൃപ ആദിമുതൽ എന്നേക്കും അവന്റെ ഭക്തന്മാരുടെ മേലും, അവന്റെ നീതി മക്കളുടെ മക്കൾക്കും ഉണ്ടാകും—ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു—ബാറെക്മാർ.

പട്ടക്കാരൻ. പിതാവിന്നും............

ജനം. ആദിമുതൽ.............

എനയാനാ

ܗܘ ܕܡܢ ܦܘܡܐ ܕܥܘܠܐ ܘܝܠܘܕܐ . ܫܘܒܚܐ
ܫܟܠܠ ܒܚܝܠܗ . ܡܪܝܐ ܐܠܗܢ . ܪܚܡ ܥܠܝܢ
ܐܡܝܢ ܀

ശിശുക്കളുടെയും പൈതങ്ങളുടെയും വായിൽനിന്ന തന്റെ മഹാശക്തിയാൽ തന്റെ മഹത്വത്തെ വെളിപ്പെടുത്തിയവനായ ദൈവമേ,

ജനം. ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

ܗܘ ܕܩܪܐ ܠܛܠܝܐ ܠܘܬܗ . ܘܪܚܡ
ܐܢܘܢ . ܒܛܝܒܘܬܗ . ܡܪܝܐ ܪܚܡ ܀

പൈതങ്ങളെ തന്റെ അടുക്കലേക്ക വിളിക്കയും, തന്റെ കരുണയാൽ അവരെ അനുഗ്രഹിക്കയും ചെയ്യുവനായ ദൈവമേ,

ജനം. ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

ܗܘ ܕܐܡܪ ܕܡܠܟܘܬܐ ܕܫܡܝܐ . ܐܝܬܝܗ
ܕܐܝܠܝܢ . ܕܐܝܟ ܛܠܝܐ ܗܠܝܢ . ܡܪܝܐ ܪܚܡ ܀

സ്വർഗ്ഗരാജ്യം ഈ പൈതങ്ങളെപ്പോലെയുള്ളവരുടേതാകുന്നു എന്നു അരുളിച്ചെയ്യുവനായ ദൈവമേ,

ജനം. ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

ܗܘ ܕܐܪܟܢ ܪܘܡܗ ܘܗܘܐ ܫܒܪܐ. ܘܦܪܩܗ

ܠܥܠܡܐ. ܒܚܘܒ ܐܢܫܘܬܗ. ܡܪܝܐ ܪܚܡ ܥܠܝܢ ❖

തന്റെ ഉന്നതിയെ താഴ്ത്തി ശിശുവായി തീരുകയും, തന്റെ മനുഷ്യസ്നേഹത്താൽ ലോകത്തെ രക്ഷിക്കയും ചെയ്യുവനായ ദൈവമേ,

ജനം. ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

ܗܘ ܕܐܚܝܗ̇ ܠܗ̇ ܒܚܢܢܗ ܠܛܠܝܬܐ.

ܒܪܬ ܝܐܝܪܘܣ. ܘܠܥܠܝܡܐ ܒܪ ܐܪܡܠܬܐ. ܡܪܝܐ ܪܚܡ ܥܠܝܢ ❖

തന്റെ കരുണയാൽ യായിറോസിന്റെ പുത്രിയായ ബാലികയെയും വിധവയുടെ മകനായ യൌവനക്കാരനെയും ഉയിർപ്പിച്ചവനായ ദൈവമേ,

ജനം. ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

ܗܘ ܕܐܬܐ ܒܫܘܒܚܐ ܥܡ ܡܠܐܟܘܗܝ. ܠܡܕܢ

ܠܥܠܡܐ. ܒܝܘܡܐ ܐܚܪܝܐ. ܡܪܝܐ ܪܚܡ ܥܠܝܢ ❖

അന്ത്യനാളിൽ ലോകത്തെ വിധിപ്പാൻ തന്റെ മാലാഖമാരുമായി മഹത്വത്തോടെ എഴുന്നള്ളുന്നവനായ ദൈവമേ,

ജനം. ഞങ്ങളുടെമേൽ അനുഗ്രഹം ചെയ്യേണമേ.

ܩܘܩܠܝܘܢ.

ܐܝܟ ܕܡܪܚܡ ܐܒܐ ܥܠ ܒܢܝܐ. ܗ. ܡܪܚܡ
ܡܪܝܐ ܥܠ ܕܕܚܠܝܢ ܠܗ ❖

ܒܪܢܫܐ ܐܝܟ ܥܡܒܪܐ ܝܘܡܘܗܝ. ܗ. ܘܐܝܟ
ܘܪܕܐ ܕܒܚܩܠܐ ܗܟܢܐ ܢܦܪܥ ❖

ܫܘܒ̄ ܘܡ̄ܢ ❖ ܒܥܘܬܐ.

ܒܝܘܡ ܢܘܚܡܐ. ܐܚܐ ܡܪܢ ܕܢܘܚܡܟ ܠܡܝܬܝܢ
ܥܡ ܓܢܣܗ ܐܕܡ. ܥܡ ܐܒܗ̈ܬܐ ܕܐܡܪܘ ܫܘܒܚܐ
ܘܢܩܒܠܘܢ ܡܢܟ ܠܓܢܒܝ ܢܘܗܪܐ. ܥܡ ܒܢ̈ܝܐ
ܕܢܘܗܪܟ. ܗܠܠܘ̄ ❖

കുക്കലിയോൻ

പട്ടക്കാരൻ. പിതാവു മക്കളോടു കരുണ ചെയ്യുന്നപ്രകാരം, കർത്താവു തന്നെ ഭയപ്പെടുന്നവരോടു കരുണ ചെയ്യുന്നു.

ജനം. മനുഷ്യന്റെ ദിവസങ്ങൾ പുല്ലുപോലെയാകുന്നു. വയലിലെ പുഷ്പംപോലെ അവൻ മുളയ്ക്കുന്നു. ബാറെക്മാർ.

പട്ടക്കാരൻ. പിതാവിന്നും പുത്രന്നും...........

ജനം. ആദിമുതൽ...........

എക്ക്ബാ

പട്ടക്കാരൻ. കർത്താവേ, പുനരുത്ഥാനനാളിൽ സ്തുതിപാടുന്ന മാലാകാമാരോടൊരുമിച്ചു, മുഖപ്രസാദത്തോടെ തിരുസന്നിധിയിൽ നില്പാനും, നിന്നെ സ്നേഹിച്ചിട്ടുള്ള നീതിമാന്മാരോടുകൂടെ പ്രകാശത്തിൻെറ മണവറയിൽ പ്രവേശിപ്പാനും ഞങ്ങളെയും യോഗ്യതയുള്ളവരാക്കേണമേ.

ശുശ്രൂഷക്കാരൻ. സ്റ്റൗമെൻ…………

ജനം. ക്ദുറിയേലായിസ്സോൻ.

പ്രോമ്യോൻ

പട്ടക്കാരൻ. നാമെല്ലാവരും…………

ജനം. അനുഗ്രഹിക്കുന്നവനായ…………

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും…………

ആകാശത്തെയും ഭൂമിയെയും അവയിലുള്ള സകലത്തെയും നിർമ്മിച്ച സ്രഷ്ടാവും, സകലത്തിൻെറയും ദൈവവും ഉടയവനുമായിരിക്കേ, ശിശുവായി ജനിച്ചവനും, പാപമില്ലാത്തവനായിരിക്കേ, പാപികൾക്കുവേണ്ടി ശിക്ഷ അനുഭവിച്ചവനും, മരണമില്ലാത്തവനായിരിക്കേ, മർത്ത്യരായ നമുക്കുവേണ്ടി മരിച്ചവനും, പുനരുത്ഥാനം ചെയ്യ്, സ്വർഗ്ഗത്തിലേക്കു ആരോഹണം ചെയ്യുവനും, തൻെറ അടുക്കലേക്കു വരുന്ന എല്ലാവരെയും കൈക്കൊണ്ടു ആശ്വസിപ്പിക്കുന്നവനുമായ മ്ശിഹാ തമ്പുരാന്നു, ഈ പൈതലിൻെറ ശവസംസ്കാരശുശ്രൂഷയുടെ ഈ നേരത്തും,…………

ജനം. ആമ്മീൻ.

സെദറാ

പട്ടക്കാരൻ. സ്വൎഗ്ഗസ്ഥനായ പിതാവിന്റെ ഏകപുത്ര നും നിത്യവചനവും ആയി പൂൎണ്ണദൈവവും, സകല ന ന്മകളുടെയും ഉറവും, സത്യ പ്രധാനാചാൎയ്യനും ആയ മ്ശിഹാതമ്പുരാനേ, കല്പനലംഘനത്താൽ കുറവുള്ളവ രായി തീൎന്ന ഞങ്ങളുടെ വൎഗ്ഗത്തെ പൂൎണ്ണതയിലേക്ക തി രികെ വരുത്തുവാനും, നിന്റെ സാദൃശ്യത്തോട ഞങ്ങ ളെ അനുരൂപപ്പെടുത്തുവാനും ആയി, നിന്റെ കൃപയാ ലും മനുഷ്യസ്നേഹത്താലും, ഞങ്ങളുടെ സാദൃശ്യം നീ ധ രിച്ചു ഒരു പൈതലായി തീൎന്നു. നിന്റെ കൃപയാൽ ഓ രോ പ്രായത്തിലും ഞങ്ങളുടെ വൎഗ്ഗത്തോട നീ പെരുമാ റി. നിന്റെ വിശുദ്ധ തൃക്കൈകളിൽ പൈതങ്ങളെ എട ത്തു, അവരെ നീ അനുഗ്രഹിച്ചു. സ്വൎഗ്ഗരാജ്യം ഇപ്ര കാരമുള്ളവരുടേതാകുന്നു എന്നു അരുളിച്ചെയ്കയും ചെ യ്തു.

കാരുണ്യവാനായ കൎത്താവേ, ഇതുനിമിത്തം നി ന്നോട ഞങ്ങൾ അപേക്ഷിക്കുന്നു. നിന്റെ കല്പനപ്ര കാരം ഈ പൈതൽ പാപവികാരങ്ങളിൽനിന്നു ഒഴി ഞ്ഞിരിക്കുന്നതും, ദോഷവികാരങ്ങളോട അകന്നിരിക്കു ന്നതുമായി, നിൎമ്മലമായ ബാല്യപ്രായത്തിൽ നിദ്രപ്രാ പിക്കയും, നിന്റെ ആംഗ്യത്താൽ സന്തോഷലോകത്തി ലേക്കും ആനന്ദസ്ഥലത്തേക്കും കടന്നുപോകയും ചെ യ്തിരിക്കുന്നു. മനസ്സലിവുള്ള കൎത്താവേ, അഴിഞ്ഞുപോ കാത്ത നിന്റെ സ്വൎഗ്ഗരാജ്യത്തിലും, നീക്കംവരാത്ത നി ന്റെ മണവറയിലും, നിന്റെ നിമിത്തം ദുഷ്ടനായ ഹേറോദേസ് കൊന്ന ശിശുക്കളോടും, ഊശാന പാടി നിന്നെ സ്തുതിക്കയും പുകഴ്ത്തുകയും ചെയ്ത പൈതങ്ങളോ ടുംകൂടെ ഈ പൈതലിനെ നീ ചേൎത്തുകൊള്ളുകയും, അ ബ്രഹാം, യിസ്സാക്ക്, യാക്കോബ് എന്ന പിതാക്കന്മാർ വസിക്കുന്ന നിന്റെ രാജ്യത്തിൽ ഈ പൈതലിനെ

സന്തോഷിപ്പിക്കയും, നിന്റെ എഴുന്നള്ളത്തിന്റെ ആ മഹാനാളിൽ സ്തുതികളുടെയും സ്തോത്രത്തിന്റെയും ഊശാന പാടി നിന്നെ എതിരേല്ക്കുന്നതിന്നു ഈ പൈതലിന്നും സംഗതി ആകയും ചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കയും പ്രത്യാശിക്കയും ചെയ്യുന്നു.

കൎത്താവേ, ഈ പൈതലിനെക്കുറിച്ചു ദുഃഖിക്കയും സങ്കടപ്പെടുകയും ചെയ്യുന്ന മാതാപിതാക്കന്മാരെയും ചാൎച്ചക്കാരെയും ആശ്വസിപ്പിച്ചു ധൈൎയ്യപ്പെടുത്തേണമേ. നിന്റെ കരുണയുടെ ഇമ്പമുള്ള പനിനീരാൽ ഇവരുടെ വികാരങ്ങളുടെ ജ്വാലയെ തണുപ്പിക്കേണമേ. നിന്റെ ഉപദേശങ്ങളാകുന്ന ജീവപാനീയംകൊണ്ടു ഇവരുടെ മനോവേദനകളെ ശമിപ്പിക്കേണമേ. ഈ പൈതൽ കൎത്താവിൽ മരിച്ചിരിക്കുന്നു എന്നുള്ള പ്രത്യാശകൊണ്ടു ഇവരെ സമാധാനപ്പെടുത്തേണമേ. കൎത്താവു തന്നു, കൎത്താവു എടുത്തു, കൎത്താവിന്റെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ എന്നു ചൊല്ലി നിനക്കു സ്തോത്രം ചെയ്വാൻ തക്ക മനഃസ്ഥിതി ഇവൎക്കു നല്കുമാറാകേണമേ.

കൎത്താവേ, നിന്റെ തിരുവചനപ്രകാരം ഞങ്ങളും മനസ്സുതിരിഞ്ഞു്, പൈതങ്ങളെപ്പോലെ ആയിത്തീരുവാൻ ഞങ്ങൾക്കു കൃപ നല്കേണമേ. നിന്റെ രാജ്യത്തിൽ നിന്റെ വലത്തുഭാഗത്തു സന്തോഷിക്കുന്ന കുഞ്ഞാടുകളോടു കൂടെ നിന്റെ പ്രത്യക്ഷതയുടെ നാളിൽ ഞങ്ങളെയും ക്രമപ്പെടുത്തുകയും ചെയ്യേണമേ. നിനക്കും നിന്റെ പിതാവിന്നും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുന്നു. ഹാശാ......

ജനം. ആമ്മീൻ.

മാനീസാ്

യൌവനക്കാരേ, ഈ ജീവിതത്തിൽ നിങ്ങൾ ശരണപ്പെടരുതേ. എന്തുകൊണ്ടെന്നാൽ ആരു മരിക്കു

ന്നു എന്നും ആരു ജീവിച്ചിരിക്കും എന്നും ഒരുത്തനും അറിയുന്നില്ല.

തങ്ങളുടെ പ്രേമഭാജനങ്ങൾ തങ്ങളുടെ കൈകളിൽനിന്നു എടുക്കപ്പെടുന്നതിനാൽ മാതാപിതാക്കന്മാർ അടക്കംകൂടാതെ മുറവിളിയിടുന്നു.

പറുദീസായിൽ കുഞ്ഞാടുകളെ തൃപ്തിയാംവണ്ണം പോഷിപ്പിച്ചു് പോററുന്ന നല്ല ഇടയനായുള്ളോവേ, നിന്റെ കരുണയാൽ സന്തോഷങ്ങളുടെ ആ സ്ഥലത്തു ഞങ്ങളെയും പ്രവേശിപ്പിക്കേണമേ.

മാർ യാക്കോബിന്റെ ബാഊസാ.

൧൭൮-ാം പുറംമുതൽ ഉള്ളതു ചൊല്ലിക്കൊള്ളണം.

¶ അതിന്റെ ശേഷം

വായന

൨ ശമുവേൽ ൧൨. ൧൫—൨൩.

അല്ലെങ്കിൽ

ഇയ്യോബ് ൧. ൧൭—൨൨.

¶ അതിന്റെ ശേഷം കുറിയേലായിസ്സോൻ എന്നാദിയായതും, കർത്താവിന്റെ പ്രാർത്ഥനയും ആശീർവ്വാദവും. (പുറം. ൧൭൯.)

ഇവിടെ ഒന്നാം ശുശ്രൂഷക്രമം അവസാനിച്ചു.

രണ്ടാംശുശ്രൂഷ

പട്ടക്കാരൻ. പിതാവിന്നും......

ജനം. ബലഹീനരും......

പ്രാരംഭപ്രാൎത്ഥന

ദൈവമായ കൎത്താവേ, ഇഹലോകവാസത്തിൽ നിന്നു വേർപെട്ടിരിക്കുന്ന ഈ പൈതലിന്റെ ശവസംസ്കാരശുശ്രൂഷയുടെ ഈ സമയത്തു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ഈ ലോകം ഞങ്ങളുടെ ശാശ്വതമായ വാസസ്ഥലം അല്ലെന്നും, ഇവിടെ ഞങ്ങൾ അന്യന്മാരും പരദേശികളും ആകുന്നെന്നും, ഞങ്ങളുടെ നിത്യവാസസ്ഥലം സ്വൎഗ്ഗത്തിൽ ആകുന്നെന്നും ഉള്ള ആഴമായ ബോധം ഞങ്ങൾക്കു നല്കേണമേ. പ്രായഭേദംകൂടാതെ നിനക്കിഷ്ടമാകുമ്പോൾ ഓരോരുത്തരെയും ഈ ആയുസ്സിൽനിന്നു വേർപെടുത്തുന്നതിനാൽ, ഞങ്ങളെ നീ വിളിക്കുമ്പോൾ വിശുദ്ധിയോടും നിത്യജീവന്റെ പ്രത്യാശയോടുംകൂടെ ഇവിടെനിന്നു പുറപ്പെടുവാൻ തക്കവണ്ണം ഞങ്ങളെ ഒരുക്കമുള്ളവരാക്കി തീൎക്കേണമേ. നിനക്കും നിന്റെ ഏകപുത്രന്നും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുന്നു. ഹാശാ......

ജനം. ആമ്മീൻ.

ܩܘܩܠܝܘܢ ܕܡܝ̈ܬܐ.

[illegible]

[illegible]

[illegible]

ܫܘܒ̄ ܘܫܪ̄ ❖ ܒܥܘܬܐ.

ܡܪܝܐ ܡܪܝ. ܠܘܬܟ ܐܪܝܡܬ ܢܦܫܝ ܕܡܫܬܒܚܢܝ
ܐܠܗܝ ܒܟ ܬܟܠܬ ܠܐ ܐܒܗܬ. ܘܠܐ ܢܚܕܘܢ
ܒܝ ܒܥܠܕܒܒܝ. ܢܒܗܬܘܢ ܥܘܠܐ ܒܣܪܝܩܘܬܗܘܢ. ܐܘܪ̈ܚܬܟ
ܡܪܝܐ ܚܘܐ ܠܝ. ܫܘܒ̄ ❖

കുക്കലിയോൻ

പട്ടക്കാരൻ. കർത്താവേ, നിങ്കലേക്ക ഞാൻ എന്റെ മനസ്സ ഉയർത്തി. എന്റെ ദൈവമേ, നിന്നിൽ ഞാൻ ആശ്രയിച്ചിരിക്കുന്നു. ഞാൻ ലജ്ജിച്ചുപോകരുതേ.

ജനം. അന്ന്യായക്കാർ തങ്ങളുടെ മായയിൽ ലജ്ജിക്കും. കർത്താവേ, നിന്റെ വഴികൾ എന്നെ കാണിക്കേണമേ—ബാറെക്മാർ.

പട്ടക്കാരൻ. പിതാവിന്നും......

ജനം. ആദിമുതൽ......

എക്ബാ

ഞങ്ങളുടെ കർത്താവായ കർത്താവേ, അന്ത്യനാളിൽ എല്ലാവരുടെയും പ്രവൃത്തികൾ നിന്റെ സന്നിധിയിൽ പരിശോധിക്കപ്പെടുമ്പോൾ, നിന്റെ വിശുദ്ധ നാമത്തിൽ ഏററു പറഞ്ഞിട്ടുള്ളവരായ ഞങ്ങളെ തിരുസന്നിധിയിൽനിന്നു തള്ളിക്കളയരുതേ. പിതാവും പുത്രനും (പരിശുദ്ധ)റൂഹായുമായ ദൈവമേ, ഞങ്ങളെ കാത്തുകൊള്ളുകയും ചെയ്യേണമേ.

ശുശ്രൂഷകൻ. സ്റ്റൗമെൻ കാലോസ്.

ജനം. കുറിയേലായിസ്സോൻ.

പ്രോമ്യോൻ

പട്ടക്കാരൻ. നാമെല്ലാവരും......

ജനം. അനുഗ്രഹിക്കുന്നവനായ......

പട്ടക്കാരൻ. സ്തുതിയും സ്തോത്രവും......

തന്റെ കല്പനയാൽ മരിച്ചവരെ ജിവിപ്പിക്കുന്നവനും, തന്റെ തിരുവിഷ്ടത്താൽ കബറടക്കപ്പെട്ടവരെ ഉയിർത്തെഴുന്നേല്പിക്കുന്നവനും, ജീവനുള്ളവരുടെയും മരിച്ചവരുടെയും ന്യായാധിപതിയും, ആത്മാക്കളുടെയും സകല ജഡത്തിന്റെയും ദൈവവും, തന്റെ ഭക്തന്മാരെ മഹത്വമേറിയ രാജ്യത്തിലേക്കു ഉയർത്തി, തന്റെ മാഹാത്മ്യമേറിയ മണവറയിലേക്കു പ്രവേശിപ്പിക്കുന്നവനുമായ മ്ശിഹാതമ്പുരാന്ന്, ഈ പൈതലിന്റെ ശവസംസ്കാരശുശ്രൂഷ നടത്തുന്ന ഈ സമയത്തും......

ജനം. ആമ്മീൻ.

സെദറാ

അദൃശ്യനും അവർണ്ണനീയനും, സകലത്തെയും ഭരിക്കുന്നവനും, സകല ശ്വാസവും തന്റെ തൃക്കൈകളിൽ ഉള്ളവനും, മണ്ണിൽ നിദ്രപ്രാപിച്ചിരിക്കുന്ന എല്ലാവക്കും പുനരുത്ഥാനം ദാനംചെയ്യുന്നവനുമായ മ്ശിഹാതമ്പുരാനേ, പാപവും ആപത്തും, ദുരിതവും ദുഃഖവും നിറഞ്ഞിരിക്കുന്ന ഈ ആയുസ്സിന്റെ താല്കാലിക വാസത്തിൽനിന്നു വേർപെട്ടിരിക്കുന്ന ഈ പൈതലിന്റെ ശവസംസ്കാരശുശ്രൂഷയുടെ ഈ സമയത്തു നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. കർത്താവേ, മാമോദിസായാൽ മുദ്രകുത്തപ്പെട്ടുകയും, തിരുസഭയുടെ ഒരംഗ

മായി സ്വീകരിക്കപ്പെടുകയും ചെയ്തിരിക്കുന്ന ഈ പൈതലിനെ നീ തള്ളിക്കളകയില്ലെന്നും, നിന്നോടുകൂടെയുള്ള സന്തോഷത്തിൽനിന്നു നീ അകററിക്കളകയില്ലെന്നും ഞങ്ങൾ വിശ്വസിക്കയും, നാശമില്ലാത്ത നിന്റെ രാജ്യത്തിൽ പ്രകാശത്തിന്റെ മണവറയിലും, ആനന്ദകരമായ സ്ഥലങ്ങളിലും വസിപ്പിക്കുമെന്നും നിന്റെ മഹത്വമുള്ള മുഖപ്രസന്നതയാൽ ഈ പൈതലിനെ ആനന്ദിപ്പിക്കുമെന്നും ഞങ്ങൾ പ്രത്യാശിക്കയും ചെയ്യുന്നു.

ഉത്തമനും കരുണ നിറഞ്ഞിരിക്കുന്നവനുമായ കർത്താവേ, ഈ പൈതലിനെക്കുറിച്ചു നിലവിളിക്കയും മുറയിടുകയും ചെയ്യുന്ന എല്ലാവരെയും നീ സമാധാനപ്പെടുത്തുകയും, നിന്റെ കൃപയുടെ ചിറകിൻകീഴിൽ അവരെ മറച്ചുകൊള്ളുകയും, നിന്റെ സാന്നിധ്യത്താൽ അവരെ എല്ലാവരെയും ആശ്വസിപ്പിക്കയും ചെയ്യുമാറാകേണമേ.

കർത്താവേ, നിന്റെ പരിശുദ്ധന്മാരോടുകൂടെ ഞങ്ങളും നിനക്കു സ്തുതിപാടുവാനും എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വന്നു അകത്തു പ്രവേശിച്ചു ലോകാരംഭം മുതൽ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യം അവകാശമായി അനുഭവിച്ചുകൊൾവിൻ എന്നു അരുളിച്ചെയ്യുന്ന സന്തോഷകരമായ ശബ്ദം കേൾപ്പാനും ഞങ്ങളെ യോഗ്യതയുള്ളവരാക്കേണമേ. നിനക്കും നിന്റെ പിതാവിന്നും പരിശുദ്ധറൂഹായ്ക്കും സ്തുതിയും സ്തോത്രവും ഞങ്ങൾ കരേറ്റുന്നു. ഹാശാ......

ജനം. ആമ്മീൻ.

¶ അതിന്റെശേഷം ൨൦൫—൨൦൭ പുറങ്ങളിലുള്ള ഗീതത്തിൽനിന്നു സമയോചിതംപോലെ ചൊല്ലിയശേഷം ൨൯൯-ാം പുറത്തുള്ള മദ്രാശ ചൊല്ലണം.

മാർ യാക്കോബിന്റെ ബാഊസാ

ഞങ്ങളുടെ കർത്താവായ കർത്താവേ, നിന്നെ ഞ

ങ്ങൾ നോക്കി വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിന്നു നീ വരേണമേ. ഞങ്ങളുടെ അപേക്ഷ കേട്ടു, ഞങ്ങളെ നീ അനുഗ്രഹിക്കേണമേ.

കൎത്താ! കൎത്താ!—വിളിക്കുന്നേങ്ങൾ—തുണയ്ക്കായ് വരിക—

പ്രാൎത്ഥനകേ—ട്ടടിയാരുടെ മേൽ—ദയ ചെയ്യേണമേ.

എന്നേക്കും തന്റെ അധീനതയിൽ വച്ചുകൊൾവാൻ കഴിയാത്ത ആയുസ്സിന്മേൽ ഒരുത്തനും ആശ്രയിക്കരുതെന്നു മരണം വിളിച്ചു പറയുന്നു.

അധീനതയിൽ—എന്നും വയ്പാൻ—കഴിവില്ലാത്ത—

ആയുസ്സിന്മേ—ലാശ്രയിക്കരുതെന്നു—മരണം ചൊല്ലുന്നു.

മരണം ആദാം തുടങ്ങി എല്ലാ തലമുറകളിലും അതിന്റെ ഗതിയെ വിശാലമാക്കി. അതു ഗോത്രങ്ങളെയും കുടുംബങ്ങളെയും നാശത്തിലേക്കു കടത്തിവിടുന്നു.

ആദാം മുതൽ—തലമുറതോറും—മരണം തന്റെ—

ഗതിയെ വിരിച്ചു്—ഗോത്രമെല്ലാം—നശിപ്പിച്ചീടുന്നു.

ദൈവമേ, ഞങ്ങളോടു ഉത്തരമരുളിച്ചെയ്യേണമേ. ദൈവമേ, ഞങ്ങളോടു ഉത്തരമരുളിച്ചെയ്തു്, ഞങ്ങളെ നീ അനുഗ്രഹിക്കേണമേ. മനുഷ്യരുടെ ഹൃദയങ്ങളെ അനുതാപത്തിങ്കലേക്കു തിരിക്കയും ചെയ്യേണമേ

ഉത്തരമരുൾക—അരുൾകദേവാ—അനുഗ്രഹിക്ക—

മൎത്ത്യർ ചിത്തം—അനുതാപേ നീ—വരുത്തീടണമേ.

ശ്ലീഹാവായന

൧ കൊരി. ൰൫. ൨൰—൨൨

എന്നാൽ ഇപ്പോൾ മ്ശിഹാ മരിച്ചവരുടെ ഇടയിൽനിന്നു ഉയിൎത്തെഴുന്നേറ്റു്, നിദ്രപ്രാപിച്ചവരുടെ ആദ്യവിളവായിത്തീൎന്നു.

മനുഷ്യൻമൂലം മരണം ഉണ്ടായപ്രകാരം തന്നേ, മനുഷ്യൻമൂലം മരിച്ചവരുടെ ഉയിൎപ്പും ഉണ്ടാകുന്നു.

എന്തുകൊണ്ടെന്നാൽ ആദാമിൽ എല്ലാ മനുഷ്യരും

മരിക്കുന്ന പ്രകാരംതന്നേ മ്ശിഹായിൽ എല്ലാവരും ജീവിക്കുന്നു.

ഓരോരുത്തൻ താന്താൻെറ ക്രമത്തിൽ അത്രേ. മ്ശിഹാ ആദ്യവിളവായി. പിന്നീട്ട മ്ശിഹായിക്കുള്ളവർ അവൻെറ വരവിങ്കൽ.

അതിൻെറശേഷം അവസാനം ഉണ്ടാകും. അപ്പോൾ സകല പ്രഭുത്വവും സകല അധികാരവും സകല ശക്തികളും മായിച്ചിട്ടു, രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കുന്നു.

എന്തുകൊണ്ടെന്നാൽ അവൻെറ സകല ശത്രുക്കളെയും അവൻെറ കാൽക്കീഴെ ആക്കിവെക്കുവോളം അവൻ വാഴുവാനിരിക്കുന്നു.

ഒടുക്കത്തെ ശത്രുവായ മരണം മാഞ്ഞുപോകുന്നു.

എന്തുകൊണ്ടെന്നാൽ സകലത്തെയും അവൻെറ കാൽക്കീഴെ കീഴ്പെടുത്തി. എന്നാൽ സകലവും അവന്നു കീഴ്പെടുന്നു എന്നു പറയുമ്പോൾ സകലവും അവന്നു കീഴ്പെടുത്തിയവൻ ഒഴികെ എ,ന്നു സ്പഷ്ടമാകുന്നു.

സകലവും അവന്നു കീഴ്പെടുമ്പോൾ ദൈവം സകലത്തിലും സകലവും ആകേണ്ടതിന്നു സകലത്തെയും അവന്നു കീഴ്പെടുത്തിക്കൊടുത്തവന്നു പുത്രന്നും കീഴ്പെട്ടിരിക്കും. ഹ. ഉ. ഹ.

ശുശ്രൂഷകൻ. ബാറെക്മാർ.

നാം അടക്കത്തോട്ടും..................

ഏവൻഗേലിയോൻ

മത്തായി ൧൮ാം ൧—൯ാം

ആ നാഴികയിൽ ശിഷ്യന്മാർ ഈശോതമ്പുരാൻെറ അടുക്കൽ വന്നു: സ്വൎഗ്ഗരാജ്യത്തിൽ വലിയവൻ ആരു എന്നു ചോദിക്കുന്നു.

ഈശോതമ്പുരാൻ ഒരു പൈതലിനെ വിളിച്ചു, അവരുടെ നടുവിൽ നിൎത്തി അരുളിച്ചെയ്തതു:

നിങ്ങൾ മനസ്സുതിരിഞ്ഞു പൈതങ്ങളെപ്പോലെ ആയി തീരുകയില്ലെങ്കിൽ സ്വൎഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു.

ആകയാൽ ഈ പൈതലിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വൎഗ്ഗരാജ്യത്തിൽ വലിയവൻ ആകും.

എന്റെ നാമത്തിൽ ഈ പൈതലിനെപ്പോലെ (ഉള്ളവനെ) കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു.

നിങ്ങൾക്കെല്ലാവൎക്കും സമാധാനമുണ്ടായിരിക്കട്ടെ.

ജനം. നിന്റെ ആത്മാവോടുകൂടെയും ഉണ്ടായിരിക്കട്ടെ.

¶ അതിന്റെശേഷം യാത്രാഗീതങ്ങൾ.

¶ മൃതശരീരം കുഴിയിൽ വച്ചശേഷം മണ്ണിട്ടുകൊണ്ടു ചൊല്ലുന്നതു,

നീ മണ്ണാകുന്നു, നീ മണ്ണിലേക്കു തിരികെ ചേരുമെന്നു ഞങ്ങളുടെ വൎഗ്ഗത്തെക്കുറിച്ചു അരുളിച്ചെയ്തവനായ ദൈവമേ, ഒടുവിലത്തെ ദിവസത്തിൽ നിത്യജീവന്നായി ഉയിൎത്തെഴുന്നേല്ക്കുമെന്നുള്ള പ്രത്യാശയോടെ ഈ ശരീരത്തെ ഞങ്ങൾ മണ്ണിലേക്കു ഏല്പിക്കുന്നു.

ജനം. ആമ്മീൻ.

¶ അതിന്റെശേഷം

ഞങ്ങളുടെ കൎത്താവായ യേശുമ്ശിഹായേ.........

കൌമ്മാ

വിശ്വാസപ്രമാണം. ഹുത്താമ്മാ.

ആശീൎവ്വാദം.

പൈതങ്ങളുടെ ശവസംസ്കാരശുശ്രൂഷക്രമം അവസാനിച്ചു.

ഗീതങ്ങൾ

1

1 എന്നോടുള്ള നിൻ സർവ്വ നന്മകൾക്കായി ഞാൻ
എന്തു ചെയ്യേണ്ടു നിനക്കേശു പരാ — ഇപ്പോൾ
2 നന്ദികൊണ്ടെൻെറയുള്ളം നന്നെ നിറയുന്നേ
സന്തോഷമോടെ സ്തുതി പാടീടുന്നേൻ — എൻെറ
3 പാപത്തിൽനിന്നു എന്നെ കോരിയെടുപ്പാനായ്
ശാപശിക്ഷകളേററ ദേവാത്മജാ — നാഥാ
4 എന്നെയൻപോടു ദിനം തോറും നടത്തുന്ന
പൊന്നിടയന്നനന്തം വന്ദനമേ — ദേവാ
5 അന്ത്യംവരെയുമെന്നെ കാവൽചെയ്തീടുവാൻ
അന്തികെയുള്ള മഹാൽ ശക്തി നീയേ — നാഥാ
6 താതൻസന്നിധിയിലെൻപേർക്കു സദാ പക്ഷ-
വാദം ചെയ്യുന്ന മമ ജീവനാഥാ! — പക്ഷ
7 കുററംകൂടാതെയെന്നെ തേജസ്സിൻ മുമ്പാകെ
മുററും നിറുത്താൻ കഴിവുള്ളവനേ — എന്നെ
8 മന്നിടത്തിലടിയൻ ജീവിക്കും നാളെന്നും
വന്ദനം ചെയ്യും തിരു നാമത്തിന്നു — ദേവാ

2

1 ഇന്നേയോളം തുണച്ചോനേ,
ഇനിയും തുണെക്ക;
ഇഹ ദുഃഖെ രക്ഷയും നീ
ഈയെൻ നിത്യ ഗൃഹം.

2 നിൻ സിംഹാസന നിഴലിൽ
നിൻ ശുദ്ധർ പാർക്കുന്നു,
നിൻ ഭുജം മതി അവർക്കു
നിർഭയം വസിപ്പാൻ.

3 പർവ്വതങ്ങൾ നടും മുമ്പെ
പണ്ടു, ഭൂമിയെക്കാൾ
പരനേ നീ അനാദിയായ്
പാർക്കുന്നല്ലോ സദാ.

4 ആയിരം വൎഷം നിനക്കു
ആകുന്നിന്നലെ പോൽ ;
ആദിത്യോദയ മുമ്പിലെ
അല്പയാമം പോലെ.

5 നിത്യനദിപോലെ കാലം
നിത്യം തൻ മക്കളെ
നിത്യത്വം പൂകിപ്പിക്കുന്നു
നിദ്രപോലെയത്രെ.

6 ഇന്നേയോളം തുണച്ചോനേ,
ഇനിയും തുണെക്ക ;
ഇഹം വിട്ടു പിരിയുമ്പോൾ
ഈയെൻ നിത്യഗൃഹം.

3

പല്ലവി

രോഗികൾക്കു നല്ലവൈദ്യനാകുന്നേശു താൻ-പല
രോഗികൾ തൻ നാമത്തിലാശ്വാസം പ്രാപിച്ചു

ചരണങ്ങൾ

1 വ്യാധിപീഡയാൽ വലയും മൎത്ത്യഗണത്തിൻ-സൎവ്വ
വ്യാധിയും ചുമന്നൊഴിച്ച നാഥനിവൻ താൻ— രോഗി

2 എത്രമാത്രം വേദനകൾ സ്വന്തമേനിയിൽ-യേശു
ശാന്തമായ് സഹിച്ചു മനം നൊന്തെനിക്കായ്— രോഗി

3 തന്റെ പാദപീഠമെന്റെ വൈദ്യശാലയാം-അതി
ലുണ്ടനേകം ഔഷധങ്ങൾ രോഗശാന്തിക്കായ്— രോഗി

4 ഔഷധം എനിക്കവന്റെ ദിവ്യവചനം-ഈ സി-
ദ്ധൌഷധം തരുന്നു വിമലാത്മനിൎമ്മമായ്— രോഗി

5 വ്യാധിയിലെന്റെ കിടക്ക താൻ വിരിക്കുന്നു-ബഹു
മോദമായെനിക്കു താൻ ശുശ്രൂഷ ചെയ്യുന്നു— രോഗി

6 യേശുവിൻ കയ്യെൻ ശിരസ്സിൻ കീഴിരിക്കുന്നു-എന്നെ
യേശു ആശ്ലേഷിച്ചിടുന്നു തൻ വലങ്കയ്യാൽ— രോഗി

7 എന്റെ മാംസം ചിത്തവും ക്ഷയിച്ചുപോകുമ്പോൾ-ദൈവം
എന്റെ ചിത്തത്തിൽ ബലം നിത്യോഹരിയുമാം— രോഗി

4

1 ആരുസഹായിക്കും ലോകം തുണയ്ക്കുമോ
ജീവൻ പോയിടുമ്പോൾ ആശ്രയം ആരുള്ളു?

2 സ്നേഹിതന്മാർ വന്നാൽ ചേർന്നരികിൽനില്ക്കും
ക്ലേശമോടെല്ലാരും കണ്ണുനീർതൂകീടും

3 ജീവന്റെ നായകൻ ദേഹിയെ ചോദിച്ചാൽ
ഇല്ലില്ലെന്നോതുവാൻ ഭൂതലേയാരുള്ളു?

4 ഭാര്യമക്കൾ ബന്ധുമിത്രരുമന്ത്യത്തിൽ
ഖേദം പെരുകീട്ടു മാർവ്വിലടിക്കുന്നു.

5 ഏവനും താൻ ചെയ്ത കർമ്മങ്ങൾക്കൊത്തപോൽ
ശീഘ്രമായ് പ്രാപിക്കാൻ ലോകം വിട്ടീടുന്നു.

6 കൺകളടയുമ്പോൾ കേൾവികുറയുമ്പോൾ
എൻമണവാളാ നിൻ ക്രൂശിനെ കാണിക്ക

7 ദൈവമേ നിൻമുന്നിൽ ഞാൻ വരുന്നേരത്തിൽ
നിൻമുഖവാത്സല്യം നീയെനിക്കേകണേ

8 യേശുമണവാളാ സകലവും മോചിച്ചു
നിന്നരികിൽ നില്പാൻ യോഗ്യനാക്കണമേ.

9 പൊന്നുകർത്താവെ നിൻതങ്ക രുധിരത്താൽ
ജീവിതവസ്ത്രത്തിൽ വെണ്മയെ നൽകണേ

10 മരണത്തിൻ വേദന ദേഹത്തെ തള്ളുമ്പോൾ
ദൈവമേ നീയല്ലാതാരെനിക്കാശ്രയം?

11 യോർദ്ദാന്റെ തീരത്തിൽ ഞാൻ വരുന്നേരത്തിൽ
കാൽകളെ വേഗം നീ അക്കരെയാക്കണേ.

12 ഭൂവിലെവാസം ഞാൻ എപ്പോൾ വെടിഞ്ഞാലും
കർത്താവിൻ രാജ്യത്തിൽ നിത്യമായ് പാർത്തിടും

13 ഇമ്പമേറും സ്വർഗ്ഗേ എൻപിതാവിൻ വീട്ടിൽ
ആയുസ്സനന്തമായ് വാഴുമാറാകണം

14 സീയോൻമലയിലെൻ കാന്തനുമായ് നില്പാൻ
ഞാനിനി എത്രനാൾ കാത്തിരുന്നീടണം.

5

"ഞാൻ വരുന്നു" എന്നപോലെ

1 ലോകത്തെ ഞാൻ വിടാറായി—എൻ ദുഃഖങ്ങൾ തീരാറായ്
വേഗമെൻ താതൻ രാജ്യേ—സാധു ഞാൻ ചേരാറായേ

ഹാ! എന്താമോദമുള്ളിൽ—ധന്യൻ ഞാനിന്നു മന്നിൽ
യേശുതാനുണ്ടെന്നുള്ളിൽ—വാഴും ഞാൻ സ്വർഗ്ഗം തന്നിൽ

2 ആമോദമെൻ വഴിയെല്ലാം—യേശു എൻ രക്ഷയെല്ലാം
പാട്ടെന്നെന്നുള്ളമെല്ലാം—സ്വർഗ്ഗമെൻ ആശയെല്ലാം— ഹാ!

3 ഭൂതലേയീപാപി ഞാൻ—നാശമായുഴലുമ്പോൾ
നല്ലിടയനെൻ പ്രിയൻ—താൻ കനിഞ്ഞെന്നെയിപ്പോൾ—ഹാ!

4 ലോകത്തിലെന്നെയവൻ—ലേശവും കൈവിടില്ല
മൃത്യുവിൻ താഴ്വരയിൽ—ആയാലും പേടിയില്ലാ— ഹാ!

5 ദൈവം താൻ എൻ പക്ഷത്തിൽ—ആരെനിക്കു വിരോധം?
വാഴുമെ ഞാൻ സ്വർഗ്ഗത്തിൽ ഹാ! ഇതെന്തോരാഹ്ലാദം—ഹാ!

6 എൻ പിതാവിൻ മന്ദിരെ—ഉണ്ടനേക പാർപ്പിടം
ചേരുമേ ഞാനവിടെ—ദുഃഖമില്ലാത്തോരിടം— ഹാ!

7 എൻ വഴിയോ പ്രകാശം—യേശുതാനെൻ വിശ്വാസം
നിത്യാത്മാവെന്നാശ്വാസം—ഭാഗ്യം ഇനിയെൻ വാസം—ഹാ!

6

പല്ലവി

യേശുവേ! തിരുനാമമെത്ര മധുരം
ഭൂമിയിലഗതിക്കെൻ—യേശുവേ!

ചരണങ്ങൾ

1 ആശ്വാസം യേശുഭവാൻ—ആരോഗ്യം രോഗികൾക്കുള്ളിൽ
വിശ്വബന്ധു നീയെന്യേ—വേറാരും ഇല്ലേ സ്വാമി— യേശു

2 ഖേദം ഒഴിക്കും ഭവാൻ—ഭീതി അകറ്റും ഭവാൻ
താതൻ മാതാവും ഭവാൻ—നിത്യം അടിമയ്ക്കല്ലോ— യേശു

3 മന്നാ! മന്നായും ഭവാൻ—എന്നാചാര്യൻ രാജൻ നീ
എന്നും സഖി ജീവൻ നീ—എൻ ഭാഗ്യവും നീയല്ലോ യേശു

4 സങ്കേതമേ മലയേ!—എൻ ഖേടയം വഴി നീ
എൻ കർത്താവേ ഭർത്താവേ—എൻ ജീവനും ഇടയൻ— യേശു

5 നിക്ഷേപം ലക്ഷ്യം ഭവാൻ—രക്ഷാസ്ഥലം ശിരസ്സേ!
രക്ഷാകരൻ ഗുരുവേ!—സാക്ഷി മദ്ധ്യസ്ഥനും നീ— യേശു
6 എന്നിൽ നിന്നെ സ്തുതിപ്പാൻ—ഒന്നും ത്രാണിയിങ്ങില്ലേ
നിന്നെ വന്നു കണ്ടെന്നും—നന്നേ പാടും അടിയൻ— യേശു
7 അത്തൽകൂടാതെ കർത്താ—ചേർത്തിടേണം അങ്ങെന്നെ
മൃത്യു പിരിക്കുവോളും—കാത്തിടേണമേ പ്രിയൻ— യേശു
8 നിത്യം അഗതി തിരു—സ്തോത്രം സ്വർഗ്ഗേ ധ്വനിപ്പാൻ
സത്യം വിടാതെ ഓടി—എത്തും തിരുകൃപയാൽ— യേശു

7

പല്ലവി

ആനന്ദമുണ്ടെനിക്കാനന്ദമുണ്ടെനി-
ക്കേശു മഹാരാജ സന്നിധിയിൽ (സങ്കീ. ൧൬. ൧൧).

ചരണങ്ങൾ

1 ലോകം എനിക്കൊരു ശാശ്വതമല്ലെന്നെൻ
സ്നേഹം നിറഞ്ഞേശു ചൊല്ലീട്ടുണ്ട്
സ്വർല്ലോകനാട്ടുകാർക്കിക്ഷിതിയിൽ പല
കഷ്ട സങ്കടങ്ങൾ വന്നീടുന്നു. (യോഹ. ൧൬. ൨൦—൨൨).

2 കർത്താവേ നീയെന്റെ സങ്കേതമാകയാൽ
ഉള്ളിൽ മനഃക്ലേശം ലേശമില്ല (൨ കൊരി. ൧. ൭).
വിശ്വാസക്കപ്പലിൽ സ്വർപ്പുരം ചേരുവാൻ
ചുക്കാൻ പിടിക്കണേ പൊന്നുനാഥാ (൧ തിമൊ. ൧. ൧൯;
൨ തിമൊ. ൪. ൧൮).

3 എന്നാത്മാവേ നിന്നിൽ ചാഞ്ചല്യമെന്തിഹ
ബാഖായിൻ താഴ്വാരമത്രെയിതു്
സീയോൻപുരി തന്നിൽ വേഗം നമുക്കെത്തി-
ട്ടാനന്ദക്കണ്ണുനീർ വീഴ്ത്തീടാമേ. (സങ്കീ. ൮൪. ൬, ൭).

4 കൂടാരവാസികളാകും നമുക്കിങ്ങു
വീടെന്നോ നാടെന്നോ ചൊൽവാനെന്തു?
കൈകളാൽ തീർക്കാത്ത വീടൊന്നു താതൻ താൻ
മീതെ നമുക്കായി വെച്ചിട്ടുണ്ട് (൨ കൊരി. ൫. ൧).

5 ഭാരം പ്രയാസങ്ങളേറും വനദേശ-
ത്താകുലമാത്മാവിൽ വന്നീടുകിൽ
പാരം കരുണയുള്ളീശൻ നമുക്കായി-
ട്ടേററം കൃപ നല്കി പാലിച്ചീടും (൨ കൊരി. ൯. ൮).

6 കർത്താവേ നീ വേഗം വന്നീടണേ ഞങ്ങ-
ൾക്കോർത്താലിക്ഷോണിയിൽ മഹാ ദുഃഖം
എന്നാലും നിൻമുഖ ശോഭയതിൻമൂലം
സന്തോഷകാന്തി പൂണ്ടാനന്ദിക്കും (യോഹ. ഫന്ദ്. നന്ന).

8

പല്ലവി

ആശ്വാസമേ എനിക്കേറെ തിങ്ങീടുന്നു
വിശ്വാസക്കണ്ണാൽ ഞാൻ നോക്കീടുമ്പോൾ

അനുപല്ലവി

സ്നേഹമേറീടുമെൻ രക്ഷകൻ സന്നിധൌ
ആനന്ദക്കൂട്ടരെ കാണുന്നില്ലേ?

ചരണങ്ങൾ

1 ആമോദത്താൽ തിങ്ങി ആശ്ചര്യമോടവർ
ചുററും നിന്നു സ്തുതി ചെയ്തീടുന്നു
തങ്കത്തിരുമുഖം കാണ്മാൻ കൊതിച്ചവർ
ഉല്ലാസമോടിതാ നോക്കീടുന്നു.

2 തൻമക്കളിൻ കണ്ണുനീരെല്ലാം താതൻ താൻ
എന്നേക്കുമായി തുടച്ചിതല്ലോ
പൊൻവീണകൾ ധരിച്ചാമോദപൂർണ്ണരായ്
കർത്താവിനെ സ്തുതി ചെയ്യുന്നവർ

3 കുഞ്ഞാട്ടിൻെറ രക്തംതന്നിൽ തങ്ങൾ-അങ്കി
നന്നായ് വെളുപ്പിച്ച കൂട്ടരിവർ
പൂർണ്ണവിശുദ്ധരായ് തീൎന്നവരേശുവിൻ
തങ്കരുധിരത്തിൻ ശക്തിയാലെ.

4 തങ്കക്കിരീടങ്ങൾ തങ്ങൾ ശിരസ്സിന്മേൽ
വെൺനിലയങ്കി ധരിച്ചോരിവർ
കയ്യിൽ കുരുത്തോല ഏന്തീട്ടവർ സ്തുതി
പാടീട്ടാനന്ദമോടാർത്തീടുന്നു

5 ചേൎന്നിടുമേ വേഗം ഞാനും ആ കൂട്ടത്തിൽ
ശുദ്ധരോടൊന്നിച്ചങ്ങാനന്ദിപ്പാൻ
ലോകം വേണ്ടാ എനിക്കൊന്നും വേണ്ടാ-എൻെറ
നാഥൻെറ സന്നിധൌ ചേൎന്നാൽ മതി

6 കർത്താവേ വിശ്വാസപ്പോരിൽ തോല്ക്കാതെന്നെ
അവസാനത്തോളം നീ നിർത്തേണമേ
ആകാശമേഘത്തിൽ കാഹളനാദത്തിൽ
അടിയനും നിൻമുന്നിൽ കാണേണമേ.

9

1 സമയമാം രഥത്തിൽ ഞാൻ—സ്വർഗ്ഗയാത്ര ചെയ്യുന്നു
എൻ സ്വദേശം കാണ്മതിന്നു—ബദ്ധപ്പെട്ടോടീടുന്നു
ആകെ അല്പനേരം മാത്രം—എന്റെ യാത്ര തീരുവാൻ
യേശുവേ നിനക്കു സ്തോത്രം—വേഗം നിന്നെ കാണും ഞാൻ

2 രാവിലെ ഞാൻ ഉണരുമ്പോൾ—ഭാഗ്യമുള്ളോർ നിശ്ചയം
എന്റെ യാത്രയുടെ അന്തം—ഇന്നലേക്കാൾ അടുപ്പം

3 രാത്രിയിൽ ഞാൻ ദൈവത്തിന്റെ—കൈകളിൽ ഉറങ്ങുന്നു
അപ്പോഴും എൻ രഥത്തിന്റെ—ചക്രം മുമ്പോട്ടോടുന്നു

4 തേടുവാൻ ജഡത്തിൻ സുഖം—ഇപ്പോൾ അല്ല സമയം
സ്വന്തനാട്ടിൽ ദൈവ മുഖം—കാണുകയത്രെ വാഞ്ഛിതം

5 ഭാരങ്ങൾ കൂട്ടുന്നതിന്നു—ഒന്നും വേണ്ടാ യാത്രയിൽ
അല്പം അപ്പം വിശപ്പിന്നു—സ്വല്പം വെള്ളം ദാഹിക്കിൽ

6 സ്ഥലം ഹാ മഹാ വിശേഷം—ഫലം എത്ര മധുരം
വേണ്ട വേണ്ട ഭൂപ്രദേശം—അല്ല എന്റെ പാർപ്പിടം.

7 നിത്യമാമയോർ വാസസ്ഥലം—എനിക്കുണ്ടു സ്വർഗ്ഗത്തിൽ
ജീവവൃക്ഷത്തിന്റെ ഫലം—ദൈവപറുദീസായിൽ

8 എന്നെ എതിരേല്പാനായ്—ദൈവദൂതർ വരുന്നു
വേണ്ടുംപോലെ യാത്രയ്ക്കായ്—പുതുശക്തി തരുന്നു

9 ശുദ്ധന്മാർക്കു വെളിച്ചത്തിൽ—ഉള്ള അവകാശത്തിൽ
പങ്കു തന്ന ദൈവത്തിനു—സ്തോത്രം സ്തോത്രം പാടും ഞാൻ

10

പല്ലവി

യെറുശലേമെൻ ഇമ്പ വീടെ–എപ്പോൾ ഞാൻ വന്നു ചേരും
ധരണിയിലെ പാടും കേടും–എപ്പോൾ ഇങ്ങൊഴിയും—

ചരണങ്ങൾ

1 ഭക്തരിൻ ഭാഗ്യതലമേ!–പരിമളസ്ഥലം നീയേ!
ദുഃഖം വിചാരം പ്രയത്നം–നിങ്കലങ്ങില്ലേ!— യെറു

2 രാവും അന്ധകാരം വെയിൽ–ശീതവും അങ്ങില്ലേ!
ദീപതുല്യം ശുദ്ധരങ്ങു–ശോഭിച്ചീടുന്നേ— യെറു

3 രത്നങ്ങളല്ലോ നിന്മതിൽ!–പൊന്നും മാണിക്യങ്ങൾ!
പന്ത്രണ്ടു നിൻ വാതില്പുളുക–മിന്നും മുത്തല്ലോ!— യെറു

4 യെറുശലേമെൻ ഇമ്പ വീടെ–എന്നു ഞാൻ വന്നു ചേരും!
പരമരാജാവിൻ മഹത്വം അരികിൽ കണ്ടിടും!— യെറു
5 ശ്രേഷ്ഠനടക്കാവുകളും–തോട്ടങ്ങളും എല്ലാം
കാട്ടുവാനിണയില്ലാത്ത–കൂട്ടമരങ്ങൾ— യെറു
6 ജീവനദി ഇമ്പശബ്ദം–മേവി അതിന്നൂടെ
പോവതും ഈരാറുവൃക്ഷം–നില്പതും മോടി— യെറു
7 ദൂതരും അങ്ങാർത്തു സദാ–സ്വരമണ്ഡലം പാടി
നാഥനെക്കൊണ്ടാടിടുന്ന–ഗീതം മാമോടി— യെറു
8 യെറുശലേമിൻ അധിപനീശാ–തിരുമുൻ ഞാൻ സ്തുതി പാടാൻ
വരുംവരെയും അരികിൽ ഭവാൻ–ഇരിക്കേണം നാഥാ— യെറു

11

1 ശോഭയേറും നാടൊന്നുണ്ടതു—കാണാമേ ദൂരെ വിശ്വാസത്താൽ
താതൻ വാസം നമുക്കൊരുക്കി—നില്ക്കുന്നു പ്രതീക്ഷിച്ചക്കരെ
വേഗം നാം ചേർന്നിടും—ഭംഗിയേറിയ ആ തീരത്ത്
2 നാം ആ ശോഭന നാട്ടിൽ പാടും—വാഴ്ത്തപ്പെട്ടോരുടെ സംഗീതം
ഖേദം രോദനം അങ്ങില്ലല്ലോ—നിത്യം സൌഭാഗ്യം ആത്മാക്കൾക്കു
വേഗം നാം—
3 സ്നേഹമാം സ്വർഗ്ഗതാതനുടെ—സ്നേഹദാനത്തിന്നും നാൾക്കുനാൾ
വീഴ്ചയെന്ന്യേ തരും നന്മക്കും—കാഴ്ചയായി നാം സ്തോത്രം പാടും
വേഗം നാം—

12

1 ക്രിസ്തുമേൽ ചാരി തൻ—ഹസ്തേ വിശ്രമിച്ച
കർത്താവിൽ മൃതന്മാർ—നിത്യം ഭാഗ്യവാന്മാർ
2 കാണാതെ സ്നേഹിച്ച—പ്രാണനാം യേശുവെ
ഉണ്മയിൽ തെളിവായ്—കാണ്മതെത്ര ഭാഗ്യം
3 വല്ലാത്ത പ്രയാസം—ഇല്ലാ നദീതീരെ
പുല്ലിൻ മേച്ചിൽ സ്ഥലേ—നൽ ഇടയൻ മേയ്ക്കും
4 പകലത്തെ വെയിൽ—പാതിരാ ശീതവും
വ്യാകുല ദുഃഖവും–ഇല്ലവർക്കിനിമേൽ
5 അവരുടെ സ്നേഹം—സ്വരം, സന്തോഷവും
കാണ്കയില്ല ഞങ്ങൾ—കുറെ നാളേക്കിനി
6 പിരിഞ്ഞ പ്രിയർക്കായ്—ഞങ്ങൾ ദുഃഖിക്കുമ്പോൾ
കണ്ണുനീർ ചൊരിച്ച–കർത്താ ക്ഷമിക്കണേ
7 മൃത്യു വെന്നെഴുന്ന–ക്രിസ്തുൻ നാമമവർ
സന്തോഷിപ്പിൻ–എന്നു അന്ത്യ നാളിൽ കേൾക്കും

13

1 ദുഃഖതാഴ്‌വ-രയതാകും ഭൂമിവാസം-വിട്ടു ഞാൻ
സ്വർഗ്ഗനാട്ടി-ലേക്കു യാത്രയ്ക്കിപ്പൊഴൊരു-ങ്ങുന്നഹോ—
2 എൻ പ്രിയപ്പെ-ട്ടോരെയെല്ലാം ഏല്പിച്ചിടു-ന്നനിതാ
അൻപു തിങ്ങും-സ്വർപിതാവെ നിൻ കരങ്ങ-ളിലിപ്പോൾ—
3 നിത്യഭാഗ്യ-നാടതിൽ വന്നെത്തിടുന്ന-നാൾവരെ
കാത്തുകൊള്ളേ-ണമേ നാഥാ ഭദ്രമായെ-ല്ലാരെയും—
4 ഒന്നുപോലും-നഷ്ടമായ്പ്പോകാതെ വാതിൽ-നിന്നുടെ
സന്നിധിയിൽ-വന്നു ചേരാൻ ഉന്നതാ തു-ണെക്കുക—
5 ദൈവദൂതർ-കൈകളിലെന്നെ വഹിപ്പ--തിന്നിതാ
ഭൂവിൽ വന്നിറ-ങ്ങിടുന്നു ദ്യോവിൽ നിന്ന-നേകം പേർ—
6 ദൂതരിൻ ഗാ-നമതു കേൾ കാതിന്നിമ്പ-മേററവും
മോദമേകും-സ്വർഗ്ഗവീണാനാദവും മ-നോഹരം—
7 സ്വർഗ്ഗയെരു-ശാലേമിൻെറ തങ്കവാതിൽ-കളിതാ
ഭാഗ്യലോക-വാസികളെ കൺകളാൽ കാ-ണുന്നു ഞാൻ—
8 സൂര്യകാന്തി-യോടുകൂടെ ചാരെ നില്ക്കു-ന്നാരഹൊ
ക്രൂശിലെൻപേ-ക്കു മരിച്ചോരേശു രക്ഷി-താവിതോ ?—
9 ആണിയിൻ വ-ടുവിതാ ഞാൻ കാണുന്നു തൻ-പാണിയിൽ
പ്രാണനാഥൻ-തന്നെ നൂനം ഹാ ! പരമാ-നന്ദമേ.

14

രാഗം ഇംഗ്ലീഷ്

1 മരണം ജയിച്ച വീരാ എൻ കർത്താവാം യേശുവേ
എൻെറ മരണവും തീരെ വിഴുങ്ങിയ ജീവനേ
നിൻെറ ജീവൻ എന്നിൽ വേണം വേണ്ടാ സ്വന്ത ജീവിതം
നീ എന്നുള്ളിൽ വസിക്കേണം എന്നത്രെ എൻ താല്പര്യം
2 ലോകത്തിന്നും പാപത്തിന്നും ക്രൂശിന്മേൽ ഞാൻ മരിച്ചു
ജീവൻെറ പുതുക്കത്തിനും ഉടൻ നിന്നെ ധരിച്ചു
സ്വർഗ്ഗത്തിലിപ്പോളെൻ ജീവൻ യേശുതാനെൻ പാർപ്പിടം
ഉന്നതങ്ങളിൽ ഈ ഹീനൻ വാഴുന്നെന്തൊരാശ്ചര്യം
3 ജീവവെള്ളം ഒഴുകുന്നു നനെക്കുന്നെൻ ഹൃദയം
പുഷ്പങ്ങളായ് പുഷ്പിക്കുന്നു ശാന്തി സ്നേഹം ആനന്ദം
ഇതെൻ പ്രിയനുള്ള തോട്ടം ഇതിൽ നടക്കുന്നു താൻ
രാവും പകലും തൻ നോട്ടം ഉണ്ടതിന്മേൽ കാക്കുവാൻ

4 നിന്റെ ശക്തി എന്റെ ശക്തി എല്ലാററിന്നും മതി ഞാൻ
നിന്റെ ഭക്തി എന്റെ ഭക്തി ഹാ നിന്നിൽ ഞാൻ ധനവാൻ
എന്റെ പ്രിയനെനിക്കുള്ളോൻ അവന്നുള്ളോൻ ഞാനുമായ്
ക്രൂശിൽ സ്വന്ത രക്തം തന്നോൻ എന്നെ വാങ്ങി തനിക്കായ്

5 യേശു എൻ വിശ്വാസക്കണ്ണു കാത്തു സൂക്ഷിക്കേണമേ
അതിൽ ഇഹലോക മണ്ണു വീണു മയക്കരുതേ
സാത്താൻ ഓരോ ചിന്തകളെ ഇച്ഛകളെ എന്നപോൽ
അയച്ചാൽ കണ്ണോളകളെ ഉടൻ നീ അടച്ചുകൊൾ

6 ലോകം വേണ്ടാ ഒന്നും വേണ്ടാ മതി യേശു എനിക്കു
സാത്താനേ നീ ആശിക്കേണ്ടാ കൊണ്ടുപോ നിൻ ചരക്ക്
കഴുപോലെ പറക്കുന്നു മേലോട്ടെന്റെ ഹൃദയം
ഭൂമി താഴെ കിടക്കുന്നു ദൂരെയതിൻ അശുദ്ധം

7 യേശുവേ നീ ജീവിക്കുന്നു ഞാനും എന്നും ജീവിക്കും
നിത്യജീവൻ നിന്നിൽനിന്നു എന്നിൽ എന്നും ഒഴുകും
സ്വർഗ്ഗത്തിൽ നീ ഇരിക്കുന്നു വേഗം ഞാനും ഇരിക്കും
സ്നേഹത്തിൻ സംസർഗ്ഗത്തിന്നു നിന്റെ കൂടെ വസിക്കും.

15

1 എൻ ദൈവമേ, നടത്തുകെന്നെ നീ എന്നേരവും.
പാരിന്നിരുൾ അതുടെ സ്വർഗ്ഗേ ഞാൻ ചേരുംവരെ ;
നിൻ തൃക്കൈകളാൽ ഘോരം ഭൂയാത്രയിൽ സർവ്വദാ എന്നെ താങ്ങിടേണമേ.

2 നിൻ കല്പനകൾ നിമിഷം പ്രതി ലംഘിച്ചു ഞാൻ,
ശുദ്ധാവിയെ സദാ എൻ ദോഷത്താൽ ദുഃഖിപ്പിച്ചേൻ
നീതിയിൽ എന്നെ നിൻ മുമ്പിൽനിന്നു ഛേദിക്കാതെ നിൻ കൃപ നല്കുക

3 എന്നാത്മ ദേഹി ദേഹം സമസ്തം ഏല്പിക്കുന്നേൻ
നിൻ കൈകളിൽ ക്ഷണം പ്രതി എന്നെ ഇന്നുമുതൽ
വേദവാക്യമാം പാതയിൽ കൂടെ വിശുദ്ധാത്മാവു നടത്തേണമേ.

4 ഞാൻ മണ്ണാകുന്നു എന്നോർക്കുന്നോൻ ഒന്നിനാലും
ഈ പാപിയെ ഉപേക്ഷിച്ചീടാതെ അൻപോടു നീ
സർവ്വശക്തിയുള്ള നിൻ സ്നേഹത്താൽ സ്വർഗ്ഗത്തിലേക്കെന്നെ ആകർഷിക്ക.

16

"ക്രിസ്തുമുമ്പിൽ വന്നാലാത്തി"

സ്വർഗ്ഗഭാഗ്യം എത്രയോഗ്യം ആർക്കു വർണ്ണിക്കാം-മതിൻ
ഭാഗ്യമോർക്കുന്തോറുമെനിക്കാശയേറുന്നേ

1 പാപലോകത്തിൽ കിടന്നു പാടുപെടുന്ന-എനി
ക്കെപ്പോഴെൻെറ മോക്ഷവീട്ടിൽ ചെന്നുചേർന്നിടാം
2 മുമ്പുമുമ്പേ പോയിട്ടുന്നോർ ഭാഗ്യമുള്ളവർ-മന്നി-
ലുള്ള കഷ്ടതകൾനീങ്ങി സ്വസ്ഥരായവർ
3 ലോകസംബന്ധഭവനം വിട്ടുപോയെന്നാൽ-മോക്ഷേ
കൈകളാൽതീർക്കാത്തവീട്ടിൽ പാർത്തിടാമല്ലോ
4 രണ്ടിനാൽ ഞെരുങ്ങിഞാനും വാഞ്ഛിച്ചീടുന്നു- ആത്മ
വീണ്ടെടുപ്പാം പുത്രസന്തോഷത്തിലെത്തുവാൻ
5 ഞങ്ങുവൊട്ടും പാടുകൾക്കാശ്വാസം പ്രാപിപ്പാൻ-എൻെറ
മംഗലമോക്ഷപുരത്തിലെപ്പോഴെത്തും ഞാൻ
6 പ്രാവിനെപ്പോൽ രണ്ടു ചിറകുണ്ടെന്നാകിൽഞാൻ-ശീഘ്രം
എത്തും പറന്നെൻെറ മണവാളൻ സന്നിധൌ

17

പല്ലവി

നിൻെറ ഹിതം പോലെയെന്നെ
നിത്യം നടത്തീടേണമേ

അനുപല്ലവി

എൻെറ ഹിതം പോലെ അല്ലേ
എൻപിതാവേ എൻ യഹോവേ—നിൻെറ

ചരണങ്ങൾ

1 ഇമ്പമുള്ള ജീവിതവും ഏറെ ധനം മാനങ്ങളും
തുമ്പമററ സൌഖ്യങ്ങളും ചോദിക്കുന്നില്ലേ അടിയാൻ— നി
2 നേരു നിരപ്പാംവഴിയോ നീണ്ടനടയോ കുറുതോ
പോരാം കരഞ്ഞൊടുന്നതോ പാർ... ഭാഗ്യങ്ങളോ— നി
3 അന്ധകാരം ഭീതികളോ അപ്പനെ.. പ്രകാശങ്ങളോ
എന്തു നീ കല്പിച്ചീടുന്നോ എല്ലാം എനിക്കാശീർവ്വാദം— നി
4 ഏതു ഗുണമെന്നറിവാൻ ഇല്ല ജ്ഞാനമെന്നിൽ നാഥാ
നീ തിരുനാമം നിമിത്തം നീതി മാർഗ്ഗത്തിൽ തിരിച്ചു— നി
5 അഗ്നിമേഘത്തൂണുകളാൽ അടിയനെ എന്നും നടത്തി
അനുദിനംകൂടെ ഇരുന്നു അപ്പനേ കടാക്ഷിക്കുകേ— നി

18

ഞാൻ

1 കർത്തൃകാഹളം യുഗാന്ത്യകാലത്തിൽ ധ്വനിക്കുമ്പോൾ
നിത്യമാം പ്രഭാത ശോഭിതത്തിൻ നാൾ
പാർത്തലേ രക്ഷപെട്ടോരക്കരെ കൂടി ആകാശെ
പേർ വിളിക്കും നേരം കാണും എൻപേരും
പേർ വിളിക്കും നേരം കാണും പേർ വിളിക്കും നേരം കാണും
പേർ വിളിക്കും നേരം കാണും പേർ വിളിക്കും നേരം കാണും-
എൻ പേര

2 ക്രിസ്തുനിൽ നിദ്രകൊണ്ടോരിശ്ശോഭിത പ്രഭാതത്തിൽ
ക്രിസ്തു ശോഭ ധരിപ്പാനുയിർത്തു തൻ
ഭക്തർഭവനെ ആകാശമപ്പുറം കൂടീടുമ്പോൾ— പേ

3 കർത്തൻ പേർക്കു രാപ്പകൽ അദ്ധ്വാനം ഞാൻ ചെയ്തിങ്ങനെ
വാർത്ത ഞാൻ ചൊല്ലീടട്ടെ തൻ സ്നേഹത്തിൻ
പാർത്തലത്തിൽ എൻെറ വേല തീർത്തിജ്ജീവിതാന്തത്തിൽ— പേർ

19

1 ദൈവത്തിൻ പൈതലേ നിൻെറ ജീവിതകാലം അതിര
ഓരോരോ ഭാരങ്ങളാലെ പാരം വലഞ്ഞിടുമ്പോൾ
ചിന്താകുലങ്ങൾ ചിന്താകുലങ്ങളെല്ലാം
ഇട്ടുകൊൾ യേശുമേൽ നിൻപേർക്കായ്കരുതുന്നുണ്ടവൻ

2 ലോകത്തിൻ ചിന്തകളാലും രോഗപീഡകളാലും
മററു പ്രയാസങ്ങളാലും മുററും തളർന്നീടുമ്പോൾ— ചിന്താ

3 കർത്താവിന്നിഷ്ടമാംവണ്ണം നിത്യം ജീവിച്ചീടുവാൻ
നിൻ പ്രയത്നങ്ങൾ എപ്പോഴും നിഷ്ഫലമായ് വരുമ്പോൾ— ചിന്താ

4 ദൈവം നിന്നെ നടത്തുന്ന നിൻ വഴിയിൽ മുഴുവൻ
അന്ധകാരം വരുമ്പോഴും അന്തരംഗത്തിലെ നിൻ— ചിന്താ

5 നിന്നുടെ പേർക്കിഹലോകെ വന്നു മരിച്ചവനാം
യേശുവിൻ വാക്കുകളെ നീ വിശ്വസിച്ചു സതതം— ചിന്താ

C. M. S. P. 224—1500—8-8-1947.